LIBRARY ARCHIVES Kerala Legislative Assembly

VII ധനകാര്യം

2003-04 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനയിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

Budget Estimates for 2003-04

Demand Number	Name of Demand	Amount of Demands for Grants on Account voted by the House on 18-3-2003		Amount of Demands for Grants to be submitted to the vote of the House		Total
		Revenue (₹)	Capital (₹)	Revenue (₹)	Capital (₹)	(₹)
XVII	Education, Sports, Arts and Culture	9,95,17,60,000	9,92,67,000	19,90,35,19,000	19,85,33,000	20,10,20,52,000

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

10.30 AM]

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ,

3. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധിതമാക്കുകയും അതിന് ഫീസ് ഈടാക്കുകയും ചെയ്യുന്നതുമൂലം പാവപ്പെട്ട കുട്ടികൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ട് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ,

4. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കാലങ്ങളായി സംസ്ഥാനത്ത് നിലനില്ക്കുന്ന നിർബന്ധിതവും സൗജന്യവും സാർവത്രികവും ആയ വിദ്യാഭ്യാസം എന്ന നയം അട്ടിമറിക്കപ്പെട്ടതായി പറയപ്പെടുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ : സർ,

6. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശങ്ങളേയും മാനദണ്ഡങ്ങളേയും അവഗണിച്ച്, പദ്ധതി നടപ്പിലാക്കാനുള്ളതായി പറയപ്പെടുന്ന നടപടികൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി :

7. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അനധികൃതമായി പ്രവർത്തിക്കുന്നതും അംഗീകാരമില്ലാത്തതുമായ അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കാനുള്ളതായി പറയപ്പെടുന്ന നടപടിയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ : സർ,

8. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം സംബന്ധിച്ച് ഉള്ളതായി പറയപ്പെടുന്ന പോരായ്മകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

11. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് അദ്ധ്യാപകരും വിദ്യാർത്ഥികളും നടത്തുന്ന പ്രക്ഷോഭത്തെ അടിച്ചമർത്താനുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ : സർ,

12. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗവൺമെന്റ് കോളേജുകളിലും, എയിഡഡ് കോളേജുകളിലും നിലനില്ക്കുന്നതായി പറയപ്പെടുന്ന നിയമന നിരോധനം നീക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി : സർ,

14. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വേണ്ടത്ര പഠനങ്ങൾ നടത്താതെ സ്കൂളുകൾ തുടങ്ങാനും അപ്ഗ്രേഡ് ചെയ്യാനും നടത്തുന്നതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

18. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സർക്കാർ സ്ഥാപനങ്ങളായ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. തുടങ്ങിയ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും നടത്തുന്ന സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ : സർ,

19. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മാനദണ്ഡം ലംഘിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പിൽ നടക്കുന്നതായി പറയപ്പെടുന്ന സ്ഥലംമാറ്റങ്ങളും നിയമനങ്ങളും ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

20. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കോളേജുകളിലെ ഫീസും പരീക്ഷാഫീസും വർദ്ധിപ്പിച്ചതുമൂലം പാവപ്പെട്ട കോളേജ് വിദ്യാർത്ഥികൾ പഠനം തുടരാനാകാതെ ബുദ്ധിമുട്ടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

22. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക് കുറയ്ക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

23. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ക്യാമ്പസുകളിൽ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കുന്നതിന് മാനേജ്മെന്റിന് സ്വാതന്ത്ര്യം നല്കുന്ന കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നല്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

27. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മെരിറ്റ് ലിസ്റ്റിൽ നിന്ന് അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ ഫീസ് ഗവൺമെന്റ് കോളേജിലേതിന് തുല്യമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ,

28. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്വകാര്യ-സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക് കുറയ്ക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ,

30. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്വകാര്യ മേഖലയെ വളർത്തുകയും സർക്കാർ എയ്ഡഡ് മേഖലയെ തകർക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിദ്യാഭ്യാസ നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ,

31. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്വകാര്യ മേഖലയിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മെരിറ്റ് കാട്ടായിലെ സീറ്റ് കുറച്ചതും ഫീസ് വർദ്ധിപ്പിച്ചതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

32. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,10,20,52,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സാധാരണക്കാർക്ക് വിദ്യാഭ്യാസം അന്യമായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. സാംസ്ക്കാരിക വകുപ്പിനെക്കുറിച്ചാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. തുഞ്ചൻ, കുഞ്ചൻ, ആശാൻ തുടങ്ങിയ മഹാന്മാരുടെ സ്മാരകങ്ങൾ, കലാമണ്ഡലം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വൈലോപ്പള്ളി സംസ്കൃതി ഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ ഇതിന്റെയെല്ലാം അധിപനായി കേരളത്തിൽ ഒരു സാംസ്ക്കാരിക വകുപ്പുമന്ത്രിയാകുക എന്നത് ഒരു മഹാഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. സംസ്കൃതചിത്തന്മാരാകണം ഇതിന്റെ മന്ത്രിമാർ -എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സ്മാരകങ്ങൾക്ക് ആധാരമായ മഹാന്മാരെപ്പോലെതന്നെ ആദരണീയരായിരിക്കണം അതിന്റെ അദ്ധ്യക്ഷന്മാർ. അക്കാര്യത്തിൽ വിവേകത്തോടെ പെരുമാറിയ ആളാണ് നമ്മുടെ സാംസ്ക്കാരിക വകുപ്പുമന്ത്രി ശ്രീ. ജി. കാർത്തികേയൻ. നിർഭാഗ്യവശാൽ ഒരു തെറ്റിദ്ധാരണ അദ്ദേഹത്തിനുണ്ടായതുപോലെ തോന്നുന്നു. ഈ സ്ഥാപനങ്ങളെല്ലാം സാംസ്ക്കാരിക വകുപ്പിന്റെ കീഴിലാണ്, അതിന്റെ തലവനാണ് മന്ത്രി. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അദ്ധ്യക്ഷന്മാർ അദ്ദേഹത്തിന്റെ കീഴ് ജീവനക്കാരാണെന്ന് എങ്ങനെയോ അദ്ദേഹം തെറ്റിദ്ധരിച്ചു എന്നെനിക്കു തോന്നുന്നു. സാധാരണ കമ്മ്യൂണിസ്റ്റുകാരെ കുറിച്ചാണ് ഏതു സ്ഥാപനം കിട്ടിയാലും അതിലൊക്കെ ഇടപെടുന്നവരാണ്, രാഷ്ട്രീയം കൊണ്ടുവരുന്നവരാണ് എന്നൊക്കെ പറയാറുള്ളത്. ബഹുമാനപ്പെട്ട ജി. കാർത്തികേയനുതന്നെ അറിയാവുന്ന കാര്യമാണ്, ശ്രീ. ടി. കെ. രാമകൃഷ്ണൻ ഇവിടെ സാംസ്ക്കാരിക വകുപ്പു മന്ത്രിയായി രണ്ടുമൂന്നു പ്രാവശ്യം വന്നു. അദ്ദേഹത്തെക്കുറിച്ച് ഒരാക്ഷേപം ഒരു സാഹിത്യകാരനിൽ നിന്നും ഉണ്ടായിട്ടില്ല. അത്രവലിയ വായനക്കാരനും സഹൃദയനുമാണെന്ന് അവകാശപ്പെടാത്ത ബഹുമാനപ്പെട്ട

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ടി.എം.ജേക്കബിനെക്കുറിച്ചുപോലും ഇത്തരത്തിലൊരപവാദം ഉണ്ടായിട്ടില്ല. നിർഭാഗ്യവശാൽ സഹൃദയനും എനിക്ക് നേരിട്ട് അറിയാവുന്ന നല്ലൊരു വായനക്കാരനുമൊക്കെയായ ശ്രീ. ജി. കാർത്തികേയൻ എക്കാലത്തും ഈ സാംസ്ക്കാരിക വകുപ്പിൽ വന്നതിനുശേഷം വിവാദമല്ലാതെ ഒന്നുമുണ്ടായിട്ടില്ല. നമ്മുടെ സാംസ്ക്കാരിക നായകന്മാരുടെ മേക്കിട്ട് കയറുന്നത് അദ്ദേഹത്തിന് ഒരു കൗതുകമാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ ഗുരുകൂടിയായ ശ്രീ. ഒ.എൻ.വി. കുറുപ്പിൽ തുടങ്ങി ശ്രീ. അടൂർ ഗോപാലകൃഷ്ണൻവരെയുള്ള മലയാള പ്രതിഭകളെ മുഴുവൻ അദ്ദേഹം ഏതാണ്ട് പ്രതിപക്ഷത്താക്കുന്ന മട്ടിലാണ് പെരുമാറ്റം. ഏറ്റവുമൊടുവിലാണ് ശ്രീ. എം. ടി. വാസുദേവൻ നായരുടെ നേർക്കുള്ള അദ്ദേഹത്തിന്റെ കുതിരകയറ്റം. മുത്തങ്ങ പ്രശ്നത്തിൽ ആദിവാസികളോട് അനുഭാവം പ്രകടിപ്പിച്ചു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കുറ്റം. മുത്തങ്ങ സംഭവത്തിന്റെ പേരിൽ അന്താരാഷ്ട്ര വീഡിയോ ഫെസ്റ്റിന്റെ ജൂറി സ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം വിസമ്മതിച്ചു. അപ്പോൾ സാംസ്ക്കാരിക വകുപ്പുമന്ത്രിയിൽ നിന്നുമുള്ള ഭീഷണി അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് നിങ്ങൾ തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ ചെയർമാൻ സ്ഥാനം രാജി വയ്ക്കുന്നില്ല എന്നതാണ്. ഞാൻ ചോദിക്കട്ടെ, ശ്രീ. ജി. കാർത്തികേയനെപ്പോലെ പക്വതയുള്ള ഒരാൾ ഇത്തരമൊരു ചോദ്യം ചോദിക്കാമോ ? ശ്രീ. എം. ടി. വാസുദേവൻ നായർ ഈ ട്രസ്റ്റിന്റെ ചെയർമാനായതുകൊണ്ട് അദ്ദേഹത്തിന് അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാൻ അവകാശമില്ലെന്നാണോ ശ്രീ. ജി കാർത്തികേയൻ ഉദ്ദേശിച്ചത് എന്നെനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹത്തിന്റെ ഭീഷണി ആ ട്രസ്റ്റ് ഏറ്റെടുക്കാൻ എനിക്കവകാശമുണ്ട്, ഞാൻ മന്ത്രിയാണ്, വേണ്ടിവന്നാൽ അത് ചെയ്തുകളയുമെന്നാണ്. ബഹുമാനപ്പെട്ട കാർത്തികേയൻ, അങ്ങ് ഇത്തരത്തിൽ തരംതാഴാമായിരുന്നോ എന്നുള്ളതാണ് എന്റെ സംശയം. തുഞ്ചൻ ട്രസ്റ്റിന്റെ ചെയർമാൻ സ്ഥാനത്ത് തുടരാൻ ശ്രീ. എം. ടി. വാസുദേവൻ നായർ അങ്ങയുടെ കാലുപിടിക്കണമെന്നാണോ ? ഇങ്ങനെയാണോ സാഹിത്യകലാ പ്രസ്ഥാനങ്ങളോട് സാംസ്ക്കാരിക വകുപ്പ് മന്ത്രി പെരുമാറേണ്ടത് ? അതുപോലെതന്നെ അധികാരികൾ എങ്ങനെയാണ് സംസ്കാരിക സ്ഥാപനങ്ങളെ കൈകാര്യം ചെയ്യുന്നതെന്ന്, ബഹുമാനപ്പെട്ട ജി. കാർത്തികേയനും അറിയാമായിരിക്കും, ഇന്ത്യയിലെ ആദ്യത്തെ സാഹിത്യ അക്കാദമി പ്രസിഡന്റ് പണ്ഡിറ്റ് ജവഹർലാൽ നെഹ്രു

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറഞ്ഞ ഒരു വാചകം ഞാനിവിടെ ഉദ്ധരിക്കുകയാണ്. I have the honour to be the President of Sahithya Academy. I do not know whether I deserve it. I also happen to be the Prime Minister of the country. But I will not allow the Prime Minister to interfere in the affairs of the Academy. ഞാൻ അതിന്റെ തർജ്ജിമ പറയുന്നില്ല. അദ്ദേഹത്തിന് അത് ബോദ്ധ്യമാകും. പക്ഷേ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽപ്പെട്ട ഒരാളാണ് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. ഇപ്പോൾ ഏതു ഗ്രൂപ്പിലാണെന്നൊന്നും എനിക്കറിയില്ല, മൂന്നാമത്തെ ഗ്രൂപ്പിലായിരുന്നു. ഇനി ജവഹർലാൽ നെഹ്രുവിന് അന്ന് ഗ്രൂപ്പില്ലാതിരുന്നതുകൊണ്ട് ഏതു ഗ്രൂപ്പിലാണെന്ന് എനിക്കറിയില്ല. ഏതായാലും മൂന്നാമത്തെയോ നാലാമത്തെയോ ഗ്രൂപ്പിൽപ്പെട്ട ശ്രീ. ജി. കാർത്തികേയന് അത് മനസ്സിലാകാതിരിക്കാൻ തരമില്ലെന്നാണ് എന്റെ വിശ്വാസം. ഇത്രയും പറയാൻ കാരണം 2-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 1857-ാം നമ്പർ ചോദ്യത്തിന് ശ്രീ. ജി. കാർത്തികേയൻ നൽകിയ ഉത്തരമാണ്. അതിലെ പ്രസക്ത ഭാഗം ഞാൻ വായിക്കുന്നു. ചോദ്യം ഇതാണ്, തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങളുടെ സാംസ്ക്കാരിക പ്രവർത്തനവും പാരമ്പര്യവും എന്തെന്ന് വിശദീകരിക്കാമോ ? അതിന് അദ്ദേഹത്തിന്റെ ഉത്തരം "തുഞ്ചൻ സ്മാരക ട്രസ്റ്റിൽ ഇപ്പോൾ 17 അംഗങ്ങളാണുള്ളത്. 26-2-2001-ൽ രൂപീകരിച്ച ഈ ട്രസ്റ്റിലെ അംഗങ്ങളിൽ പലരുടെയും സാംസ്ക്കാരിക പ്രവർത്തനവും പാരമ്പര്യവും എനിക്കറിയില്ല. രണ്ട്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഒരു ട്രസ്റ്റാണ് ഈ സ്ഥാപനത്തിന്റെ ഭരണച്ചുമതല വഹിക്കുന്നത്. ട്രസ്റ്റിന്റെ ചെയർമാൻ ഒഴികെ മറ്റുള്ളവർക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. മാറ്റം അനിവാര്യമാണെന്ന പൊതുജനാഭിപ്രായം ഉയർന്നു വന്നിട്ടുണ്ട് എന്നാണ്. ഈ ഉത്തരത്തിൽ ചോരമണമുണ്ട്. കാരണം തുഞ്ചൻ ട്രസ്റ്റിനെ പിരിച്ചുവിടാൻ വേണ്ടിയുള്ള അപായ സൂചനയാണ് ഈ ഉത്തരത്തിൽ നടത്തിയിട്ടുള്ളത്. അതിനുമുമ്പ് അദ്ദേഹം നടത്തിയിട്ടുള്ള തുടർ പ്രസ്താവനകൾ കൂടി കൂട്ടി വായിച്ചാലേ ഇത് മനസ്സിലാക്കാൻ സാധിക്കൂ. പൊതുജനാഭിപ്രായത്തിന്റെ പേരിൽ ട്രസ്റ്റ് പിരിച്ചുവിടാനാണ് ഇവിടെ മന്ത്രി കളമൊരുക്കുന്നത്. ട്രസ്റ്റിലെ അംഗങ്ങളുടെ സാംസ്ക്കാരിക പശ്ചാത്തലം അദ്ദേഹത്തിന് അറിയില്ലെന്നാണ് പറയുന്നത്. കേരളത്തിലെ സാംസ്ക്കാരിക വകുപ്പുമന്ത്രിക്ക് തുഞ്ചൻ പോലെ പ്രധാനപ്പെട്ട ഒരു ട്രസ്റ്റിലെ അംഗങ്ങളെ അറിയില്ലെന്നാണ് ട്രസ്റ്റ് പറഞ്ഞത്. എനിക്ക് ബഹുമാനപ്പെട്ട ജി. കാർത്തികേയനോട് പറയാനുള്ളത് എന്നോട് ചോദിക്കണമെന്ന് ഞാൻ പറയുന്നില്ല, കാരണം അദ്ദേഹവും ഞാനും സുഹൃത്തുക്കളായതുകൊണ്ട് പറയുകയാണ്, പക്ഷേ ആ ട്രസ്റ്റിലെ അംഗമായ, ഈ സഭയിലെ ഒരു അംഗമായ, മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനോട് ചോദിച്ചാൽ വളരെ കാര്യമായി പറഞ്ഞു മനസ്സിലാക്കുമായിരുന്നു. ശ്രീ. കാർത്തികേയന്റെ പാർട്ടിയിൽപ്പെട്ട ശ്രീ. ഹരിദാസ്, മുൻ എം.പി.....(ബഹളം)....അദ്ദേഹം ഏതു ഗ്രൂപ്പാണെന്ന് എനിക്കറിയില്ല, തമ്മിൽ വർത്തമാനം പറയാവുന്ന ഗ്രൂപ്പിലാണെങ്കിൽ അദ്ദേഹത്തോടു ചോദിച്ചാലും ഇത് മനസ്സിലാക്കാൻ കഴിയുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. പക്ഷേ ഇവിടെ പൊതുജനാഭിപ്രായം....(ബഹളം)....ഞാൻ വഴങ്ങുന്നില്ല.....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : He is not yielding, Please.....Please.....you continue.....Please.....silence please.....please.....

ശ്രീ. പിരപ്പൻകോട് മുരളി : ശ്രീ. പി. പരമേശ്വരന്റെ വിചാരകേന്ദ്രവും ആർ.എസ്.എസ്.-ക്കാരുമല്ലാതെ...(ബഹളം).....ഉള്ളതു പറയുമ്പോൾ തുള്ളലുവരും, അവിടെയിരുന്നാൽ മതി.....(ബഹളം).....ശ്രീ. പി. പരമേശ്വരന്റെ വിചാരകേന്ദ്രവും ആർഎസ്എസ്-കാരുമല്ലാതെ ആരെങ്കിലും, കേരളത്തിൽ തലയ്ക്ക് സ്വാധീനശേഷിയുള്ള ഒരാളും ശ്രീ. എം. ടി. വാസുദേവൻ നായർ ചെയർമാനായിട്ടുള്ള ട്രസ്റ്റ് പിരിച്ചുവിടാൻ ആവശ്യപ്പെട്ടിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ പറയണം. രണ്ട്, എം.ടി.-ക്കോ സാംസ്ക്കാരിക കേരളത്തിനോ എം. ടി. രാജിവച്ചുപോയാൽ, എം.ടി.-യെ ഒഴിവാക്കിയാൽ, ആർക്കാണ് പ്രയോജനം ? എം.ടി.-ക്ക് ഈ തുഞ്ചൻ സ്മാരക അദ്ധ്യക്ഷ സ്ഥാനമില്ലെങ്കിൽ നിലനിൽക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ധരിക്കുന്നുണ്ടോ ? തെക്കുംമുറിയിലെ ഗോവിന്ദൻ കുട്ടിയെ സൃഷ്ടിച്ച് എം.ടി.-ക്ക് ഒരു സ്ഥാനവുമില്ലാതെ നിലനിന്നുകൂടെ ? മാറാടു പ്രശ്നത്തിനുശേഷവും ആ തെക്കുംമുറിയിലെ ഗോവിന്ദൻ കുട്ടിയെക്കുറിച്ച് ഞാൻ പറയാതെ ബഹുമാനപ്പെട്ട ജി. കാർത്തികേയനും അറിയാമല്ലോ. ഇനി തുഞ്ചൻ ട്രസ്റ്റിന്റെ ചരിത്രം ഞാൻ പറയാം. മുൻ യു.ഡി.എഫ്. ഗവൺമെന്റ് 75,000 രൂപയാണ് ഇതിനു ഗ്രാന്റായി നൽകിയിരുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റാണ് അത് 1,50,000 രൂപയാക്കി ഉയർത്തിയത്. പക്ഷേ അതൊക്കെ വളരെ അപര്യാപ്തമായ സംഖ്യയാണ്. പക്ഷേ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 50 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി നൽകിയിരുന്നു എന്നു നമ്മൾ അറിയണം. ഇന്നു രണ്ടര കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനു പ്രധാന പങ്കു വഹിച്ചത് എം. ടി. ആയിരുന്നു. 1993-ൽ എം. ടി. ചെയർമാനായിരുന്ന ഭരണ സമിതി എങ്ങനെയാണ് പണം സ്വരൂപിച്ചത് എന്നതിന് ഞാൻ ഒരു ഉദാഹരണം പറയാം. 1994 സെപ്റ്റംബർ 10-നു കേരളത്തിലെ സാഹിത്യകാരന്മാർക്ക് അയച്ച ഒരു കത്തുണ്ട്. പ്രിയ സുഹൃത്തേ, തുഞ്ചൻ സ്മാരകത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഇതിനകം താങ്കൾ അറിഞ്ഞു കാണുമെന്നു വിശ്വസിക്കുന്നു. ഏതാണ്ട് ഒരു കോടി രൂപ ചെലവുവരുന്ന പദ്ധതിയാണ് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ഇതിലേക്കു സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനകൾ പിരിച്ചു കൊണ്ടിരിക്കുകയാണ്. മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ സ്മാരകം നിർമ്മിക്കുന്നതിൽ നമ്മുടെ എഴുത്തുകാർക്കും കാര്യമായ ഒരു പങ്കു ഉണ്ടായിരിക്കണമെന്നാണ് എന്റെ ആഗ്രഹം. അങ്ങനെ സ്വരൂപിച്ചെടുത്ത രണ്ടരക്കോടി രൂപ കൊണ്ടാണ് വാസ്തവത്തിൽ വളരെ ഭംഗിയായി ഇതിന്റെ പ്രവർത്തനം നടത്തിവരുന്നത്. അതിന്റെ ഫലമായി കഴിഞ്ഞ കാലത്തേക്കാൾ ഒരുപാടു കാര്യങ്ങൾ അവിടെ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കാർത്തികേയൻ അവിടെ ചെന്ന് ഒന്നു നോക്കിയാൽ അതു മനസ്സിലാകും. പക്ഷേ നിർഭാഗ്യവശാൽ ഇന്നുവരെ അവിടെ പോകാൻ പോലും ശ്രീ. കാർത്തികേയൻ തയ്യാറായിട്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ സങ്കടം. അവിടെ ചെന്നാൽ മാത്രമേ നിങ്ങൾക്ക് അവിടത്തെ വികസനത്തെ കുറിച്ചു മനസ്സിലാക്കാൻ സാധിക്കുകയുള്ളു എന്ന് ഞാൻ അടിവരയിട്ടു പറയുകയാണ്. അവിടെയാകെ ഉണ്ടായിരുന്നത് ഒരു കളരിയും എഴുത്താണി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്ന ഒരു മണ്ഡപവുമാണ്. ഇന്നു എട്ടു പത്തു സ്ഥാപനങ്ങൾ അവിടെയുണ്ട്. റിസർച്ച് ലൈബ്രറി, ഗ്രന്ഥപ്പുര, എഴുത്തുകാർക്കുള്ള കോട്ടേജ്, സരസ്വതി മണ്ഡപം പടിപ്പുര, അവിടത്തെ പ്രധാനപ്പെട്ട കവാടം തുടങ്ങി രണ്ടര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയ എം. ടി.-യെ അതിൽ നിന്നും ഒഴിവാക്കിയാൽ മലയാള ഭാഷയ്ക്ക് അതു വലിയ നഷ്ടമായിരിക്കും ഉണ്ടാക്കുക. എനിക്കു വിനയ സ്വരത്തിൽ താങ്കളോട് പറയാനുള്ളത്, ദയവു ചെയ്ത് താങ്കൾ അവിടെ ഒന്നു സന്ദർശിക്കണം എന്നാണ്. നമ്മുടെ കഥകളിയിൽ നാരദവേഷം താടിയും തടവിക്കൊണ്ടിരിക്കുന്നതുപോലെ താടിയും തടവി കൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട കാർത്തികേയൻ, എന്തുകൊണ്ടാണ് തുഞ്ചൻ പറമ്പിൽ പോകാത്തത് എന്നു എനിക്കു മനസ്സിലാകുന്നില്ല. മഹാകവി വള്ളത്തോളിനെ പോലെയുള്ള ആളുകൾ 'നമസ്ക്കാരം പറയുന്ന തുഞ്ചൻ പറമ്പ്,' 'കളഗാനത്തോടൊരു തത്തപ്പെണ്ണ്, തത്തിക്കളിക്കും തളിർച്ചെടിപ്പടർപ്പേ നമസ്ക്കാരം, തുഞ്ചൻ പറമ്പേ നമസ്ക്കാരം' എന്നു മഹാകവി വള്ളത്തോൾ പോലും നമസ്ക്കരിക്കുന്ന ആ തുഞ്ചൻ പറമ്പിൽ 26 മാസക്കാലമായിട്ടും സാംസ്കാരിക മന്ത്രിയായ ഇദ്ദേഹം പോകാത്തത് എന്താണ് എന്നു എനിക്കു മനസ്സിലാകുന്നില്ല. ഞാൻ ഇദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. അരുതേ ഈ ആശ്രമ മൃഗത്തെ കൊല്ലരുതേ, ഞാൻ ഇത്ര മാത്രമേ പറയുന്നുള്ളു. ഇനി വിദ്യാഭ്യാസ കാര്യത്തെക്കുറിച്ചാകട്ടെ ! ഇവിടെ പൊതുവിദ്യാഭ്യാസം എന്ന പ്രസ്ഥാനം തകരുകയാണ്. ഇപ്പോൾ വാസ്തവത്തിൽ ഡി.പി.ഐ. എന്നു പറയുന്ന ഒരു ഉദ്യോഗസ്ഥൻ ഇല്ല. ഇത് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. കേരളത്തിന് മഹത്തായ ഒരു സംസ്ക്കാരവും സാംസ്കാരിക പാരമ്പര്യവും ഉണ്ടാക്കിയതാണ് നമ്മുടെ പൊതു വിദ്യാഭ്യാസം. നമ്മുടെ സർക്കാർ പള്ളിക്കൂടത്തിന്റെ കാര്യം, സ്വാതിതിരുനാൾ മുതൽ ജോസഫ് മുണ്ടശ്ശേരി വരെയുള്ള ആളുകൾ നടത്തിയിട്ടുള്ള സേവനങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. കേവലം 700 ഹൈസ്കൂളുകൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇന്നിപ്പോൾ 2600-ലധികം ഹൈസ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഇന്നു വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കുന്ന ഒരു അവസ്ഥയാണുള്ളത്. അതിന്റെ ഫലമായി നമ്മുടെ പൊതു വിദ്യാഭ്യാസം തകർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഡി.പി.ഐ.-യെ നിയമിച്ചിട്ടു ഒരു വർഷത്തിലേറെയായി. എത്ര ഗൗരവത്തിലാണ് പൊതു വിദ്യാഭ്യാസത്തെ കാണുന്നത് എന്നു നമുക്ക് ഇതിൽ നിന്നും മനസ്സിലാക്കാം. ഇപ്പോൾ ഡി.പി.ഐ.-ക്കുപകരം ഒരാളെ ചുമതല ഏല്പിച്ചിട്ടുണ്ട്. അദ്ദേഹത്തെ ഏതെങ്കിലും പി. ടി. എ. ക്കാർ കാണാൻ ചെന്നാൽ അയാൾ ചോദിക്കും, തലയ്ക്കു സ്ഥിരതയുള്ള ആരെങ്കിലും സർക്കാർ പള്ളിക്കൂടത്തിൽ കുട്ടികളെ അയയ്ക്കുമോ എന്ന്. കാരണം അത്രയ്ക്ക് ഗതികേടാണ് അവിടം. വാസ്തവത്തിൽ ഡി. പി. ഐ. ഇപ്പോൾ Director of Public Instruction അല്ല, Dismandling of Public Instruction ആണ് എന്നു കൂടി വിനയപുരസ്സരം ഞാൻ പറയുകയാണ്. ഈ ഗവൺമെന്റിന് വിദ്യാഭ്യാസ നയമില്ല. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയം മുൻ ഗവൺമെന്റ് എടുത്ത വിദ്യാഭ്യാസ നയം മുഴുവൻ തിരുത്തലാണ്. അധികാരത്തിൽ വന്നതിന്റെ അടുത്ത ദിവസം ചെയ്തത് എന്താണ് ? പുതിയ പാഠപുസ്തകം മാറ്റി, പിന്നീട് ആ പുസ്തകം തന്നെ രണ്ടുമൂന്നു നിസ്സാര ഭേദഗതി വരുത്തിക്കൊണ്ട് വീണ്ടും കൊണ്ടുവന്നു. അതായത് തുഞ്ചന്റെ കവിത

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി, വയലാറിന്റെ ഒരു കവിത മാറ്റി പകരം മറ്റൊന്നു കൊണ്ടു വന്നു. ആ തരത്തിലാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. മാറ്റങ്ങൾക്കു വേണ്ടി ഒരു മാറ്റം. അതുവഴി ലക്ഷക്കണക്കിനു രൂപ നഷ്ടപ്പെടുത്തി. രണ്ടാമത്തെ കാര്യം, ഒന്നാം ക്ളാസ്സു മുതൽ ഒൻപതാം ക്ളാസ്സു വരെയുള്ള പാഠപുസ്തകങ്ങൾ മാറ്റിയിരിക്കുന്നു. ഇപ്പോൾ പാഠപുസ്തകങ്ങളെല്ലാം അച്ചടിച്ചു എന്നാണ് പറയുന്നത്. പക്ഷേ ഒരു സ്കൂളിൽപ്പോലും പാഠപുസ്തകമില്ല. അതുപോലെ അധ്യാപക സഹായി ഇല്ല. പരിശീലനം സിദ്ധിച്ച അധ്യാപകരില്ല. ആ നിലയിൽ നമ്മുടെ വിദ്യാഭ്യാസത്തെ മുഴുവൻ തകർക്കുകയാണ് ഇവർ ചെയ്യുന്നത്. അതുപോലെ ഫീസ് വർദ്ധനവ്, ഏതെല്ലാം തരത്തിലണെന്നോ ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഒന്നാം ക്ളാസ്സു മുതൽ 25 രൂപ ഫീസു കൊടുക്കണമെന്നാണ് പറയുന്നത്. കഴിഞ്ഞ ജിമ്മിൽ നടത്തിയ ഒരു പരിപാടിയുണ്ട്. ഒന്നാം ക്ളാസ്സിലെ കുട്ടികളെ കമ്പ്യൂട്ടർ പഠിപ്പിക്കാൻ, മനശ്ശാസ്ത്രപരമായി ഒന്നാം ക്ളാസ്സിലെ കുട്ടികളെ കമ്പ്യൂട്ടർ പഠിപ്പിക്കുവാൻ പാടില്ല. അതുപോലെ തന്നെ മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ്, എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ നിർബന്ധമാക്കുക എന്നത്. ബഹുഭൂരിപക്ഷം സ്കൂളുകളിലും കമ്പ്യൂട്ടർ ഇല്ല. പക്ഷേ കമ്പ്യൂട്ടർ ഇല്ലെങ്കിലും ഡി.പി.ഐ.-യിൽ നിന്നും പറഞ്ഞിരിക്കുന്നത് പരീക്ഷ നടത്തണമെന്നാണ്. ഒൻപതാം ക്ളാസ്സിൽ കമ്പ്യൂട്ടർ പൂർണ്ണമായും നടപ്പിലാക്കണമെന്നു പറയുന്നു. പ്രൊഫസർ പദ്മന രാമചന്ദ്രൻ നായരെപ്പോലെയുള്ള ആളുകൾ പാഠപുസ്തകത്തിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചു. പക്ഷേ അതിനൊരു ശുദ്ധിപത്രം തയ്യാറാക്കാൻ പോലും ഈ ഗവൺമെന്റ് തയ്യാറായില്ല. വർദ്ധിപ്പിച്ച ഫീസിനും സ്വകാര്യവൽക്കരണത്തിനും എതിരെ പോരാടുന്ന വിദ്യാർത്ഥികളെ കൈയാമം വച്ചുകൊണ്ടാണ് കൈകാര്യം ചെയ്യുന്നത്. ശ്രീ. എ. കെ. ആന്റണിയെപ്പോലെ ഒരു വിദ്യാർത്ഥി നേതാവ് മുഖ്യമന്ത്രിയായ ഈ സംസ്ഥാനത്ത്, കുട്ടികളുടെ കൈകളിൽ ചങ്ങല വച്ചുകൊണ്ടു പോകുക എന്നുപറഞ്ഞാൽ.....അങ്ങയോട് ഞാൻ വളരെ വിനീതനായി പറയുകയാണ്, അങ്ങു മനസ്സിലാക്കണം. ഇതു കേരളമാണ്. 1957-ൽ തുടങ്ങിയ കേരളത്തെ അന്നു പിന്നോട്ടു വലിക്കാൻ വിദ്യാർത്ഥിയായ അങ്ങു ശ്രമിച്ചു, പക്ഷേ അതിനുശേഷം അങ്ങു പലതും തിരുത്താൻ ശ്രമിച്ചു. വീണ്ടും അങ്ങ് പഴയതിലേക്കു പോകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ഞാൻ ആ സംഭവം അറിഞ്ഞയുടൻ തന്നെ അതിനെക്കുറിച്ച് അന്വേഷിക്കാൻ പറഞ്ഞിരിക്കുകയാണ്. അന്വേഷണം നടക്കുകയാണ്.

ശ്രീ. പിരപ്പൻകോട് മുരളി : അങ്ങേക്കു കാര്യങ്ങൾ ബോദ്ധ്യമായി എങ്കിൽ വളരെ സന്തോഷം. ഇവിടെ വിദ്യാഭ്യാസ കടച്ചവടക്കാർക്കു മൂക്കു കയർ ഇടാൻ നടന്ന ബഹുമാനപ്പെട്ട ആന്റണി, ഇപ്പോൾ ശ്രമിക്കുന്നത് എന്തിനാണ് ? അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും മറ്റും എനിക്കു പറയാനുള്ളത്, മാറ്റുവിൻ ചട്ടങ്ങളേ സ്വയം, അല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെ താൻ എന്നാണ് തുഞ്ചൻ സ്മാരകത്തെ സഹായിക്കണം, അതുപോലെ പിരപ്പൻകോട്ടെ നീന്തൽ സമുച്ചയം പൂർത്തിയാക്കാനുള്ള അവസരവും നൽകണമെന്നു അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ഇവിടെ ശ്രീ. പിരപ്പൻകോട് മുരളി, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഗണ്യമായ ഭാഗവും സാംസ്ക്കാരിക വകുപ്പിനെപ്പറ്റിയാണ് പരാമർശിച്ചത്. 5 കൊല്ലത്തെ ഇടതുപക്ഷമുന്നണി ഭരണകാലത്ത് പാർട്ടിയുടെ നിയന്ത്രണത്തിലായിരുന്ന സാംസ്ക്കാരിക വകുപ്പിനെ അവിടെ നിന്നും മോചിപ്പിച്ച് സ്വതന്ത്രമായ നിലയിൽ എത്തിക്കാൻ തയ്യാറായ ശ്രീ. ജി. കാർത്തികേയനോടുള്ള രോഷപ്രകടനം ഞങ്ങൾക്കു മനസ്സിലാക്കാവുന്നതേയുള്ളൂ. എൽ.ഡി.എഫ്. ഭരണ കാലത്ത് ഈ പറഞ്ഞ സാംസ്ക്കാരിക സമിതികളുടെ തലപ്പത്ത് ഇരുന്നിരുന്നത് പാർട്ടിയുടെ സഹയാത്രികന്മാരും അവരുടെ കൂലി എഴുത്തുകാരുമായിരുന്നു. കേരളത്തിലെ ഏറ്റവും പ്രശസ്തമായ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രസിഡന്റ് ആരായിരുന്നു ? പൂച്ചാലി ഗോപാലൻ. അങ്ങനെ ഈ മേഖലയെ അധഃപതിപ്പിച്ച മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കുണ്ടാകുന്ന രോഷം മനസ്സിലാക്കാവുന്നതേയുള്ളൂ.

ശ്രീ. കെ. സി. വേണുഗോപാൽ : ഇവിടെ ശ്രീ. കെ. സി. ജോസഫ് വളരെ പ്രസക്തമായ കാര്യമാണ് ചൂണ്ടിക്കാണിച്ചത്. പൂച്ചാലി ഗോപാലന്റെ ഒരു അഭിമുഖം ഈ അടുത്ത കാലത്തുണ്ടായിരുന്നു. ഒരു സാഹിത്യകാരനോ സാഹിത്യപ്രവർത്തകനോ അല്ലാത്ത ഞാൻ പ്രസിഡന്റായിരുന്നതുകൊണ്ടാണ് അതു രക്ഷപ്പെടാത്തത് എന്ന്. അതുകൊണ്ട് ഞാൻ മാറാൻ പോകുകയാണ്, ഇനി സാഹിത്യകാരന്മാരെ ലഭിച്ചാൽ രക്ഷപ്പെടുമോ എന്ന് ഒന്നു പരീക്ഷിച്ചു നോക്കണമെന്ന് പൂച്ചാലി തന്നെ പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : പൂച്ചാലി ഗോപാലനെ വരെ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രസിഡന്റാക്കിയ പാരമ്പര്യത്തിൽ നിന്നും മാറ്റി എം. ടി. വാസുദേവൻ നായരേയും അടൂർ ഗോപാലകൃഷ്ണനേയും ഒക്കെ സാംസ്കാരിക സ്ഥാപനങ്ങളുടെ തലപ്പത്തിരുത്തിയ ഒരു ഗവൺമെന്റാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഏറ്റവും ശ്രദ്ധേയമായ മാറ്റമുണ്ടായ മേഖലയാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖല. അഞ്ചു കൊല്ലക്കാലം നിശ്ചലമായ ജലാശയം പോലെ കെട്ടിക്കിടന്ന ആ മേഖലയിൽ ചലനാത്മകമായ പുതിയ പരിഷ്ക്കാരങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നത് അനിഷേധ്യമായ കാര്യമാണ്. സത്യമാണ്. ഇവിടെ വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ ബഹുമാനപ്പെട്ട സൂപ്പി നേതൃത്വം കൊടുക്കുകയുണ്ടായി. അതിന്റെ ഗുണപരമായ മാറ്റങ്ങൾ കാണുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ആധുനികവൽക്കരണം, പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തൽ, അൺ എയിഡഡ് മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കൽ എല്ലാത്തിനും നേതൃത്വം കൊടുത്തത് കേരളത്തിൽ യു. ഡി. എഫ്. ഗവൺമെന്റാണ്. പക്ഷേ ഇന്നു കേരളത്തിലെ ഇടതുപക്ഷങ്ങൾ ഈ പരിഷ്ക്കാരങ്ങളെ ആകെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്നു. പുതിയ വിദ്യാലയ വർഷം ആരംഭിച്ചതേയുള്ളൂ, ആരംഭിച്ചപ്പോൾ തന്നെ നിരന്തരം സമരങ്ങളുടെ വേലിയേറ്റം തന്നെ ഇവിടെയുണ്ട്. സ്കൂളുകളിൽ ഈ ആഴ്ച ക്ലാസ് നടന്നിട്ടില്ല. ഓരോ കാരണങ്ങൾ പറഞ്ഞ് സമരങ്ങളുണ്ടാക്കി വിദ്യാർത്ഥികളെ

കൊണ്ട് സംഘർഷങ്ങളുണ്ടാക്കി കേരളത്തിലെ വിദ്യാഭ്യാസ മേഖലയാകെ കലാപത്തിന്റെ പിടിയിലാക്കാനാണ് ഇടതുപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെയും ഇന്നുമൊക്കെ വലിയ രോഷപ്രകടനം ഈ സഭയിലുണ്ടായി. നമ്മളൊക്കെ ദൃശ്യമാധ്യമങ്ങളിൽ കാണുന്നില്ലേ ഈ സമരങ്ങളുടെ രീതി. ഒരുസംഘം ആളുകളെ ബോധപൂർവം സമരത്തിനിറക്കി, പോലീസുമായി ഏറ്റുമുട്ടലുണ്ടാക്കി, സംഘർഷമുണ്ടാക്കി, പോലീസിനെക്കൊണ്ട് ലാത്തിച്ചാർജ് നടത്തേണ്ടുന്ന ഒരു സാഹചര്യമുണ്ടാക്കി മുന്നോട്ടു പോകുന്ന ഈ സമീപനം ദയവായി മാർക്സിസ്റ്റ് പാർട്ടി ഉപേക്ഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങളുടെ രാഷ്ട്രീയ താൽപര്യത്തിനുവേണ്ടി ദയവായി നിങ്ങൾ കുട്ടിക്കുരങ്ങിനെക്കൊണ്ട് ചൂട് ചോറുവാരിക്കാൻ ശ്രമിക്കരുത്. നിങ്ങൾക്ക് അസംബ്ലിയിൽ അവതരിപ്പിക്കാൻ അടിയന്തര പ്രമേയത്തിന് വിഷയമില്ലെങ്കിൽ നിങ്ങൾ മറ്റു മാർഗ്ഗങ്ങൾ നോക്കണം. അടിയന്തിര പ്രമേയത്തിനുപോലും വിഷയമില്ലാതെ ബുദ്ധിമുട്ടുന്ന പ്രതിപക്ഷം ഇന്ന് കുട്ടികളെ തെരുവിലിറക്കി കലാപമുണ്ടാക്കി നിയമസഭയിൽ സീനുണ്ടാക്കാൻ ശ്രമിക്കുകയാണ്. അതിൽ സഹതാപമുണ്ട്. ദയവായി ആ രീതി മാറ്റണം. നിങ്ങൾ കേരളത്തിലെ വിദ്യാഭ്യാസമേഖലയെ ഇനിയെങ്കിലും ചോരയിൽ മുക്കാൻ ശ്രമിക്കരുത്. ഈ സംസ്ഥാനത്താകെ ശാന്തമായ ഒരന്തരീക്ഷമുണ്ടാകണം. വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇവിടെ വേദികളുണ്ടല്ലോ ? എന്തിനാണ് ഇങ്ങനെ നിരന്തരം സമരങ്ങൾ. ഈ സഭയിൽ പ്രശ്നങ്ങൾ നിങ്ങൾക്ക് ഉന്നയിക്കാം, ഈ സഭയിൽ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാം. അതിനുപകരം വിദ്യാർത്ഥികളെ ഈ സംസ്ഥാനത്തെ എല്ലാ ജില്ലയിലും ഇറക്കിവിട്ട് അവിടെയെല്ലാം സംഘർഷമുണ്ടാക്കി, പഠിപ്പുമുടക്ക് ഉണ്ടാക്കി മുന്നോട്ടു പോകുന്നത് കേരളത്തിനാകെ അപകടമാണ്. ഇവിടെ നേരത്തെ ശ്രീ. മുരളി ചൂണ്ടിക്കാണിച്ചു തിരുവനന്തപുരത്ത് വിദ്യാർത്ഥികളെ കയ്യാമംവച്ച സംഭവം. നിർഭാഗ്യകരമായിപ്പോയി. ഒരിക്കലും ഒരു ഗവൺമെന്റിന് ചേർന്ന നടപടി അല്ല. കേരളത്തിലെ മുഖ്യമന്ത്രിയുടെ പോലീസ് നയത്തെ അട്ടിമറിക്കുവാനുള്ള ശ്രമം അപ്പുറത്ത് മാത്രമല്ല ഈ പോലീസിനകത്തും ഉണ്ട്. സി.പി.എം. അനുകൂലിക്കുന്ന പോലീസുണ്ട്. അതുകൊണ്ട് ആരാണ് ഇതിനുത്തരവാദിയെന്ന് അന്വേഷിച്ച് നടപടിയെടുക്കണം. വിദ്യാർത്ഥികളെ കയ്യാമം ചെയ്യുന്ന നടപടി ഒരിക്കലും അംഗീകരിക്കാൻ ആർക്കും സാധിക്കുകയില്ല. യു.ഡി.എഫ് ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയ മാറ്റങ്ങൾ നിങ്ങൾ കാണാതെ പോകരുത്. 45 അൺ-എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു. ആ കോളേജുകളിലായി 13,125 പേർക്ക് പ്രവേശനം കൊടുത്തു. 15 എം.ബി എ കോളേജുകൾ ആരംഭിച്ചു, 18 എം.സി.എ കോളേജുകൾ ആരംഭിച്ചു, 4 മെഡിക്കൽ കോളേജുകൾ ആരംഭിച്ചു ഒരുകാര്യം ശ്രീ. സുപാൽ മനസ്സിലാക്കണം ഞങ്ങൾ അധികാരത്തിലേറുമ്പോൾ കേരളത്തിലുണ്ടായിരുന്ന സൗകര്യങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലുണ്ടായിരുന്ന എല്ലാ വിദ്യാഭ്യാസ സൗകര്യങ്ങളും, സാഹചര്യങ്ങളും നിലനിർത്തിക്കൊണ്ടുതന്നെയാണ് ഈ മാറ്റങ്ങൾ വരുത്തിയത്. രണ്ട് കൊല്ലംമുൻപ് പഠിക്കുന്നതിനുവേണ്ടി മംഗലാപുരത്തും, മണിപ്പാലിലും, കോയമ്പത്തൂരിലുമൊക്കെ പോകേണ്ടിവന്ന വിദ്യാർത്ഥികൾക്ക് ആ സൗകര്യങ്ങൾ കേരളത്തിലുണ്ടാക്കിക്കൊടുത്തു. 45 എഞ്ചിനീയറിംഗ് കോളേജുകളും, 4 മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളും 18 എം.സി.എ. കോളേജുകളും ആരംഭിച്ചപ്പോൾ ആകെ പ്രശ്നമുണ്ടായത് പുഷ്പഗിരിയിലും കോലഞ്ചേരിയിലും മാത്രമാണ്. ബാക്കി കേരളത്തിലെ എല്ലാ മാനേജുമെന്റുകളും സർക്കാരിന്റെ നിർദ്ദേശം അംഗീകരിച്ചു. പ്രവേശനത്തിന്റെ കാര്യത്തിലായാലും, ഫീസിന്റെ കാര്യത്തിലായാലും എല്ലാ നിർദ്ദേശവും അവർ അംഗീകരിച്ചു. ആകെ പ്രശ്നമുണ്ടായത് പുഷ്പഗിരിയിലും കോലഞ്ചേരിയിലും മാത്രമാണ്. ഈ കാര്യത്തിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർശനമായ നിയമങ്ങളുണ്ടാകണം. ഇനിയും മടിച്ചു നിൽക്കാതെ ഗവൺമെന്റിനെ ധിക്കരിക്കുന്ന മാനേജുമെന്റുകൾക്കെതിരായി, പ്രവേശന കാര്യത്തിലായാലും, ഫീസിന്റെ കാര്യത്തിലായാലും പൊതുവായ നിയമങ്ങളും, പൊതുവായ നയങ്ങളുമുണ്ടാക്കാൻ ആവശ്യമായ നിയമങ്ങൾ ഈ സഭയിലുണ്ടാകണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, മെഡിക്കൽ കോളേജിന്റെ കാര്യത്തിലുള്ള തർക്കത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. നിയമനിർമ്മാണം വേണമെന്ന് പറഞ്ഞു. അതംഗീകരിച്ചുകൊണ്ടുതന്നെ ഞാൻ ഒരു കാര്യം ചോദിക്കുന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതുനംബന്ധിച്ച് വിളിച്ചുചേർത്ത യോഗത്തിൽ പുഷ്പഗിരി മാനേജുമെന്റിന് ക്ഷണം ലഭിച്ചിട്ടില്ലെന്ന് പുഷ്പഗിരി മാനേജുമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ വസ്തുതയെക്കുറിച്ച് അന്വേഷിക്കാമോ ?

ശ്രീ. കെ. സി. ജോസഫ് : എന്താണെങ്കിലും ക്ഷണം കിട്ടിയാലും ഇല്ലെങ്കിലും ആദ്യം മുതൽ തന്നെ അവരുടെ സമീപനം ഗവൺമെന്റിന് അനുകൂലമായിരുന്നില്ല. പുഷ്പഗിരി മാനേജുമെന്റിന്റെ സമീപനം അംഗീകരിക്കാൻ ആവില്ല. കേരളത്തിൽ അനുവാദം വാങ്ങി കോളേജ് ആരംഭിച്ചിട്ട് ഗവൺമെന്റിനെ അവഹേളിക്കാൻ, മുഖ്യമന്ത്രിയെ ആക്ഷേപിക്കാൻ വിദ്യാഭ്യാസ രംഗത്തെ അപകീർത്തിപ്പെടുത്താനാണ് പുഷ്പഗിരി മാനേജുമെന്റ് ശ്രമിച്ചത്. ക്ഷണം കിട്ടിയോ ഇല്ലയോ എന്നുള്ളതല്ല മുഖ്യപ്രശ്നം.

ശ്രീ. പി. ജെ. ജോയി : ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചിട്ട് പുഷ്പഗിരി മാനേജുമെന്റ് ചർച്ചയ്ക്ക് വന്നില്ല എന്നുള്ളതുകൊണ്ട് നിയമപരമായ നടപടിയിലൂടെ അവരുടെ സ്ഥാപനം നിൽത്താൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായിരിക്കെ സി.പി.എം-ന്റെ നേതൃത്വത്തിൽ അക്രമം നടത്തി അവരുടെ വസ്തുവകകൾ നശിപ്പിച്ച നടപടിയെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. സി. ജോസഫ് : അക്രമങ്ങളൊന്നിനും ഒരു പരിഹാരമല്ല. അങ്ങനെ ആരേയും അടിച്ചമർത്തിയും ഭീഷണിപ്പെടുത്തിയും ഒന്നും ചെയ്യാൻ പറ്റില്ല. ഇവിടെ നിയമ വ്യവസ്ഥയുണ്ട്, അതിലൂടെ മാത്രമേ സാധിക്കുകയുള്ളു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : യു.ഡി.എഫ്-ന് പുഷ്പഗിരി കോളേജും കോലഞ്ചേരി കോളേജും നിർത്തണമെന്നുണ്ടെങ്കിൽ, ഗവൺമെന്റ് പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ, അവരെ വരുതിയിൽ നിർത്തണമെന്നുണ്ടെങ്കിൽ നിങ്ങൾക്ക് ഒന്നു ചെയ്യാമായിരുന്നു ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും അവർക്ക് ഡെപ്യൂട്ടേഷനിൽ കൊടുത്ത ട്യൂട്ടർമാരെ പിൻവലിച്ചുകൊണ്ട് ഒരു ഉത്തരവ് മിനിഞ്ഞാന്ന് തന്നെ പുറപ്പെടുവിച്ചുകൂടായിരുന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : എന്തായാലും ശരി ഈ സഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സംശയരഹിതമായി പറഞ്ഞു പുഷ്പഗിരി കോളേജാണെങ്കിലും കോലഞ്ചേരി കോളേജാണെങ്കിലും സർക്കാർ നിർദ്ദേശം മറികടന്നു പോകാൻ പറ്റുകയില്ലെന്ന്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : പുഷ്പഗിരി മാനേജുമെന്റിനെ ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചപ്പോൾ വന്നില്ല എന്നുമാത്രമല്ല ഗവൺമെന്റ് നിശ്ചയിച്ചതനുസരിച്ചുള്ള പണമോ ഫീസോ , അഡ്മിഷന്റെ കാര്യമോ അംഗീകരിക്കാൻ തയ്യാറായില്ല. ആ ഒരു സാഹചര്യത്തിൽ ആ സമീപനത്തെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തുനിഞ്ഞപ്പോൾ ഇതേ സമീപനം അപ്പുറത്തുള്ള ചില സ്നേഹിതൻമാർക്കും കാണുമെന്ന് പറഞ്ഞപ്പോൾ അപ്പുറത്തുള്ള മുഴുവൻ ആളുകളും എണീറ്റ് ഞങ്ങളെല്ലാപേരുമുണ്ടാകുമെന്ന് പറഞ്ഞു. അവർ വന്നോ വന്നില്ലയോ എന്നുള്ളതേയല്ല, അവർ വന്നുകാണുമെന്നാണ് ഞാൻ കരുതുന്നത് പക്ഷെ എന്റെ സ്നേഹിതൻമാർ പുറകിലിരുന്നുകൊണ്ട് പുഷ്പഗിരി മാനേജുമെന്റുകാരെ ന്യായീകരിക്കത്തക്ക വിധത്തിൽ എന്തോ മഹാഅക്രമം നടന്നുവെന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. കെ. സി. ജോസഫ് : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതു പോലെ ഇവിടെ ആരും ആരേയും ന്യായീകരിക്കുന്നില്ല. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എല്ലാപേരുടേയും അഭിപ്രായം ഒന്നുതന്നെയാണ്. ഇവിടെ പറഞ്ഞത് പുഷ്പഗിരി മാനേജുമെന്റും കോലഞ്ചേരി മാനേജുമെന്റും ഗവൺമെന്റ് പറയുന്നത് അനുസരിച്ചില്ലെങ്കിൽ അതിനുവേണ്ടിയുള്ള നിയമം കൊണ്ടുവരണമെന്നാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇന്നലെ ഈ പ്രശ്നത്തിൽ പുഷ്പഗിരിയിൽ രണ്ടു സമരങ്ങൾ നടന്നു. ഒന്ന് മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ശ്രീ. രാജു എബ്രഹാം അടക്കം, അനന്ത ഗോപൻ അടക്കം മാർക്സിസ്റ്റു പാർട്ടിയുടെ പത്തനംതിട്ട ജില്ലയിലെ പ്രവർത്തകരും കോട്ടയം ജില്ലയിലെ പ്രവർത്തകരും ഒരു സമരം നടത്തിയിരുന്നു. അതോടൊപ്പം തന്നെ പുഷ്പഗിരിയിൽ കേരള വിദ്യാർത്ഥി യൂണിയന്റെ പ്രസിഡന്റ് വിഷ്ണുദാസിന്റെ നേതൃത്വത്തിൽ മറ്റൊരു സമരം കൂടി നടന്നു. ഈ സമരങ്ങളിൽ ഒരു വ്യത്യാസമുണ്ടായിരുന്നു ഒന്ന് കല്ലെറിഞ്ഞ് അക്രമം കാണിച്ചു, മറ്റൊന്ന് സമാധാനപരമായി സമരം ചെയ്തു. അങ്ങ് സമാധാനപരമായി നടത്തിയ സമരത്തെയാണോ അംഗീകരിക്കുന്നത് അതോ അക്രമ സമരത്തെയാണോ അംഗീകരിക്കുന്നത് എന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. സി. ജോസഫ് : ഈ കാര്യത്തിൽ സംശയമുണ്ടോ. ഏത് മാനേജുമെന്റാണെങ്കിലും ഗവൺമെന്റിന്റെ പൊതുനയത്തിനനുസരണമായി പോകണം. അതുകൊണ്ട് സംശയരഹിതമായി പുഷ്പഗിരി മാനേജുമെന്റാണെങ്കിലും കോലഞ്ചേരി മാനേജുമെന്റാണെങ്കിലും അവർ നിയമത്തിന് വഴങ്ങണം. ഈ സഭയിൽ എത്രയും വേഗം നിയമം കൊണ്ടുവരണം. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് നേരത്തെ കണ്ണൂരിലുണ്ടായ ഒരു കൊലപാതകത്തെ സംബന്ധിച്ചാണ്. പട്ടാപ്പകൽ ക്ളാസ്സ്മുറിയിൽവച്ച് ജയകൃഷ്ണൻ മാസ്റ്ററെ വെട്ടിയും കുത്തിയും കൊലപ്പെടുത്തിയ സംഭവം. കേസ് വിചാരണ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സാക്ഷികളും കൂറുമാറുന്നു. ഭീഷണിപ്പെടുത്തി പിൻതിരിപ്പിക്കുന്നു. കേസ്സിൽ മൊഴി കൊടുക്കേണ്ട വിദ്യാർത്ഥിനി ധൈര്യപൂർവ്വം മൊഴി നല്കാൻ തയ്യാറായി. ആ വിദ്യാർത്ഥിനി പ്രതികളെ ഐഡന്റിഫൈ ചെയ്തു. ഇന്നലെ മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർ അവിടെ പോയി ആ കുട്ടിയുടെ പിതാവിന്റെ കഴുത്തിൽ കത്തി വച്ചിട്ട് ഇനി മൊഴി കൊടുക്കാൻ പോയാൽ നിനക്കും ജയകൃഷ്ണന്റെ അനുഭവം വരുമെന്ന് ഭീഷണിപ്പെടുത്തുകയുണ്ടായി. എന്റെ കയ്യിലിരിക്കുന്ന പത്രം ജന്മഭൂമിയല്ല, സുദിനവും രാഷ്ട്രദീപികയുമാണ്. ഇവിടെ എല്ലാപേരും പ്രസംഗിക്കുന്നത് നിയമവാഴ്ചയെപ്പറ്റിയാണ്. കോടതിയിൽ മൊഴി കൊടുക്കാൻ പോയാൽ ഭീഷണിപ്പെടുത്തുന്നത് ശരിയാണോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ റൂൾ 284 അനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. കോടതിയുടെ തീരുമാനത്തിലിരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഈ നിയമസഭയിൽ പരാമർശിക്കാൻ പാടില്ല. ബഹുമാനപ്പെട്ട അംഗം കോടതിയിൽ നടക്കുന്ന കേസ്സിനെ സ്വാധീനിക്കുന്ന വിധത്തിൽ ഇവിടെ സംസാരിച്ചു. ഇത്തരം പരാമർശങ്ങൾ രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ് : ഞാൻ കോടതിയെപ്പറ്റി പറഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജുഡൈസ് ആയിട്ടുള്ള കാര്യങ്ങൾ ഒന്നും ഇവിടെ വിശദീകരിക്കണ്ട.

ശ്രീ. കെ. സി. ജോസഫ് : ഇന്നലെ കണ്ണൂരിലെ പത്രങ്ങളിൽ വന്ന വാർത്ത ഞാൻ വായിക്കുകയായിരുന്നു. "പ്രതികളെ തിരിച്ചറിഞ്ഞ വിദ്യാർത്ഥിനിയുടെ പിതാവിന് വധഭീഷണി" ഇത് കോടതിയെ സ്വാധീനിക്കാനാണോ ? ഇവിടെ നിയമവാഴ്ച അപകടത്തിലാക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ബോധപൂർവം ശ്രമിക്കുന്നു. മാറാടാണെങ്കിലും കണ്ണൂരാണെങ്കിലും..... അതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളാനും നിയമവാഴ്ച മാനിക്കാനുമുള്ള സാമാന്യ മര്യാദ പ്രതിപക്ഷം കാണിക്കണം. വിദ്യാഭ്യാസ പരിഷ്ക്കരണത്തെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കാതെ ഈ പരിഷ്ക്കാരങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ഡിമാന്റിനെ അനുകൂലിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി : സർ, ഇവിടെ വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവയ്ക്കായി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. വിദ്യാഭ്യാസ മേഖലയെയും ശക്തമായ മാറ്റത്തിന് വിധേയമാക്കിക്കൊണ്ട് ഉജ്ജ്വലമായ പരിവർത്തനത്തിന് നേതൃത്വം കൊടുത്ത ഒരു പടനായകൻ കൂടിയാണ് ശ്രീ.നാലകത്ത് സൂപ്പി. നാലകത്ത് മാത്രമല്ല കേരളത്തിന്റെ നെഞ്ചകത്ത് അദ്ദേഹത്തിന് സ്ഥാനമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ടു വർഷക്കാലം കൊണ്ട്, രണ്ട് പതിറ്റാണ്ടുകാലം ചെയ്യേണ്ട മാറ്റം അദ്ദേഹം ഉണ്ടാക്കി. ഏതാണ്ട് 31 എഞ്ചിനീയറിംഗ് കോളേജുകളാണ് ഉണ്ടായിരുന്നത്. 72 എഞ്ചിനീയറിംഗ് കോളേജുകൾ അദ്ദേഹം ആരംഭിച്ചു. 17 എം.സി.എ. കോളേജ്, 5 എം.ബി.എ. കോളേജ്, 43 അൺ എയ്ഡഡ് കോളേജ്,

11.00 AM]

LIBRARY ARCHIVES Kerala Legislative Assembly

162 കോളേജുകളിൽ പുതിയ കോഴ്സുകൾ, 10 ബി.എഡ്. കോളേജുകൾ എന്നു മാത്രമല്ല സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിപ്ലവം സൃഷ്ടിക്കുന്ന ഐ.എച്ച്.ആർ.ഡി.-യെ ശക്തിപ്പെടുത്തിക്കൊണ്ട് പുതിയ കോളേജുകൾ തുടങ്ങാനും ശക്തമായ നടപടികൾ അദ്ദേഹം സ്വീകരിച്ചു. മാത്രമല്ല, ക്ലാസ്സ് മുറികളിലാണ് രാഷ്ട്രത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നതെന്ന് കോത്താരി കമ്മിഷൻ പറയുന്നു. രാഷ്ട്രത്തിന്റെ ഭാവി മുന്നിൽ കണ്ടുകൊണ്ട് കാലഘട്ടത്തിന് അനുസൃതമായി ശക്തമായ നിലപാട് വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കാൻ അദ്ദേഹത്തിന് സാധിച്ചു. പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ചുകൊണ്ട് IT @ School Project ആവിഷ്കരിച്ചുകൊണ്ടുള്ള പദ്ധതികളടക്കം ചെയ്തു. കഴിഞ്ഞ കാലങ്ങളിലൊക്കെ ഡിഗ്രി പരീക്ഷ മലയാളത്തിലെഴുതി ബി.എഡ്. എടുത്ത് ഇംഗ്ളീഷ് പഠിപ്പിക്കുന്ന ദുരവസ്ഥയാണ് ഉണ്ടായിരുന്നത്. അത് മാറ്റി ഇംഗ്ളീഷ് ഡിഗ്രി എടുക്കുന്നവർതന്നെ ഇംഗ്ളീഷ് പഠിപ്പിക്കണമെന്നുള്ള നിയമം കൊണ്ടുവന്നത് അദ്ദേഹമാണ്. അന്ന് അത് ചെയ്യാത്തതുകൊണ്ടാണ് ഇന്ന് ഇംഗ്ളീഷിൽ യാതൊരു നിലവാരവുമില്ലാതെ തരംതാണ് പോകുന്ന അവസ്ഥയുണ്ടായത്. അതിന് എനിക്കൊരു സജഷനുള്ളത്, ബാംഗ്ളൂരിൽ ഉള്ളതുപോലെ കേരളത്തിലും ലാംഗ്വേജിന്റെ കാര്യത്തിൽ ഇംഗ്ളീഷ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണം. എങ്കിൽ മാത്രമേ pronunciation accent ഒക്കെ നന്നായി മനസ്സിലാക്കാനും പഠിപ്പിക്കാനും സാധിക്കുകയുള്ളു. അത് തുടങ്ങുന്നതുവരെ അദ്ധ്യാപകർ ബാംഗ്ളൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഉപയോഗപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഇവിടുത്തെ പ്രൊഫഷണൽ കോളേജുകളും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമൊക്കെ വമ്പിച്ച രീതിയിൽ മുന്നോട്ടു പോയിട്ടുണ്ട്. ഇനി ശ്രദ്ധിക്കേണ്ടത് നിലവാരത്തിന്റെ കാര്യത്തിലാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. എസ്.എസ്.എൽ.സി.ക്ക് 62% പേർ വിജയിച്ചു. പക്ഷേ നമ്മൾ ശ്രദ്ധിക്കാതെ പോകുന്ന ഒരു കാര്യമുണ്ട്. 38% പരാജയപ്പെടുന്നു എന്നുള്ള വസ്തുത ശ്രദ്ധിക്കുകയും ഒരു കുട്ടിയും പരാജയപ്പെടാതെ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നിലവാരത്തിലൂടെ പഠിക്കാനും ഉന്നതമാർക്ക് വാങ്ങി പുറത്തുവരാനും കഴിയുന്നവിധത്തിൽ പാകപ്പെടുത്താനുള്ള ശക്തമായ നിലപാട് സ്വീകരിക്കണം. അതിന് പ്രൈമറിതലംമുതൽ സെക്കണ്ടറിതലംവരെയുള്ള വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ക്വാളിറ്റി ഇമ്പ്രൂവ് ചെയ്യുന്നതിനുവേണ്ടി ശക്തമായ നിലപാട് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തോൽക്കുന്ന കുട്ടികളുടെ കണക്ക് പരിശോധിച്ചാൽ ബി.പി.എല്ലിൽപ്പെട്ട കുട്ടികളാണ് തോൽക്കുന്നതിൽ 98 ശതമാനവും എന്ന് പഠനം നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. അതുകൊണ്ട് വിജയഭേരി പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് അവരെ മുന്നോട്ടുകൊണ്ടുവരാൻ ശ്രദ്ധിക്കണം. അതുപോലെ ഇപ്പോൾ വിദ്യാഭ്യാസരംഗം എടുത്ത് പരിശോധിച്ചു നോക്കിയാൽ, വിദ്യാഭ്യാസപരമായി ഇൻഡ്യയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന രണ്ട് സമുദായങ്ങൾ നിയോ ബുദ്ധമതക്കാരും മുസ്ളീം സമുദായക്കാരുമാണെന്ന് രാജീവ്ഗാന്ധിയുടെ നാഷണൽ എഡ്യൂക്കേഷണൽ പോളിസിയുടെ ഭാഗമായി പറഞ്ഞിട്ടുള്ളതായി കാണാം. ഇന്ന് കേരളത്തിലെ ആറു ജില്ലകളിൽ അവർ

ഡോമിനേറ്റഡ് ആണെന്നും അവർക്ക് പ്രത്യേക പരിരക്ഷ നൽകണമെന്നും ആ നയത്തിൽ പറഞ്ഞിട്ടുണ്ട്. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലും അക്കാര്യം വളരെ വ്യക്തമായി പറയുന്നുണ്ട്. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ കൺക്ലൂഷനിൽ ഇപ്രകാരം പറയുന്നുണ്ട്. At the same time Muslims another major community among the Backward Classes have not fared so well. The main reason for this is nothing but educational backwardness.....എന്നിട്ട് പറയുന്നു, If the Muslim community and its leaders take more interest in the matter of education and make a concert effort, this community can also reach a similar level of educational advancement in the not distant future.....ഞാൻ പറയുന്നത്, ഇന്ന് മുസ്ളീം കമ്മ്യൂണിറ്റിക്ക് ആവശ്യമായ പ്രാഥമിക വിദ്യാഭ്യാസം നേടാൻ സെക്കണ്ടറിതലത്തിൽപോലും വേണ്ടത്ര സൗകര്യം ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു. പ്രാദേശിക-സാമുദായികാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ കാര്യത്തിൽ ഡിസ്പാരിറ്റി നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കാനുള്ള ശക്തമായ നിലപാട് സ്വീകരിക്കണം. ഇത് പറയുമ്പോൾ വളരെ വേദനയേറിയ സംഗതിയാണ് എനിക്ക് പറയാനുള്ളത്. ഇന്നലെ ഞാൻ ഒരു വാർത്ത കണ്ടു. തൊഗാഡിയ ഉറഞ്ഞുതുള്ളിക്കൊണ്ടുള്ള വാർത്ത വന്നതോടുകൂടിതന്നെ എന്നെ ഏറ്റവും അധികം വേദനിപ്പിച്ച ഒരു സംഭവമുണ്ടായി. ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന, ഞങ്ങൾ ആദരിക്കുന്ന, ഞങ്ങളൊക്കെ പ്രിയങ്കരനായി കരുതുന്ന കേരളത്തിലെ മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവന എന്നെ ഏറ്റവും കൂടുതൽ വേദനിപ്പിച്ചു. അതിൽ ഇവിടുത്തെ മതന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ശക്തമായ വേദനയും വികാരവും പ്രകടിപ്പിക്കുന്നതോടൊപ്പം അതിൽ ശക്തമായ അമർഷം ഞാൻ രേഖപ്പെടുത്തുകയുമാണ്. ഞാൻ ആരേയും പ്രകോപിപ്പിക്കാൻ വേണ്ടി പറയുകയല്ല. കേരളത്തിൽ ന്യൂനപക്ഷങ്ങളും മറ്റ് സമുദായങ്ങളും ജീവിക്കുന്നത് ഏകോദരസഹോദരങ്ങളെപ്പോലെയാണ്. എന്നെ ഏറ്റവും കൂടുതൽ വേദനിപ്പിച്ച സംഭവം, "ന്യൂനപക്ഷ സംഘടിത ശക്തി ശക്തമായ സമ്മർദ്ദം ചെലുത്തി എന്തും നേടാമെന്ന് കരുതണ്ടായെന്നുള്ള" മുഖ്യമന്ത്രിയുടെ പ്രസ്താവനയാണ് ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ 50 വർഷത്തിലേറെക്കാലമായി ഇൻഡ്യയിൽ പ്രവർത്തിക്കുന്ന മുസ്ളീംലീഗ്പോലുള്ള ന്യൂനപക്ഷ പ്രസ്ഥാനം ഭരണത്തിൽ നിന്ന് ഇന്നുവരെ സമ്മർദ്ദം ചെലുത്തി അവിവിഹമായി ഒരു കാര്യവും നേടിയിട്ടില്ലായെന്ന് അഭിമാനപൂർവം പറയാൻ കഴിയും. ഞാൻ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് കാട്ട് ചെയ്യുകയുണ്ടായി. ഇവിടുത്തെ പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി അവർക്ക് അവകാശപ്പെട്ടത് നേടിയെടുക്കണമെന്നുമാത്രമാണ് നമ്മുടെ പ്രസ്ഥാനം പറയുന്നത്. ഇവിടെ പിന്നോക്ക വിഭാഗത്തിൽപെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അവർക്കു കിട്ടേണ്ട സംവരണാനുകൂല്യംപോലും കിട്ടിയിട്ടില്ല. ഇവിടെ മുസ്ളീം കമ്മ്യൂണിറ്റിക്ക് 7383 തസ്തികകൾ ഇനിയും കിട്ടാനുണ്ട്. ലാറ്റിൻ കാത്തലിക്കിനു 4370 തസ്തികകൾ കിട്ടാനുണ്ട്. നാടാർ കമ്മ്യൂണിറ്റിക്കും 2614 തസ്തികകൾ കിട്ടാനുണ്ട്. അങ്ങനെ പിന്നോക്ക വിഭാഗങ്ങളുടെ കണക്ക് നീണ്ടുപോകും. ഞാൻ എല്ലാം പറയുന്നില്ല. ഈ സമൂഹത്തിൽ നിഷേധിക്കപ്പെട്ട നീതി നേടിയെടുക്കുന്നതിനു വേണ്ടി അക്കാര്യം ഉറക്കെപ്പറഞ്ഞാൽ അത് പ്രീണനമാകുമോ ? അത് സമ്മർദ്ദമാകുമോ ? ഈ രാജ്യത്തെ പീഡിത വിഭാഗങ്ങൾക്കുവേണ്ടി ശക്തമായി

LIBRARY ARCHIVES Kerala Legislative Assembly

വാദിക്കുന്നതിന്റെ പേരിൽ അത് സമ്മർദ്ദമാണെന്ന് വരുമെങ്കിൽ ആ പീഡിതമായ, സാമൂഹികമായ പിന്നോക്കാവസ്ഥ നീങ്ങുന്നതുവരെയുള്ള പോരാട്ടം തുടരുക തന്നെ ചെയ്യും. അതിന് എന്ത് വ്യാഖ്യാനം നൽകിയാലും ശരി. എനിക്ക് വളരെ വേദനയോടുകൂടി പറയാനുള്ള മറ്റൊരു കാര്യമുണ്ട്. ഗൾഫ്നാടുകളിലും മറ്റ് സ്ഥലങ്ങളിലും പോയി മതന്യൂനപക്ഷങ്ങൾ നേടിക്കൊണ്ടുവരുന്ന സമ്പാദ്യം ഇവിടെ മറ്റുള്ളവർക്ക് അസമത്വം ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അത് ഒരിക്കലും ശരിയല്ല. മലബാറിൽ പ്രത്യേകിച്ച് കേരളത്തിൽ എല്ലാ സമുദായങ്ങളും ഏകോദരസഹോദരങ്ങളെപ്പോലെ ഇടകലർന്ന് ജീവിക്കുന്നവരാണ്. അവരെ വിഭജിക്കാൻ കഴിയുകയില്ല. ഇന്നുവരെ അങ്ങനെയൊരു ചിന്ത ആർക്കും ഉണ്ടായിട്ടില്ല. ഇല്ലാത്ത ചിന്ത ഉണ്ടാക്കുന്ന അവസ്ഥയിലേക്ക് ഉത്തരവാദിത്വപ്പെട്ടവർ ഫോക്കസ് ചെയ്യുന്നു. അങ്ങനെയൊരു ചിന്ത ഉണ്ടാക്കുന്നത് മറ്റുള്ളവർക്ക് പ്രചോദനമായിത്തീരുമെന്നാണ് ഞാൻ ഭയപ്പെടുന്നത്. ഗൾഫ് നാടുകളിലും യൂറോപ്യൻ രാജ്യങ്ങളിലും ഇവിടുത്തെ ആളുകൾ പോകുന്നത് ഏതെങ്കിലും പ്രത്യേക മതത്തിൽപ്പെട്ടവർ മാത്രമല്ല. എല്ലാ സമുദായത്തിൽപെട്ടവരും പോകുന്നുണ്ട്. അവിടെ പോയി സമ്പാദിച്ച് വരുന്നത് ഈ നാട്ടിന് മുതൽക്കൂട്ടാണ്. കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തരുന്നു. ഓരോ വർഷവും 26,000 കോടി രൂപ ഇവിടെ നേടിത്തരുന്നു. ആ വിഭാഗം പോയത് എന്തുകൊണ്ടാണ് ? സുഖിക്കാനല്ല. ഇവിടെ ജോലി കിട്ടാത്തതുകൊണ്ട് തന്റെ കുടുംബത്തിന്റെ പട്ടിണി അകറ്റുന്നതിനുവേണ്ടി അന്യരാജ്യത്ത് പോയി കഷ്ടപ്പെടുമ്പോൾ അവർ സമ്പാദിച്ചുവരുന്നത് അസമത്വവും വല്ലാത്ത വിവേചനവും അസഹിഷ്ണുതയുമാണെന്നു പറയുന്നത് തികഞ്ഞ വിവരക്കേടാണ്. ഇല്ലാത്ത ഒരു പ്രവണത സമൂഹത്തിലുണ്ടാക്കുന്നത് ഉത്തരവാദിത്വപ്പെട്ടവർക്ക് ഒരിക്കലും യോജിച്ചതല്ല. കേരളത്തിന്റെ മതസൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയും ഹൈന്ദവ-ക്രൈസ്തവ-മുസ്ലിം സാഹോദര്യം നിലനിർത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനും ഈ രാജ്യത്തെ മതന്യൂനപക്ഷത്തിന്റേയും പിന്നോക്ക വിഭാഗത്തിന്റേയും അവശത അവസാനിപ്പിക്കുന്നതിനും, നിഷേധിക്കപ്പെട്ട നീതി ലഭിക്കുന്നതിനും വേണ്ടി ഒറ്റക്കെട്ടായി മുന്നോട്ടുപോകാൻ പ്രതിജ്ഞാബദ്ധമായ ഒരു പ്രസ്ഥാനമാണ് എന്റേത്. ആ സേവനം ഇനിയും അനുസ്യൂതം തുടരുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ സന്തോഷപൂർവം പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, രണ്ടു വർഷത്തെ എൽ.ഡി.എഫ് ഭരണം കൊണ്ട് കുത്തഴിഞ്ഞ് വികലമായ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെ തുന്നിക്കെട്ടി നിരവധി വികസന പരിപാടികൾ നടപ്പിലാക്കിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അഞ്ചു വർഷത്തെ എൽ.ഡി. എഫ് ഭരണംകൊണ്ട് ജില്ല് ജിങ്കാരനാദ മുഖരിതവും സിംഹവ്യാഘ്ര ഭല്ലൂകാദി മൃഗനിഷേവിതവുമായ ഒരു പഞ്ചവൻകാട് പോലെയാക്കിയ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ രണ്ടു വർഷംകൊണ്ട് ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ അസൂയാവഹമാണ് എന്ന കാര്യത്തിൽ തർക്കമില്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കേരളം സ്വാശ്രയ പദവിയിലേക്ക് ഉയരുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. മമ്മൂട്ടി പറഞ്ഞതുപോലെ 31 എഞ്ചിനീയറിംഗ് കോളേജുകൾ 72

LIBRARY ARCHIVES Kerala Legislative Assembly

ആയി വർദ്ധിച്ചു. 11 എം.സി.എ കോളേജും 5 എം.ബി.എ. കോളേജും ഉണ്ടായി. ആയിരം കോടി രൂപയുടെ മുതൽ മുടക്കിൽ 40,000 പേർക്ക് പുതിയതായി ജോലി ലഭിച്ചു. ഐ.എച്ച്.ആർ.ഡി., എൽ,ബി.എസ്. തുടങ്ങിയ സ്ഥാപനങ്ങൾ വേറെയും. കലാവാസനയുള്ളവർക്കുവേണ്ടി കലാക്ഷേത്രങ്ങൾ ഉണ്ടാക്കി. എസ്എസ്എൽ.സി.-ക്ക് സേ പരീക്ഷ ഏർപ്പെടുത്തി. 2004-05-ൽ എസ്.എസ്.എൽ.സി.-ക്ക് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. വൺ ഡേ വെരിഫിക്കേഷൻ ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 1,290 സ്കൂളുകളിൽ കംപ്യൂട്ടർ ലാബ് ഉണ്ടാക്കി. എസ്.എസ്.എൽ.സി.-യിൽ എസ്.എസ്.എ. (സർവ്വ ശിക്ഷ അഭിയാൻ) പദ്ധതി ഈ വർഷം ആരംഭിക്കുന്നു. അതിന് 127 കോടി രൂപ ചെലവാക്കാൻ പോകുന്നു. ഒരു വർഷത്തിനുള്ളിൽ എൽ.പി. സ്കൂളുകളിൽ കുടിവെള്ളവും ചുറ്റുമതിലും ടോയ്ലറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ പോകുന്നു. ക്വാളിറ്റി ഇംപ്രൂവ്മെന്റിനുവേണ്ടി ജാഗ്രതയോടുകൂടി പരിപാടികൾ ആവിഷ്ക്കരിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ എല്ലാ പരിഷ്ക്കാരങ്ങളേയും കടത്തിവെട്ടി കൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ ഗവൺമെന്റിന്റെ കീഴിൽ നിരവധി പദ്ധതികൾ ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലങ്ങളിൽ ഉണ്ടായ പരിഷ്ക്കാരങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രീ. ടി.എം. ജേക്കബും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും ഒക്കെ അനേകം പഴികൾ കേട്ടവരാണ്.. പ്രീഡിഗ്രി ബോർഡിന്റെ പേരിൽ ശരശയ്യയിൽ കിടത്തി ചിത്രവധം ചെയ്യാൻ പുറപ്പെട്ട ഹതഭാഗ്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്നു ശ്രീ. ടി. എം. ജേക്കബ്. ശ്രീ. നാലകത്ത് സൂപ്പിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരളത്തിലെ വിദ്യാഭ്യസ രംഗത്ത് നൽകിയ ഏറ്റവും വലിയ സംഭാവന എന്താണെന്ന് ചോദിച്ചാൽ കിടപ്പാടം പണയം വച്ചും മക്കളെ ഡോക്ടറാക്കാനും എഞ്ചിനീയർ ആക്കാനും തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും വിദ്യാഭ്യാസ മുതലാളിമാരുടെ കാലിൻചുവട്ടിൽ പോയി കേണ് അപേക്ഷിച്ചിരുന്ന രക്ഷിതാക്കൻമാർ ഇന്ന് സന്തോഷവാൻമാരാണ്. ഈ രക്ഷിതാക്കൻമാരുടെ സന്തോഷമുള്ള മുഖം കാണുമ്പോൾ കൈരളി ടി.വി.-യിലെ പരസ്യം പോലെ Happy, its everybody happy എന്ന് പ്രതിപക്ഷനേതാവ് പോലും പാടി പോകും എന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ നേട്ടം അതായിട്ടാണ് ഞാൻ കാണുന്നത്. പാരാവാരം പോലെ പരന്നു കിടക്കുന്ന വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് 12 മിനിട്ടിനുള്ളിൽ ഒരു ചർച്ച അപ്രായോഗികമാണ്. അതുകൊണ്ട് അടിയന്തിരമായി വിദ്യാഭ്യാസ വകുപ്പ് ചെയ്തു തീർക്കേണ്ട കാര്യങ്ങളെക്കുറിച്ച് മാത്രം ചൂണ്ടിക്കാണിക്കുന്നു. സർ, ഈ രാജ്യത്ത് അഞ്ചാം ക്ലാസ് വരെയുള്ള അനേകം എൽ.പി. സ്കൂളുകൾ ഉണ്ട്. ആ എൽ.പി. സ്കൂളുകൾ വലിയ ചെലവില്ലാതെ യു.പി. സ്കൂളുകളാക്കി ഉയർത്തി ഈ രംഗത്ത് വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കണം. കാലിക്കട്ട്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റികളിൽ ലാറ്ററൽ എൻട്രിക്ക് അനുവാദം നൽകി. പക്ഷേ കേരളത്തിലെ തലസ്ഥാന നഗരമായ തിരുവനന്തപുരത്തുള്ള കേരള യൂണിവേഴ്സിറ്റിയും അത് നൽകാത്തത് ശരിയല്ല എന്നാണ് എന്റെ വിനീതമായ അഭിപ്രായം. പിന്നോക്ക ജില്ലകളെപ്പറ്റി എന്റെ സ്നേഹിതൻ ശ്രീ. അനിൽ കുമാർ

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിൽ ഉന്നയിച്ചതാണ്. പ്ലസ് ടു-വിന് ചേരാൻ കഴിയാത്ത അനേകം വിദ്യാർത്ഥികൾ ഉണ്ട്. അവിടെ പ്ലസ് ടു വിന് കൂടുതലായി സീറ്റുകൾ അനുവദിക്കുകയും പുതിയതായി പ്ലസ് ടു കോഴ്സുകൾ ആരംഭിക്കുവാൻ ശ്രമിക്കുകയും വേണം. കേരളത്തിൽ ഉണ്ടായിരുന്ന മറ്റെല്ലാ വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ആദരിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു, കേരളത്തിൽ വിദ്യാഭ്യാസ വകുപ്പിനുവേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസ വകുപ്പു മന്ത്രിമാരേയും ഈ ഡിപ്പാർട്ടുമെന്റിലുള്ള സെക്രട്ടറിമാരേയും മുഴുവൻ ജീവനക്കാരേയും അവരെ എപ്പോഴും കുറ്റം പറയാറുണ്ട്. പലരും പക്ഷേ ഞാൻ ഈ ഡിപ്പാർട്ടുമെന്റിനെ അഭിനന്ദിക്കുകയാണ്. ശ്രീ. പിരപ്പൻകോട് മുരളിയുടെ പ്രസംഗം ഞാൻ ഇവിടെ കേട്ടു. അദ്ദേഹം ഒരു സാഹിത്യകാരനാണ്. സംസ്കാരം എന്ന് പറയുന്നത് ഏതെങ്കിലും ഒരു മന്ത്രിയുടേയോ ഗവൺമെന്റിന്റേയോ മാത്രമല്ല. നൂറ്റാണ്ടുകളുടെ പ്രയാണത്തിൽ മനുഷ്യന്റെ ജീവിത വിശ്വാസ പ്രമാണങ്ങളിലൂടേയും ചരിത്രത്തിലൂടേയും വളർന്നുവന്ന ഒന്നാണ് സംസ്ക്കാരം. ശ്രീ. കാർത്തികേയനും അതിനു മുമ്പുള്ള സാംസ്ക്കാരിക വകുപ്പുമന്ത്രിമാരും ഇവിടെ ഭരിച്ചതുകൊണ്ടല്ല, തകഴിയും കേശവദേവും ബഷീറും വള്ളത്തോളും കുമാരനാശാനുമൊക്കെ നോവലും കവിതകളും എഴുതിയത്. പക്ഷേ ഒരു ഗവൺമെന്റിനും ഇൻസ്റ്റന്റ് കാപ്പിപോലെയോ ഇൻസ്റ്റന്റ് ചായപോലെയോ സംസ്ക്കാരം ഉണ്ടാക്കാൻ കഴിയില്ല. പക്ഷേ ഒരു ജനാധിപത്യ ഭരണകൂടത്തിൽ കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് സാംസ്ക്കാരിക വകുപ്പിന് നേതൃത്വം കൊടുക്കുമ്പോൾ ഈ ഗവൺമെന്റിന്റെ സാംസ്ക്കാരിക വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ശ്രീ. ജി. കാർത്തികേയൻ നൽകിയ സേവനങ്ങളെ ആദരപൂർവ്വമാണ് ഞാൻ വീക്ഷിക്കുന്നത്. സാഹിത്യം, സംഗീതം, ചലച്ചിത്രം എന്നിവയ്ക്ക് 1,00,000 രൂപ അവാർഡ് കൊടുക്കാറുണ്ട്. പക്ഷേ രാജാരവിവർമ്മയുടെ പേരിൽ ആദ്യമായാണ് ചിത്രകലയ്ക്കും ശില്പകലയ്ക്കും ഈ ഗവൺമെന്റ് 1,00,000 രൂപയുടെ അവാർഡ് പ്രഖ്യാപിച്ചത്. വാദ്യകലയിൽ മഹാനായ പല്ലാവൂർ അപ്പുമാരാരുടെ പേരിൽ 1,00,000 രൂപയുടെ അവാർഡ് ഏർപ്പെടുത്തി. സാംസ്ക്കാരിക വകുപ്പിലെ പാവപ്പെട്ട ജീവനക്കാരന് പെൻഷൻ കൊടുത്ത ഗവൺമെന്റാണിത്. കെ. എം. ജോർജിന്റെ പേരിൽ പഠന ഗവേഷണ കേന്ദ്രം ആരംഭിച്ചു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഒരു അന്താരാഷ്ട്ര പഠന ഗവേഷണ സ്ഥാപനമായി വലുതാക്കാൻ ശ്രീ. കാർത്തികേയന് കഴിഞ്ഞു. ലളിതകലാ അക്കാഡമിയുടെ ആർട്ട് ഗ്യാലറി ആരംഭിച്ചത്. കൂടാതെ, സംഗീത നാടക അക്കാഡമി ആരംഭിച്ചു. മൂവാറ്റുപുഴയിൽ തത്തമംഗലത്ത് ജനിച്ച ഷഡ്കാല ഗോവിന്ദമാരാരുടെ പേരിൽ സംഗീതോത്സവം ആരംഭിച്ചു. ചന്ദന ചർച്ചിത നീല കളേബര എന്ന അഷ്ടപതി, പന്തുവരാളി രാഗത്തിൽ പാടിക്കൊണ്ട് ആറ് കാലങ്ങളിലായി പല്ലവി പാടിയ ഷഡ്കാല ഗോവിന്ദമാരാരെ മഹാനായ ത്യാഗരാജ സ്വാമികൾ കൈകൂപ്പിക്കൊണ്ട് എന്തരോ മഹാനുഭാവലു എന്ന് പാടി ആദരിച്ചതായി ഞാൻ കേട്ടിട്ടുണ്ട്. മഹാനായ സ്വാതി തിരുനാൾ അദ്ദേഹം ആറ് കാലങ്ങളിൽ പല്ലവി പാടി. ഏഴ് തന്ത്രികളിൽ പല്ലവി മീട്ടി. അദ്ദേഹത്തിന്റെ ഗാനാലാപനം കേട്ടപ്പോൾ കൊടുത്ത ബഹുമതിയാണ് ഷഡ്കാലമെന്നത്. സ്വാതി തിരുന്നാളിനുശേഷം കേരളത്തിലെ ഒരു സംസ്ഥാനമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഷഡ്കാല ഗോവിന്ദമാരാരെ ആദരിച്ചിട്ടുണ്ടെങ്കിൽ, സംഗീത നാടക അക്കാഡമി ഷഡ്കാല ഗോവിന്ദമാരുടെ പേരിൽ സംഗീതോത്സവം നടത്തുവാൻ തയ്യാറായിട്ടുണ്ടെങ്കിൽ ആ മന്ത്രിയെ ബഹുമാനിക്കാതിരിക്കാൻ കഴിയുമോ ? കലാമണ്ഡലത്തിൽ നവചൈതന്യം വന്നു, കലാമണ്ഡലത്തിൽ മഹാനായ കവി ഒ.എൻ.വി. കുറുപ്പായിരുന്നു അതിന്റെ ചെയർമാൻ. ഒരു കവി എന്നുള്ള നിലയിൽ ഞാൻ ഒ.എൻ.വി. കുറുപ്പിനെ ആദരിക്കുന്നു. തോന്ന്യാക്ഷരങ്ങളും ഭൂമിക്കൊരു ചരമഗീതവും ഒക്കെ എഴുതിയ മഹാനായ ഒ.എൻ.വി. ഒരു കവിയാണ് എന്നുള്ള കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. അദ്ദേഹത്തെക്കുറിച്ച് മറ്റുചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. ഒരു കവി എന്നുള്ള നിലയിൽ അദ്ദേഹം ചലച്ചിത്രഗാന രചയിതാവായി കോടമ്പാക്കത്ത് എത്തിയത് എനിക്ക് അഭിപ്രായ വ്യത്യാസമുള്ള കാര്യമാണ് അദ്ദേഹത്തെ വിമർശിക്കാനുള്ള സാഹിത്യപാണ്ഡിത്യമൊന്നും എനിക്കില്ല. പക്ഷെ തിരുവനന്തപുരത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി മൽസരിച്ച ഒ.എൻ.വി. കുറുപ്പിന്റെ രാഷ്ട്രീയമായ ചേരിയെക്കുറിച്ച് ചോദ്യം ചെയ്യാതിരിക്കാൻ നിർവ്വാഹമില്ല. കലാമണ്ഡലത്തിലെ പ്രതിമകൾക്ക് ചാർത്തിയിരുന്ന ആടയാഭരണങ്ങൾ കലാമണ്ഡലത്തിലെ കലാകാരൻമാർ തന്നെ മാറ്റിയെടുത്ത് കോപ്പാറയിൽ സൂക്ഷിച്ചപ്പോൾ അതിന് പഴി പറഞ്ഞത് ബഹുമാന്യനായ സാംസ്കാരിക മന്ത്രിയെയാണ്. സാംസ്കാരിക വകുപ്പുമന്ത്രിയെ വർഷങ്ങളായി എനിക്കറിയാം. അക്ഷരങ്ങളെ സ്നേഹിക്കുന്ന ഒരു മന്ത്രിയാണ്. ആ സാംസ്കാരിക വകുപ്പുമന്ത്രി കേരളത്തിൽ മന്ത്രിയായപ്പോൾ അർഹതയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഉണ്ടാക്കിയ സാംസ്കാരിക സ്ഥാപനങ്ങളിലെ ഭരണാധികാരികളെ തുടരാൻ അനുവദിക്കുകയാണ് ചെയ്തത്. ഇവിടെ രാഷ്ട്രീയ പക്ഷപാതത്തിന്റെ പേരിൽ സാംസ്കാരിക വകുപ്പുമന്ത്രി ഒന്നും ചെയ്തിട്ടില്ല. ബഹുമാന്യനായ കെ.സി. ജോസഫ് പറഞ്ഞു, മലയാളത്തിലെ സാഹിത്യകാരൻമാരുടെ പ്രിയപ്പെട്ട സഹകരണസംഘമായ സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ മേധാവിയായി സാഹിത്യകാരനാണ് എന്ന് സ്വയം സമ്മതിക്കാത്ത പൂച്ചാലി ഗോപാലനെ അതിന്റെ മേധാവിയാക്കിയതിനെപ്പറ്റി സാഹിത്യ സഹകരണ സംഘത്തെ നശിപ്പിക്കാൻ ശ്രമിച്ചവർ അങ്ങനെ എത്ര കാര്യങ്ങൾ ഇവിടെ നടന്നു. ബഹുമാന്യനായ പിരപ്പൻകോട് മുരളി തുഞ്ചൻപറമ്പിനെക്കുറിച്ച് പറഞ്ഞു. തുഞ്ചൻപറമ്പ് മലയാള ഭാഷയുടെ പിതാവായ ശ്രീ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പേരിലുള്ള സ്മാരകമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ് ആജീവനാന്തം അംഗങ്ങളാക്കിയ ഒരു ട്രസ്റ്റ് അവിടെയുണ്ടാക്കിയത്. ശ്രീ. പിരപ്പൻകോട് മുരളി അവർകൾ പറഞ്ഞു, ശ്രീ. സി. ഹരിദാസിനെ പോലെയും, ബഹുമാന്യനായ ഇ.ടി മുഹമ്മദ് ബഷീറിനെപ്പോലെയും സഹൃദയത്വമുള്ളവരുടെ അംഗത്വത്തെ ചൂണ്ടിക്കാട്ടി. എന്തുകൊണ്ട് മലപ്പുറം ജില്ലാ സി.ഐ.ടി.യു.-വിന്റെ സെക്രട്ടറി നന്ദകുമാറിന്റെ പേര് ഇവിടെ പറഞ്ഞില്ല ? രാഷ്ട്രീയ ഭിക്ഷാംദേഹികളെ കുത്തിനിറയ്ക്കുകയാണ് ചെയ്തത്. എം. ടി. വാസുദേവൻ നായർ എന്റെ നാടായ പട്ടാമ്പി ഹൈസ്കൂളിൽ പഠിച്ച മഹാനായ സാഹിത്യകാരനാണ്. നാലുകെട്ടിലെ അപ്പുണ്ണിയെയും അസുരവിത്തിലെ ഗോവിന്ദൻകുട്ടിയെയും. ഇരുട്ടിന്റെ ആത്മാവിലെ വേലായുധനെയുമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

നെഞ്ചിലേറ്റി നടക്കുന്ന ഒരു എളിയ സാഹിത്യാസ്വാദകനാണ് ഞാൻ. എം.ടി. വാസുദേവൻ നായരുടെ പ്രതിഭയോട് ഞങ്ങൾക്ക് ആർക്കും വിയോജിപ്പില്ല. പക്ഷെ ഒ.എൻ.വി.-യും, എം.ടിയും, ശ്രീ. അടൂർ ഗോപാലകൃഷ്ണനുമടക്കമുള്ളവരുടെ കഴിവിലും തർക്കമില്ല. ചലച്ചിത്ര അക്കാഡമിയുടെ പേരിൽ കാർത്തികേയനും അടൂരും തമ്മിൽ സംവാദമുണ്ടായി. ചലച്ചിത്ര അക്കാഡമി മാർക്സിസ്റ്റു പാർട്ടിയുടെ സഹയാത്രികരുടെ ഒരു എലിപ്പത്തായമാക്കാനും മാർക്സിസ്റ്റു പാർട്ടിയുടെ വിധേയനാകാനും അടൂർ ഗോപാലകൃഷ്ണൻ ശ്രമിച്ചപ്പോഴാണ് അഭിപ്രായ വ്യത്യാസമായത്. എന്തുകൊണ്ട് ഈ ആക്ഷേപം ഉന്നയിക്കുന്നവർ രാഷ്ട്രീയം നോക്കാതെ അടൂർ ഗോപാലകൃഷ്ണനെയും, കാനായി കുഞ്ഞിരാമനെയും, അതുപോലെ കാവാലം നാരായണപ്പണിക്കരെയും, വിഷ്ണു നമ്പൂതിരിയെയും പോലുള്ള മഹാപ്രതിഭകളെ ഈ രാജ്യത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ചെയർമാനാക്കാൻ കാണിച്ച ഹൃദയവിശാലത കണ്ടില്ല എന്നു നടിക്കുന്നു. അതുകൊണ്ട് ബഹുമാന്യരായ സാംസ്കാരിക നായകൻമാരോട് എനിക്ക് പറയാനുള്ളത് രാഷ്ട്രീയം കളിക്കരുത് എന്നാണ്. അവർക്ക് രാഷ്ട്രീയക്കാരെ പുച്ഛമാണ്. ഈ നാട്ടിലെ ചിന്തിക്കുന്ന എല്ലാ മനുഷ്യരോടും ഞാൻ ഈ കാര്യം പറയാൻ ആഗ്രഹിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി മൽസരിച്ച ചലച്ചിത്ര നടനായ മുരളി പറഞ്ഞത് ഈ ഗവൺമെന്റിൽ നിന്ന് ഞാൻ അവാർഡ് പ്രതീക്ഷിച്ചിരുന്നില്ല എന്നാണ്. ബഹുമാന്യനായ കാർത്തികേയൻ സാംസ്കാരിക വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ലഭിക്കുന്ന ഏറ്റവും വലിയ ഗുഡ് സർവ്വീസ് എൻട്രിയാണ് ശ്രീ. മുരളിയുടെ പ്രഖ്യാപനം എന്നു ഞാൻ വിശ്വസിക്കുകയാണ്. അതുപോലെ തന്നെ തോന്ന്യാക്ഷരങ്ങൾ എഴുതിയ ഒ.എൻ.വി. കുറുപ്പ് ബഹുമാന്യനായ മുഖ്യമന്ത്രിയെയും സാംസ്കാരിക വകുപ്പുമന്ത്രിയെയും തോന്ന്യാസം പറയുന്ന നിലയിലേക്ക് ഒരിക്കലും തരംതാഴരുത് എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ ഇടതുപക്ഷം ഭരിക്കുമ്പോൾ ചിത്രശലഭത്തിന്റെ പ്യൂപ്പയെ പോലെ സമാധി ദിശയിലായ ചില സാംസ്കാരിക നായകൻമാർ യു.ഡി.എഫ്. വരുമ്പോൾ പുതുമഴ പെയ്താൽ മണ്ണട്ട പുറത്തുവരുന്നതുപോലെ പുറത്തിറങ്ങുകയാണ്. ഞാൻ അവരോട് അഭ്യർത്ഥിക്കുകയാണ്. അപ്പുക്കുട്ടൻ വള്ളിക്കുന്നിന്റെയും, പി.ജി.-യുടെയും, അതുപോലെ എം.എൻ. വിജയൻ മാഷിന്റെയും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടി നിങ്ങൾ പോരാടണമെന്ന്. കേരളത്തിലെ സാംസ്കാരിക നായകൻമാർക്ക് പലപ്പോഴും മാന്തൾ മൽസ്യങ്ങളെപ്പോലെ ഒരു ഭാഗത്തേക്ക് മാത്രമെ കണ്ണ് കാണുകയുള്ളു എന്നുള്ളതാണ് സത്യം. മലയാള ഭാഷയുടെ പിതാവായ മഹാനായ എഴുത്തച്ഛനെ വളരെ അപമാനകരമായ രീതിയിൽ പരാമർശിച്ച ഇടതുപക്ഷ നേതാക്കൻമാർ ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ് വാസ്തവം. ആദിശങ്കരനുശേഷം സർവ്വജ്ഞപീഠം കയറി എന്ന് അഭിമാനിക്കുന്ന കേരളത്തിലെ ഒരു സാംസ്കാരിക നായകൻ രാജ്യം മുഴുവൻ നടന്ന് മുഖ്യമന്ത്രിയെയും, സാംസ്കാരിക മന്ത്രിയെയും, കോൺഗ്രസ് നേതാക്കൻമാരെയും തെറിപറയുകയാണ്. തത്വമസി ഉരുവിട്ട നാവുകൊണ്ട് തേനിപ്പാട്ട് പാടാനാണ് അദ്ദേഹം പലപ്പോഴും ശ്രമിച്ചിട്ടുള്ളത്. വൈക്കം മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ച് പറഞ്ഞത് സാഗര ഗർജ്ജനം എന്നാണ്,

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷെ സാഹിത്യ നായകൻമാരും, സാംസ്കാരിക നായകൻമാരും ശരിയായ അർത്ഥത്തിൽ കാര്യങ്ങളെ കാണണം. അശ്വതി എന്ന ഒരു പെൺകുട്ടിക്ക് മലയാളം മാധ്യമമായി പഠിച്ച് ഐ.എ.എസ്.-ൽ റാങ്ക് കിട്ടി, അശ്വതിയെ അഭിനന്ദിക്കാൻ ഒരു സാംസ്കാരിക നായകനും സമയം കണ്ടെത്തിയില്ല. അശ്വതി കോൺഗ്രസിന്റെ ഡി.സി.സി. പ്രസിഡന്റിന്റെ മകളാണ് എന്നതാണ് കാരണം. മൂന്നാമത് ഞാൻ പറയുന്നത് മന്ത്രി ശ്രീ. സുധാകരന്റെ കായിക വകുപ്പിനെ കുറിച്ചാണ്. 100 കോടി ജനങ്ങളുള്ള ഇൻഡ്യാ രാജ്യത്ത് കേരളത്തിൽ നിന്ന് ഒരു ഒളിമ്പിക് മെഡൽ കിട്ടുന്നതരത്തിൽ കേരളത്തിലെ കായികരംഗത്തെ വളർത്തുവാനും പി.ടി. ഉഷയെപ്പോലെ ഓടി ഈ രംഗത്ത് മുന്നിൽ എത്താനും കഴിയണം. കായികരംഗത്ത് നവീകരണ പരിപാടികളുമായി മുന്നോട്ടുപോകുവാനും ഉഷയെക്കാൾ വേഗത്തിൽ ഓടിക്കൊണ്ട് മുന്നേറാൻ മന്ത്രി സുധാകരന് കഴിഞ്ഞിട്ടുണ്ട്. ഇനി മൂന്ന് കൊല്ലമേയുള്ളൂ, സമയമാണ് പ്രധാനം. ഒരു മിനിട്ടിന്റെ നൂറിലൊന്ന് അംശത്തിന്റെ പ്രാധാന്യം അറിയണമെങ്കിൽ പി.ടി. ഉഷയോട് ചോദിച്ചാൽ മതി. കായിക വകുപ്പിൽ ഉണ്ടാക്കിയ പരിഷ്കാരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം. തൊട്ടതെല്ലാം പൊന്നാക്കിയ ഈ മൂന്ന് മന്ത്രിമാരെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റിനെ പിൻതാങ്ങുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്. ആഗോളതലത്തിൽ ശാസ്ത്ര സാങ്കേതിക രംഗത്ത് വന്നിട്ടുള്ള നൂതനമായ മാറ്റങ്ങൾ വിലയിരുത്തി ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ തുടക്കം കുറിയ്ക്കുവാനും ക്രിയാത്മകമായ സമീപനം സ്വീകരിക്കാനും കഴിഞ്ഞ രണ്ടുവർഷക്കാലംകൊണ്ട് അത് നടപ്പിലാക്കുവാൻ ശ്രമം നടത്തുകയും ചെയ്യുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പലരും ഇവിടെ പരാമർശിച്ചു. കേരളത്തിന് വളരെയേറെ അഭിമാനിക്കുവാൻ വകനൽകുന്ന ഉന്നത വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. 31 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടായിരുന്ന സംസ്ഥാനത്ത് 72 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടായി. ഇതിനുണ്ടായിട്ടുള്ള സാഹചര്യം പ്രതിപക്ഷവും ഭരണകക്ഷിയും ഒരുപോലെ ശ്ലാഘിക്കേണ്ടതാണ്. ലക്ഷോപലക്ഷം രൂപ മുടക്കി ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കു കേരളത്തിനു വെളിയിൽ പോകേണ്ടിയിരുന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ രണ്ടുവർഷങ്ങൾക്കു മുമ്പ് നിലനിന്നിരുന്നത്. വൻ ക്യാപ്പിറ്റേഷൻ ഫീസ് കൊടുത്ത് അവിടെ പോയി പഠിക്കുന്ന വിദ്യാർത്ഥികളുടെ ജീവൻപോലും സംരക്ഷിക്കാൻ കഴിയാതിരുന്ന ഒരു സാഹചര്യം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ നമ്മൾ അനുഭവിച്ചിട്ടുണ്ട്. ട്രെയിനിൽ വച്ച് ഉണ്ടായിട്ടുള്ള മരണങ്ങളും അപകടങ്ങളുമൊക്കെ നമ്മളെ ദുഃഖത്തിലാക്കിയിട്ടുണ്ട്. ഇതാ ഇവിടെ വാതായനങ്ങൾ തുറന്നിട്ടിരിക്കുന്നു. സ്വാശ്രയ മെഡിക്കൽ കോളേജുകൾ തുടങ്ങിയിരിക്കുന്നു. രണ്ടായിരം കോടി രൂപ ക്യാപ്പിറ്റേഷൻ ഫീസായി ഇതര സംസ്ഥാനങ്ങളിലേക്ക് പോയിരുന്നു എങ്കിൽ അത് ഈ സംസ്ഥാനത്തുതന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചതോടെ കേരളത്തിന്റെ സമ്പത് ഘടനയിൽ മാറ്റംവരുത്താൻ ഉപകരിച്ചു. ഇത് ചെറിയ ഒരു കാര്യമായി കാണാൻ കഴിയുകയില്ല. തീർച്ചയായും ഉന്നതവിദ്യാഭ്യാസത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേട്ടം അങ്ങേയറ്റം വിലമതിക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ, അത് ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏറ്റവും കൂടുതൽ ആശാവഹമാണ്. യു.ജി.സി-യുടെ National Affiliation and Assignment Committee-യുടെ സഹായത്തോടെ കേരളത്തിലെ കലാലയങ്ങളെ വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകാനുമുള്ള ഗവൺമെന്റിന്റെ നീക്കം സ്വാഗതാർഹമാണ്. അഞ്ച് എം.ബി.എ. സ്ഥാപനങ്ങൾ ആരംഭിക്കുകവഴി നമുക്കിപ്പോൾ 300 സീറ്റുകൾ ലഭ്യമാണ്. അതുപോലെ 17 എം.സി.എ. കോളേജുകളുടെ സ്ഥാനത്ത് ഇന്ന് 28 കോളേജുകൾ ആരംഭിക്കുവാൻകഴിഞ്ഞു. 1305 സ്റ്റുഡന്റ് സിന് ഇവിടെത്തന്നെ അഡ്മിഷൻ ലഭിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് 40-നായിരത്തോളം ആളുകൾക്ക് തൊഴിൽ കിട്ടുവാൻ സാധിക്കുന്ന വേദി ഒരുക്കുവാനായിട്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ കട്ടപ്പനയിൽ അപ്ലൈഡ് സയൻസ് കോളേജ് ഐ.എച്ച്.ആർ.ഡി-യുടെ സഹായത്തോടെ തുടങ്ങുവാൻ കഴിഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനെയും അഭിനന്ദിക്കട്ടെ. ഹയർ സെക്കണ്ടറി രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ അൽഭുതാവഹമാണ്. ആ രംഗത്തുണ്ടായിരിക്കുന്ന മാറ്റങ്ങൾ വിലമതിക്കേണ്ടതാണ്. 322 അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിച്ചു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ആശങ്ക മാറിയിരിക്കുന്നു. 1999-ൽ ഇവിടെ നിയമിച്ച അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടെ, ശമ്പളം കിട്ടാതെ വിഷമിച്ചിരുന്ന കുടുംബങ്ങൾക്കു ഒരു നേരത്തെ ആഹാരത്തിനുവേണ്ടി പണിയെടുക്കുന്ന ഈ പാവപ്പെട്ടവരുടെ ദുഃഖം കാണാനും അവന്റെ കണ്ണീരൊപ്പുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അവർക്ക് ഫിക്സേഷൻ നടത്തിക്കൊടുക്കാൻ, അവർക്ക് ശമ്പളം കൊടുക്കാൻ കഴിഞ്ഞുവെന്നതിനെ നിസ്സാരമായി കാണാൻ കഴിയുന്നില്ല. ഹയർ സെക്കണ്ടറി രംഗത്ത് പ്രൈവറ്റ് രജിസ്ട്രേഷൻ ആരംഭിക്കാൻ കഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ കാൽവരി മൗണ്ട് ഹൈസ്കൂൾ കായികരംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു സ്കൂളാണ്. സ്പോർട്സ് ഹോസ്റ്റലുള്ള ഒരു സ്കൂളാണ്. ഹൈറേഞ്ചിന്റെ ഹൈ ആൾറ്റിറ്റ്യൂഡിലെ ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഒരു സ്പോർട്സ് ഹോസ്റ്റലാണ് അവിടെയുള്ളത് അവിടെ പ്ലസ് ടു ഇല്ല എന്നത് ദുഃഖകരമായ സത്യമാണ്. എയ്ഡഡിന്റെ പേരിലും അൺഎയ്ഡഡിന്റെ പേരിലും എന്തിനാണ് സംവാദം നടത്തുന്നത്. സാമ്പത്തികമായ പരിമിതികളുണ്ടാകാമെങ്കിലും സാർവത്രികമായ വിദ്യാഭ്യാസം എന്ന നയത്തിന്റെ ഭാഗമായിരിക്കുന്ന കാലം. പിന്നോക്ക മേഖലകളിൽ അവികസിത പ്രദേശങ്ങളിൽ സ്കൂൾ അനുവദിക്കുന്ന കാര്യത്തിൽ എയ്ഡഡ് സ്കൂൾ അനുവദിക്കാൻ പാടില്ല എന്ന നയം പുനഃപരിശോധിക്കണം. അവിടത്തെ സ്കൂളിന്റെ കാര്യം പറഞ്ഞാൽ, 2000-ൽ തുടങ്ങിയ ഒരു സ്പോർട്സ് ഹോസ്റ്റൽ, 24 വിദ്യാർത്ഥികൾ ആ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നു. പത്താം ക്ലാസിലെ പഠനം കഴിഞ്ഞാൽ അവർക്ക് അവരുടെ ഭാവിയെക്കുറിച്ച് ആശങ്കയുണ്ട്, ഉൽക്കണ്ഠയുണ്ട്. ബോക്സിംഗ് ഡിവിഷൻ ഈ പ്രാവശ്യം സ്പോർട്സ് കൗൺസിൽ കാൽവരി മൗണ്ട് സ്കൂളിൽ അനുവദിച്ചു. ആ ഡിവിഷനിൽ 10 പേർക്ക് അഡ്മിഷൻ കൊടുത്തു. പ്ലസ് ടു ഇല്ലാത്തതുകൊണ്ട് ആ ഡിവിഷൻ ഞങ്ങൾക്ക് നഷ്ടമായി.

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയ്ക്കുപരിയായി കായിക രംഗത്ത് മുന്നേറ്റം നടത്താൻ ആഗ്രഹിക്കുന്ന ഈ കാലഘട്ടത്തിൽ അവിടെ പ്ലസ് ടു എയ്ഡഡിൽ അനുവദിക്കാൻ ഗവൺമെന്റ് നിലപാട് സ്വീകരിക്കണം. ഞങ്ങളുടെയൊക്കെ മേഖലയിൽ അൺ എയ്ഡഡ് കൊടുത്തിട്ട് കാര്യമില്ല. കാശ് കൊടുത്ത് പഠിക്കാൻ നിർവാഹമില്ല, വാഹനസൗകര്യമില്ല. പക്ഷേ, കായികരംഗത്ത് ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ള ഇടുക്കിയിൽ, Sports Authority of India-യുടെ ഒരു സെന്റർ അനുവദിക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ പൂർത്തിയാക്കിത്തന്ന പ്രിയങ്കരനായ സ്പോർട്സ് മിനിസ്റ്ററെ അഭിനന്ദിക്കാതിരിക്കാൻ നിർവാഹമില്ല. ഈ രംഗത്ത് വലിയ മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നത്. പുസാനിൽ നടന്ന ഏഷ്യൻ ഗെയിംസിൽ കേരളത്തിന്റെ ബീനാമോളും ബിനുവും ഇന്ത്യയുടെ അഭിമാനമായി മാറി. ഇവർ 2 പേരും ഇടുക്കിയുടെ മണ്ണിൽനിന്നും പോയ കുട്ടികളാണ്. അവർക്ക് പ്രയോഗികമായ പരിശീലനം കിട്ടിയിട്ടില്ല. ഈ ഗവൺമെന്റ് തുടങ്ങിയ വലിയ ഒരു നേട്ടത്തെ ഞാൻ ചൂണ്ടിക്കാണിക്കട്ടെ. കായിക ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. അതിന് ആക്ഷേപമുണ്ടായ വാർത്ത ഞാൻ പത്രങ്ങളിൽ വായിച്ചു. കേരള ചരിത്രത്തിന്റെ ആരംഭം മുതൽ എടുത്ത് നോക്കിയാൽ കായിക രംഗത്തെ പ്രോൽസാഹിപ്പിക്കുമെന്ന പത്രവാർത്തകൾ വായിച്ചുതള്ളുന്നതല്ലാതെ അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടില്ല. 32 സ്പോർട്സ് ഹോസ്റ്റലുകളിലേക്കും ആവശ്യത്തിന് കായികോപകരണങ്ങൾ കൊടുക്കാൻ ഈ ഗവൺമെന്റും ബഹുമാനപ്പെട്ട സ്പോർട്സ് കൗൺസിലും കാണിച്ച സമീപനം കായിക രംഗത്തെ പ്രോൽസാഹിപ്പിക്കുന്നതാണ്. ഇന്ന് എന്താ സ്ഥിതി ? ഹൈജമ്പ് ബെഡ്ഡും, റെസ്ലിംഗ് മാറ്റും എന്നുവേണ്ട എല്ലാ ഉപകരണങ്ങളും എല്ലാ ഹോസ്റ്റലുകളിലേക്കും കാൽ കോടി രൂപ മുടക്കി ചെയ്തുകൊടുക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്. തീർച്ചയായിട്ടും ആ സമീപനം സ്വീകരിക്കുമ്പോൾ, സ്പോർട്സിനെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കാൻ ശ്രമം നടത്തുമ്പോൾ, Sports Authority of India-യുടെ ചിറകിൽക്കയറി ഇരുന്ന് ഇടുക്കിയുടെ ഉന്നതങ്ങളിലേക്ക്, ഉയർന്ന വക്ഷ്യത്തിലേക്ക്, കേരളത്തിന്റെ കായിക രംഗത്തെ തുറന്ന് കാണിക്കാനുള്ള സമീപനം സ്വീകരിക്കുമ്പോൾ, കാൽവരി മൗണ്ട് സ്കൂളിൽ അനാഥമായി നിൽക്കുന്ന, പ്ലസ് ടു ഇല്ലാത്ത ഒറ്റക്കാരണത്താൽ, ഹൈ ആൾറ്റിറ്റ്യൂഡിൽ കേരളത്തിന്റെ ഏക സ്പോർട്സ് കൗൺസിലിന്റെ സെന്റർ ആ സ്കൂളാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ പ്ളസ് ടു അനുവദിക്കാൻ നടപടി എടുക്കണം. ആ നിലയിൽ മാറ്റങ്ങളുണ്ടാക്കാൻ, വിദ്യാഭ്യാസ രംഗത്ത് നൂതനമായ പരിഷ്ക്കാരങ്ങളുണ്ടാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് പറയട്ടെ. S S L C വിജയശതമാനം ഉയർന്നതിൽ കലാപമുണ്ടാക്കിയിട്ട് കാര്യമുണ്ടോ ? 2000-ൽ മോഡറേഷനില്ലാതെ 48.89 ശതമാനമായിരുന്നു കേരളത്തിൽ വിജയം. എന്നാൽ 2003-ൽ എന്താണ് സംഭവിച്ചത്. അത് 52 ശതമാനമായി ഉയർന്നു. ഇതിനെ നിസാരമായി കാണാൻ കഴിയില്ല. കഴിഞ്ഞ പത്താം ക്ലാസിലെ പരീക്ഷ നടക്കുമ്പോൾ കേരളത്തിന്റെ സ്ഥിതി എന്തായിരുന്നു. മുത്തങ്ങ സംഭവത്തിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് പോകാൻ നിർവാഹം ഇല്ലാത്ത സാഹചര്യം കേരളത്തിലുണ്ടായി. 500 വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഇന്നുവരെ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. ഹർത്താലുകളും, പ്രതിഷേധങ്ങളും, സമരങ്ങളും കണ്ടിട്ടുണ്ട്. പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യർത്ഥികളുടെ ഭാവിയെ ഓർത്തെങ്കിലും ആ ദിനത്തിൽനിന്നും മാറി നിൽക്കാൻ തയ്യാറാകാത്ത രാഷ്ട്രീയ പാപ്പരത്വത്തിന്റെ പേരിൽ സമരങ്ങളും ഹർത്താലുകളും നടത്തിയെങ്കിലും, ആ 500 വിദ്യാർത്ഥികൾക്കും പരീക്ഷ എഴുതാൻ അവസരം ഉണ്ടാക്കിക്കൊടുത്ത യു.ഡി.എഫ്. ഗവൺമെന്റിനെ അങ്ങേയറ്റം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ദുഃഖത്തോടുകൂടി, കണ്ണീരോടുകൂടി പറയട്ടെ, ഇടുക്കിയെ ശ്രദ്ധിക്കാൻ ഈ സഭ തയ്യാറാകണം. ഇടുക്കി നിയോജക മണ്ഡലത്തിന്റെ ദീനരോദനങ്ങൾ കേൾക്കണം. എന്റെ നിയോജകമണ്ഡലത്തിലെ 266 ചതുരശ്ര കിലോമീറ്റർ വിസ്താരം വരുന്ന കഞ്ഞിക്കുഴി പഞ്ചായത്തിലെ വെൺമണി എന്ന ഗ്രാമം. ആ ഗ്രാമത്തിന്റെ സ്ഥിതി വളരെ മോശമാണ്. അവിടെ വാഹനങ്ങളെത്താൻ നിർവാഹമില്ലായിരുന്നു. ബഹുമാനപ്പെട്ട PWD വകുപ്പുമന്ത്രി ഇവിടെ ഇല്ലെങ്കിൽപ്പോലും അദ്ദേഹത്തെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുന്നു. വാഹനങ്ങൾ എത്താൻ നിർവാഹമില്ലാതിരുന്ന, 12 കിലോമീറ്റർ ദൂരം കാൽനടയായി പോയി പഠിക്കുന്ന പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ട്രിപ്പ് ജീപ്പിൽപ്പോകാൻ അവസരം ഒരുങ്ങിയത് ബഹുമാനപ്പെട്ട PWD മിനിസ്റ്ററുടെ കാരുണ്യം കൊണ്ടാണ്. ഞാൻ വളരെ ദുഃഖത്തോടുകൂടി പറയട്ടെ, അതിനൊരു മാറ്റമുണ്ടാകണം. വെൺമണിയുടെ തൊട്ടടുത്ത കഞ്ഞിക്കുഴിയിലെ സ്കൂളിലെത്താൻ 9 കിലോമീറ്റർ. അവിടെ നിന്നും വണ്ണപ്പുറത്തേക്ക് 13 കിലോമീറ്റർ. ആ ഉൾനാടൻ പ്രദേശങ്ങളിലെ വിദ്യർത്ഥികൾക്ക് ഒരു യു.പി.സ്കൂൾകൊണ്ടുമാത്രം ഒതുങ്ങേണ്ടിവരുന്നു. അവർക്ക് പകൽ വെളിച്ചത്തിൽ വായിച്ചു പഠിക്കാനുള്ള അവകാശം നിഷേധിക്കുന്നു. രാവിലെ 6 മണിക്ക് വീട്ടിൽനിന്നും തിരിക്കണം. നാല് മണിക്ക് സ്കൂളിൽനിന്നും വിട്ടാൽ രാത്രി എട്ട് മണിക്ക് വീട്ടിൽ തിരിച്ചെത്തും. വൈദ്യുതി എത്തിയിട്ടില്ലാത്ത, വാഹന സൗകര്യങ്ങളില്ലാത്ത ഗ്രാമം. രാപകൽ അദ്ധ്വാനിച്ച് പിള്ളേർ അവിടെ വിജയിച്ചു എന്നുള്ളത് അൽഭുതകരമാണ്. ആ ഗ്രാമങ്ങളിൽ എയ്ഡഡ് ഹൈസ്കൂൾ അനുവദിക്കണം. Upgradation നടത്തണം. ഇത് കൃത്യമായി പാലിച്ചേ പറ്റൂ. ആ മേഖലയിൽ വിദ്യാഭ്യാസപരിഷ്ക്കാരങ്ങൾ നടത്തി അതിനുവേണ്ട നിലപാട് സ്വീകരിക്കണം. മാറ്റങ്ങൾക്കുവേണ്ടി ചിന്തിക്കുമ്പോൾ, ആ കാര്യങ്ങളിൽ സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയുമെന്ന് ഞാൻ പറയട്ടെ. പത്താം ക്ലാസ്സിൽ 50 ശതമാനത്തിലേറെ വിജയശതമാനമുള്ള ഗവൺമെന്റ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു. സ്വാഗതാർഹമാണ്. എന്റെ നിയോജക മണ്ഡലത്തിലെ തോപ്രാംകുടി സ്കൂളിൽ 54 ശതമാനം വിജയമുണ്ട്. പിന്നോക്ക മേഖലയിലുള്ള SC/ST വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് ഭൂരിപക്ഷവും അവിടെ പഠിക്കുന്നത്. അവിടെ 3 ഡിസ്റ്റിംഗ്ഷനും, 5 ഫസ്റ്റ്ക്ലാസും, 8 സെക്കന്റ് ക്ലാസും ഉൾപ്പടെ കുട്ടികൾ വിജയിച്ചിരിക്കുന്നു. അതുപോലെ പണിക്കൻകുടി ഹൈസ്കൂൾ. ഇത്തരത്തിലുള്ളവയെ ഉയർത്തുന്നതിനുവേണ്ട നിലപാട് സ്വീകരിക്കണം. ഇവിടെ സമരമുഖങ്ങൾ അഴിച്ചുവിട്ടിട്ട് കാര്യമുണ്ടോ ? എന്തെല്ലാം സമരങ്ങളാണ് കേരളത്തിൽ കാണുന്നത്. വിദ്യാർത്ഥി സമരങ്ങളെ സംബന്ധിച്ചിടത്തോളം, അതിന്റെ പ്രസക്തിയെക്കുറിച്ച് വളരെയേറെ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്ന ഒരു കാലഘട്ടമാണിത്. വിദ്യാഭ്യാസ രംഗത്ത് സമരങ്ങൾ ഉണ്ടാകണം. സമരങ്ങൾക്ക് മാനദണ്ഡമുണ്ടാകണം. ഞങ്ങളൊക്കെ സമരം നടത്തിയിട്ടുണ്ട്. ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. ആവശ്യമില്ലാതെ പോലീസുകാരുടെ ക്രൂരമായ മർദ്ദനങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്തിന് അത് മറച്ചുവയ്ക്കാനുള്ള സമീപനം കാണിക്കുന്നു. മാർക്സിസ്റ്റുപാർട്ടിയുടെയും, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും.....

മി. ഡെപ്യൂട്ടി സ്പീക്കർ : Yes, Yes, Please, Please.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇന്നലെയുണ്ടായ പുഷ്പഗിരി വിഷയത്തിൽ ഗവൺമെന്റ് നയപരമായ സമീപനം സ്വീകരിച്ചു. അവിടത്തെ സീറ്റിന്റെ കാര്യത്തിലും, ഫീസിന്റെ കാര്യത്തിലും നയപരമായ ഒരു സമീപനം സ്വീകരിച്ചു. വേണ്ടിവന്നാൽ നിയമനിർമ്മാണം നടത്തുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകിയ കേരളത്തിലെ മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : Please, Please

ശ്രീ. റോഷി അഗസ്റ്റിൻ : സർ, തന്റേടത്തോടെ മുന്നോട്ട് പോകുകയും, ഈ സാഹചര്യത്തിൽ സ്കൂളുകളും കോളേജുകളും.....

മി. ഡെപ്യൂട്ടി സ്പീക്കർ : Your time is over.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, നിയമം കൈയിലെടുക്കാൻ അഴിഞ്ഞാട്ടം നടത്താൻ മാർക്സിസ്റ്റ് പാർട്ടി നടത്തുന്ന ശ്രമത്തെ ഞാൻ ശക്തിയായി അപലപിക്കുകയാണ്. അത് നടത്താനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണ്.

ശ്രീ. ഷിബു ബേബി ജോൺ : സർ, ശ്രീ. റോഷി അഗസ്റ്റിൻ സംസാരിച്ചപ്പോൾ രാഷ്ട്രീയപ്രേരിതമായ സമരങ്ങളെക്കുറിച്ച് പറഞ്ഞു. മാർക്സിസ്റ്റു പാർട്ടി കേരളത്തിലെ വിദ്യാർത്ഥികളുടെ ഭാവി തുലയ്ക്കാൻ വേണ്ടിയാണെന്നുള്ള വിശദീകരണമാണ് നല്കിയത്. ബംഗാളിൽ ഈ കഴിഞ്ഞ ദിവസങ്ങളിൽ ബംഗാൾ മുഖ്യമന്ത്രി അവിടെ ഹർത്താലും ഹെരാവോയും പാടില്ല എന്ന് പ്രഖ്യാപിച്ചു. ആ പ്രസ്ഥാനം ഈ സമരങ്ങൾ കേരളത്തിൽ നടത്തുന്നത് മനഃപൂർവമാണെന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇത് പലപ്പോഴും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഭരണത്തിൽ ഇരുന്ന സമയത്ത് സമരങ്ങൾ ഉണ്ടായിട്ടില്ലേ ? കൊല്ലം എസ്.എൻ. കോളേജിൽ, അങ്കമാലി ലിറ്റിൽ ഫ്ളവർ കോളേജിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. ഇനി പറയുന്നതൊന്നും രേഖയിലുണ്ടാവില്ല.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്തും സാംസ്ക്കാരിക രംഗത്തും സ്പോർട്ട്സ് രംഗത്തും ഇന്നലെ വരെ നിലനിന്നിരുന്ന പലതും പൊളിച്ചെഴുതിയ ഒരു കാലഘട്ടമാണിത്. ആന ചവിട്ടി മെതിച്ച കരിമ്പിൻ തോട്ടത്തെ പോലെ അഴിമതിയിൽ മുങ്ങിക്കുളിച്ചിരുന്ന വിദ്യാഭ്യാസ രംഗത്ത് നവോത്ഥാനത്തിന് തുടക്കം കുറിയ്ക്കാൻ കഴിഞ്ഞു. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ആരംഭിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കുമെന്ന ധാരണ നമുക്കുണ്ടായിരുന്നു. സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചാൽ വിദ്യാഭ്യാസ കച്ചവടമാണെന്ന് പറഞ്ഞ് ആക്ഷേപിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇതിന്റെ ഫലമായി പുല്ലുട്ടിലെ പട്ടിയെ പോലെ പട്ടി പുല്ല് തിന്നുകയുമില്ല പശുവിനെ തിന്നാൻ അനുവദിക്കുകയുമില്ല എന്നൊരു നയ്മായിരുന്നു നമുക്കുണ്ടായിരുന്നത്. അതിന്റെ ഫലമായി നമ്മുടെ വിദ്യാഭ്യാസ മേഖല പൂർണ്ണമായും മുരടിച്ചു. വിദ്യാഭ്യാസ രംഗത്ത് 100 ശതമാനം സാക്ഷരത നേടിയ ഒരു സംസ്ഥാനമാണ് കേരളമെന്ന് നാം അഭിമാനിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പക്ഷേ അന്തർദേശീയ മത്സരങ്ങളിലും ഇന്റർവ്യൂകളിലും നമ്മുടെ കുട്ടികൾ നിരന്തരമായി പിൻതള്ളപ്പെട്ടുകൊണ്ടിരുന്നു. നമ്മുടെ വിദ്യാഭ്യാസ നിലവാരം quantitative ആയിരുന്നു qualitative ആയിരുന്നില്ല. അതിനൊരു മാറ്റം വേണമെന്ന് നാം ആദ്യമായിട്ട് ആഗ്രഹിച്ചു. കൂടാതെ പ്രൊഫഷണൽ കോഴ്സുകളിൽ നമ്മുടെ കുട്ടികൾക്ക് തുടർന്ന് പഠിക്കാനാവശ്യമായ കോളേജുകൾ ഉണ്ടായിരുന്നില്ല. എസ്.എസ്.എൽ.സി. കഴിഞ്ഞാൽ റ്റി.റ്റി.സി., ബി.എഡ്., ബി.ഫാം., ഡി.ഫാം., നേഴ്സിംഗ്, എൻജിനീയറിംഗ്, മെഡിസിൻ, എം.ബി.എ., എം.സി.എ തുടങ്ങിയ ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളെ അഭയം തേടേണ്ടിവന്നു. ഓരോ കോഴ്സുകളുടെയും പ്രാധാന്യം അനുസരിച്ച് 50,000 രൂപ മുതൽ 35 ലക്ഷം രൂപ വരെ ഓരോ വർഷവും കോഴ എന്ന പേരിലോ ക്യാപിറ്റേഷൻ ഫീ എന്ന പേരിലോ 2,000 കോടി രൂപയാണ് നമ്മുടെ സംസ്ഥാനത്തുനിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിയിരുന്നത്. എന്നിട്ടും ആദർശത്തിന്റെ പേരിൽ ഒരുതരം നിസ്സംഗതഭാവത്തോടെ നാം നോക്കി നിൽക്കുകയായിരുന്നു. പൂച്ചയ്ക്ക് ആര് മണികെട്ടും എന്നതായിരുന്നു നമ്മുടെ മുന്നിലുള്ള ചോദ്യം. ആദർശങ്ങളെല്ലാം പൊളിച്ചെഴുതി കേരളത്തിലെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ ആവശ്യമായ ഒരു വിദ്യാഭ്യാസ രംഗം തുറന്നുകൊടുക്കാൻ യു.ഡി.എഫ് ഗവൺമെന്റ് ഒരു വലിയ ലക്ഷ്യമിട്ടു. അതിന്റെ ഫലമായി കേരളത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും കേരളത്തിൽ തന്നെ പഠിക്കാനുതകുന്ന തരത്തിലുള്ള ഒരു വലിയ വിദ്യാഭ്യാസ നയത്തിന് തുടക്കം കുറിക്കാൻ നമുക്ക് സാധിച്ചു. ഒരു വലിയ ദൗത്യം ഏറ്റെടുത്ത യു.ഡി.എഫ്. ഗവൺമെന്റിന്റെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഇത്രയേറെ മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും മറ്റ് പ്രൊഫഷണൽ കോളേജുകളും തുടങ്ങാൻ സാധിച്ചത് വിദ്യാഭ്യാസ വിപ്ലവമാണ്. ഒരു ദ്രോണാചാര്യ അവാർഡ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് ആരെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അത് അഭിനന്ദാർഹമാണ് എന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി, ആഗ്രോ ടെക്നോളജി തുടങ്ങിയ ആധുനിക ശാസ്ത്ര വിദ്യാഭ്യാസം നമ്മുടെ സംസ്ഥാനത്ത് സാർവ്വത്രികമായാൽ മാത്രമേ 21-ാം നൂറ്റാണ്ടിലേയ്ക്ക് കുതിക്കുന്ന കേരളത്തിന് ഇനിയും ബഹുദൂരങ്ങളിലേക്ക് മുന്നോട്ട് പോകാൻ സാധിക്കു, നമ്മുടെ പ്രയാണം പൂർത്തിയാക്കാൻ സാധിക്കു. അതിന്റെ തുടക്കമെന്ന നിലയിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിക്കാൻ തുടങ്ങിയ I.T @ School പഠന രംഗ പരിപാടി വിദ്യാഭ്യാസ രംഗത്ത് ഒരു വലിയ കുതിച്ചുചാട്ടമാണ്, വിദ്യാഭ്യാസ രംഗത്തെ വലിയൊരു നിശ്ശബ്ദ റിപ്ലവമാണ്. വിദ്യാഭ്യാസ രംഗത്ത് തിളങ്ങി നിൽക്കുന്ന വെള്ളിമേഘങ്ങൾക്കിടയിലും അങ്ങിങ്ങായി കാർമേഘങ്ങൾ ഉരുണ്ടുകൂടിയിരിക്കുന്നു. നാം അത് കണ്ടില്ലെന്ന് നടിക്കരുത്. നിസ്സംഗതാ ഭാവത്തിൽ നാം നോക്കി നിന്നാൽ നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരുടെ മക്കൾക്ക് പഠിക്കാൻ സാധിക്കാതെ വരും. സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്ന സ്വകാര്യ മാനേജ്മെന്റുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ ഗവൺമെന്റിന് സാധിക്കണം. എൽ.കെ.ജി. മുതൽ 10-ാം ക്ലാസ് വരെയുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലും പ്ലസ് ടൂ മുതൽ മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കും വാങ്ങേണ്ട ഫീസ് എത്രയാണെന്ന് നാം നിശ്ചയിക്കണം. അവയ്ക്ക് വേണ്ട പ്രവേശന മാനദണ്ഡം എങ്ങനെയാണെന്ന് നാം തീരുമാനിക്കണം. ഒരു പൊതു മാനദണ്ഡം ഉണ്ടാക്കാൻ നാം പരിശ്രമിക്കുന്നില്ലെങ്കിൽ ഇത്തരം ആനുകൂല്യങ്ങൾ സമ്പന്നരുടെ മക്കൾക്ക് മാത്രമായി ഒതുങ്ങിപോകുന്ന ഒരു സാഹചര്യമുണ്ടാകും. വിദ്യാഭ്യാസ വിപ്ലവത്തിൽ നാം തുടങ്ങിവച്ച നേട്ടങ്ങൾ സാധാരണക്കാരന് ലഭിക്കാതെ പോകുമെന്നുള്ളതുകൊണ്ട് അതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്താൻ ഒട്ടും വൈകിക്കൂടാ. അതോടൊപ്പം സാധാരണക്കാരുടെ മക്കൾക്ക് പഠിക്കാൻ സാധിക്കുന്ന ഗവൺമെന്റ് സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങളും നിലനിർത്തണം. ഭരണഘടനയിലെ ഡയറക്ടീവ് പ്രിൻസിപ്പിൾസ് നമുക്ക് നൽകുന്ന 10-ാം ക്ലാസ് വരെ സാർവ്വത്രിക സൗജന്യ വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിൽ നിന്ന് നാം പുറകോട്ട് പോയിക്കൂടാ. അങ്ങനെ വരുമ്പോൾ ലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരുടെ മക്കൾക്ക് പഠിക്കാൻ, വളരാൻ ഉതകുന്ന സംരംഭങ്ങൾ ഇല്ലാതെപോകും. അതോടൊപ്പം തന്നെ എൻട്രൻസ് പരീക്ഷകളും യൂണിവേഴ്സിറ്റി പരീക്ഷകളും കുറ്റമറ്റ രീതിയിൽ നടത്തുന്ന പ്രത്യേകത നാം കണ്ടെത്തണം. പലപ്പോഴും യൂണിവേഴ്സിറ്റി പരീക്ഷകളും എൻട്രൻസ് പരീക്ഷകളും ഇടയക്കിടയ്ക്ക് വഴിതെറ്റി പോകുമ്പോൾ ഗവൺമെന്റിനുപോലും മങ്ങലുണ്ടാക്കുന്ന ഒരു അവസ്ഥയുണ്ടാകുന്നു. പരീക്ഷാ നടത്തിപ്പിലെ പാകപ്പിഴകൾ ഗവൺമെന്റിന്റെ ഇമേജിനെത്തന്നെ മാറ്റം വരുത്തുന്നതായി നമുക്ക് കണാൻ സാധിക്കും. ഇങ്ങനെ കഴിഞ്ഞ കുറേ നാളുകൾകൊണ്ട് വിദ്യാഭ്യാസ രംഗത്ത് വലിയൊരു മാറ്റമുണ്ടാക്കാൻ, വിദ്യാഭ്യാസ രംഗത്തിന്റെ സമൂലമായ പരിവർത്തനത്തിലൂടെ, പുതിയ കാഴ്ചപ്പാടിൽ 21-ാം നൂറ്റാണ്ടിനെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെയും സംസ്ഥാന ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇത്രമാത്രം കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിച്ചിട്ട് പോലും അഴിമതിയുടെ കറപുരളാത്ത സുതാര്യമായ രീതിയിലാണ് അവിടുന്ന് ഇത് നടപ്പിലാക്കിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേവലം പ്ലസ് ടൂ കോഴ്സുകൾ ആരംഭിച്ച കാലഘട്ടത്തുണ്ടായ അഴിമതിയുടെ കഥകൾ അന്ന് പ്രതിപക്ഷം അത് പറഞ്ഞത് അവഗണിച്ച് തള്ളിയപ്പോൾ ഇന്ന് ബഹുമാന്യനായ പി.സി. ജോർജിനെ പോലെയുള്ള ആളുകൾ അത് സമ്മതിക്കുകയും കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായ അഴിമതി പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തപ്പോൾ ഈ ഗവൺമെന്റ് ഇത്രമാത്രം കോളേജുകളും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വാശ്രയ രംഗത്ത് തുടങ്ങിയപ്പോൾ അഴിമതിയുടെ കറ പുരളാതെ അത് നടപ്പിലാക്കിയ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. സാംസ്ക്കാരിക രംഗത്ത് വലിയൊരു കുതിച്ചുചാട്ടമാണ് ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ നാം നടപ്പിലാക്കിയിട്ടുള്ളത്. സാംസ്ക്കാരിക രംഗത്ത് ഒരു മുന്നേറ്റത്തിന് തുടക്കം കുറിക്കാൻ നമുക്ക് സാധിച്ചു. സംസ്ഥാനത്തൊട്ടാകെ ബഹുമുഖമായ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായ ഒരു കാലഘട്ടമായിരുന്നു ബഹുമാനപ്പെട്ട ജി. കാർത്തികേയന്റെ ഭാവനാസമ്പന്നമായ അദ്ദേഹത്തിന്റെ മനസ്സിൽ ഉരുത്തിരിഞ്ഞ പുതിയ ആശയങ്ങളിലൂടെ സാംസ്ക്കാരിക വകുപ്പിന്റെ വ്യത്യസ്തമായ മേഖലകളിൽ രാഷ്ട്രീയത്തിനതീതമായി കേരളത്തിലെ മുഴുവൻ ജനങ്ങളും ആദരിക്കുന്ന, ബഹുമാനിക്കുന്ന വ്യക്തികളെയാണ് ആ സ്ഥാപനങ്ങളിലൊക്കെ പ്രതിഷ്ഠിച്ചത്. പക്ഷേ സ്ഥാനം ഏറ്റെടുത്ത് കഴിഞ്ഞപ്പോൾ ഭസ്മാസുരന് വരം കൊടുത്തത് പോലെ ചില ആളുകൾ ബഹുമാനപ്പെട്ട മന്ത്രിയെയും ഈ ഗവൺമെന്റിനെയും ആക്ഷേപിക്കുന്ന തരത്തിലുള്ള ഒത്തിരിയേറെ പ്രവർത്തനങ്ങൾ നടത്തി. പ്രയാസമുണ്ടാക്കുന്ന കാര്യമാണത്. നമുക്കറിയാം കേരളത്തിന് ഏറ്റവും അഭിമാനകരമായ ഒരു വ്യക്തിയാണ് ശ്രീ. കെ. എം. ജോർജ്. അദ്ദേഹത്തിന്റെ നാമധേയത്തിൽ ഭാഷാപഠനകേന്ദ്രം ആരംഭിക്കാൻ 5 ലക്ഷം രൂപ മാറ്റിവച്ചുകൊണ്ട് കേരളത്തിന്റെ തനതായ മലയാളത്തിന്റെ പ്രത്യേകത അതുപോലെതന്നെ മലയാള ഭാഷയും സംസ്ക്കാരവും പ്രചരിപ്പിക്കാൻ 15 ലക്ഷം രൂപ നീക്കിവച്ചുകൊണ്ട് മലയാളം അന്യം നിന്നുപോകുന്ന ഈ കാലഘട്ടത്തിൽ, ഇംഗ്ളീഷ് മീഡിയവും മറ്റ് മാദ്ധ്യമങ്ങളും വഴിതെറ്റിക്കുന്ന ഈ കാലഘട്ടത്തിൽ മലയാളത്തിനാവശ്യമായ പ്രചരണം കൊടുക്കാൻ 15 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഒരു വലിയ മാതൃക അദ്ദേഹം കാഴ്ചവച്ചിരിക്കുന്നു. തിരുവനന്തപുരത്ത് വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഒരു അന്താരാഷ്ട്ര പഠനകേന്ദ്രമാക്കി മാറ്റിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചുവെന്നുള്ളത് പ്രത്യേകതയാണ്. മൺമറഞ്ഞ സാഹിത്യകാരൻമാരെ അവരുടെ ജൻമനാട്ടിൽ ആദരിക്കുന്ന ഒരു വലിയ പരിപാടിക്ക് തുടക്കം കുറിച്ചു. നമുക്കറിയാം ഏതെങ്കിലും സാഹിത്യകാരൻമാരും മഹാൻമാരുമായ ആളുകൾ മരിക്കുമ്പോൾ ഏതെങ്കിലും സാഹിത്യ അക്കാഡമിയുടെ ഹാളിലെ ചുമരുകളിൽ തൂക്കിയിട്ട ചിത്രങ്ങൾ കാണും. കുറേ നാളുകൾക്കുശേഷം മൺമറഞ്ഞുപോയ അവരെ നാം മറക്കുന്നു. പക്ഷേ അതേ വ്യക്തികളെ അവരുടെ ജൻമനാട്ടിൽ തന്നെ അവർക്ക് വേണ്ടുന്ന അംഗീകാരം കൊടുത്ത് പരിപോഷിപ്പിക്കാൻ, അവരെ ജനങ്ങളുടെ ഹൃദയങ്ങളിലേക്ക് സ്ഥാപിച്ചെടുക്കാൻ വേണ്ടുന്ന വലിയ പരിപാടിക്ക് അദ്ദേഹം തുടക്കം കുറിച്ചു. നമുക്കറിയാം മലയാള സാഹിത്യം ഇന്ന് അന്യം നിന്ന് പോകുന്ന ഒരു കാലഘട്ടത്തിലാണ്. എല്ലാവരും ഇംഗ്ലീഷ് മീഡിയത്തിന്റെ പിന്നാലെ പോകുന്നു. മാദ്ധ്യമങ്ങളിൽ കൂടി നാം വായനയും അതുപോലെതന്നെ സാഹിത്യവുമൊക്കെ മറക്കുന്ന ഒരു കാലഘട്ടമാണ്. അതിന് വിരുദ്ധമെന്ന നിലയിൽ യുവസാഹിത്യകാരൻമാരെ സംഘടിപ്പിച്ചുകൊണ്ടുള്ള സംസ്ഥാന ക്യാമ്പുകളും ദേശീയ യുവജന സാഹിത്യ ക്യാമ്പുകളുമൊക്കെ സംഘടിപ്പിച്ച് വായനാശീലവും സാഹിത്യവും അന്യം നിൽക്കാതിരിക്കാനുള്ള ഒരു വലിയ

LIBRARY ARCHIVES Kerala Legislative Assembly

തുടക്കത്തിന് അദ്ദേഹം തുടക്കമിട്ടു. ഓരോ വീട്ടിലും പെയിന്റിംഗ്, വീട്ടുമുറ്റത്ത് ശിൽപ്പം എന്ന ഒരു വലിയ പരിപാടി ഉണ്ടാക്കി സുകുമാരകലകൾക്കും ചിത്രരചനാ പ്രവർത്തനങ്ങൾക്കുമൊക്കെ വലിയൊരു മാനം കണ്ടെത്താൻ അദ്ദേഹം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എല്ലാ ജില്ലകളിലും ചിത്രശിൽപ്പ കൃാമ്പുകൾ നടപ്പിലാക്കാനും നാടക സംഗീത അക്കാഡമിയെ ദേശീയ നാടക മത്സരങ്ങളിലൂടെ, അന്തർദേശീയ നാടക മത്സരങ്ങളിലൂടെ നമ്മുടെ രാജ്യത്തിന്റെ ദേശീയമായ പൈതൃകവും സംസ്ക്കാരവും ഓരോ രാജ്യത്തെയും ഭാഷയും സംസ്ക്കാരവും എല്ലായിടത്തും വളരാനും വളർത്തുവാനും ഉതകുന്ന ഒരു വലിയ പ്രവർത്തനത്തിന് തുടക്കം കുറിക്കാൻ സാധിച്ചു. എല്ലാ സ്കൂളുകളിലും ക്ലാസ് ലൈബ്രറികൾ നടപ്പിലാക്കാൻ അദ്ദേഹം പ്രത്യേക താൽപ്പര്യമെടുത്തു. ഒരുപക്ഷേ വായനയ്ക്ക് വളരെയേറെ പ്രാധാന്യം കൊടുക്കുന്ന ഒരു നല്ല ഭാവനാസമ്പന്നനായ മന്ത്രിക്ക് മാത്രമേ ഇത് നടപ്പിലാക്കാൻ സാധിക്കൂ. ചെറുപ്പകാലങ്ങളിൽ സ്കൂളുകളിൽ പലപ്പോഴുമൊക്കെ ചെറിയ ചെറിയ സാഹിത്യ ക്ലാസുകളും അതുപോലെതന്നെ മറ്റ് പുസ്തകങ്ങളുമൊക്കെ രചിക്കുന്ന സമ്പ്രദായങ്ങളുണ്ടായിരുന്നു. അത് അന്യം നിന്ന് പോകാതിരിക്കാൻ വേണ്ടി തളിർ മാസിക സാർവ്വത്രികമാക്കി അതുപോലെതന്നെ ബാലവിജ്ഞാനസാഹിത്യം ഒക്കെ എഴുതിച്ചു. നാടകം, കവിത എന്നിവ രചിക്കാൻ, പിഞ്ചുമനസ്സുകളിൽ മത്സരങ്ങൾ സംഘടിപ്പിച്ച് ആവേശമുണ്ടാക്കുന്ന വലിയൊരു പരിപാടിക്ക് തുടക്കം കുറിയ്ക്കാൻ സാധിച്ചു. നമുക്കറിയാം, ഇത്രമാത്രം വികസന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ സാംസ്ക്കാരിക രംഗത്ത് നടപ്പിലാക്കാൻ സാധിച്ചുവെങ്കിൽ അത് ബഹുമാനപ്പെട്ട മന്ത്രി ജി. കാർത്തികേയന്റെ ഭാവനാസമ്പന്നമായ പ്രവർത്തനങ്ങൾ കൊണ്ട് മാത്രമാണ്. ശ്രീ. എം. ടി വാസുദേവൻ നായരേയും അടൂർ ഗോപാലകൃഷ്ണനെയും പോലുള്ള മഹാന്മാരെ നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ വൈവിദ്ധ്യമാർന്ന മേഖലകളിൽ ഉയർത്തി പ്രതിഷ്ഠിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ മഹാമനസ്ക്കത മാത്രമാണ് അതിന് കാരണം. പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ പലപ്പോഴും ഈ ബുദ്ധി ജീവികളെന്ന് സ്വയം അവകാശപ്പെടുന്നവർ അധികാരം കയ്യിൽ കിട്ടുമ്പോൾ, സ്ഥാനമാനങ്ങൾ കയ്യിൽ കിട്ടുമ്പോൾ പലപ്പോഴും ഗവണ്മെന്റിനേയും അവരെ പ്രതിഷ്ഠിച്ച മന്ത്രിമാരെയുമൊക്കെ എതിർത്ത് സംസാരിക്കുന്നത് ഒരു ഫാഷനായി മാറിയിരിക്കുന്ന ഒരു സാഹചര്യമുണ്ട്. നമുക്കറിയാം പലപ്പോഴും ഈ ബുദ്ധിജീവികൾ എന്നു പറയുന്നവർക്ക് കാടാറുമാസം നാടാറുമാസം എന്നു പറയുന്നതുപോലെ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ അവരുടെ ബുദ്ധിയും ചിന്താശക്തിയുമൊക്കെ പണയപ്പെടുത്തുകയും യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ സംസ്ഥാന നേതാക്കൻമാർ, സാഹിത്യ നായകന്മാർ ഗവൺമെന്റിന് എതിരായി വരികയും ചെയ്യുന്ന ഒരു സാഹചര്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള വ്യക്തികൾ ഏതെങ്കിലും തരത്തിൽ ഗവൺമെന്റിനോ ഏതെങ്കിലും മന്ത്രിമാർക്കോ എതിരായി പ്രവർത്തിക്കുമ്പോൾ അത് നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതില്ല. ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രി നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകം കൂടുതൽ ഉയരങ്ങളിൽ എത്തിക്കുവാൻ സാധിക്കട്ടെ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഞാൻ ആശംസിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കെ. സുധാകരന്റെ നേതൃത്വത്തിൽ നമ്മുടെ കായിക രംഗം മുന്നേറുകയാണ്. സാമൂഹ്യ രാഷ്ട്രീയ കളരിയിൽ പതിനെട്ടടവും പയറ്റിത്തെളിഞ്ഞ ബഹുമാനപ്പെട്ട മന്ത്രി കെ. സുധാകരൻ കേരളത്തിന്റെ സാംസ്ക്കാരിക രംഗത്ത്, കായിക രംഗത്ത് ആവശ്യമായ എല്ലാവിധ ഇൻഫ്രാസ്ട്രക്ച്ചറും ഉണ്ടാക്കിയെടുക്കുവാൻ സ്പോർട്സ് കിറ്റുകൾ നല്കി നമ്മുടെ തലമുറയെ വളർത്തിയെടുക്കുവാൻ അദ്ദേഹം കാണിക്കുന്ന ആത്മാർത്ഥമായ പരിശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലംകൊണ്ട് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് സാമൂഹ്യ രംഗത്തും സാംസ്ക്കാരിക രംഗത്തും വിദ്യാഭ്യാസ രംഗത്തും അതുപോലെതന്നെ സ്പോർട്സ് രംഗത്തും നിർണ്ണായകമായ ഒട്ടേറെ പ്രശംസാർഹമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നുണ്ട്. അങ്ങനെ പരിശ്രമിക്കുന്ന ബഹുമാനപ്പെട്ട മൂന്നു മന്ത്രിമാരെയും അവരുടെ കീഴിലുള്ള പ്രവർത്തനങ്ങളെയുമൊക്കെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. ബി. ഗണേഷ്കുമാർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. കാരണം കഴിഞ്ഞ രണ്ടു വർഷംകൊണ്ട് വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്നീ മൂന്നു വകുപ്പുകളിലും വളരെ പ്രശംസനീയമായ മാറ്റങ്ങൾ വരുത്തുവാൻ മന്ത്രിമാർക്ക് കഴിഞ്ഞിട്ടുണ്ട്. സാംസ്ക്കാരിക രംഗത്ത് ഒരുപാട് മാറ്റങ്ങളുണ്ടാക്കാൻ ശ്രീ. ജി. കാർത്തികേയന് കഴിഞ്ഞു. മുൻ കാലങ്ങളിൽ കേരള സംസ്ഥാനത്ത് സാംസ്ക്കാരിക രംഗത്തെ രാഷ്ട്രീയ നേതാക്കൾ-രാഷ്ട്രീയ പാർട്ടികളുമായി ആത്മബന്ധം പുലർത്തുന്ന ഇടതുപക്ഷ സഹയാത്രികരെ തിരുകി കയറ്റുന്ന ഒരു രീതിയാണ് കണ്ടു വന്നിരുന്നത്. അതിൽനിന്ന് വ്യത്യസ്തമായി യു.ഡി.എഫ് ഇപ്പോൾ അധികാരത്തിൽ ഇന്ന് നിഷ്പക്ഷമതികളായ, സാംസ്ക്കാരിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രഗത്ഭരെ അക്കാദമികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഉന്നത സ്ഥാനത്ത് ഇരുത്തുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇത്തവണയും അതുപോലെതന്നെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ തലപ്പത്ത് വളരെ പ്രമുഖരായ പ്രഗത്ഭരായിട്ടുള്ള വ്യക്തികളെ വച്ചു. അതിൽ ചില വ്യക്തികൾ ചില അഭിപ്രായ വ്യത്യാസങ്ങൾ, മന്ത്രിയെയും ഗവൺമെന്റിനെയുമൊക്കെ മോശക്കാരാക്കുന്ന തരത്തിലുള്ള പ്രസ്താവനകളുമായി രംഗത്തുവന്നു. അതിനു മുമ്പുതന്നെ അദ്ദേഹം മനസ്സിലാക്കേണ്ട കാര്യമുണ്ട്. അദ്ദേഹം ചെയ്ത കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. കാരണം ഒരു വ്യക്തിയുടെ പ്രാഗത്ഭ്യത്തേക്കാൾ വലുത് ആ വ്യക്തി ആ സ്ഥാപനങ്ങൾക്കു വേണ്ടി എന്തു ചെയ്തു എന്നുള്ളതാണ്. എന്തു ചെയ്യാൻ കഴിയും എന്നുള്ളതാണ്. ഉദാഹരണത്തിന് ചലച്ചിത്ര അക്കാദമിയുടെ ചെയർമാനായിരുന്ന ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ആ സ്ഥാനം ഉപേക്ഷിക്കുകയും വിവാദങ്ങൾക്ക് തിരി കൊളുത്തുകയും ചെയ്തു. ഞാൻ കലാ രംഗത്തുനിന്ന് വന്ന ആളായതു കൊണ്ട് പറയുകയാണ്. പക്ഷേ അദ്ദേഹത്തേക്കാൾ നന്നായി ഇന്ന് ചെയർമാനായിരിക്കുന്ന വ്യക്തിക്ക് അതിനെ നയിക്കുവാൻ കഴിയും. കാരണം ചെയർമാനായി കസേരയിലിരുന്നു കാര്യം പറയുകയല്ലാതെ രംഗത്തേക്ക് എത്രത്തോളം വരാൻ കഴിയും എന്നുള്ളതാണ് ഒരു സ്ഥാപനത്തിന്റെ വളർച്ചയിലെ ഏറ്റവും വലിയ കാര്യം. ഉദാഹരണമായി സിനിമ തന്നെ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ഞാൻ സിനിമയിൽനിന്നു വന്ന ആളായതുകൊണ്ട് പറയാം. സിനിമ ഇന്ന് കേരളത്തിലെ ഏറ്റവും ജനകീയമായ മാധ്യമമാണ്. കേരള സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനം നേടിക്കൊടുക്കുന്ന വലിയ ഒരു പ്രസ്ഥാനം ഇന്ന് തകർച്ചയെ നേരിടുകയാണ്. അതിലേക്ക് ഞാൻ ശ്രദ്ധ തിരിക്കുകയാണ്. വ്യാജ സി.ഡികൾ, വ്യാജ കാസറ്റുകൾ ഇറക്കിക്കൊണ്ട് സിനിമയെ തകർക്കുകയാണ്. കഴിഞ്ഞ ആഴ്ചയിൽ ഇറങ്ങിയ ചിത്രങ്ങൾക്കു പോലും രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ വ്യാജ സി.ഡികൾ ഇറങ്ങുകയും കേബിൾ ടി.വി വഴി കാണിക്കുകയും ചെയ്യുന്നു. ഇത് തടയാനുള്ള വ്യക്തമായ നിയമങ്ങൾ ഈ രാജ്യത്ത് നിലവിലുള്ളപ്പോൾ സ്ഥാപനങ്ങൾ റെയ്ഡ് ചെയ്തു കഴിഞ്ഞാൽ വ്യാജ സി.ഡി കിട്ടുകയാണെങ്കിൽ, ആ സ്ഥാപനങ്ങൾ പൂട്ടുന്നതിനുള്ള നിയമങ്ങൾ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയിലും തമിഴ്നാടിലും ആന്ധ്രയിലും നിലവിലുണ്ട് അത്തരത്തിലുള്ള നിയമം കൊണ്ടുവന്ന് കർശനമായി ഇതിനെ നേരിടണം. കാരണം വലിയ ഈ വ്യവസായം, ലക്ഷക്കണക്കിന് ആളുകൾ തൊഴിൽ ചെയ്ത് ജീവിക്കുന്ന ഒരു വലിയ വ്യവസായം, ആ വ്യവസായത്തെ തകർക്കാനുള്ള നീക്കത്തെ കണ്ടില്ലെന്നു നടിക്കുവാൻ ഈ ഗവൺമെന്റിന് കഴിയുകയില്ല. അതിന് ചലച്ചിത്ര അക്കാദമിക്കും അതുപോലെ തന്നെ സാംസ്ക്കാരിക വകുപ്പിനും ഉത്തരവാദിത്വമുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും പരിഗണിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താങ്കൾ വ്യാജ സി.ഡി.യുടെ കാര്യം പറഞ്ഞല്ലോ രണ്ടാഴ്ച മുമ്പിറങ്ങിയ വെള്ളിത്തിര, രണ്ടു കോടി രൂപ മുടക്കി ഇറക്കിയ ചിത്രം, ഒരാഴ്ച മുമ്പ് റിലീസായ ദിലീപിന്റെ ചിത്രമായ സി.ഐ.ഡി മൂസ ; രണ്ടിന്റെയും കാസറ്റ് ഇറങ്ങി എന്നുമാത്രമല്ല, ഇന്നലെ ആയിരം കാസറ്റുകളാണ് ആലുവയിൽ പിടിച്ചത്. ഇവിടെ ഒരു ഡിവൈ. എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു സെൽ ഉണ്ടാക്കുവാൻ തീരുമാനമുണ്ട്. അത് ഒന്ന് റെയ്സ് ചെയ്ത് മലയാള സിനിമയെ രക്ഷിക്കണമെന്നുള്ള അഭിപ്രായം അങ്ങേക്കുണ്ടോ ?

ശ്രീ. കെ. ബി. ഗണേഷ്കുമാർ : തീർച്ചയായിട്ടും ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് സിനിമാ പ്രവർത്തകർ ഒരു പരാതി നൽകിയിരുന്നു. അദ്ദേഹം അതിൽ നടപടിയെടുക്കാമെന്നു പറഞ്ഞിരുന്നു. അത് കഴിഞ്ഞ് ഞാൻ അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അദ്ദേഹവും അത് സമ്മതിച്ചതാണ്. തീർച്ചയായും അതിന് നടപടിയെടുക്കണം. സാംസ്ക്കാരിക രംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കി. കാരണം കലാമണ്ഡലത്തിലെ കുട്ടികൾ ഡിഗ്രി നേടി പുറത്തുവന്നു കഴിഞ്ഞാൽ യാതൊരു വിലയും ഇല്ലാതിരുന്ന രീതിയാണ് ഉണ്ടായിരുന്നത്. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്കൃത സർവ്വകലാശാലയുമായി ബന്ധപ്പെടുത്തി ആ സ്ഥാപനത്തെ ശക്തിപ്പെടുത്താൻ സാംസ്ക്കാരിക വകുപ്പിന് കഴിഞ്ഞു. അതുപോലെതന്നെ സിനിമ പോലുള്ള മാധ്യമങ്ങളിൽ ധനം വിനിയോഗിക്കപ്പെടുന്ന മാധ്യമങ്ങൾ നൽകുന്നതുപോലെ ചിത്രകാരന്മാർക്ക് അവാർഡ് നല്കുന്ന സംവിധാനം, ഒരു ലക്ഷം രൂപയുടെ അവാർഡാണ് ചിത്രകാരന്മാർക്ക് നല്കുന്നത്. അത് ശരിയായ കാര്യമല്ല. പാശ്ചാത്യരാജ്യങ്ങളിൽപ്പോലും വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആദ്യം കലാകാരനെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തുക എന്നുള്ളതാണ്. കലാകാരനെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ സാംസ്ക്കാരിക വകുപ്പിനു ഇത്തരത്തിലുള്ള അവാർഡുകളും പാരിതോഷികങ്ങളും നല്കി കലയെ പ്രോത്സാഹിപ്പിക്കുന്നതിൽ വളരെയധികം മുന്നോട്ടു പോകുവാൻ കഴിഞ്ഞു. അതിന് ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രിയെ അനുമോദിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെതന്നെ വിദ്യാഭ്യാസ രംഗത്തേക്ക് കടക്കുകയാണെങ്കിൽ ഒരു വലിയ മാറ്റത്തിന്, വലിയ പരിഷ്ക്കാരങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടമെന്നുതന്നെ പറയാം. 37 എഞ്ചിനീയറിംഗ് കോളേജുകളുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 42 എഞ്ചിനീയറിംഗ് കോളേജുകൾകൂടി സ്വാശ്രയ രംഗത്ത് തുടങ്ങി മുന്നോട്ടു പോകുവാൻ കഴിഞ്ഞു. 8068 സീറ്റുണ്ടായിരുന്നത് ഈ ഗവൺമെന്റ് വന്നതിനു ശേഷം 18000 സീറ്റായി വർദ്ധിപ്പിച്ചു 11 എം.സി.എ. കോളേജുകൾ, 10 ബി.എഡ്. കോളേജുകൾ, 43 അൺ എയിഡഡ് കോളേജുകൾ. ടെക്നിക്കൽ കോഴ്സുകൾ എന്നിവ കൂടി ആരംഭിക്കുവാൻ കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞു. എങ്കിലും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. കാരണം ഏത് പരിഷ്ക്കാരം കൊണ്ടുവന്നാലും വിമർശിക്കുവാനും അതിനെ എതിർക്കാനുമുള്ള ടെൻഡൻസി നമ്മുടെ നാട്ടിലുണ്ട്. പ്രത്യേകിച്ച് കേരള സംസ്ഥാനത്ത്. ഏതു പരിഷ്ക്കരണത്തെയും ആദ്യം എതിർക്കുകയും പത്തു വർഷങ്ങൾക്കു ശേഷം അംഗീകരിക്കുകയും ചെയ്യും. 1980-ൽ യുവാവായ രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്നപ്പോൾ, അദ്ദേഹം പറഞ്ഞത് കമ്പ്യൂട്ടർ പഠിക്കണം, അടുത്ത തലമുറയ്ക്ക് തൊഴിൽ കിട്ടണമെങ്കിൽ ഇതാണ് ഏറ്റവും ഉത്തമമായ മാർഗ്ഗമെന്നാണ്. അത് പറഞ്ഞപ്പോൾ കേരള സംസ്ഥാനം ഭരിച്ചിരുന്ന ഇടതുപക്ഷ സർക്കാർ, നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹം ഇറക്കിയ ഉത്തരവിൽ കേരളത്തിലെ ഒരു സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടർ എന്ന ഉപകരണം വാങ്ങാൻ പാടില്ല എന്നുപറഞ്ഞിട്ടുണ്ട്. കേരളത്തിലെ തൊഴിലാളികൾക്ക്, ചെറുപ്പക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന ഉപകരണമെന്നാണ് അദ്ദേഹം അത് വിശേഷിപ്പിച്ചത്. 1997-ലും 1998-ലും 1999-ലും അദ്ദേഹം ഭരിക്കുമ്പോൾ പറഞ്ഞത്, എല്ലാവരും കമ്പ്യൂട്ടർ പഠിക്കണം. ഇനി ഇവിടെയാണ് ജോലിക്ക് സാധ്യത ; കമ്പ്യൂട്ടർ പഠിച്ചുകൊള്ളൂ എന്നാണ്. പക്ഷേ ഈ കാര്യത്തിൽ നാം ഇരുപതു വർഷം പിന്നിലായി. ഈ ഗവൺമെന്റ് വന്നശേഷം വിദ്യാഭ്യാസ രംഗത്ത് ഐ.ടി. അറ്റ് സ്കൂൾ എന്ന ഒരു വലിയ പദ്ധതി തുടങ്ങി. ആ പദ്ധതി നല്ലതാണ്. ബഹുമാനപ്പെട്ട മന്ത്രി ആ പദ്ധതി നടപ്പിലാക്കുന്നതിൽ സന്തോഷമുണ്ട്. പക്ഷേ ഐ.ടി.അറ്റ് സ്കൂൾ പഠിപ്പിക്കണമെന്നുണ്ടെങ്കിൽ കമ്പ്യൂട്ടർ ആവശ്യമുണ്ട്. കമ്പ്യൂട്ടർ കൊടുക്കുവാൻ ഗവൺമെന്റ് പണം മാറ്റിവയ്ക്കണം. അല്ലാതെ നാട്ടുകാർ പണം പിരിച്ച് കമ്പ്യൂട്ടർ വാങ്ങട്ടെ എന്നുപറയുന്നതും എം.എൽ.എ. ഫണ്ടിൽനിന്ന് കൊടുക്കട്ടെ എന്നു പറയുന്നതും അല്ലെങ്കിൽ പി.ടി.എ വാങ്ങട്ടെ എന്നു പറയുന്നതും അശാസ്ത്രീയമാണ്. ഇത് വിമർശനമായി കരുതണ്ട. ഇത് ചെയ്യണം. കാരണം കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കാതെ ഐ.ടി.അറ്റ് സ്കൂൾ പഠിപ്പിക്കുവാനുള്ള തന്ത്രം അറിയില്ല. ചുവരില്ലാതെ ചിത്രം വരയ്ക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് കമ്പ്യൂട്ടർ വാങ്ങിക്കൊടുക്കണം. അതിനുള്ള പണം മാറ്റി വയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള പണം വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തണം. അതുപോലെ വിദ്യാഭ്യാസ രംഗത്ത് പല അഭിപ്രായ വ്യത്യാസങ്ങളുമുണ്ട്. പക്ഷേ അതിന് നിയമം രൂപീകരിക്കണമെന്ന് എല്ലാ കക്ഷികളും ഒന്നായി ആവശ്യപ്പെടുമ്പോൾ അതിന് തയ്യാറാണെന്ന് മന്ത്രിയും മുഖ്യമന്ത്രിയും അറിയിക്കുമ്പോൾ ഇന്നലെ തിരുവല്ലയിൽ കാണിച്ചതുപോലുള്ള പ്രവർത്തനങ്ങൾ നല്ലതല്ല. പുഷ്പഗിരി മാനേജ്മെന്റിന്റെ നയം, നേരിട്ട് അറിയില്ല, ടി.വി.യിലും മറ്റ് മാധ്യമങ്ങളിലും കണ്ടത് ധിക്കാര പൂർണ്ണമായ സമീപനമാണ്. ആ സമീപനം ഗവൺമെന്റിനെതിരെ, ഈ നാട്ടിലെ ജനങ്ങളെ വെല്ലുവിളിക്കുന്ന തരത്തിലുള്ള സമീപനമാണ്. കാരണം അമ്പതു ശതമാനം സീറ്റുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി, ധനമുള്ളവർ ഫീസ് കൊടുത്ത് പഠിക്കുമ്പോൾ ഈ സംസ്ഥാനത്തെ പാവപ്പെട്ടവരുടെ കുട്ടികൾ അമ്പത് ശതമാനം സീറ്റിൽ ഫ്രീ വിദ്യാഭ്യാസം, കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം നേടട്ടെ എന്ന ഒരു കാഴ്ചപ്പാടോടുകൂടിയാണ് ഗവൺമെന്റ് സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഇത്തരത്തിലുള്ള ഒരു നയം സ്വീകരിച്ചത്. ആ നയം അട്ടിമറിക്കുവാനുള്ള ശ്രമമെന്നു പറയുന്നത് കേരളത്തിലെ ജനങ്ങളോടുള്ള ചോദ്യചിഹ്നമാണ്. ജനങ്ങളുടെ മുമ്പിൽ വലിയ ചോദ്യചിഹ്നമായി നില്ക്കുകയാണ്. ആ നയം ശരിയല്ല. അത് ആര് സ്വീകരിച്ചാലും എത്ര വലിയ പ്രസ്ഥാനമായാലും ഏത് മാനേജ്മെന്റായാലും അതിനെ നമ്മൾ എതിർക്കേണ്ടതുണ്ട്. പക്ഷേ ഗുണ്ടായിസത്തിന്റെ മാർഗ്ഗത്തിൽ അതിനെ നേരിടുന്നതിനോട് യോജിക്കുവാൻ കഴിയുകയില്ല.

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുമ്പോൾ സ്വാശ്രയ കോളേജുകൾ സ്വീകരിക്കുന്ന നിലപാടിൽ ഗവൺമെന്റിനുള്ള അസംതൃപ്തിയെക്കുറിച്ച് പറഞ്ഞു. അതോടൊപ്പംതന്നെ തിരുവല്ല പുഷ്പഗിരി മാനേജ്മെന്റ്, ഗവൺമെന്റ് വിളിച്ചപ്പോൾ വിരുദ്ധ നടപടി സ്വീകരിച്ചു എന്നുള്ള കാര്യം നിയമസഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ഇതൊക്കെ മറികടക്കുവാൻ വേണ്ടി ഒരു നിയമ നിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിക്കുന്ന സാഹചര്യത്തിൽപ്പോലും നിയമം കയ്യിലെടുത്തുകൊണ്ട് സഹകാര്യ മാനേജ്മെന്റ് അല്ലെങ്കിൽ സ്വാശ്രയ കോളേജുകൾ നടത്തുന്ന, ആ സ്ഥാപനങ്ങൾ അടിച്ചുതകർക്കുന്ന സമീപനത്തോട് താങ്കൾക്കുള്ള സമീപനമെന്താണ് ? ഇതുപോലെ നിയമം കയ്യിലെടുക്കുന്ന നടപടിക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടത് ഈ നിയമസഭയുടെ ചുമതലയല്ലേ ? ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. ബി. ഗണേഷ്കുമാർ : നിയമം കയ്യിലെടുക്കുവാൻ ആരെയും അനുവദിക്കുവാൻ പാടില്ല. കാരണം ഇന്നലെ പുഷ്പഗിരി കോളേജിൽ നടന്ന, അവരുടെ ഗവൺമെന്റ് സമീപനത്തോട്, സാമൂഹ്യ നയങ്ങളോട്, ഗവൺമെന്റിന്റെ നയങ്ങളോട് എതിരായിട്ടുള്ള അവരുടെ നിലപാടിനെ നേരിടേണ്ടത് നിയമത്തിലൂടെയാണ്. നിയമം നിർമ്മിക്കുവാൻ ഈ സഭയിൽ ആലോചിക്കുകയും അതിന് പ്രഖ്യാപനം ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ, എം.എൽ.എ.-മാർ കൂടി അവിടെ കല്ലെറിയാൻ കൂട്ടു നില്ക്കുന്നത് വളരെ നീചമായ പ്രവൃത്തി എന്നേ പറയാൻ പറ്റുകയുള്ളൂ. ഇത്തരത്തിലുള്ള പ്രവൃത്തികൊണ്ട് നമുക്ക് ഈ രാജ്യത്തിൽ ഒന്നും നേടാൻ കഴിയുകയില്ല. വളരെ ശബ്ദമുയർത്തി പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല. മുപ്പത്തിയാറായിരം രൂപ എഞ്ചിനീയറിംഗ് കോളേജുകളിൽ കൊടുക്കുന്നുവെന്ന്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ സഭയിലെ അംഗത്തെക്കുറിച്ച് അവിടെപ്പോയി കല്ലെടുത്തെറിഞ്ഞുവെന്ന് പറഞ്ഞു.....(ബഹളം).....(ബഹളം).....(ബഹളം).....

ശ്രീ. കെ. ബി. ഗണേഷ്കുമാർ : .....എന്ന് പറഞ്ഞില്ല. അക്രമം നടന്ന സ്ഥലത്ത് അദ്ദേഹം ഉണ്ടായിരുന്നു.....(ബഹളം).....(ബഹളം).....(ബഹളം).....എന്നു പറഞ്ഞില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പേര് പറഞ്ഞില്ല. എം.എൽ.എ. എന്നേ പറഞ്ഞിട്ടുള്ളൂ.....(ബഹളം).....(ബഹളം).....(ബഹളം)

ശ്രീ. കെ. പി. രാജേന്ദ്രൻ : ആ പരാമർശം രേഖയിൽ ഉണ്ടാകരുത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : എന്നെക്കണ്ടാൽ കിണ്ണം കട്ടവനാണെന്ന് തോന്നുമോ എന്ന ചോദിക്കുന്നതിന് തുല്യമാണ്. കോഴി കട്ടവന്റെ തലയിൽ കോഴിപ്പൂട ഇരിക്കുമെന്നപോലെ തപ്പിനോക്കുന്നതിൽ തെറ്റില്ല.....(ബഹളം).....സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലും അതുപോലെ ഇരുന്നൂറിലധികം കുട്ടികൾ പഠിക്കുന്ന ഹൈസ്കൂളുകളിലും പ്ലസ് ടു അനുവദിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതുപോലെ കൈക്കൂലി മാനദണ്ഡമാക്കിക്കൊണ്ടോ നിയമനം മാനദണ്ഡമാക്കിക്കൊണ്ടോ അല്ല പ്ലസ് ടു അനുവദിക്കേണ്ടത്. പിന്നോക്ക-മലയോര മേഖലകളിൽ പ്ലസ് ടു അനുവദിക്കണം. രാഷ്ട്രീയത്തിന്റെ പേരിലോ പണം നൽകാത്തതിന്റെ പേരിലോ പ്ലസ് ടു അനുവദിക്കാത്തിടത്ത് അത് അനുവദിച്ചു കൊടുക്കണം. കാരണം പാവപ്പെട്ടവർക്ക് പഠിക്കാൻ ഈ ഒരു മാർഗ്ഗമേ ഉള്ളൂ. 36,000 രൂപ എൻജിനീയറിംഗ് കോളേജുകൾ വാങ്ങുന്നുവെന്ന് പറഞ്ഞ് സമരം ചെയ്യുന്നവർ മറന്നുപോകുന്ന ഒരു കാര്യമുണ്ട്. തിരുവനന്തപുരത്തെ ക്രൈസ്റ്റ് നഗർ സ്കൂൾ ഉദാഹരണമായി എടുക്കാം. എൽ.കെ.ജി.-യിൽ പഠിക്കുന്ന ഒരു കുട്ടിക്ക് 4500 രൂപ ഒരു ക്വാർട്ടറിൽ ഫീസ് കൊടുക്കണം. ഇത് അന്യായമല്ലേ ? ഇത് നിയന്ത്രിക്കണം. അതുപോലെ എൻജിനീയറിംഗ് കോളേജുകൾ വേറെയും നടക്കുന്നുണ്ട്. ഇവിടെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങില്ലായെന്ന് മന്ത്രി ഉറപ്പു നൽകി എങ്കിലും ഞാൻ പറയുകയാണ് ഡൊണേഷൻ എന്നപേരിൽ ഓരോ സ്വാശ്രയ കോളേജിലും മിനിമം ഓരോ ലക്ഷം രൂപ വച്ച് വാങ്ങുന്നുണ്ട്. 120 സീറ്റുകൾക്ക് ഒരു ലക്ഷം രൂപ വച്ച് വാങ്ങിയാൽ 1 കോടി 20 ലക്ഷം രൂപ മാനേജുമെന്റിന് ലാഭമാണ്. ഇത് നിയന്ത്രിക്കാൻ കൂടി നിയമത്തിൽ ഒരു വകുപ്പുണ്ടാക്കണം. വിദ്യാഭ്യാസ രംഗത്ത് ഒരുപാട് മാറ്റങ്ങളുണ്ടാക്കാൻ മന്ത്രിക്ക് കഴിഞ്ഞു. സാധാരണക്കാരന്റെ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിലും പ്രൈവറ്റ് സ്കൂളുകളിലുമുള്ള വിദ്യാഭ്യാസ അന്തരം കുറയ്ക്കാൻ ഗവൺമെന്റിന് കഴിയണം. നല്ല വിദ്യാഭ്യാസം സർക്കാർ സ്കൂളുകളിൽ, എയ്ഡഡ് സ്കൂളുകളിൽ നൽകിക്കൊണ്ട് പ്രൈമറി ക്ലാസ്സ് മുതൽ സി.ബി.എസ്.ഇ. നിലവാരമുള്ള വിദ്യാഭ്യാസം നൽകി സ്വകാര്യ സ്കൂളുകളുടെ വിദ്യാഭ്യാസവും ഗവൺമെന്റ് സ്കൂളുകളുടെ വിദ്യാഭ്യാസവും തമ്മിലുള്ള വിദ്യാഭ്യാസ നിലവാരത്തിന്റെ അന്തരം കുറച്ചുകൊണ്ടുവന്നാൽ ഭാവിയിൽ നല്ല വിദ്യാഭ്യാസ മന്ത്രി എന്ന് അറിയപ്പെടാൻ അങ്ങേക്ക് കഴിയും. അതിനുള്ള ആശംസകൾ നേർന്നുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണ മനസ്സോടെ, സന്തോഷത്തോടെ, അഭിമാനത്തോടെ പിന്താങ്ങുന്നു.

12.00 NOON]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. ഇൻഡ്യയിലെ മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി കേരളത്തിലെ മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ഫസ്റ്റ് പ്രയോറിറ്റി എന്നുപറയുന്നത് കുട്ടികളുടെ വിദ്യാഭ്യാസമാണ്. അതു കഴിഞ്ഞേയുള്ളൂ അവർക്കെന്തും. കുട്ടികൾ ഉറങ്ങുമ്പോൾ മാത്രം ഉറങ്ങുകയും അവർ ഉണരുമ്പോൾ ഉണരുകയും ചെയ്യാൻ ശ്രദ്ധിക്കുന്ന അമ്മമാരുടെ നാടായി കേരളം ഇപ്പോൾ മാറിയിരിക്കുന്നു. ചില വീടുകളിൽ ചെല്ലുമ്പോൾ കുട്ടികൾ പരീക്ഷയ്ക്ക് ഉറക്കമിളച്ചിരുന്ന് പഠിക്കുമ്പോൾ ഉറക്കം വരാതിരിക്കാൻവേണ്ടി ബക്കറ്റിൽ വെള്ളം നിറച്ചുവച്ച് അതിൽ കാൽ താഴ്ത്തി ഇരിക്കുന്നത് കണ്ടിട്ടുണ്ട്. തൊട്ടപ്പുറത്ത് മറ്റൊരു ബക്കറ്റിൽ വെള്ളം നിറച്ചു വച്ച് അമ്മയും കാൽ താഴ്ത്തി ഇരിക്കുകയാണ് ഉറക്കം വരാതിരിക്കാൻവേണ്ടി. അത്രമാത്രം കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്ന നാടായതുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസം എന്നുപറയുന്നത് ഏറ്റവും സെൻസിറ്റീവായ ഒരു വിഷയമായി മാറിയിരിക്കുന്നു. എന്ത് പരിഷ്ക്കാരങ്ങൾ നടത്തിയാലും എന്ത് മാറ്റങ്ങൾ കൊണ്ടുവന്നാലും അതിനെതിരായി വിമർശനങ്ങളുണ്ടാകുന്നു. അതുകൊണ്ട് പലപ്പോഴും മാറ്റങ്ങളുണ്ടാക്കാൻവേണ്ടി ഭരണകർത്താക്കൾ മടിക്കുകയാണ്. അതുകൊണ്ടുതന്നെ എസ്റ്റാബ്ലിഷ്മെന്റിന്റെ പൽചക്രങ്ങളെ വാർത്തെടുക്കുന്ന വെറും ഫാക്ടറികളായി നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രതിസന്ധികളേയും ദോഷൈകദൃക്കുകളുടെ വിമർശനങ്ങളേയും നേരിട്ടുകൊണ്ടാണ് പത്ത് വർഷംകൊണ്ടുപോലും ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയാത്ത വിപ്ലവകരമായ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത് എന്ന് അഭിമാനപൂർവ്വം ഞാൻ പറയുന്നത്. നമ്മുടെ പൊതുവിദ്യാഭ്യാസം ഒരുപാട് വർഷങ്ങളായി മാറ്റമില്ലാതെ നിൽക്കുകയാണ്. ഒരു കുട്ടി ഒന്നു മുതൽ നാലു വരെ സർക്കാർ സ്കൂളിൽ പഠിച്ചാൽപ്പോലും മലയാളം എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത സ്ഥിതിയായിരുന്നു. കുട്ടികളെ എങ്ങനെ മാതാപിതാക്കൾ സ്കൂളിൽ വിടും ? ഈ ഗവൺമെന്റ് ചില സ്കൂളുകൾ പൂട്ടാനുള്ള ഒരു തീരുമാനമെടുത്തു. ആ തീരുമാനമെടുത്തപ്പോൾ അതിനെ വിമർശിച്ച ഒരാളാണ് ഞാൻ. പക്ഷേ, നമ്മളെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ടുള്ള പോസിറ്റീവായ ഇംപാക്ടാണ് ആ തീരുമാനംകൊണ്ടുണ്ടായത്. വളരെ ചുരുക്കം ചില സ്കൂളുകൾ മാത്രമാണ് പൂട്ടിയത്. എന്റെ നിയോജകമണ്ഡലത്തിലെ പന്ത്രണ്ടോളം സ്കൂളുകൾ പൂട്ടുമെന്നുള്ള ഭീഷണിയുമുണ്ടായിരുന്നു. അത്ഭുതകരങ്ങളായ മാറ്റങ്ങൾ അതിനകത്തുണ്ടായി. പല സ്കൂളുകളിലും കുട്ടികളുടെ എണ്ണം വർദ്ധിച്ചു. അദ്ധ്യാപകർ പഠിപ്പിക്കാൻ തുടങ്ങി. രക്ഷകർത്താക്കൾ ശ്രദ്ധിച്ചുതുടങ്ങി. പി.ടി.എ. കമ്മിറ്റി ശ്രദ്ധിച്ചു തുടങ്ങി. വലിയ മാറ്റങ്ങൾ ഓരോ സ്കൂളുകളിലുമുണ്ടായി. ഇന്ന് ഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ച് എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾപോലും പൂട്ടൽ ഭീഷണിയിലല്ല. ഇവിടെത്തന്നെ ശ്രീ. ജയരാജന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് സ്കൂളുകൾ പൂട്ടുന്ന ലിസ്റ്റിൽ പെട്ടിരുന്നതാണ്. പക്ഷേ ആ തീരുമാനം ഗവൺമെന്റ് പിൻവലിച്ചു. ആ സ്കൂളുകളിൽ ഇന്ന് കുട്ടികളുണ്ടെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. അതുപോലെതന്നെ One day inspection നടത്താനുള്ള ഒരു തീരുമാനം ഈ ഗവൺമെന്റ് എടുത്തു. ഒരു

ദിവസംകൊണ്ട് എല്ലാ സ്കൂളുകളിലും ഇൻസ്പെക്ഷൻ നടത്തിക്കഴിഞ്ഞാൽ ഉദ്യോഗസ്ഥന്മാർക്ക് മറ്റുള്ള സമയങ്ങളിൽ അക്കാഡമിക് കാര്യങ്ങൾ നോക്കാനുള്ള സമയം കിട്ടുമെന്നുള്ളതുകൊണ്ട് ഏറ്റവും നല്ല തീരുമാനമായി ഞാൻ അതിനെ ശ്ലാഘിക്കുകയാണ്. നമ്മുടെ സർവ്വകലാശാല വിദ്യാഭ്യാസം കേരളത്തിൽ എപ്പോഴും പ്രതിസന്ധി ഉയർത്തുന്ന ഒന്നാണ്. നമ്മൾ പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്യാൻ തീരുമാനിച്ചത് ഉന്നത വിദ്യാഭ്യാസം റിസർച്ച് ഓറിയന്റഡാക്കി മാറ്റാനും ഉന്നത വിദ്യാഭ്യാസത്തിന് ക്വാളിറ്റേറ്റീവ് ഇംപ്രൂവ്മെന്റ് ഉണ്ടാക്കാനും വേണ്ടിയാണ്. പക്ഷേ അതിന്റെ പ്രതീക്ഷിച്ച ഫലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞോ ? ഇവിടെ എല്ലാ അദ്ധ്യാപകരും സംസാരിക്കുന്നത് യു.ജി.സി. സ്കെയിലിനെക്കുറിച്ചാണ്. യു.ജി.സി. സ്കീം എന്നുപറയുന്ന ഒരു ബൃഹത്തായ പദ്ധതിയുടെ ഭാഗം മാത്രമാണ് യു.ജി.സി. സ്കെയിൽ. യു.ജി.സി. സ്കീമിനെ കുറിച്ച് ഇവിടെ ഒരു സ്ഥലത്തും ചർച്ച ചെയ്യപ്പെടുന്നില്ല. എല്ലാവരും സംസാരിക്കുന്നത് യു.ജി.സി. സ്കെയിലിനെക്കുറിച്ച് മാത്രമാണ്. എന്റെ ചെറുപ്പകാലങ്ങളിൽ സർവ്വകലാശാലാ വൈസ്ചാൻസലർ എന്നുപറഞ്ഞാൽ എന്ത് മനോഹര സങ്കൽപ്പമായിരുന്നു. ജോൺ മത്തായി സർ ഇവിടെ വൈസ് ചാൻസലറായിരിക്കുമ്പോൾ ഇവിടത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് അദ്ദേഹത്തെ വിളിച്ച് അപ്പോയ്ന്റ്മെന്റ് ചോദിച്ചു എന്ന് ഞാൻ കേട്ടിട്ടുണ്ട്. അത്ര വലിയ സങ്കൽപ്പമായിരുന്നു വൈസ് ചാൻസലറെക്കുറിച്ച്. ഞാൻ സർവ്വകലാശാല യൂണിയൻ ചെയർമാനായി കോട്ടയത്ത് ഉള്ളപ്പോൾ ഒരു വൈസ് ചാൻസലർ കോട്ടയം ടി.ബി.യിൽ അന്ന് തരതമ്യേന കേരളാ കോൺഗ്രസ്സിന്റെ ജൂനിയർ മെമ്പറായ ശ്രീ. പി. സി. ജോർജ്ജിനേയും കാത്തിരിക്കുകയാണ്. പി. സി. ജോർജ്ജ് ഇപ്പോൾ ഒരു വലിയ നേതാവാണ്. അന്ന് പി. സി. ജോർജ്ജിനേയും കാത്ത് ഒരു വൈസ് ചാൻസലർ രണ്ടു മണിക്കൂർ ഇരിക്കുന്നു. അങ്ങനെ വൈസ് ചാൻസലർമാരുടെ നിലവാരം നമ്മുടെ സംസ്ഥാനത്ത് പോയി. പാർട്ടിക്കുവേണ്ടി ചരിത്രം എഴുതുന്നവരേയും ചരിത്രം വളച്ചൊടിക്കുന്നവരേയും പാർട്ടി സംസ്ഥാന സെക്രട്ടറിക്ക് ബ്രാഞ്ച് സെക്രട്ടറിയും ലോക്കൽ കമ്മിറ്റി സെക്രട്ടറിയും റിപ്പോർട്ട് ചെയ്യുന്നതുപോലെ പാർട്ടി സംസ്ഥാന സെക്രട്ടറിക്ക് യൂണിവേഴ്സിറ്റിയിലെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാൻ നമ്മുടെ സംസ്ഥാനത്ത് തുടങ്ങി. അതിലെല്ലാം മാറ്റമുണ്ടാകണം. പുതിയ യൂണിഫൈഡ് യൂണിവേഴ്സിറ്റി നിയമം വരുമ്പോൾ വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ ഗവൺമെന്റ് അധികാരം ദുർവിനിയോഗം ചെയ്യരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. നമ്മുടെ നാട്ടിൽ ഇപ്പോൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻവേണ്ടി ആട്ടോണമസ് കോളേജുകൾ തുടങ്ങാൻ പോകുന്നുവെന്ന് പറഞ്ഞു. എന്റെ അഭിപ്രായം ഒരു സ്വകാര്യ മാനേജുമെന്റിനും കേരളത്തിൽ ആട്ടോണമസ് കോളേജ് കൊടുക്കരുതെന്നാണ്. കാരണം ഈ സമീപകാല സംഭവവികാസങ്ങൾ തെളിയിക്കുന്നത് ഒരു ആട്ടോണമസ് കോളേജ് നടത്താനുള്ള പക്വത കേരളത്തിലെ ഒരു മാനേജുമെന്റിനും ഉണ്ടായിട്ടില്ലായെന്നുള്ളതാണ്. ആ പക്വത ഉണ്ടായിട്ട് മാത്രം വിദ്യാർത്ഥികളുടെ വിധി നിർണ്ണയിക്കാനുള്ള അവകാശം ഉൾപ്പെടെയുള്ള അവകാശം ആട്ടോണമസ് കോളേജുകൾക്ക് കൊടുത്താൽ മതിയെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ വിവാദപൂർവ്വമായ രണ്ടു ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

വിധികൾ ഈ അടുത്ത് ഉണ്ടായ വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള കോടതി വിധിയാണ് ഒന്ന്. വിദ്യാർത്ഥികളുടെ അറ്റന്റൻസ് ഇല്ലാഞ്ഞിട്ട്, പരീക്ഷ എഴുതാൻ കോടതിയിൽ അപേക്ഷ സമർപ്പിച്ചപ്പോൾ കോടതി മൊത്തം രാഷ്ട്രീയം നിരോധിക്കാൻവേണ്ടി മാനേജ്മെന്റിന് അവകാശം കൊടുത്തു. ഒരു കുട്ടിയോട് പശുവിനെക്കുറിച്ച് നാലു വാചകം അദ്ധ്യാപകൻ ചോദിച്ചപ്പോൾ, കുട്ടി പഠിച്ചുകൊണ്ടു വന്നത് തെങ്ങിനെക്കുറിച്ചാണ്. കുട്ടി എന്തു ചെയ്യും. പശുവിനെക്കുറിച്ച് അറിയില്ലല്ലോ. ഉടനെ തന്നെ പശുവിനെപ്പിടിച്ച് തെങ്ങിൽ കെട്ടി. തെങ്ങിനെക്കുറിച്ച് പഠിച്ചുകൊണ്ടു വന്ന 4 വാചകം പറഞ്ഞു. അതുപോലെയാണ് വിദ്യാർത്ഥികളുടെ രാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള ഈ ഹൈക്കോടതി വിധി. മറ്റൊന്ന് സ്വാശ്രയ കോളേജ് വിധി. അവർക്ക് 75% മാനേജ്മെന്റ് ക്വാട്ട കൊടുത്തുകൊണ്ടുള്ള കാര്യമാണ്. കോളേജ് അഡ്മിഷനും ഫീസുമൊക്കെ നിശ്ചയിക്കുന്നത് കോടതിയാണ്. എക്സിക്യൂട്ടീവിന്റെയും ഈ ലെജിസ്ലേച്ചറിന്റെയും അധികാരത്തിൽ ഇങ്ങനെ കൈകടത്താമോ ? ടി.എം.എ. പൈ കേസിന്റെ വിധിയുടെ ചുവടു പിടിച്ചുകൊണ്ടാണ് ഈ വിധി പറഞ്ഞത് എന്നാണ് പറയുന്നത്. കർണാടകത്തിൽ സുപ്രീം കോടതി വിധിച്ചത് എന്താണ്. 75% മെറിറ്റ് കൊടുക്കാൻ വേണ്ടിയിട്ടാണ് തീരുമാനിച്ചത്. അപ്പോൾ അവിടെയും സുപ്രീം കോടതി വിധി ബാധകമല്ല. ടി.എം.എ. പൈ കേസിന്റെ വിധി അവിടെയും ബാധകമല്ല. പക്ഷെ തീരുമാനങ്ങൾ അങ്ങനെ എടുത്തു പോയിക്കഴിഞ്ഞാൽ അപകടകരമായ സ്ഥിതി വരും. ടി.എം.എ. പൈ കേസിൽ മാനേജ്മെന്റുകൾക്ക് ചില നിർദ്ദേശങ്ങളുണ്ട്. അവർക്ക് അഡ്മിഷനിൽ ട്രാൻസ്പേരൻസി പാലിക്കണമെന്നുള്ള കർശനമായ നിർദ്ദേശം ടി.എം.എ പൈ കേസിൽ പറയുന്നുണ്ട്. ഇപ്പോൾ വിവാദ വിഷയം ആയിരിക്കുന്ന മെഡിക്കൽ കോളേജുകൾക്ക് അഡ്മിഷന്റെ കാര്യത്തിൽ ട്രൻസ്പേരൻസി മാനേജ്മെന്റുകൾ സ്വീകരിച്ചോ ? അവരുടെ ലിസ്റ്റ് പബ്ളിഷ് ചെയ്തോ ? ഏതെല്ലാം തരത്തിൽപ്പെട്ട ആളുകൾക്കാണ് അഡ്മിഷൻ കൊടുത്തിട്ടുള്ളത് എന്നറിയാനുള്ള അവകാശം സുപ്രീം കോടതി വിധിയനുസരിച്ച് ടി.എം.എ. പൈ കേസ് വിധി അനുസരിച്ച് ബാക്കി ആളുകൾക്ക് ഉണ്ടെന്ന് മാനേജ്മെന്റുകൾ മറന്നു പോയി. അവരെ നിലയ്ക്കു നിർത്തണം. അവരെ നിലയ്ക്കു നിർത്താൻ നമുക്ക് കഴിയണം. അവരെ നിലയ്ക്കു നിർത്തിയാൽ മാത്രമേ കേരളത്തിലെ ഈ ഗവൺമെന്റ് കൊണ്ടുവന്ന ഇന്നത്തെ വിദ്യാഭ്യാസരംഗത്തിലെ വിപ്ലവകരമായ മാറ്റത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ നമുക്ക് കഴിയുകയുള്ളൂ. വിദ്യാഭ്യാസ രംഗത്തെ സമൂലമായ മാറ്റത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തുകയാണ്. പൊതു വിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യഭ്യാസ രംഗത്തും വലിയ മാറ്റങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. സാംസ്ക്കാരിക വകുപ്പിന്റെ ധനാഭ്യർത്ഥനകൾ കൂടി ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇവിടെ ഇന്ന് പ്രസംഗം തുടങ്ങിയ ബഹുമാന്യനാണ് ശ്രീ. പിരപ്പൻകോട് മുരളി. വളരെ രൂക്ഷമായിട്ടാണ് സാംസ്ക്കാരിക മന്ത്രിയെ ആക്രമിച്ചത്. അദ്ദേഹം കോൺഗ്രസിലെ ഗ്രൂപ്പിനെക്കുറിച്ചും, നെഹ്റുവിന്റെ ഗ്രൂപ്പിനെക്കുറിച്ചുമെല്ലാം സൂചിപ്പിച്ചു. ഞാൻ വിദ്യാർത്ഥി ആയിരുന്നപോൾ പാർട്ടിയിലെ ഒരു നേതാവിന്റെ പീഡനം സഹിക്കാതെ പത്തി വിടർത്തി ആടുന്ന ആ പാർട്ടിയിലെ കരി നാഗത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കവിത എഴുതിയതിന് ഒരുപാട് പീഡനങ്ങൾ ഏറ്റു വാങ്ങിയ ആളാണ് ശ്രീ. പിരപ്പൻകോട് മുരളി. അന്ന് ആ കരിനാഗം ആയിരുന്ന നേതാവിന്റെ ജൻമനാ ഉള്ള കറുപ്പിനെക്കുറിച്ചുകൂടി കവിത എഴുതിയ ആളാണ് അദ്ദേഹം. അതിനുശേഷം ആ നേതാവിന്റ എതിർ ഗ്രൂപ്പുകാർ പാർട്ടിയിൽ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായ ഗുണഫലങ്ങൾ അദ്ദേഹം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മഹാനായ ചലച്ചിത്രകാരൻ ശ്രീ അടൂർ ഗോപാലകൃഷ്ണന്റെ ഒരു പ്രധാനപ്പെട്ട ചലച്ചിത്രമുണ്ട്. എലിപ്പത്തായം എന്നു പറയുന്ന ചിത്രം. അതിൽ കരമന ജനാർദ്ദനൻനായർ അവതരിപ്പിക്കുന്ന ഒരു കഥാപാത്രം ഉണ്ട്. നിർവ്വികാരനായ നിസ്സംഗനായ, മേലനങ്ങാത്ത ഒരാൾ. വീടിന്റെ പുമുഖത്ത് ചാരു കസേരയിൽ കിടക്കുമ്പോൾ തൊടിയിൽ ഒരു പശു വന്ന് വീടിന്റെ മുന്നിലുള്ള തെങ്ങിൻ തൈയുടെ ഓല കടിക്കുന്നു. അയാൾക്ക് അത് എണീറ്റ് നിന്ന് ഓടിക്കാൻ വയ്യ. അവിടെ ഇരുന്ന് കൈപോലും പൊക്കാതെ ആരും കേൾക്കാതെ പതിയെ ശൂ.....ശൂ.....എന്നു മാത്രം പറയുകയാണ്. ചലച്ചിത്രത്തിന്റെ സംവിധായകനായ ശ്രീ. അടൂർഗോപാലകൃഷ്ണൻ ഉൾപ്പടെയുള്ള കേരളത്തിലെ പല സാംസ്ക്കാരിക നായകൻമാരുടെയും സങ്കൽപ്പത്തിലുള്ള സാംസ്ക്കാരിക മന്ത്രി എലിപ്പത്തായത്തിലെ കരമന ജനാർദ്ധനൻ നായർ അവതരിപ്പിച്ച കഥാപാത്രമാണ്. അനങ്ങരുത്, മിണ്ടരുത്. സാംസ്ക്കാരിക വകുപ്പിന്റെ തൊടിയിൽ കയറി കന്നുകാലികൾ ഓല കടിച്ചാൽ അതിനെ ആട്ടി പുറത്താക്കാൻ ശ്രീ കാർത്തികേയൻ ഇടപെട്ടതിനാണ് സാംസ്ക്കാരിക വകുപ്പിലെ മന്ത്രി ഇടപെട്ടു എന്ന ആരോപണവുമായി മുന്നോട്ടു വരുന്നത്. എന്റെ ധാരണ രാഷ്ട്രീയക്കാരാണ് മോശക്കാർ എന്നായിരുന്നു. പക്ഷേ അവരേക്കാൾ എത്രയോ മോശക്കാരാണ് ഇവർ. സാംസ്ക്കാരിക വകുപ്പിൽ പ്രഗത്ഭരായ ആളുകളെ കൊണ്ടുവന്ന് സാംസ്ക്കാരിക രംഗത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരം വേണ്ട എന്ന് തീരുമാനിച്ചപ്പോൾ, അവർക്ക് ഒരു പോസ്റ്റ് കൊടുത്താൽ പോരല്ലോ അവരുടെ തലപ്പത്തിരിക്കുന്ന അടുത്ത പോസ്റ്റുകളിൽ അവരുടെ ഇഷ്ടക്കാരേയും ഇഷ്ടക്കാരിയേയും പിന്നെ ഇഷ്ടക്കാരന്റെ ഇഷ്ടക്കാരിയേയുംവരെ അവിടെ നിയമിക്കണമെന്ന് നിർബന്ധംപിടിച്ചാൽ പാവപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രി എന്തു ചെയ്യും. ഒരു എഴുത്തുകാരന്റെ മകൻ ഏഴു വർഷമായി ഗവൺമെന്റ് വകുപ്പിൽ ഡെപ്യൂട്ടേഷനിൽ തുടരുമ്പോൾ നിയമ വിരുദ്ധമായി ഇനി തുടരേണ്ട എന്നു മന്ത്രി തീരുമാനിച്ചപ്പോൾ കവിയുടെ വാക്കുകൾ സാംസ്ക്കാരിക മന്ത്രിക്ക് എതിരായി കടന്നു കയറിയെന്ന കാര്യം നമുക്കറിയാം. സ്വന്തം ശിങ്കിടികളേയും, സ്വന്തം ആളുകളേയും ഓരോ സ്ഥാനങ്ങളിൽ ഇരുത്താൻ വേണ്ടിയിട്ടും കാക്ക പിടിച്ചും കാലു പിടിച്ചും, ആരുടേയും കാലു പിടിച്ചും സ്ഥാനങ്ങളിൽ വന്നു കഴിഞ്ഞാൽ പിന്നെ വേറാരും ഇടപെടാൻ പാടില്ല. സാംസ്ക്കാരിക വകുപ്പിന് ഗവൺമെന്റ് കൊടുത്ത ഗ്രാന്റ് എങ്ങനെയാണ് ചെലവഴിക്കുന്നതെന്ന് ആരും അന്വേഷിക്കാൻ പാടില്ല. ഞങ്ങൾക്ക് ടി.എ. വാങ്ങിക്കാം. ഞങ്ങൾക്ക് ഡി.എ. വാങ്ങിക്കാം. ഞങ്ങൾക്ക് എത്ര തുപ വേണമെങ്കിലും എഴുതിയെടുക്കാം. ആരും ചോദിക്കരുത്. എന്തൊക്കെ പറഞ്ഞാലും ഇത് കേരളമല്ലേ എന്നേ ചോദിക്കാനുള്ളൂ. സ്പോർട്സ് രംഗത്ത് അൽഭുതകരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തൊഴിലവസരങ്ങൾ ഉണ്ടാകണം. കായിക താരങ്ങൾക്ക് ഇൻഫ്രാസ്ട്രക്ച്ചർ വർദ്ധിപ്പിക്കണം. സർക്കാർ തന്നെ സ്പോൺസർമാരെ കണ്ടെത്തി കേരളത്തിലെ വളർന്നു വരുന്ന കായിക താരങ്ങൾക്ക് അവസരം കൊടുക്കാൻ കൂടി മുൻകൈ എടുക്കണമെന്ന അഭ്യർത്ഥന മാത്രം വച്ചുകൊണ്ട് ഞാൻ ഒരിക്കൽ കൂടി ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ കെ സി ജോസഫ് : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. രാഷ്ട്ര പുനർനിർമ്മാണത്തിന് മാനവവിഭവശേഷിയെ ഫലപ്രദമായി ഉപയോഗിക്കത്തക്ക വിധം പുതിയ തലമുറയെ പരിശീലിപ്പിക്കുവാൻ കഴിയുന്ന ഒരു വിദ്യാഭ്യാസമാണ് നമുക്ക് ഉണ്ടാകേണ്ടത്. അതിന് സ്ഥായിയായ ഒരു നയം വേണം. ആ നയം നടപ്പാക്കാനുള്ള നിശ്ചയ ദാർഢ്യവും ലക്ഷ്യബോധവും ഉണ്ടാകണം. അതൊന്നും ഇല്ലാതെയാണ് വിദ്യാഭ്യാസ രംഗം ഇന്ന് മുന്നോട്ട് പോകുന്നത് എന്ന് ചൂണ്ടി കാണിക്കേണ്ടി വന്നതിൽ ഖേദം ഉണ്ട്. ഇന്ന് വിദ്യാഭ്യാസ വകുപ്പിന്റെ മുഖമുദ്ര അഡ്ഹോക്കിസമാണ്. അന്നന്നത്തെ പ്രശ്നം പരിഹരിക്കാനെന്നതിലപ്പുറമായി ഒരു ദീർഘ വീക്ഷണം ഇല്ലാത്ത കാഴ്ചപ്പാട് അഡ്ഹോക്കിസമായി മുന്നോട്ടു പോകുന്നു. പല പദ്ധതികളും ഉണ്ട്. ആ പദ്ധതികൾ പലതും നടപ്പാക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസ രംഗത്ത് പിന്നോക്ക വിഭാഗത്തിലെ കുട്ടികളെ സഹായിക്കുവാൻവേണ്ടി പാഠ പുസ്തക വിതരണം എന്ന പദ്ധതിയുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ലാപ്സാക്കിയത് 6 കോടി രൂപയാണ്. ഡി.പി.ഐ. മുഖേന നമ്മുടെ സ്കൂളിലെ കുട്ടികൾക്ക്, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പാഠ്യ പുസ്തകങ്ങൾ നൽകുവാനുള്ള ഒരു പദ്ധതിയാണ്. ഒരു പുസ്തകവും കൊടുത്തില്ല. 6 കോടി രൂപ ലാപ്സാക്കി. എസ്.എസ്.എ. പദ്ധതിയുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടുന്ന പണം നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ഈ നിലയിലുള്ള പദ്ധതികൾ പോലും വിനിയോഗിക്കാൻ പറ്റാതെയാണ് ഇന്നത്തെ വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. നമ്മുടെ വിദ്യാഭ്യാസ രംഗത്ത്, അന്തർദ്ദേശീയ രംഗത്തുപോലും ഖ്യാതിയുള്ള സർവ്വകലാശാലയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി. 2000-01 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന ഗവൺമെന്റിന്റെ കൊച്ചിൻ യൂണിവേഴ്സിറ്റിക്കുള്ള ഗ്രാന്റ് 5 കോടി രൂപയായിരുന്നു. ഇപ്പോൾ പദ്ധതി അടങ്കൽ വളരെ വർദ്ധിച്ചുവന്നു. അതിന്റെ അളവും കൂടി പക്ഷെ ഈ വർഷത്തെ ബഡ്ജറ്റിൽ കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് സർക്കാർ നൽകുന്ന ഗ്രാന്റ് 4 കോടി രൂപയാണ്. ഒരു കോടി രൂപ കുറഞ്ഞു. അതാണ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ചുമുള്ള ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ഇവിടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പാവപ്പെട്ട കുട്ടികൾക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള വരുമാന പരിധി അറുപതിനായിരം രൂപ ആയിരുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 1999-2000-ലാണ് വർദ്ധനവ് ഉണ്ടാക്കിയത്. ഇന്ന് കാലം മാറി വർഷങ്ങൾക്കുശേഷം കാലോചിതമായി പരിഷ്ക്കരിച്ചു. ആനുകൂല്യം കിട്ടുന്നതിനുള്ള വരുമാന പരിധി രണ്ടു ലക്ഷം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് ചെയ്യുന്നതെന്താണ് ? സ്വാശ്രയ കോളേജുകളിൽ മെറിറ്റിൽ അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കേണ്ടതിന് ഫീസിൽ ഇളവ് കിട്ടുന്ന പരിധി അറുപതിനായിരമാക്കി ചുരുക്കുന്നു. ഇതാണോ നമ്മുടെ സാമൂഹ്യ വീക്ഷണം. പരിഷ്ക്കാരങ്ങൾ നടപ്പാക്കുമ്പോൾ കേരളത്തിന്റെ ഒരു സാമൂഹിക പശ്ചാത്തലംകൂടി മനസ്സിലാക്കിക്കൊണ്ടുവേണം നടപ്പാക്കാൻ. വിദ്യാഭ്യാസ രംഗത്ത് കേരളം എത്തിച്ചേർന്നിട്ടുള്ള ഒരു വലിയ നേട്ടം, ആ നേട്ടത്തിൽ നമ്മുടെ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്തം വളരെ വലുതായിരുന്നു. ഇന്ന് ഗവൺമെന്റ് ഇതിൽ നിന്നൊക്കെ പിന്നോട്ട് പോകുന്നു. എയിഡഡ് കോളേജുകളിൽ ഉൾപ്പെടെ ഇന്ന് രണ്ടു തരം വിദ്യാഭ്യാസം അൺ എയിഡഡ് കോഴ്സ് കൊടുക്കുകയാണ്. എയിഡഡ് കോളേജിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ കൊടുത്തുകൊണ്ട് രണ്ടു തരത്തിലുള്ള വിദ്യാഭ്യാസ രീതി ഒരേ എയിഡഡ് കോളേജിൽ തന്നെ നടപ്പാക്കി ഇന്ന് വിദ്യാഭ്യാസ രംഗത്തുനിന്ന് ഗവൺമെന്റ് പിൻതിരിയുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. ആ നിലയിൽ ഗവൺമെന്റ് ഇവിടെ ഉണ്ടായിരുന്ന സാമൂഹ്യ വീക്ഷണത്തിൽ നിന്നൊക്കെ പിന്നോട്ടുപോയി. ഇപ്പോൾ ആകെ പറയാനുള്ളത് എൻജിനീയറിംഗ് കോളേജ്, എം.സി.എ. കോളേജ് എന്നിവയെല്ലാം ആരംഭിച്ചുവെന്നുള്ളതാണ്. ഞാൻ അതിനെ കുറ്റം പറയുന്നില്ല. ഭരണ കക്ഷി അംഗങ്ങൾ സംസാരിച്ചപ്പോഴും ഇവിടെ ശ്രീ. കെ.സി. ജോസഫ് സംസാരിച്ചപ്പോഴും വിദ്യാർത്ഥികളെ സമരരംഗത്തേക്ക് വിട്ട് ചോരയിൽ മുക്കുന്ന അവസ്ഥ വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരിക്കുന്നു എന്ന് പറഞ്ഞു. ഈ രംഗത്തുണ്ടായിരിക്കുന്ന അശാന്തിക്കും, സംഘർഷത്തിനും ഉത്തരവാദി ആരാണ് ? വിദ്യാർത്ഥി സംഘടനകളാണോ ? ഈ പ്രശ്നങ്ങൾക്ക് മുഴുവൻ കാരണം ഈ ഗവൺമെന്റല്ലേ ? നിങ്ങളുടെ നയരാഹിത്യമല്ലേ ? കഴിഞ്ഞ വർഷം ചോദിച്ചവർക്ക് മുഴുവൻ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ കൊടുക്കാൻ തീരുമാനിച്ചു. ആ നയത്തെ സംബന്ധിച്ച് ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. പക്ഷെ അന്ന് എൻ.ഒ.സി. കൊടുത്തപ്പോൾ ഒരു രേഖ ഇവിടെ വാങ്ങിവച്ചാൽ പോരെ ? സാമൂഹ്യമായ ഒരു കൺട്രോളുണ്ടാകണം. അതുകൊണ്ട് ഗവൺമെന്റ് കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ, ഫീസിനെ സംബന്ധിച്ചും, വിദ്യാർത്ഥി പ്രവേശനത്തെ സംബന്ധിച്ചും, അദ്ധ്യാപക നിയമനത്തെ സംബന്ധിച്ചും ഞങ്ങൾ അനുസരിക്കുമെന്ന് ഒരു രേഖ വാങ്ങിയശേഷം എൻഒസി നൽകിയിരുന്നുവെങ്കിൽ പ്രശ്നമുണ്ടാകുമായിരുന്നോ ? ചോദിച്ചവർക്ക് മുഴുവൻ കൊടുത്തു. ഇവിടെ ഈ നിലയിൽ ഗവൺമെന്റിന് ഒരു കാഴ്ചപ്പാട് വേണ്ടേ ? കഴിഞ്ഞ വർഷത്തേക്കാൾ ഫീസിപ്പോൾ ഏകീകരിച്ചു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി]

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ അതായത് ടി.എം.എ.പൈ കേസിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. ഇതേ വിധി കർണാടകത്തിലുമുണ്ട്. ടി.എം.എ.പൈ കേസിന്റെ സുപ്രീംകോടതി വിധിയിലെ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ് കർണ്ണാടക ഗവൺമെന്റ് നിയമനിർമ്മാണം നടത്തിയത്. ആ മാതൃക എന്തുകൊണ്ട് നമുക്ക് നടപ്പാക്കാൻ കഴിയുന്നില്ല ? പക്ഷെ, അതിനുള്ള ഇച്ഛാശക്തി നമുക്കു വേണം. ആ ആർജ്ജവം നമുക്ക് വേണം. ഈ ഗവൺമെന്റിന് അതില്ല. ഇവിടെ ഫീസ് ഏകീകരിച്ചു. കഴിഞ്ഞ വർഷം എത്രയായിരുന്നു ഫീസ് ? 4,000 രൂപയായിരുന്നു. പേമെന്റ് സീറ്റിൽ 50,000 രൂപ. ആകെ രണ്ടു കുട്ടികൾക്ക് എത്രയാണ് ഫീസ്, 54,000 രൂപ. ഈ വർഷം നിങ്ങൾ എന്താണ് ചെയ്തത് ? അത് 72,000 ആയി വർദ്ധിപ്പിച്ചു. 36,000 വച്ച് രണ്ട് കുട്ടികൾക്ക് 72,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങൾക്ക് എന്തുകൊണ്ട് അത് ചുരുക്കാൻ പറ്റിയില്ല ? ആനുകൂല്യമുള്ളവർക്ക് നിങ്ങൾ എന്തുകൊണ്ട് ഫീസ് വരുമാന പരിധി കുറച്ചുകൊണ്ടുവന്നു. സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ഉത്തരവാദിത്വം ? ഇവിടെ ഗവൺമെന്റ് സ്പോൺസേർഡ് സെൽഫ് ഫിനാൻസിംഗ് കോളേജില്ലേ ? അവിടെ ഗവൺമെന്റിന്റെ നയമെന്താണ് ? ഈ സ്വകാര്യ മാനേജ്മെന്റുകളെയൊക്കെ കുറ്റം പറഞ്ഞുകൊണ്ട് അവിടെയും ഫ്രീ സീറ്റിലും വലിയ തുക മാനേജ്മെന്റ് ക്വാട്ടായിൽ വാങ്ങുന്നു. സർക്കാർ സ്പോൺസേർഡ് എൻജിനീയറിംഗ് കോളേജ് കേരളത്തിൽ നടപ്പാക്കുമോ. ഐ.എച്ച്. ആർ.ഡി.യിൽ മാനേജ്മെന്റ് ക്വാട്ടാ, CAPE-ന് മാനേജ്മെന്റ് ക്വാട്ടാ. കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തോ ഇല്ലയോ എന്നുള്ളത് വേറെ കാര്യം. ആ നിലയിൽ ഫീസ് കുറച്ച് വാങ്ങി ഗവൺമെന്റ് മാതൃക കാണിക്കണം. മുഖ്യമന്ത്രിയും ശ്രീ. നാലകത്ത് സൂപ്പിയും ആവർത്തിച്ച് പറഞ്ഞു, രണ്ട് സ്വാശ്രയ കോളേജെന്നാൽ ഒരു ഗവൺമെന്റ് കോളേജ്. നിങ്ങൾ സർക്കാർ സ്പോൺസേർഡ് കോളേജുകളിലെങ്കിലും പരിയാരത്തും, ഐ.എച്ച്.ആർ.ഡി.-യുടെയും, CAPEന്റേയും, എൽ.ബി.എസ്സിന്റേയും, കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റേയും കോളേജുകളിലെങ്കിലും ഈ നയം നടപ്പാക്കണം. ഫ്രീ സീറ്റിൽ സർക്കാർ.....

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ഗവൺമെന്റ് കോ-ഓപ്പറേറ്റീവ് സെക്ടറിൽതന്നെ ഐ.എച്ച്.ആർ.ഡി., ശ്രീ ചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജ് തുടങ്ങിയിടത്തെല്ലാം സർക്കാർ കോളേജുകളെപ്പോലെ കർശനമായ സംവരണവുമുണ്ട്, അതുപോലെ എൻ.ആർ.ഐ. സീറ്റല്ലാതെ ഗവൺമെന്റ് സ്പോൺസേർഡുള്ള.....

ഡോ. കെ. സി. ജോസഫ് : അവിടെയും പ്രൈവറ്റ് കോളേജുകളിലെ ഫീസുതന്നെയാണ് ഫ്രീ സീറ്റിലും മേടിക്കുന്നത്. രണ്ട് സ്വാശ്രയ കോളേജ് ഒരു ഗവൺമെന്റ് കോളേജാകുന്നില്ല. ഗവൺമെന്റിന് ഒരു നയം വേണ്ടേ ? എത്ര ശതമാനം സീറ്റ് എന്നൊരു നയം വേണ്ടേ ? സ്വാശ്രയ മേഖലയിൽ ഗവൺമെന്റ് എൻ.ഒ.സി. തരുന്നു. കുറുക്കുവഴിയിലൂടെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കി മുഴുവൻ സീറ്റും ഏറ്റെടുത്തപ്പോൾ നിങ്ങളുടെ നയമെന്താണ് ? ഇനിയിപ്പോൾ എല്ലാ കോളേജുകളും കേന്ദ്രഗവൺമെന്റിനെ സ്വാധീനിച്ച് ഡീംഡ് യൂണിവേഴ്സിറ്റിയാക്കി മാറ്റിയാൽ ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ ? ഒരു സ്ഥാപനം തുടങ്ങി ഒരു വർഷം കഴിഞ്ഞാൽ അതിനെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കാൻ പറ്റുമോ ? ഒരു വശത്ത് ആ സമീപനം, വേറൊരു സ്ഥലത്ത് മറ്റൊരു സമീപനം. ആ നിലയിലുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാടെന്താണ് ? സ്വാശ്രയ കോളേജ് നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുമെന്ന് പറഞ്ഞു അതിന്റെ മറവിലാണല്ലോ, ഏകീകൃത നിയമം വരുമ്പോൾ അതിൽ ഒരു ചാപ്റ്ററാക്കുമെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. ഇവിടെ ഉയർന്നുവന്നിട്ടുള്ള പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ അതിനെ മറയാക്കിക്കൊണ്ട് സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവം നശിപ്പിക്കുന്ന ഏകീകൃത ബിൽ പാസ്സാക്കിയെടുക്കാമെന്നാണ് അവർ വിചാരിക്കുന്നത്. ആ നയം ശരിയല്ല. അത്തരം ഒരു കുറുക്കുവഴിയിലൂടെ ഏകീകൃത സർവ്വകലാശാലാ നിയമം നടപ്പാക്കാൻ കഴിയും, അങ്ങനെ കേരളത്തിലെ ജനങ്ങളെ വഞ്ചിക്കാൻ കഴിയുമെന്ന് വിചാരിക്കരുത്. ഗവൺമെന്റിന് ഇതിനുവേണ്ടി കർണ്ണാടക മോഡലിൽ നിയമം കൊണ്ടുവരാവുന്നതാണ്. മനഃപൂർവ്വമായി ഏതെങ്കിലും മാനേജ്മെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

ശത്രുവായി കാണേണ്ടതില്ല. മാറാട് ശാന്തിയുണ്ടാകണമെങ്കിൽ സർവ്വകക്ഷി സമ്മേളനം നടത്തുമ്പോൾ ബി.ജെ.പി.യെ വിളിക്കണ്ടേ, വിളിക്കേണ്ടിവരും. അതുപോലെ ഒരു പ്രദേശത്ത് പ്രശ്നമുണ്ടായാൽ അതുമായി ബന്ധപ്പെട്ട എല്ലാവരേയും വിളിച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം. ആരെയെങ്കിലും വിളിക്കാതെ മാറ്റി നിർത്തിയുള്ള സമീപനം ഇവിടെ സ്വീകരിക്കാം എന്ന് ഗവൺമെന്റ് വിചാരിക്കുന്നുവെങ്കിൽ ഇവിടെ സംഘർഷപൂരിതമാക്കാനുള്ള ഗവൺമെന്റിന്റെ നിലപാട് തെറ്റാണ് എന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിന് സ്ഥായിയായ ഒരു നയം വിദ്യാഭ്യാസരംഗത്തില്ല, അഡ്ഹോക്കിസം മാത്രമുള്ള ഈ ഗവൺമെന്റിന്റെ നയത്തെ എതിർത്തുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. സി. കെ. നാണു : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സംവരണത്തിന്റെ ആനുകൂല്യങ്ങൾ നല്കി ഉന്നത വിദ്യാഭ്യാസത്തിൽ ഉയർന്ന തോതു പുലർത്താൻ സാധിച്ച സംസ്ഥാനമാണ് കേരളം. ഇവിടെ സ്വാശ്രയകോളേജുകൾ അനുവദിച്ചല്ലോ. അതാണ് എല്ലാപേരും പറഞ്ഞത്. രണ്ട് സ്വാശ്രയ കോളേജുകൾ എന്നു പറഞ്ഞാൽ ഒരു ഗവൺമെന്റ് കോളേജ്. ഫീസു വർദ്ധനവിന്റെ ഫലമായി ഇവിടത്തെ ന്യൂനപക്ഷങ്ങൾ എന്ന് പറയുന്നവർ നമ്മൾ പുറത്തു കാണുന്ന ന്യൂനപക്ഷങ്ങളല്ല, നമ്മുടെ സംസ്ഥാനത്തിൽ സാമ്പത്തികമായി, സാമൂഹികമായി വളരെ പിന്നിൽ നിൽക്കുന്ന ജനവിഭാഗങ്ങളിൽപ്പെട്ടവരാണ് മുസ്ലീം ന്യൂനപക്ഷമടക്കമുള്ള കേരളത്തിലെ പിന്നോക്ക വിഭാഗം. ആ പിന്നോക്ക വിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിൽ കഴിഞ്ഞകാലങ്ങളിൽ ലഭിച്ച തോതിൽ ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഒരു നയമല്ലേ സ്വാശ്രയകോളേജുമായി ബന്ധപ്പെട്ട ഫീസിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സ്പോർട്സ് രംഗത്ത് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അന്തർദേശീയരായ പ്രശസ്തരായ പല കളിക്കാർ, ഉദാഹരണത്തിന് എന്റെ നാട്ടിൽ ഇന്ത്യൻ ടീമിനെ പ്രതിനിധീകരിച്ച് വിദേശത്ത് കളിക്കാൻ തെരഞ്ഞെടുക്കപ്പെട്ട മുകുന്ദൻ എന്ന ക്ളിക്കാരൻ ഇന്ന് വാതരോഗം പിടിച്ച് തന്റെ വീട്ടിൽ കിടക്കുകയാണ്. ഒരു ചെറിയ പെൻഷൻ കിട്ടും. ഒരു അന്തർദേശീയ താരത്തിന് രോഗം പിടിച്ചാൽ വേണ്ടപോലെ ശ്രദ്ധിക്കാൻ ഒരു ഗവൺമെന്റില്ല എന്നുള്ള രൂപത്തിൽ നിൽക്കുന്നു. അതിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം അദ്ദേഹത്തിന്റെ നാടായ കണ്ണൂർ, ഇന്ത്യയിൽ ഫുട്ബോളിന് പ്രഗൽഭരായ കളിക്കാരെ പരിശീലിപ്പിച്ച നാടായ. കണ്ണൂരിൽ ഇന്ന് ഫുട്ബാളിന്റെ വളർച്ചയ്ക്ക് പഴയ പോലെ സാഹചര്യമുണ്ടോ. വടകരയിൽ ഞാൻ പറഞ്ഞതുപോലെ ഇന്ത്യൻ വോളി ബാൾ ടീം വരുമ്പോൾ ഒന്നുരണ്ടു കളിക്കാർ വടകരയിൽ നിന്നില്ലാത്ത ഒരു കാലം ഉണ്ടായിരുന്നില്ല. ഇന്ന് വടകരയിൽ അത്തരത്തിലുള്ള കളിക്കാർ വളർന്നുവരാൻ സഹായകരമായ സാഹചര്യമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കഴിഞ്ഞ കുറെ വർഷങ്ങളെടുത്ത് പരിശോധിച്ചാൽ സംസ്ഥാന നിലവാരത്തിൽ പ്രാഗൽഭ്യമുള്ള 400 മീ. 800 മീ.-ൽ ഒക്കെ പ്രാവീണ്യം പ്രകടിപ്പിച്ച അത്ലറ്റ്സ് ഉണ്ടായിരുന്നു. അവർക്ക് കുറേക്കൂടി പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് മേഖലയിൽ ശാസ്ത്രീയമായ അത്ലറ്റ്സിനെ സഹായിക്കാൻ പറ്റുന്ന പല ഉപകരണങ്ങളും ഇന്ന് ഇന്ത്യയിലെ പല സ്പോർട്സ് അക്കാഡമിയിലുമുണ്ട്. അത് നല്ല നിലയിൽ സ്പോർട്സ് താരങ്ങൾക്ക് ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഒരു നിർദ്ദേശ പ്രകാരം ഇവിടെ മുൻകൈയെടുത്തുകൊണ്ട് ആ സ്പോർട്സ് അക്കാഡമിക്ക് വേണ്ട ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അത് മുന്നോട്ടു കൊണ്ടുപോകണം. അതോടൊപ്പം കേരളത്തിൽ Foot Ball, Volley Ball ഇതിനെയെല്ലാം പ്രതിനിധീകരിച്ച കളിക്കാർ കേരളത്തിൽതന്നെ നിൽക്കണമെങ്കിൽ അവർക്ക് ജോലി ലഭിക്കണം. അതിന് ആവശ്യമായ സാഹചര്യം ഉണ്ടാകണം. അഖിലേന്ത്യാ തലത്തിൽ കളിച്ച ഇന്ത്യൻ കളിക്കാരെ കേരളത്തിൽ നിലനിർത്താൻ ആവശ്യമായ ജോലി നൽകാനുള്ള സാഹചര്യമുണ്ടാകണം. ഇന്ത്യയിലെ പല സ്റ്റേറ്റുകളിലും ഇന്ത്യൻ ടീമിനെയും കോച്ച് ചെയ്ത പ്രഗൽഭരായ കോച്ചസ് കേരളത്തിന്റെ പല ഭാഗത്തുമുണ്ട്. വടകരയിൽ വോളി ബാളിന്റെ പ്രഗൽഭരായ കോച്ചസുണ്ട്. അവരുടെ ജീവിതമെല്ലാം ഇപ്പോൾ പാഴാക്കുന്ന രൂപത്തിലാണ് ചെലവഴിക്കുന്നത്. അവരെ കണ്ടുപിടിച്ച് അവരുടെ പരിശീലനം ലഭ്യമാക്കണം. Foot Ball, Volley Ball, Basket Ball തുടങ്ങിയവയ്ക്ക് ഒരുകാലത്ത് ഇന്ത്യയിൽ പ്രശസ്തിയുണ്ടായിരുന്നു. ആലപ്പുഴയിലെ വൈ.എം.സി.എ., കുന്നംകുളം വൈ.എം.സി.എ., കോട്ടയം വൈ.എം.സി.എ. തുടങ്ങിയവയിലൊക്കെ ഒരു കാലത്ത് അന്തർദേശീയ നിലവാരത്തിലുള്ള കളിക്കാരുണ്ടായിരുന്നു. അതിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് അവർക്ക് കൂടുതൽ പരിശീലനം നൽകാനാവശ്യമായ സൗകര്യങ്ങൾ, ആധുനിക ഉപകരണങ്ങൾ തേടാനുള്ള സൗകര്യം കളിച്ചുവരുന്ന നല്ല പ്രാവീണ്യമുള്ള കളിക്കാർക്ക് ജോലി നൽകാനുള്ള സൗകര്യം, അവശരായ, രോഗശയ്യയിൽ കിടക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ചികിൽസയ്ക്കും, സാമാന്യം ജീവിക്കാനുമുള്ള സാമ്പത്തികസഹായം എന്നിവ നല്കണമെന്ന് ഒരിക്കൽക്കൂടി ഞാൻ സ്പോർട്സ് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. കാരണം നമ്മുടെ സംസ്ഥാനത്തെ പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടി മറ്റ് പലരെക്കാളും അനേകഘട്ടത്തിൽ മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ച അദ്ദേഹം പരിശോധിക്കേണ്ടത്, ഇന്ന് പഴയകാലത്ത് കേരളത്തിലെ ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിന് ഉന്നത വിദ്യാഭ്യാസരംഗത്ത് ലഭിച്ച പരിഗണന സ്വാശ്രയ കോളേജുകൾ വന്നശേഷം താഴ്ന്ന സാമ്പത്തിക നിലവാരമുള്ളവർക്ക് ലഭിക്കുന്നുണ്ടോ ? ഞാൻ ദീർഘമായി പോകുന്നില്ല. ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ കേരളത്തിലെ പിന്നോക്ക വകുപ്പു സമിതിയുടെ ചെയർമാനാണ്. അദ്ദേഹം അദ്ധ്യക്ഷനായ സമിതിയുടെ മുമ്പാകെ വന്ന പല കണക്കുകളും വ്യക്തമാകുന്നത്, ഇന്ന് കേരളത്തിൽ മുസ്ലീം ന്യൂനപക്ഷവും കേരളത്തിലെ മറ്റ് പട്ടിക പിന്നോക്ക വിഭാഗത്തിലുള്ളവരും അവരുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ ഇനിയും സംവരണത്തെ ആശ്രയിക്കേണ്ട ഒരു അവസ്ഥയാണുള്ളത്. അത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. ഡി.പി.ഇ.പി. എന്ന പെരുമഴ ഇവിടെ പെയ്തു. ആ മഴ കഴിഞ്ഞു. എസ്.എസ്.എ. മഴ തുടങ്ങിയിരിക്കുകയാണ്. പരീക്ഷണശാലയിൽ വെള്ള എലിയെ ഉപയോഗിക്കുന്നതുപോലെ പ്രൈമറി വിദ്യാർത്ഥികളായ പാവപ്പെട്ട കുഞ്ഞുങ്ങളെ പരീക്ഷണത്തിന് ഏറിഞ്ഞുകൊടുക്കരുതെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി, ആ ജനപങ്കാളിത്തമില്ലാതെയാണ് നടപ്പിലാക്കിയിരിക്കുന്നത്. നമ്മുടെ ഈ സഭ ഏക മനസ്സോടെ പാസ്സാക്കിയ സ്പോർട്ട്സ് ബിൽ തൊട്ടുനോക്കാതെ മാറ്റിനിർത്തിയിരിക്കുകയാണ്. കേരളത്തിലെ കായിക പ്രേമികളോട് ചെയ്യുന്ന അനീതിയാണ്. അതിനോട് ഇത്ര ചിറ്റമ്മനയം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആ ബിൽ അടിയന്തരമായി നിയമമാക്കുന്നതിന് നടപടി സ്വീകരിക്കണം. സാംസ്കാരിക വകുപ്പ് ഇവിടെ ഉണ്ടോ ; സാംസ്കാരിക വകുപ്പിന് ആവശ്യമായ പണം നൽകുന്നുണ്ടോ ; നമ്മുടെ പൈതൃകം സംരക്ഷിക്കുവാൻ എന്തെങ്കിലും നടപടി ഉണ്ടോ ; അടുത്ത തലമുറയ്ക്ക് പറഞ്ഞുകൊടുക്കുവാൻ, കാണിച്ചുകൊടുക്കുവാൻ എന്തെങ്കിലും പൈതൃകം നമ്മുടെ കയ്യിലുണ്ടോ ? അതിനൊന്നും പണവുമില്ല. സമയവുമില്ല. മന്ത്രി സാംസ്കാരിക നായകന്മാരോട് കൊമ്പ് കോർക്കുകയാണ്. എന്തിനാണ് ? സാംസ്കാരിക വകുപ്പുമന്ത്രിയെ എനിക്ക് വ്യക്തിപരമായി ഇഷ്ടമാണ്. നല്ലൊരു ചെറുപ്പക്കാരൻ. പക്ഷെ അദ്ദേഹത്തിന്റെ സമയം മുഴുവൻ സാംസ്കാരിക നായകന്മാരോട് കൊമ്പ് കോർത്തുകൊണ്ട് കളയുകയാണ്. അതിന് ആവശ്യമായ ഫണ്ട് അനുവദിച്ചുകൊടുക്കുവാൻ ധനകാര്യവകുപ്പു പിശുക്ക് കാണിക്കുന്നു. ഇവിടെ എം.ടിയെപോലുള്ള സാംസ്കാരിക നായകന്മാരെയും എഴുത്തുകാരെയും മാറ്റിനിർത്തിക്കൊണ്ട് എഴുത്തുകാരെയും സാംസ്കാരിക നായകന്മാരെയും സംസ്കരിക്കുവാൻ കഴിയുമെന്ന് ധരിക്കരുത്. ഒറ്റപ്പാലത്ത് പ്ളസ് ടു അഡ്മിഷനുവേണ്ടി കുട്ടികൾ നെട്ടോട്ടം ഓടുകയാണ്. അതുകൊണ്ട് ഒറ്റപ്പാലം ഗവൺമെന്റ് സ്കൂളിൽ പ്ളസ് ടു വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കണം. മുഖ്യമന്ത്രിയെ ഇവിടെ കാണാൻ ഇല്ല. മുഖ്യമന്ത്രി ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിൽ നടത്തിയ പത്രസമ്മേളനം ചില്ല് കൊട്ടാരത്തിലിരുന്നു കല്ല് എറിയുന്നതിന് തുല്യമായിരുന്നു. അദ്ദേഹവും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും കൂടി എല്ലാം വ്യവസായവൽക്കരിച്ച് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ ജിം നടത്തിയല്ലോ, ആ ജിം-ഉം കുളമാക്കി എന്നാണ് എനിക്ക് പറയുവാനുള്ളത്. ഒരിക്കലും കോൺഗ്രസ് നേതാവായ മുഖ്യമന്ത്രിയിൽനിന്ന് ഇങ്ങനെ ഒരു പ്രതികരണം പ്രതീക്ഷിച്ചില്ല. ഒരുപക്ഷെ ഡൽഹിയിലും സിംലയിലും ഒക്കെപോയി ചിന്തൻബൈഠക്ക് നടത്തി തിരിച്ചുവന്നതിനുശേഷം ഉണ്ടായ പുതിയ ആവേശം കൊണ്ടായിരിക്കാം മൃദുല സമീപനം മതിയെന്ന്. പക്ഷെ കേരളത്തിലെ വിദ്യാസമ്പന്നരായ, സംസ്കാര സമ്പന്നരായ ജനങ്ങളോട് അദ്ദേഹം അനീതി കാണിച്ചുവെന്ന് ഘോരത്തോടെ പറയട്ടെ. അദ്ദേഹം എല്ലാം കുളമാക്കുകയാണോയെന്ന് ഞാൻ ഭയപ്പെടുന്നു.

മി. ചെയർമാൻ : പ്ളീസ്,... പ്ളീസ്,....

ശ്രീ. വി. സി. കബീർ : ഞാൻ അങ്ങയെ ബുദ്ധിമുട്ടിക്കുന്നില്ല. ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി : സർ, രാജ്യത്തെ ഏറ്റവും വലിയ ബഹുജന മാധ്യമവും സമ്പൂർണ്ണകലയും വിവിധ കലകളുടെ സമന്വയവുമാണ് സിനിമ. പരമ്പരാഗത വ്യവസായങ്ങൾപോലെ ഏറ്റവും വലിയ തൊഴിൽമൂല്യമുള്ള വ്യവസായംകൂടിയാണ് ഇന്ന് സിനിമ. സിനിമയുടെ വ്യവസായ സാധ്യത കണക്കിലെടുത്തുകൊണ്ടാണ് കോടമ്പാക്കത്തുനിന്ന് മലയാള സിനിമയെ കേരളത്തിലേക്ക് പറിച്ചുനട്ടത്. പക്ഷെ പറിച്ചുനട്ട വേരുകൾ ഓരോ ദിവസവും ചീഞ്ഞുകൊണ്ടിരിക്കുകയാണ്. സിനിമയിൽനിന്ന് ഖജനാവിലേക്ക് ഏകദേശം 600 കോടി രൂപവരെ ഒരു വർഷം കിട്ടിയിരുന്നുവെങ്കിൽ ഇന്ന് അത് 200 കോടി രൂപയായി ചുരുങ്ങി. 120 ചിത്രങ്ങൾ വരെ പ്രതിവർഷം റിലീസ് ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് കേരളത്തിൽ ആറു മാസത്തിലൊരിക്കൽ 16 ചിത്രങ്ങളാണ് റിലീസ് ചെയ്യാൻ പറ്റുന്നത്. പൂർത്തിയായ അറുപത്തിരണ്ടോളം ചിത്രങ്ങൾ വിതരണം നടത്താൻ ആളെ കിട്ടാതെ സാമ്പത്തിക ബുദ്ധിമുട്ടുകാരണം പെട്ടിയിലിരിക്കുകയാണ്. ഇൻഡ്യൻ സിനിമയിൽ പ്രശസ്തനായ മണിരത്നത്തിന്റെ സഹോദരൻ കുറച്ചു ദിവസങ്ങൾക്ക് മുമ്പ് സാമ്പത്തിക ബാദ്ധ്യതമൂലം ആത്മഹത്യചെയ്തു.

മി. ചെയർമാൻ : രണ്ടു മിനിട്ടായി.

ശ്രീ. മഞ്ഞളാംകുഴി അലി : എനിക്ക് മൂന്നു മിനിട്ടുണ്ട്. വേറെ ആരും സിനിമയെപ്പറ്റി പറയുന്നില്ല. കേരളത്തിലെ പല നിർമ്മാതാക്കളും ഇപ്പോൾ ആത്മഹത്യയുടെ മുനമ്പിലാണ്. വൈദ്യുതി ചാർജ് ഗണ്യമായി കൂട്ടിയതോടെ തീയേറ്റർ ഉടമകൾ പ്രതിസന്ധിയിലാണ്. ചെറുകിട വ്യവസായങ്ങൾക്ക് കൊടുക്കുന്ന സംഖ്യപോലും ഇന്ന് സിനിമയ്ക്ക് കിട്ടുന്നില്ല. ഒരുകാലത്ത് നമ്മുടെ നഗരങ്ങളിലെ സാംസ്കാരിക കേന്ദ്രങ്ങളായിരുന്ന സിനിമാ തീയേറ്ററുകൾ ഇപ്പോൾ കല്യാണ മണ്ഡപങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ക്രമസമാധാനം തകർന്നതിനാൽ രാത്രിപോലും സെക്കന്റ് ഷോയ്ക്ക് ആളുകൾ പോകുന്നില്ല. സിനിമാ വ്യവസായം ഇന്ന് ശരിക്കുംപറയുകയാണെങ്കിൽ മൊഴിചൊല്ലിയ പെണ്ണിനെപ്പോലെയാണ്. ആർക്കും വേണ്ടാതെ തികച്ചും അനാഥയാണ്. സംസ്ഥാന സിനിമാ വ്യവസായത്തിൽ നിന്നുംകിട്ടുന്ന 40 ശതമാനം വിനോദ നികുതിയുടെ ഒരു വീതമെങ്കിലും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ ഗവൺമെന്റുകൾ ചെയ്യുന്നതുപോലെ നിർമ്മാതാക്കൾക്കിടയിൽ റീസൈക്കിൾ ചെയ്തെങ്കിൽ മാത്രമേ ഈ സിനിമാ വ്യവസായത്തെ രക്ഷിക്കുവാൻ കഴിയൂ. സിനിമ നേരിടുന്ന ഏറ്റവും വലിയ ഭീഷണി വ്യാജ കാസറ്റുകളുടെ പ്രചാരമാണ്. ഒരു സിനിമ റിലീസ് ചെയ്താൽ മൂന്നാം ദിവസം തന്നെ വ്യാജ കാസറ്റ് വീഡിയോഷോപ്പുകളിൽനിന്നും വീഡിയോ ലൈബ്രറികളിൽനിന്നും കിട്ടും. സിനിമാ റിലീസിംഗ് സെന്ററിൽനിന്ന് ഷിഫ്റ്റ് ചെയ്യുന്നതിനു മുമ്പുതന്നെ അത് കേബിളിൽ പ്രദർശിപ്പിക്കുന്നു. അതുകൊണ്ട് സിനിമാ തീയേറ്ററുകളിലേക്ക് ആരും പോകുന്നില്ല. അതിനെക്കാൾ വലിയ ലജ്ജാകരമായ സംഗതി നമ്മുടെ പ്രശസ്തരായ നടികളുടെ വെട്ടി ഒട്ടിച്ച, അതായത് മോർഫിംഗ് ചെയ്ത കുറേ നീലചിത്രങ്ങളുടെ കാസെറ്റുകൾ പല സ്ഥലത്തും പ്രദർശിപ്പിക്കുന്നുണ്ട്. ഇത് ഏറ്റവും വേഗതയിൽ കിട്ടുന്നത് പോലീസ്

ഓഫിസർമാരുടെ കൈകളിലാണ്. ഇതു പിടിക്കേണ്ട ആളുകളുടെ കൈകളിലാണ് ആദ്യം കിട്ടുന്നത്. വേലിതന്നെ വിളവുതിന്നുകയാണ്. വ്യാജ കാസറ്റുകളുടെ ഉപയോഗം കണ്ടുപിടിക്കുവാൻവേണ്ടി ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ അതിന്റെ പ്രവർത്തനം വളരെ മോശമാണ്. അത് തികച്ചും തൃപ്തികരമല്ല. ഈ കാസറ്റുകളൊക്കെ വേണമെങ്കിൽ കാണിക്കാം.

മി. ചെയർമാൻ : അതൊന്നും കാണിക്കണ്ട.

ശ്രീ. മഞ്ഞളാംകുഴി അലി : കാണിക്കുന്നില്ല. അതായത് പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന മലയാള സിനിമ,..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ,...

ശ്രീ. മഞ്ഞളാംകുഴി അലി : ഒരു പോയിന്റ് ഓഫ് ഓർഡറും വേണ്ട.....(ബഹളം).....

മി. ചെയർമാൻ : ഏത് റൂൾ അനുസരിച്ചാണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 303 അനുസരിച്ചാണ്. നിയമസഭയുടെ ചട്ടങ്ങൾ അനുസരിച്ച്, നിയമസഭയുടെ നടപടിക്രമം അനുസരിച്ച്, കീഴ്വഴക്കങ്ങൾ അനുസരിച്ച് നിയമസഭയ്ക്ക് അകത്ത് അശ്ലീല ചിത്രങ്ങളുടെ കാസറ്റുകളുമായി വരുന്നത് നിയമവിരുദ്ധമാണ്. അതുകൊണ്ട് അങ്ങ് ദയവായി അത് കസ്റ്റഡിയിൽ എടുക്കുകയും പിന്നീട് അത് പ്രചരണത്തിന് പോകാതിരിക്കുന്നതിനു വേണ്ടി സേഫ് കസ്റ്റഡിയിലേക്ക് മാറ്റുകയും ചെയ്യണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.....(ബഹളം).....

ശ്രീ. മഞ്ഞളാംകുഴി അലി : അശ്ലീല ചിത്രമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. അശ്ലീലചിത്രം, അശ്ലീലചിത്രം എന്നു വിചാരിച്ചുകൊണ്ടിരുന്നാൽ ഞാൻ എന്തുചെയ്യാനാണ് ? ഞാൻ ഇവിടെ പ്രദർശിപ്പിച്ചില്ല. ഞാൻ ഇവിടെ കാണിച്ചത്, ഇപ്പോൾ തീയേറ്ററുകളിൽ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന സി.ഐ.ഡി. മൂസ മുതൽ കിളിച്ചുണ്ടൻ മാമ്പഴം വരെയുള്ള സിനിമകളുടെ കാസറ്റുകളാണ്. അതല്ലാതെ അശ്ലീല സിനിമയല്ല. അദ്ദേഹം അശ്ലീലമെന്ന് പറഞ്ഞാൽ ഞാൻ എന്തുചെയ്യാനാണ് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ പറഞ്ഞത് അശ്ലീല കാസറ്റ് എന്നാണ്. അദ്ദേഹം ഇവിടെ പറഞ്ഞത് വ്യാജ കാസറ്റെന്നാണ്. അതിനെ വളച്ചൊടിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അശ്ലീല കാസറ്റ് കാണണമെന്നുണ്ടെങ്കിൽ അതിനുള്ള ഏർപ്പാട് ചെയ്തുകൊടുക്കണം.....(ബഹളം).....

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ പറഞ്ഞത് വ്യാജ കാസറ്റുകളെ കുറിച്ചാണ്. വ്യാജ സി.ഡികളെക്കുറിച്ചാണ്. സി.ഐ.ഡി. മൂസ മുതൽ കിളിച്ചുണ്ടൻ മാമ്പഴം വരെയുള്ള സിനിമകളുടെ കാസറ്റുകളാണ് ഞാൻ കാണിച്ചത്.....(ബഹളം)..... ഈ കലാസൃഷ്ടികളുടെ അവകാശം കൊള്ള ചെയ്യുന്ന ഈ പ്രവണത അടിയന്തരമായി അവസാനിപ്പിക്കണം. പ്ലാറ്റിനം ജൂബിലി

LIBRARY ARCHIVES Kerala Legislative Assembly

ആഘോഷിക്കുന്ന മലയാള സിനിമ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു സിനിമാ കമ്മിഷനെ നിയമിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, വളരെ പ്രധാനപ്പെട്ട രണ്ട് ആരോപണങ്ങളാണ് സഭയിൽ ഉണ്ടായത്. ശ്രീ. മഞ്ഞളാംകുഴി അലി കാസറ്റ് കൊണ്ടുവന്നതിനെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുകയുണ്ടായി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അതിനു വ്യത്യസ്തമായി പറഞ്ഞു. എന്റെ ആവശ്യം ഇവിടെ കൊണ്ടുവന്നിരിക്കുന്ന കാസറ്റ് എന്താണെന്ന സംശയം സഭയിൽ ഉയർന്നിരിക്കുകയാണ്. അതു പിടിച്ചെടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ മുന്നോട്ടുവരണം.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. എഡ്യൂക്കേഷൻ എന്ന വാക്കിന്റെ അർത്ഥം പുറത്തുകൊണ്ടുവരുക എന്നതാണ്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനിൽ അന്തർലീനമായിക്കിടക്കുന്ന കഴിവുകളേയും പ്രതിഭകളേയും പുറത്തുകൊണ്ടുവരലാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. പക്ഷേ അതു നേടാൻ അവസരങ്ങളില്ലാതെ കഷ്ടപ്പെട്ടുകൊണ്ട് മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകിയിരുന്ന പണത്തെ ഇവിടെ പിടിച്ചുനിർത്താനുള്ള ക്രിയാത്മകമായ പരിപാടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായി എന്നുള്ളത് ശ്രദ്ധേയവും സ്വാഗതാർഹവുമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസമേഖലയിൽ ഒരു നവവസന്തത്തിന്റെ ആഗമനമുണ്ടാക്കുകയാണ്. ഈജിയൻ തൊഴുത്ത് എന്നു പറഞ്ഞ് പലരും കുറ്റപ്പെടുത്തിയിരുന്ന, കുത്തഴിഞ്ഞ പുസ്തകമെന്ന് പലരും ആരോപിച്ചിരുന്ന ഈ വകുപ്പിൽ ഒരു നവവസന്തവും ഒരു നല്ല കാലഘട്ടവും വരാൻ പോകുകയാണ്. പരക്കെ വിമർശനങ്ങളുണ്ടെങ്കിലും പരക്കെ ആക്ഷേപങ്ങളുണ്ടെങ്കിലും ആ ആക്ഷേപങ്ങളൊക്കെ സംവരണത്തിന്റെ കാര്യത്തിലാണ്. 25% വേണമോ 50% വേണമോയെന്നുള്ള തർക്കമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ നിലനിർത്തിപോന്നിരുന്ന ഒരു പാരമ്പര്യമുണ്ട്. പിന്നോക്കന്യൂനപക്ഷങ്ങളും മതന്യൂനപക്ഷങ്ങളും അവശതൊഴിലാളി വിഭാഗങ്ങളും ജീവിക്കുന്ന ഈ സംസ്ഥാനത്ത് 50%ത്തിൽ താഴെയുള്ള ഒരു നിലപാടിലേക്ക് ഗവൺമെന്റ് വരരുത്. മാത്രമല്ല, 50% മെറിറ്റിൽ സംവരണാനുകൂല്യം കൂടി നിലനിർത്തണം. അതിന് ഒട്ടും വൈകിക്കൂടാ. പുറത്ത് പലയാളുകളുടേയും മനസിൽ പല രീതിയിലുള്ള പ്രചരണങ്ങൾ കൊണ്ട് പലപ്പോഴും ഗവൺമെന്റ് പ്രതിക്കൂട്ടിൽ ആകുന്നുണ്ട്. അത് തിരുത്താൻ യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തവണത്തെ എസ്.എസ്.എൽ.സി. റിസൽട്ട് വളരെ മെച്ചപ്പെട്ടു. 62.87% ആണ് ഇത്തവണത്തെ റിസൾട്ട് കഴിഞ്ഞ വർഷം 60.62% ആയിരുന്നു. ഈ വർദ്ധനവിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിമാനിക്കാം. പതിനാലാം സ്ഥാനത്തായിരുന്നു അദ്ദേഹത്തിന്റെ ജില്ല. അത് പതിമൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. 7% കൂടുതൽ റിസൽട്ട് ഉണ്ടായി. എന്റെ ജില്ലയിൽ റിസൽട്ടിൽ നേരിയ വർദ്ധനവ് ഉണ്ടെങ്കിലും പതിനാലാമതായി

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് ദുഃഖകരമായി ഞാൻ കാണുന്നു. അതൊക്കെ പരിഹരിക്കാൻ അതാതു ജില്ലകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഹരിശ്രീയും വിജയഭേരിയുമൊക്കെ കൂടുതൽ ഉഷാറായി നടത്തേണ്ടത് ആവശ്യമാണ്. ഗവൺമെന്റ് ഒരു കാര്യം ചെയ്തു. ഒരു ഏകദിന അദ്ധ്യാപക വെരിഫിക്കേഷൻ നടത്തി. മഴയ്ക്ക് വേഴാമ്പൽ കാത്തുനിൽക്കുന്നതുപോലെ ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ നമ്മുടെ നാട്ടിൽ ഹൈസ്കൂളുകളിലേയും യു.പി. സ്കൂളുകളിലേയും അദ്ധ്യാപകർ എ.ഇ.ഒ.-യേയും ഡി.ഇ.ഒ.-യേയും ഡി.ഡി.-യേയും കാത്തിരിക്കുകയാണ്. കുട്ടികളുടെ തലയെണ്ണം തികയ്ക്കാനാണ്. തലയെണ്ണം തികയ്ക്കുന്ന കാര്യത്തിൽ പലർക്കും ബി.പി. കൂടുകയും കുറഞ്ഞിവീഴുകയും ചെയ്യുന്നു. ഒരു കുട്ടി കമ്മിയായാൽ മോട്ടോർ ബൈക്ക് എടുക്കുന്നു, കാറെടുക്കുന്നു, നെട്ടോട്ടമാണ്. ഏതായാലും സ്കൂളുകളിൽ ഏകദിന വെരിഫിക്കേഷൻ കൊണ്ട് അത് കമ്മിയായിട്ടുണ്ട്. പക്ഷേ അതിന്റെ ഗുണഫലങ്ങൾ ഈ വർഷം വിദ്യാലയ രംഗത്ത് പ്രകടമാകണം. അക്കാഡമിക് രംഗത്ത് അതിന്റെ മാറ്റങ്ങൾ ഉണ്ടാകണം. ഈ രംഗത്ത് ഏറ്റവും പ്രധാനമായ മാറ്റമുണ്ടായത് ഡി.പി.ഇ.പി.-യുടെ രംഗത്താണ്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ ഗുണമാറ്റത്തിന്റെ അവസാനത്തെ വാക്ക് എന്നായിരുന്നു ഒരു കാലത്ത് പല സുഹൃത്തുക്കളും പ്രസംഗിച്ചത്. ഡി.പി. ഇ.പി.-യിൽ ഒരുപാട് പോരായ്മകൾ ഉണ്ടായിരുന്നു. അനാവശ്യമായ ട്രെയിനിംഗ് ഉണ്ടായിരുന്നു. അക്ഷരസ്ഫുടത ആ മേഖലയിൽ ഉണ്ടായിരുന്നില്ല. എഴുത്തുപരിശീലനം ആ രംഗത്ത് കമ്മിയായിരുന്നു. കുട്ടികളുടെ അച്ചടക്കം കുറഞ്ഞിരുന്നു. ഇപ്പോൾ ഗുണപരമായ മാറ്റമുണ്ടായി. ഭാവനാസമ്പത്ത് കുട്ടികൾക്ക് കൂടി. സംഘടനാപാടവം വളരെ കൂടി. മാത്രമല്ല ഡി.പി.ഇ.പി.-യുടെ പുസ്തകങ്ങളൊക്കെ സ്റ്റാൻഡേർഡിന്റെ കാര്യത്തിൽ, ഭാഷയുടെ കാര്യത്തിൽ നാടൻ ഭാഷകൾക്ക് പ്രാധാന്യം കൊടുത്തിരുന്നു. സാറേ സാറേ സാമ്പാറേ എന്നു തുടങ്ങുന്ന പല പാട്ടുകളുമായിരുന്നു.

കുടുകുടു കേൾക്കുന്നു,

ഇടിയുടെ ശബ്ദം കേൾക്കുന്നു,

മാനത്തച്ഛൻ പത്തായത്തിൽ,

തേങ്ങ പെറുക്കിയിടുന്നല്ലോ..... ഇങ്ങനെ കുടുകുടുപ്പാട്ടും പളപളപ്പാട്ടുമായി നമ്മുടെ മലയാള പാഠപുസ്തകങ്ങൾ നിറഞ്ഞിരുന്നു. പുസ്തകങ്ങളുടെ പേരുകളടക്കം കളിയായി മാറി. കിങ്ങിണി, കുന്നിമണി, മിന്നാമിന്നി എന്നിങ്ങനെയാണ്. അതു മാറി. എഴുത്തുപരീക്ഷകൾക്ക് വീണ്ടും പ്രാധാന്യം വന്നു. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അച്ചടക്കം കൂടി. പുസ്തകത്തിന്റെ നിലവാരം കൂടി. ഭാഷാപരിചയവും കിങ്ങിണിയിലേയും കുന്നിമണിയിലേയും നല്ല അംശങ്ങൾ ചേർത്തുകൊണ്ട് കേരള പാഠാവലി മലയാളം വന്നു, ഗണിതം വന്നു, പരിസരപഠനം വന്നു. ഇന്ന് അനാവശ്യമായ ട്രെയിനിംഗുകൾ ഇല്ല. സഹവാസ ക്യാമ്പുകൾ ഇല്ല. ചങ്ങമ്പുഴയുടെ വസന്താഗമം നമ്മുടെ പാഠപുസ്തകങ്ങളിൽ സ്ഥാനം പിടിച്ചു, കുഞ്ചൻ നമ്പ്യാർ സ്ഥാനം പിടിച്ചു, ഗാന്ധിജി വന്നു, നെഹ്റു വന്നു, ഇവരെല്ലാം തിരിച്ചു വരുന്നു. ഇതൊക്കെ നമ്മുടെ നാട്ടിലുണ്ടായ വലിയ മാറ്റങ്ങളാണ്. ഒന്നാം ക്ലാസിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടി ചേർന്ന്, നാലാംക്ലാസ് പൂർത്തിയാകുമ്പോൾ ഒരു കുട്ടിക്ക് വേണ്ട ശരാശരി ഡിമാൻഡ് മലയാളഭാഷ തെറ്റു കൂടാതെ വായിക്കാനും എഴുതാനും അറിയണം. ഏഴാം ക്ലാസ് പൂർത്തിയാകുമ്പോൾ ഒരുപാട് ക്വാളിറ്റികൾ അക്വയർ ചെയ്യണം. പത്താംക്ലാസ് പൂർത്തിയാകുമ്പോൾ ഒരുപാട് ക്വാളിറ്റികൾ അക്വയർ ചെയ്യണം, പക്ഷേ ആ ക്വാളിറ്റികളൊന്നും ഇന്ന് വിദ്യാഭ്യാസരംഗത്ത് അക്വയർ ചെയ്യുന്നില്ല എന്നുള്ളത് വേദനാജനകമായ ഒരു വസ്തുതയാണ്. അതുകൊണ്ടാണ് ഒരു കുട്ടിയുടെ ഭാവിയിൽ എല്ലാവരും സ്വാർത്ഥരാകുന്നത്. ഓരോ രക്ഷിതാവും സ്വാർത്ഥനാണ്. ഒരു രക്ഷിതാവെന്ന നിലയിൽ ഞാനും സ്വാർത്ഥനാണ്. അതുകൊണ്ടാണ് മുണ്ടു മുറുക്കി, ചായ ഉപേക്ഷിച്ച്, ബീഡി ഉപേക്ഷിച്ച് അൺ-എയ്ഡഡ് മേഖലയിലേക്ക് നല്ല വിദ്യാഭ്യാസം കിട്ടുമെന്നു പറഞ്ഞുകൊണ്ട് കുട്ടികളെ വിടുന്നത്. ഏതായാലും ഇംഗ്ലീഷ് ഭാഷയുടെ അധ്യയനം ഒന്നാം ക്ലാസ് മുതൽ തുടങ്ങാൻ നിലപാടെടുത്തത് സ്വാഗതാർഹമാണ്. ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചയാളുകൾ അരിസ്റ്റോക്രാറ്റാകുന്നു, ടെക്നോക്രാറ്റാകുന്നു, ബ്യൂറോക്രാറ്റാകുന്നു. നേരെമറിച്ച് നമ്മുടെ സാധാരണ സ്ക്കൂളുകളിൽ പഠിച്ചയാളുകൾ അങ്ങോട്ട് എത്തുന്നില്ല. പ്രതിഭകളായ ഒരുപാടാളുകൾ എത്തുന്നു എന്നുള്ളത് സത്യമാണ്. പക്ഷേ സ്വാഭാവികമായും നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്ത് നിന്ന് ഗവൺമെന്റ് ഒളിച്ചോടാൻ പാടില്ല. നാലകത്തുസൂപ്പി എന്നു പറയുന്ന മഹത്വ്യക്തി ജനിച്ചത് താഴക്കോട് ഗ്രാമപഞ്ചായത്തിലാണ്. താഴക്കോട് പുതൂരിലേയും താഴക്കോട് അരക്കുപറമ്പിലേയും ഗ്രാമീണനായ പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് ഒരിക്കലും തന്റെ മക്കളെ ഇംഗ്ലീഷ് മീഡിയത്തിലേക്ക് അയയ്ക്കാൻ കഴിയുന്നില്ല. അത്തരത്തിലുള്ള നൂറുകണക്കിന് പുതൂർ ഗ്രാമങ്ങൾ, അരക്കുപറമ്പ് ഗ്രാമങ്ങൾ കേരളത്തിലുണ്ട്. അവിടേക്ക് അൺ-എയ്ഡഡ് മേഖലയിൽ സ്ക്കൂൾ കൊടുത്തു കൊണ്ട് അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാനുള്ള ദൂരത്തെ ചുരുക്കിക്കൊണ്ടുവരാൻ ബഹുമാനപ്പെട്ട.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി : അങ്ങിവിടെ മലയാളം മീഡിയം സ്ക്കൂളുകളെ കുറിച്ചും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെക്കുറിച്ചും പറഞ്ഞു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്ന കുട്ടികൾ ആണ് വലിയ നേട്ടങ്ങൾ ഉണ്ടാക്കുന്നതെന്ന് സൂചിപ്പിച്ചു. അതിന് അപവാദമായി ഈ വർഷത്തെ സിവിൽ സർവ്വീസ് പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ അശ്വതി, പത്തനംതിട്ട ഡി.സി.സി. പ്രസിഡന്റ് അഡ്വക്കേറ്റ് ശിവദാസൻനായരുടെ മകൾ, ആറന്മുള ഗവൺമെന്റ് സ്കൂളിൽ മലയാളം മീഡിയത്തിൽ പഠിച്ച്, മലയാളം സെക്കന്റ് ലാംഗ്വേജ് എടുത്ത് പഠിച്ച് വലിയ വിജയം ഉണ്ടാക്കിയതാണെന്ന യാഥാർത്ഥ്യം അറിയാമോ ?

ശ്രീ. കളത്തിൽ അബ്ദുള്ള : നമ്മുടെ വീടുകളിലുമൊക്കെ ഇതുപോലുള്ള കുസുമങ്ങൾ വിരിയുന്നുണ്ട്. പക്ഷേ ഭൂരിപക്ഷവും വിരിയുന്നത് എവിടെ നിന്നാണ് ? പൊതുവിദ്യാലയത്തിൽ പഠിച്ചയാളിന് ഒരു വേലി കണ്ടാൽ ചാടിപ്പോകാൻ കഴിയും. അല്ലെങ്കിൽ നിവർന്നുപോകാനെങ്കിലും കഴിയും. പക്ഷേ ചാടാനും നിവരാനും മാത്രമേ കഴിയൂ, ജീവിത പ്രതിസന്ധികളെ നേരിടാൻ കഴിയില്ല. അതുകൊണ്ട് വലിയ രംഗത്തേക്ക് എത്താൻ കഴിയുന്നില്ല. ഏതായാലും സാധാരണക്കാർക്കു കൂടി അനുഭവം പങ്കിടാൻ വിദ്യാഭ്യാസമന്ത്രി മുന്നോട്ടു വന്നത് നല്ല കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് പ്ളസ് ടു അഡ്മിഷന് പിന്നോക്കവിഭാഗങ്ങൾക്ക് ഹൈക്കോടതി വിധിപ്രകാരം സംവരണം ഇല്ല. ഈ രംഗത്ത് ധീരമായ നിലപാട് ഗവൺമെന്റ് സ്കൂളുകളിൽ എടുത്തതുപോലെ എടുക്കാൻ കഴിയണം. ഇടതുപക്ഷമുന്നണിയുടെ കാലത്ത് ഇവിടെ പ്ളസ് ടു കൊടുത്തു. 5622 അദ്ധ്യാപകരുടെ നിയമനം ഉണ്ടായിരുന്നു. അതു ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചുകൊണ്ട് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിച്ചു. റാങ്ക് കിട്ടിയാൽ എല്ലാവരും പോയി അഭിനന്ദിക്കും, അനുമോദിക്കും. പക്ഷേ കേരളത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 1,61,215 പേർ തോറ്റു. ഹയർ സെക്കന്ററി പരീക്ഷയിൽ 1,11,517 പേർ തോറ്റു. പക്ഷേ തോറ്റവരെ ആരു കാണുന്നു ? തോറ്റവരെ കാണുന്ന ഒരു കാലഘട്ടം വന്നാൽ മാത്രമേ വിദ്യാഭ്യാസത്തിന് സാർവ്വത്രികത എന്നുപറയുന്ന അർത്ഥം പൂർത്തിയാക്കാൻ കഴിയൂ. 93-ാം ഭരണഘടനാ ഭേദഗതിയിൽ വിദ്യാഭ്യാസം മൗലികാവകാശമാണ്. വിദ്യാഭ്യാസം ഇന്ന് മൗലികാവകാശം മാത്രമല്ല, ലോകകൺസെപ്റ്റിൽ അത് ഒരു മനുഷ്യന്റെ അവകാശമാണ്. വിദ്യാഭ്യാസം സോഷ്യൽ സെക്ടറാണ്. പക്ഷേ ഗവൺമെന്റ് ഒരിക്കലും ഒളിച്ചോടരുത്. സാമ്പത്തികമായി കഴിവില്ലെന്നു പറഞ്ഞാൽ കോരനു കഞ്ഞി കുമ്പിളിൽ തന്നെ എന്ന യാഥാർത്ഥ്യം ഉണ്ടാകും. പീഡിതപിന്നോക്ക ന്യൂനപക്ഷങ്ങൾ വികസനത്തിന്റെ പുറമ്പോക്കിലേക്ക് പോകും. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ കുട്ടികളെ സംബന്ധിച്ച് 14-നും 18-നും ഇടയ്ക്ക് പ്രായമുള്ള കാലഘട്ടം എന്നു പറയുന്നത് ആ കുട്ടിയുടെ ജീവിതത്തിൽ നിർണ്ണായകമാണ്. ആ കുട്ടിയുടെ മനസ്സിൽ തോൽവിയുണ്ടാക്കുന്ന യാഥാർത്ഥ്യം അതിഭീകരമാണ്. അത് മനസ്സിലാക്കണം. ജയിച്ച കുട്ടികളിൽ 70 ശതമാനത്തിനും കണക്ക്, ഇംഗ്ലീഷ്, സയൻസ് എന്നിവയിൽ 50 ശതമാനത്തിനു താഴെ മാർക്കാണ്. ഒന്നു മുതൽ 12 വരെ ക്ലാസ്സുകളിൽ സൗജന്യ വിദ്യാഭ്യാസം നല്കാൻ സ്റ്റേറ്റിന് ഭാരിച്ച ഫീസാണെങ്കിൽ അൺ എയ്ഡഡ് മേഖലയിൽ അതിനേക്കാളും ഭാരിച്ച ഫീസാണ്. വിദ്യാഭ്യാസ മേഖലയിൽ 500 രൂപയാണ് സ്റ്റേറ്റിൽ ഒരു കുട്ടിക്ക് ചെലവാകുന്നത്: ഇത് all India status-ൽ വളരെ കമ്മിയാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തിന് പലപ്പോഴും നീക്കിവയ്ക്കുന്ന സംഖ്യ വെറും ശമ്പളം കൊടുക്കാനാണ് സാധിക്കുന്നത്. അതുകൊണ്ടുതന്നെ ശമ്പളം കൊടുക്കാൻവേണ്ടി നീക്കിവയ്ക്കുന്ന അക്കാഡമിക് ബഡ്ജറ്റിനു പുറമേ, വളരെയധികം പ്രശ്നങ്ങൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിലുണ്ട്. അതുകൊണ്ട് ബഡ്ജറ്റിലെ സംഖ്യ ഉയർത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. നാലകത്തു സൂപ്പിയുടെ കാലഘട്ടത്തിലും എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിലും ഇവിടെ വിദ്യാഭ്യാസ പ്രസവങ്ങൾ നടന്നു. ശ്രീ. നാലകത്തു സൂപ്പിയുടെ കാലഘട്ടത്തിൽ നടന്ന വിദ്യാഭ്യാസ പ്രസവങ്ങൾ സ്വാഭാവികങ്ങളായിരുന്നു. എൽ.ഡി.എഫ്-ന്റെ കാലഘട്ടത്തിൽ നടന്ന വിദ്യാഭ്യാസ പ്രസവങ്ങൾ സിസേറിയനിലൂടെയായിരുന്നു എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ടുതന്നെ സിസേറിയനിലൂടെ പ്രസവം നടത്തിയില്ല എന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട നാലകത്തു സൂപ്പിക്ക് അഭിമാനിക്കാം. ഇവിടെ വിദ്യാലയം കൊടുത്തതിന്റെ പേരിൽ ഒരു കട്ടൻ ചായയെങ്കിലും ശ്രീ. നാലകത്തു സൂപ്പി കുടിച്ചുവെന്ന് കേരളത്തിൽ ഒരാൾക്കും

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് കേരളത്തിന്റെ ചരിത്രത്തിൽ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി തലയുയർത്തി നടക്കുന്ന ഒരു പ്രതീകമാണെന്ന് പറയാൻ ഞങ്ങൾക്ക് അവസരമുണ്ടാക്കിയത്. അതുകൊണ്ടുതന്നെ ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് മാറ്റം വരുത്താൻ വെക്കേഷൻ സമയത്ത് in service course-കൾ സംഘടിപ്പിക്കണം. പാഠപുസ്തകങ്ങൾ കൃത്യമായി കൊടുക്കാൻ കഴിയണം. ഇവിടെ എ.ഇ.ഒ.-മാരും ഡി.ഇ.ഒ.-മാരുമുണ്ട്. അവർ വെറും പി.എഫ്-ന്റെ ഫയലുകൾ ഒപ്പിടുന്നവരാകരുത്. അവർ സ്കൂളിലേക്കു വരണം. എ.ഇ.ഒ.-മാരും ഡി.ഇ.ഒ.-മാരും ഡി.ഡി.-മാരും സ്കൂളുകളിലോക്കു ചെല്ലണം. എന്തിനാണ് പണ്ട് നമ്മുടെ ഗവൺമെന്റ് ജെ.എസ്. തസ്തിക എ.ഇ. ഓഫീസിൽ സൃഷ്ടിച്ചത് ? അതുപോലുള്ള കാര്യങ്ങൾ പ്രധാനമായി നോക്കാൻ തയ്യാറാകണം. അതുപോലെതന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം secular approach ഉള്ള വിദ്യാഭ്യാസം ശക്തിപ്പെടുത്തണം. ഇത് ഗാന്ധിജിയുടെ രക്തം വീണ മണ്ണാണ്. ഇത് രാജീവ് ഗാന്ധിയുടെയും ഇന്ദിരാഗാന്ധിയുടെയും രക്തം വീണ മണ്ണാണ്. ആ മണ്ണ് സൃഷ്ടിച്ചത് സെക്കുലർ കൾച്ചറാണ്. ആ കൾച്ചറിൽ നിന്നും പുറകോട്ടുപോകുന്ന ഒരു തീരുമാനവും കേരളത്തിന്റെ മണ്ണിലേക്കു വരാൻ, കേരളത്തിനു വേണ്ടിവന്നാൽ പാലക്കാടൻ ചുരത്തിൽ കടന്നാൽ കാറ്റു വരുമെങ്കിൽ ആ ചുരം വരെ തട്ടിതടുക്കാനുള്ള മാനസിക ധാർഷ്ഠ്യം കേരളത്തിലെ ജനത ഒറ്റക്കെട്ടായി പ്രകടിപ്പിക്കണം. ആ വികാരം പ്രകടിപ്പിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ നേതൃത്വപരമായി secular approach, നമ്മുടെ ഗ്രാമങ്ങളിലും നമ്മുടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തും ഉണ്ടാക്കാൻ വിനീതമായി മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അധ്യാപകരെ സംബന്ധിച്ചിടത്തോളം അവരെ അനാവശ്യമായ സെൻസസ് ഡ്യൂട്ടികളിൽ നിന്നും ഒഴിവാക്കണം. ജനകീയാസൂത്രണ പരിപാടികളിൽ നിന്നും അവരെ ഒഴിവാക്കണം. അതുപോലെതന്നെ 1:30 നമ്മുടെ വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്നേ പറ്റൂ. നമ്മുടെ കുട്ടികൾക്ക് Personal care കൊടുക്കാൻ ഇന്ന് അദ്ധ്യാപകർക്ക് കഴിയുന്നില്ല. അതുകൊണ്ട് 1:45 എന്നുള്ളതു മാറ്റി എന്തൊക്കെ കൊടുത്താലും 1:30 എന്നാക്കി ഈ രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങളുടെയും, ഈ രാജ്യത്തെ ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും അദ്ധ്യാപക സംഘടനകളുടെയും കാലാകാലങ്ങളായുള്ള പ്രശ്നങ്ങൾ പരിഹരിക്കണം. അതുപോലെ എൽ.പി. സ്കൂളിലെ എച്ച്.എം.-മാരെ ക്ലാസ് ചാർജുകളിൽ നിന്നും ഒഴിവാക്കണമെന്ന ഡിമാൻഡ് ഈ രാജ്യത്തുണ്ടാകണം. മഹാനായ സി.എച്ച്. മുഹമ്മദ് കോയ സായിപ്പിന്റെയൊക്കെ പരിശ്രമഫലമായി മലബാറിൽ വിദ്യാഭ്യാസ പുരോഗതി വന്നുകഴിഞ്ഞു. മലബാറിലെ നാട്ടിൻ പുറങ്ങളിൽ ഒരു കാലത്ത് സംസാരിച്ചിരുന്നത് ജൂൺ മാസമായാൽ കൃഷിയുടെ കാര്യമായിരുന്നു. ഇന്ന് സംസാരിക്കുന്നത് വിദ്യാർത്ഥികളുടെ അഡ്മിഷന്റെ കാര്യമാണ്. പക്ഷേ, അവർക്ക് സാമ്പത്തികമായി കഴിവില്ല. അതുകൊണ്ട് മുൻഗവൺമെന്റ് ഈ മേഖലയിൽ അൺ എയ്ഡഡ് സ്കൂളുകൾ കൊടുത്തതുപോലെ മലബാർ മേഖലയിലും അൺ എയ്ഡഡ് സ്കൂളുകൾ കൊടുക്കണം. എന്റെ മണ്ഡലത്തെക്കുറിച്ച് ഒരു വാക്കു പറയട്ടെ, 70 ശതമാനം പട്ടികവർഗ്ഗക്കാർ പാസ്സായ ഒരു സ്കൂളാണ് ഷോളയാർ ട്രൈബൽ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ. ആ സ്കൂളിൽ പ്ലസ് ടു നിർബന്ധമായും കൊടുക്കണം. നൂറാം വാർഷികം ആഘോഷിക്കുന്ന മണ്ണാർക്കാട് ടൗണിൽ ഒരൊറ്റ സ്കൂൾപോലും ഇല്ല. അവിടുത്തെ യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കണം. അതുപോലെതന്നെ ശ്രീമതി ഗിരിജാ സുരേന്ദ്രന്റെ മണ്ഡലത്തിലെ കുരീപ്പുഴ ഹൈസ്കൂളിൽ തീർച്ചയായും പ്ലസ് ടു കൊണ്ടുവരണം. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ് നമുക്കഭിമാനിക്കാവുന്ന സ്ഥാപനമാക്കി ഉയർത്താൻ നിർലോഭമായി ഫണ്ട് കൊടുക്കണം. കേരളത്തിലെ ഏറ്റവും നല്ല ഒരു എഞ്ചിനീയറിംഗ് കോളേജായി കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മാറിയതു പോലെ ശ്രീകൃഷ്ണപുരത്തും അതുപോലെ ഫണ്ട് അനുവദിക്കണം. പൊതുരംഗത്തുള്ള പണം വിദ്യാഭ്യാസ രംഗത്തേക്ക് നിക്ഷേപിച്ചുകൊണ്ട് ഇവിടെയുള്ള എയ്ഡഡ് മേഖലയും അൺ എയ്ഡഡ് മേഖലയും പൊതുമേഖലയും തമ്മിലുള്ള സമരത്തിൽ പൊതുമേഖലയ്ക്ക് തലയുയർത്തി നില്ക്കാൻ ഒരു കാലഘട്ടമുണ്ടാക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും മുന്നോട്ടുവന്നാൽ മാത്രമേ അടിസ്ഥാന വർഗ്ഗത്തോട് നമുക്ക് നീതി പുലർത്താൻ കഴിയൂ എന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. കേരളത്തിലെ സാംസ്കാരിക നായകന്മാർ ഇത്രയേറെ കേരള നിയമസഭയിൽ അപമാനിക്കപ്പെട്ട അനുഭവം മുമ്പുണ്ടായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിലെ സാംസ്കാരിക നയം വളരെ മോശമായും മ്ലേച്ഛമായും ചിത്രീകരിക്കുന്നതിലാണ് ഈ നിയമസഭയിലെ അംഗങ്ങൾ അവരുടെ ഭൂരിഭാഗം സമയവും ചെലവഴിച്ചത്. അതുകേട്ട് വയറു നിറഞ്ഞവൻ കുലുങ്ങിച്ചിരിക്കുന്നതുപോലെ നമ്മുടെ സാംസ്കാരിക വകുപ്പുമന്ത്രി ചിരിക്കുന്നത് കണ്ടു. ഇത് ശരിയാണോ ? അവരെക്കൊണ്ട് ഇതു പറയിപ്പിച്ചിട്ട് ഈ സാംസ്കാരിക വകുപ്പുമന്ത്രി ഇങ്ങനെ കുലുങ്ങിച്ചിരിക്കുന്നത് ശരിയാണോ ? ഇവർ പറയുന്നതാണ് ശരിയെന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ ? അങ്ങ് നിലപാട് വ്യക്തമാക്കണം. ഈ കേരളത്തിലെ സാംസ്കാരിക നായകന്മാർ, ജനങ്ങൾ അംഗീകരിക്കുന്നവർ, കേരളത്തിലെ ജനങ്ങൾ സ്നേഹിക്കുന്നവർ, അവരെക്കുറിച്ച് ഈ മെമ്പർമാർ പറഞ്ഞ അഭിപ്രായമാണോ കേരളത്തിലെ സാംസ്കാരിക വകുപ്പുമന്ത്രിക്കുള്ളതെന്ന് ഒന്ന് വ്യക്തമാക്കണം. അതാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം പൂർണ്ണമായി തകർത്തുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ മേഖല സ്വകാര്യ സ്വാശ്രയ മേഖലയ്ക്ക് പൂർണ്ണമായും അടിയറവു വയ്ക്കുന്ന നയസമീപനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുക എന്നുള്ള നിലപാടു മാത്രമാണ് ഈ ഗവൺമെന്റിനുള്ളത്. ഗവൺമെന്റ് പറഞ്ഞതെന്താണ് ? രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്രയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് അന്യസംസ്ഥാനങ്ങളിൽ നമ്മുടെ പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുമ്പോൾ അവർക്ക് വലിയ തുക കോഴയായി കൊടുക്കേണ്ടിവരുന്നു. വലിയ ഫീസ് കൊടുക്കേണ്ടിവരുന്നു. അതുകൊണ്ട് കേരളത്തിൽ ഇത്തരം വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്നു പറഞ്ഞുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചതെങ്കിലും ഇന്ന് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ ഫീസ് കൂടുതലാണ് ഈ കേരളത്തിലെന്നു പറയുമ്പോൾ ഗവൺമെന്റ് യഥാർത്ഥത്തിൽ കേരളത്തിലെ സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്ന സമീപനമല്ലേ സ്വീകരിച്ചിട്ടുള്ളത് ? ഇവിടെ സ്വാശ്രയ സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടി നിങ്ങൾ ചെയ്തതെന്താണ് ? കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷന്റെ യോഗത്തിൽ സംസാരിച്ചുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നമുക്ക് സ്വാശ്രയ കോളേജുകളെ സഹായിക്കണം. അതിനു വേണമെങ്കിൽ നിങ്ങൾ ഡെപ്യൂട്ടേഷനിൽ പോകുക, നിങ്ങൾ ലീവെടുത്തു പോകുക, നിങ്ങൾക്ക് ഡെപ്യൂട്ടേഷൻ നല്കാം എന്ന് ആ അധ്യാപകരുടെ യോഗത്തിൽ പങ്കെടുത്തുകൊണ്ട് ഒരു മന്ത്രി പറയുമ്പോൾ എന്താണ് അതിന്റെ പിന്നിലുള്ളതെന്ന് രണ്ടാമതൊന്ന് ആലോചിക്കേണ്ട കാര്യമുണ്ടോ ? അങ്ങനെ ധാരാളം ആളുകൾ ഡെപ്യൂട്ടേഷൻ വാങ്ങി. ഒന്നാമത് നമ്മുടെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല, അധ്യാപകരില്ല. അപ്പോഴാണ് മന്ത്രിതന്നെ പറയുന്നത് സ്വാശ്രയ കോളേജുകളിലേക്ക് ഡെപ്യൂട്ടേഷൻ വാങ്ങി അല്ലെങ്കിൽ ലീവെടുത്ത് പോകുക എന്ന് സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടിയല്ലേ ഈ സമീപനം സ്വീകരിക്കുന്നത് ? അത് പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതിനുള്ള ആർജ്ജവം സ്വീകരിക്കണം. നിങ്ങൾ ചോദിച്ചവർക്കെല്ലാം എൻ.ഒ.സി. നല്കി. എന്നിട്ട് എന്താണ് പറഞ്ഞത് ? ഞങ്ങൾ കട്ടൻ കാപ്പിപോലും വാങ്ങി കുടിച്ചില്ല എന്നാണ്. കട്ടൻ കാപ്പി വാങ്ങി കുടിച്ചുകാണില്ല. ഇതിനൊന്നും കട്ടൻ കാപ്പി മതിയാകില്ലല്ലോ. ചോദിച്ചവർക്കെല്ലാം എൻ.ഒ.സി. കൊടുത്തു. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുവാനുള്ള യോഗ്യതയുണ്ടോ എന്ന് പരിശോധിച്ചു നോക്കിയാൽ അതിന്റെ ഫലമെന്താണ് ? ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ളവരടക്കം ഇപ്പോൾ കോളേജുകൾ നടത്തുന്നു, കോട്ടയത്ത് കോടിമതാ മാർഗ്രിഗോറിയസ് എഞ്ചിനീയറിംഗ് കോളേജ് എന്ന സ്ഥാപനം നടത്തുന്നത് ക്രിമിനൽ കേസിൽ പ്രതിയായ അധോലോക ബന്ധമുള്ള ഒരാളാണ്. അദ്ദേഹം അഡ്മിഷൻ നടത്തി കുട്ടികളിൽനിന്നും ഫീസ് വാങ്ങി ഡൊണേഷൻ വാങ്ങി, അവസാനം ആ വിദ്യാഭ്യാസ സ്ഥാപനം അടച്ചു പൂട്ടി പോയി. ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും ? ചോദിച്ചവർക്കെല്ലാം എൻ.ഒ.സി. കൊടുത്താൽ ഇതാണ് അനുഭവം. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പിന്നോക്ക ക്ഷേമ സമിതിയുടെ ചെയർമാനായിരുന്നു. കേരളത്തിലുടനീളം കടന്നു ചെന്നുകൊണ്ട് പിന്നോക്കക്കാർക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനെക്കുറിച്ച് അദ്ദേഹം വാദിച്ചു. ശ്രീ. നാലകത്തു സൂപ്പി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ എനിക്ക് ഒരു കാര്യം ചോദിക്കാനുള്ളത്, നിങ്ങൾ സ്വാശ്രയ കോളേജുകൾ ധാരാളം ഈ കേരളത്തിൽ അനുവദിച്ചു. എന്നാൽ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നു ? അതുപോലെതന്നെ ദളിത് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നു. അവരിൽ ഫീസിന്റെ ആനുകൂല്യം എത്ര വിദ്യാർത്ഥികൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കണം. നിയമനിർമ്മാണമാണ് ഇതിനു അനിവാര്യമായിട്ടുള്ളത്. നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് കാലതാമസം വരുത്തുന്നു. കോളേജ് ആരംഭിച്ചിട്ട് ഒരു വർഷക്കാലമായി. യു.ജി. സി. പറഞ്ഞു, 50 ശതമാനം മാനേജുമെന്റ് ക്വാട്ടയിൽ കൊടുക്കാമെന്ന്. കർണ്ണാടകയിലാണെങ്കിൽ 25 ശതമാനം മാത്രമാണ് മാനേജുമെന്റ് ക്വാട്ടയിൽ കൊടുക്കുന്നത്. ഒരു വർഷക്കാലമായി കോളേജു തുടങ്ങിയിട്ട്, എന്തുകൊണ്ട് നിയമനിർമ്മാണം നടത്തുന്നില്ല ? നിയമനിർമ്മാണം നടത്താതെ നിങ്ങൾ മുന്നോട്ടു പോയത് ഈ സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടിയാണ്. നിങ്ങളെ സാമ്പത്തികമായി സഹായിച്ചതുകൊണ്ടാണ് നിങ്ങൾ നിയമനിർമ്മാണം നടത്താൻ താമസിപ്പിക്കുന്നത്. എന്തുകൊണ്ടാണ് നിയമനിർമ്മാണത്തിന് ഇത്രയും കാലതാമസം വരുത്തിയത് ? കാലതാമസം വരുത്തി എന്നുള്ളതിനു ദൂരെ എങ്ങും അന്വേഷിച്ചു പോകേണ്ട കാര്യമില്ല. ഈ സഭയിൽ തന്നെ ചാരന്മാരുണ്ട്. സ്വാശ്രയകോളേജുകളെ സഹായിക്കുന്ന ചാരന്മാർ നമ്മുടെ ചുറ്റിനും ഇരിപ്പുണ്ട്. നാണമില്ലാത്തവന്റെ ആസനത്തിൽ ആലു കിളിർത്താൽ അവനതു തണലാണ് എന്നു കേട്ടിട്ടുണ്ട്. എന്നാൽ അതിൽ ഊഞ്ഞാലിട്ട് ആടുന്ന ആളുകളെയാണ് നമുക്ക് കാണാൻ കഴിയുന്നത് അതിൽ ഊഞ്ഞാലിട്ട് ആടുന്ന ഗണേശന്മാരേയും റോഷി അഗസ്റ്റിമാരേയും പുതുശ്ശേരിമാരേയും നമുക്കു കാണാൻ കഴിയും.

മി. സ്പീക്കർ : Your time is over.....Your time is over....yes...yes... your time is over.....Yes Supal, please resume your seat..... Please resume your seat.....No.....No.... What else can I do Please resume your seat. No...No...Now you resume your seat....Yes...Yes... Now you resume your seat. Nothing more will go in record. Nothing more will go in record, Why do you waste your energy Nothing more will be recorded and nothing more will be published. Then why do you waste your energy Please resume your seat.....Please resume your seat..... Supal, why do you waste your energy as well as my energy Yes....No.... Please....Yes....Yes....No this is not good.

ശ്രീ. പി. എസ്. സുപാൽ : എത്ര അപമാനകരമാണ്. വിദ്യാർത്ഥികൾ പറയുന്നത് ഈ സമരം ചർച്ചകളിലൂടെ പരിഹരിക്കണമെന്നാണ്. പക്ഷേ നിങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുവാൻ തയ്യാറാകുന്നില്ല. ഈ ഗവൺമെന്റിനെ വെല്ലുവിളിച്ചുകൊണ്ടു നടക്കുന്ന വിദ്യാർത്ഥികൾക്കു നേരെ.....(മൈക്ക് ഓഫ് ചെയ്തു) വിദ്യാർത്ഥികളെ തല്ലി ചതയ്ക്കുന്നു, എ.ഐ.എസ്.എഫ്.-ന്റെയും എസ്.എഫ്.ഐ.-യുടെയും ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളുടെയും ധാരാളം നേതാക്കന്മാരെ വിലങ്ങ് വച്ചുകൊണ്ട് പോകുന്ന അപമാനകരമായിട്ടുള്ള..... (മൈക്ക് ഓഫ്).....

മി. സ്പീക്കർ : Please resume your seat....Yes...No...Please....Yes...Yes... No this is not good. നേരത്തെ വാണിംഗ് തന്നതാണ്. കൺക്ലൂഡു ചെയ്യാൻ പറഞ്ഞാൽ ചെയ്യണം. അല്ലാതെ ഇങ്ങനെ സംസാരിക്കുന്നതു ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇതു മനസ്സിലാക്കണം. Why don't you understand ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ് സുപാൽ : ഗവൺമെന്റ് ഈ നയം തിരുത്താൻ തയ്യാറായില്ലെങ്കിൽ ഇതിനെതിരെ ശക്തമായി ഞങ്ങൾ രംഗത്തിറങ്ങും എന്നു പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : What business have you got ? Yes...Yes.....

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ സർവ്വാത്മനാ പിന്താങ്ങുന്നു. ഞാൻ അക്കാഡമികളുടെ നാട്ടിൽ നിന്നാണ് വരുന്നത്. സാംസ്ക്കാരിക രംഗങ്ങളിൽ ഇടയ്ക്കിടെ ചില വിവാദങ്ങൾ ഉണ്ടായി എങ്കിലും വളരെ സജീവവും ആരോഗ്യപൂർണ്ണവും ആയിരുന്നു. സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വളരെക്കാലമായി ആഗ്രഹിച്ചവിധം പെൻഷൻ നൽകിയതും ചിത്ര കലയ്ക്ക് രാജാ രവിവർമ്മ പുരസക്കാരവും വാദ്യകലയ്ക്ക് പല്ലാവൂർ അപ്പുമാരാർ സ്മാരക പുരസ്ക്കാരവും ഏർപ്പെടുത്തിയതും വൈലോപ്പിള്ളി സംസ്ക്കൃതി ഭവനത്തെ ഒരു അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രമാക്കി ഉയർത്തിയതും വലിയ നേട്ടങ്ങൾ തന്നെയാണ്. സാഹിത്യ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ മൺമറഞ്ഞ സാഹിത്യകാരന്മാരുടെ നാടുകളിൽ ചെന്ന് അവിടെ വച്ചുതന്നെ അവരെ ആദരിച്ചതിലും ലളിതകലാ അക്കാഡമി വിവിധ ജില്ലകളിൽ ആർട്സ് ഗ്യാലറികളുടെ നിർമ്മാണം ഏറ്റെടുത്തതും സംഗീത നാടക അക്കാഡമിയുടെയും ചലച്ചിത്ര അക്കാഡമിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സംഗീതോത്സവങ്ങളും നാടകോത്സവങ്ങളും അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളും എല്ലാം അഭിനന്ദനീയമായ കാര്യങ്ങളാണ്. പക്ഷേ കേരള കലാമണ്ഡലം ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കുമെന്നു പറഞ്ഞിട്ട് കാലം കുറെയായി. യു. ജി. സി. പരിശോധന കഴിഞ്ഞു രണ്ടു വർഷം കഴിയാറായി. ഇന്നും അതിൽ അന്തിമമായ തീരുമാനമായിട്ടില്ല. പരീക്ഷയ്ക്ക് ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീശങ്കര കാലടി യൂണിവേഴ്സിറ്റിയിൽ നിന്നും അഫിലിയേഷനുവേണ്ട നടപടികൾ കൈക്കൊണ്ടു എങ്കിലും ഇന്നും അതു യാഥാർത്ഥ്യമായിട്ടില്ല. കോടതിയിൽ കേസ് കൊടുത്തു, അനുകൂലമായ വിധിയുണ്ടായി. വിപ്ലവകരമായ ചിന്താഗതികൾ ഉള്ള യൂണിവേഴ്സിറ്റിയുടെ ആളുകൾ പരിശോധന നടത്തി, പക്ഷേ നിസ്സാര കാര്യങ്ങൾ പറഞ്ഞ് അഫിലിയേഷൻ നീട്ടിക്കൊണ്ടു പോകുകയാണ്. സാഹിത്യ അക്കാഡമിയിലെ പഴയ പുസ്തകങ്ങൾ സി.ഡി.-യിലാക്കുക, അപൂർവ്വ ഗ്രന്ഥങ്ങൾ ലാമിനേറ്റു ചെയ്യുക, ഗ്രന്ഥ സൂചികയുടെ സോഫ്റ്റ് വെയർ ഉണ്ടാക്കുക, പോർട്രെയിറ്റു ഗ്യാലറി, Light and Sound സംവിധാനം, സാഹിത്യ നായകന്മാരുടെ ഡോക്കുമെന്ററി നിർമ്മാണം തുടങ്ങിയ നിരവധി പുതിയ പുതിയ കാര്യങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. സാഹിത്യ അക്കാഡമിയുടെ ആഭിമുഖ്യത്തിലുള്ള അയ്യന്തോളിലെ അപ്പൻ സ്മാരകത്തെ ഒന്നാം തരം പഠന ഗവേഷണ കേന്ദ്രമാക്കി മാറ്റണം. അവിടെയൊരു സാംസ്ക്കാരിക സമുച്ചയം പടുത്തുയർത്തണം. കുട്ടികളുടെ സർഗ്ഗ വാസനകളെ വളർത്താൻ ഉതകുന്ന പ്രവർത്തനം നടത്തുന്ന നെഹ്റു ബാലഭവനുകളോട് സർക്കാരിന്റെ സമീപനം അത്ര ആശാവഹമാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഇവിടെയുള്ള സാംസക്കാരിക സ്ഥാപനങ്ങളേയും സാംസ്ക്കാരിക കേന്ദ്രങ്ങളേയും

1.00 PM]

ബന്ധിപ്പിച്ചുകൊണ്ട് ഒരു കൾച്ചറൽ ടൂറിസം പദ്ധതിക്ക് രൂപം കൊടുക്കണം എന്നാണ് എന്റെ അഭിപ്രായം. പല വിദേശ രാജ്യങ്ങളിലും സാഹിത്യനായകന്മാരുടെയും സാംസ്ക്കാരിക നായകന്മാരുടെയും ജന്മ സ്ഥലങ്ങളിൽ പോകുക എന്നത് അവരുടെ പൈതൃകത്തിന്റെ തന്നെ ഒരു ഭാഗമാണ്. അതുകൊണ്ട് നമ്മുടെനാട്ടിലും അത്തരം ഒരു കൾച്ചറൽ ടൂറിസം പദ്ധതിക്കു രൂപം നൽകാമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. ഇന്നു നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കു നൽകുന്ന തുക നിത്യനിദാന ചെലവുകൾക്കുപോലും തികയുന്നില്ല. നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നവീകരണത്തിനും വേണ്ട സാമ്പത്തിക സഹായം നൽകാൻ ഈ ഗവൺമെന്റ് ലുബ്ദ് കാണിക്കരുത്. നമ്മുടെ സമ്പന്നമായ സംസ്ക്കാരവും പൈതൃകവും തലമുറകൾ തലമുറകൾ കൈമാറ്റം ചെയ്യപ്പെടേണ്ടത് നമ്മുടെ ചുമതലയും ബാധ്യതയുമാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. ചുരുങ്ങിയ കാലത്തിനുള്ളിൽ വിദ്യാഭ്യാസ രംഗത്ത് ദൂര വ്യാപകമായ ചലനങ്ങൾ സൃഷ്ടിക്കുവാനും പല നേട്ടങ്ങൾ ഉണ്ടാക്കുവാനും ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. വളരെ വൈകിയിട്ടാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയത്വത്തിന്റെ ഒരു യുഗ പിറവി തന്നെയുണ്ടായി. മെഡിക്കൽ കോളേജുകൾ, എൻജിനീയറിംഗ് കോളേജുകൾ, ബി. എഡ് കോളേജുകൾ, ടെക്നിക്കൽ +2 വിദ്യാലയങ്ങൾ തുടങ്ങി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പുതിയ പുതിയ കോഴ്സുകൾ ഇതെല്ലാം ആരംഭിക്കാൻ കഴിഞ്ഞു. IT-@-School വഴി കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കൽ, കരിക്കുലത്തിൽ ഏർപ്പെടുത്തിയതു തുടങ്ങി പല പല കാര്യങ്ങൾ, അതിൽ വിദൂര വിദ്യാഭ്യാസത്തിനുവേണ്ടി പുതിയൊരു വെബ്സൈറ്റിനു രൂപം കൊടുത്തു. പക്ഷേ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച്, ഫീസ് സംബന്ധിച്ചുമുണ്ടായ അനിശ്ചിതത്വം വിദ്യാഭ്യാസ രംഗത്ത് വളരെ ദുഃഖകരമായ, വേദനാജനകമായ സംഭവവികാസങ്ങൾക്ക് ഇടവരുത്തി. ഇതു മാറ്റുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം ഉടനടി ഉണ്ടാക്കുവാനുള്ള രാഷ്ട്രീയമായ ഇച്ഛാശക്തി ഈ സർക്കാർ കാണിക്കണം എന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന്റെ തീരുമാനങ്ങളെ വെല്ലുവിളിക്കുന്ന മാനേജുമെന്റുകളെ കടിഞ്ഞാണിടാനും നിയന്ത്രിക്കാനും നാം തയ്യാറാകണം. ഉപരി പഠനത്തിനുവേണ്ടി കുട്ടികൾ തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ പോകാതെയിരിക്കാൻ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയാൽ മാത്രം പോര. സാധാരണക്കാരന് അവ ബാലികേറാമലകളാകാതെയിരിക്കാൻ വേണ്ട മുൻകരുതൽ കൂടി വേണം. അതുകൊണ്ട് ന്യായമായ ഫീസ് ഘടനയെ സംബന്ധിച്ച് നീതിയുക്തമായ ഒരു തീരുമാനം ഇതുസംബന്ധിച്ച് ഉടനടി ഉണ്ടാക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. അംഗീകാരം ലഭിക്കാതിരുന്ന പ്ലസ് ടു മേഖലയിൽ വർഷങ്ങളായി പണിയെടുത്തുകൊണ്ടിരുന്ന ആയിരക്കണക്കിന് അദ്ധ്യാപകരെ രക്ഷിക്കാൻ പുതിയ തസ്തികകൾ സൃഷ്ടിച്ചു, ഫിക്സേഷൻ കഴിഞ്ഞു. പക്ഷേ നിസ്സാരമായ സാങ്കേതികത്വത്തിന്റെ പേരിൽ പല നിയമങ്ങളും അംഗീകരിക്കാത്തതിന്റെ ഫലമായി ഹതഭാഗ്യരായ അദ്ധ്യാപകർ ഇന്നും ഉണ്ടെന്ന കാര്യം വിസ്മരിക്കരുത്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ടിടപെട്ട് ഈ കാര്യത്തിൽ ഉടനടി തീർപ്പുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിയമാനുസൃതം

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങൾക്ക് മുൻപ് അനദ്ധ്യാപകരെ ഒരു വിദ്യാലയത്തിൽ നിയമിച്ചു. നാലഞ്ചു കൊല്ലം പണിയെടുത്തതിനുശേഷം ഏകപക്ഷീയമായി ആ തസ്തികകൾ വെട്ടിക്കുറച്ചതിനെ ഒരു തരത്തിലും നീതീകരിക്കാൻ സാദ്ധ്യമല്ല. വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ പല കോഴ്സുകൾക്കും പി.എസ്.സി അംഗീകാരം ഇനിയും ലഭ്യമായിട്ടില്ല. ഈ രംഗത്തെ കോഴ്സുകൾ diversify ചെയ്യണം. കരിക്കുലം നവീകരിക്കണം. പി.എസ്.സി അംഗീകാരം ലഭ്യമാക്കണം. അതുപോലെത്തന്നെ കൂടുതൽ കൂടുതൽ വൊക്കേഷണൽ വിദ്യാലയങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാക്കി കേന്ദ്ര വിഹിതം ലഭ്യമാക്കണം. വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന un-recognised വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനുള്ള നീക്കം നല്ലതാണ്. പക്ഷെ അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമ്പോൾ അവിടത്തെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ജോലി സുരക്ഷിതത്വവും സേവന വേതനങ്ങളുടെ കാര്യവും ഉറപ്പുവരുത്താൻ സർക്കാർ ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇനിയും un-recognised വിദ്യാലയങ്ങൾ ഈ രാജ്യത്ത് വേണോ എന്നുള്ള കാര്യം ഗൗരവത്തോടുകൂടി ആലോചിക്കേണ്ടതാണ്. മാറിമാറി വന്ന സർക്കാരുകൾ കാലാകാലമായി സ്വീകരിച്ച നയങ്ങളുടെ ഫലമായി നമ്മുടെ സംസ്ഥാനത്ത് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ ഒരു നിരതന്നെ നിൽക്കുകയാണ്. പുനർ വിന്യാസം വഴിയോ, വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം വ്യത്യാസം വരുത്തിയോ ശാശ്വതമായ ഒരു പരിഹാരം ഈ പ്രശ്നത്തിന് കാണണം. പ്ളസ് ടു മേഖലയിൽ പുതിയ വിദ്യാലയങ്ങൾ നടത്തുന്നുണ്ട്, അതിൽ പ്രാദേശികമായ പരിഗണനകളും, ആവശ്യങ്ങളും വ്യക്തമായ രീതിയിലുണ്ടാകണം. ഒരു പ്ളസ് ടു വിദ്യാലയം പോലുമില്ലാത്ത പഞ്ചായത്തുകൾക്ക് ഈ കാര്യത്തിൽ മുന്തിയ പരിഗണന നൽകണം. നമ്മുടെ സംസ്ഥാനത്ത് പ്ളസ് ടു രംഗത്ത് രണ്ടു തരം സ്കൂളുകൾ നിലനിൽക്കുന്നുണ്ട്. എയിഡഡും അൺ-എയിഡഡും. പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കിയ നമ്മുടെ സംസ്ഥാനത്ത് എയിഡഡ് വിദ്യാലയങ്ങളേക്കാൾ കൂടുതൽ ഫീസ് അൺ-എയിഡഡ് വിദ്യാലയങ്ങളിൽ വാങ്ങുന്ന ഒരു സ്ഥിതിയുണ്ട്. ഒരേ വിദ്യാലയത്തിൽ തന്നെ രണ്ടുതരം സമ്പ്രദായം നിലനിൽക്കുന്നു. ഇത് അനീതിയാണ്, വിവേചനമാണ്, അന്യായമാണ്. അതുകൊണ്ട് പ്ളസ് ടു മേഖലയിൽ ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കണം. യഥാർത്ഥത്തിൽ അൺ-എയിഡഡ് എന്ന വിഭാഗം മാറ്റണം. കഴിഞ്ഞ വർഷം അൺ-എയിഡഡ് വിദ്യാലയങ്ങൾ കൊടുത്തു. ഞാൻ വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് ചോദിക്കട്ടെ കേരള സംസ്ഥാനത്ത് കഴിഞ്ഞ വർഷം കൊടുത്ത അൺ-എയിഡഡ് വിദ്യാലയങ്ങളിൽ ഒരു ഡിവിഷനിൽ പോലും ആവശ്യത്തിന് വിദ്യാർത്ഥികൾ ആദ്യന്തം ഉണ്ടായിട്ടില്ലയെന്ന യാഥാർത്ഥ്യം നാം ആരും വിസ്മരിക്കരുത്. സയൻസിനുവേണ്ടി ലബോറട്ടറിയുണ്ടാക്കി, ലക്ഷക്കണക്കിനു രൂപ ഇൻവെസ്റ്റ് ചെയ്ത് കംപ്യൂട്ടർ വാങ്ങി, കുട്ടികൾ ഇല്ലാത്ത സ്ഥിതിയും, അവർ സ്വയം തകർന്നു പോകുന്ന ഒരു സ്ഥിതിയുമാണുള്ളത്. അതുകൊണ്ട് ഈ കാര്യത്തിൽ നയവ്യത്യാസം വരുത്തണം. അതുപോലെ പ്ളസ് ടു വിദ്യാലയങ്ങൾ വീണ്ടും കൊടുക്കുന്നതിനെ സംബന്ധിച്ച് വേണ്ടത്ര ഗൃഹപാഠം നടത്തണം. ആവശ്യകത അംഗീകരിക്കണം. അല്ലെങ്കിൽ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ പ്ളസ് ടു

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ പുതിയ നിരയെ സൃഷ്ടിക്കലായിരിക്കും ഫലം. സാമൂഹ്യ പരിവർത്തനത്തിനും നവലോകസിദ്ധിക്കുമുള്ള ഉപകരണമാണ് ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ഇന്ന് അവിടെ കടുത്ത ജീർണ്ണത ബാധിച്ചിരിക്കുന്നു. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും കണ്ണൂർ, കാലടി യൂണിവേഴ്സിറ്റി വരെയുള്ള നമ്മുടെ യാത്രയിൽ ഇന്റർ മീഡിയേറ്റ് മുതൽ പ്ളസ് ടു വരെയുള്ള പരിണാമത്തിൽ നമ്മുടെ സർകലാശാലകളുടെ കരുത്തും കർമ്മശേഷിയും കാര്യമായി നഷ്ടപ്പെട്ടു. രാഷ്ട്രീയ അതിപ്രസരവും, വർഗ്ഗീയ താല്പര്യങ്ങളും ഈ രംഗത്ത് മൂല്യച്യുതിക്ക് കാരണമായി. അക്കാഡമിക് താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുവാനും ഒരു ഏകീകൃത സംവിധാനമുണ്ടാക്കുവാനും യൂണിവേഴ്സിറ്റി ഗ്രാന്റ് സ് കമ്മീഷൻ വിഭാവനം ചെയ്യുന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ കൈകൊള്ളണം. നമ്മുടെ പ്രീ-പ്രൈമറി രംഗം വളരെ കുത്തഴിഞ്ഞ മട്ടാണ്. ആർക്കും എന്തും ചെയ്യാം. മാതൃഭാഷയിൽ സംസാരിക്കാൻ പോലും അനുവദിക്കാതെയുള്ള പാഠ്യപദ്ധതിയാണ് ചിലയിടത്തൊക്കെ. ഇംഗ്ളീഷ് ഇല്ലെങ്കിൽ അരിസ്റ്റോക്രാറ്റ് ആകില്ല, ബ്യൂറോക്രാറ്റ് ആകില്ല, ടെക്നോക്രാറ്റ് ആകില്ല എന്ന ധാരണ ഹിപ്പോക്രാറ്റ് ആക്കുന്നതാണ്. കൊച്ചുകുട്ടികൾക്കെങ്കിലും മലയാളം നിർബന്ധമാക്കണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ കൊച്ചുകുട്ടികൾക്കെങ്കിലും മലയാള ഭാഷ നിർബന്ധമാക്കണമെന്ന് ഒരു ഭാഗത്ത്, മലയാള ഭാഷയുടെ വികസനത്തിനുവേണ്ടി ഭരണ പരിഷ്ക്കാര കമ്മീഷന്റെ പേരിൽ തീവ്രയത്ന പരിപാടികൾ നടപ്പിലാക്കുമ്പോൾ മറുഭാഗത്ത് ഒന്നാം ക്ളാസുമുതൽ ഇംഗ്ളീഷ് പഠനം നിർബന്ധമാക്കുന്ന ഒരേർപ്പാടിലേക്ക് പോകുമ്പോൾ ഇംഗ്ളീഷിനെ പ്രോൽസാഹിപ്പിക്കുന്ന നയം പരിശോധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം മൗലികാവകാശമായി ഭരണഘടന ഭേദഗതി ചെയ്തെങ്കിലും എല്ലാപേർക്കും വിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലെത്താൻ നമുക്ക് ഇനിയും വളരെദൂരം സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഉത്തരേന്ത്യൻ സാമൂഹ്യ രീതിക്കനുസരിച്ച് ഉണ്ടാക്കിയ ഡി.പി.ഇ.പി.-യും സർവ്വശിക്ഷ അഭിയാനും നമ്മുടെ സംസ്ഥാനത്ത് അതേപടി പകർത്തുന്നത് ഗുണകരമാണോയെന്ന് നാം ആലോചിക്കേണ്ടതാണ്. സാർവത്രിക വിദ്യാഭ്യാസം നമ്മുടെ ലക്ഷ്യമാണെങ്കിലും അന്ധരും ബധിരരും, മൂകരും, മന്ദബുദ്ധികളും, മനസികവൈകല്യമുള്ളവരുമായ കുട്ടികളുടെ വിദ്യാഭ്യാസം നാം തീരെ ഗൗനിക്കുന്നില്ല. ഈ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാനും സാംപത്തിക സഹായം നൽകാനും തയ്യാറാകണം. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ സമ്പത്ത് മാനവവിഭവശേഷിയാണ്. ഗണപരമായി നാം വളർന്നുവെങ്കിലും ഗുണപരമായി നാം വളർന്നിട്ടില്ല. ഈ നിലയിൽ അഖിലേന്ത്യാ തലത്തിൽത്തന്നെ നമ്മുടെ മേൽക്കോയ്മ നഷ്ടപ്പെട്ടു. നമുക്ക് വനനയമുണ്ട്, മൽസ്യനയമുണ്ട്, എല്ലാ രംഗത്തും നയങ്ങളുണ്ട് പക്ഷെ ഒരു വിദ്യാഭ്യാസ നയമില്ല. മാറിമാറി വരുന്ന സർക്കാരുകൾ അവരുടെ ഇഷ്ടാനുസരണം കാര്യങ്ങൾ നടത്തുന്നു. ആ സ്ഥിതി മാറണം. അടിസ്ഥാനപരമായ ഒരു വിദ്യാഭ്യാസനയത്തിന് രൂപംകൊടുക്കാനുള്ള വിപുലമായ ചർച്ചകൾ നടത്തണം. രാഷ്ട്രീയത്തിനതീതമായി വരും തലമുറയെ രക്ഷിക്കാനുള്ള മഹാദൗത്യമേറ്റെടുക്കാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയോടു കൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇന്ന് ഇപ്പോൾ വളരെ താമസിച്ചിരിക്കുകയാണ്, മൂന്നര മണിവരെ കണ്ടിന്യുവായി പോകേണ്ടി വരുമോയെന്നാണ് എന്റെ സംശയം ഇനി നാലു മന്ത്രിമാർക്ക് മറുപടി പറയണം. എല്ലാപേർക്കും ഒന്നര മണിക്കുതന്നെ പിരിയുകയും വേണം. പക്ഷെ മുന്നുനാല് മിനിറ്റെങ്കിലും ചെയറിന്റെ അനുവാദമില്ലാതെ കണ്ടിന്യു ചെയ്തില്ലെങ്കിൽ തൃപ്തിയാകില്ല. അതുകൊണ്ട് ദയവായി സമയത്തിനകത്ത് നിർത്തണം.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. 1907-ൽ തിരുവനന്തപുരത്ത് അയ്യൻകാളിയുടെ നേതൃത്വത്തിൽ ഒരു കർഷക സമരം നടന്നു. സമരത്തിന്റെ ഉൽഭവം വിദ്യാലയങ്ങളിലെ അയിത്തമായിരുന്നു. വിദ്യാലയങ്ങളിൽ നമ്മുടെ മക്കൾക്ക് അയിത്തമുണ്ടെങ്കിൽ ഞങ്ങൾ വിളയിക്കുന്ന നെല്ലിനും അയിത്തമുണ്ടെന്നായിരുന്നു ആ കർഷക സമരത്തിലെ മുദ്രാവാക്യം കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ആരംഭത്തിനു വേണ്ടിയുള്ള ഒരു സമരമായിരുന്നു അത്. അതിനെത്തുടർന്ന് മഹാനായ നാരായണ ഗുരുവിന്റെ നേതൃത്വത്തിൽ വിദ്യകൊണ്ട് പ്രബുദ്ധരാകാനുള്ള ആഹ്വാനം കേരളത്തിലുണ്ടായി. ആ മുദ്രാവാക്യം സംയുക്തമായി ഏറ്റെടുത്തുകൊണ്ട് മുന്നോട്ടു പോയത് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളായിരുന്നു. 1957-ലെ സഖാവ് ഇ.എം.എസ്-ന്റെ ഗവൺമെന്റാണ് ഈ പൊതുവിദ്യാഭ്യാസത്തിന് അടിത്തറ പാകുന്ന തരത്തിലുള്ള ഒരു നിയമനിർമ്മാണവും അതിനുള്ള ഒരു സംവിധാനവും കേരളത്തിൽ കൊണ്ടു വന്നത്. അങ്ങനെ ഇൻഡ്യയ്ക്കാകെ മാതൃകയായിട്ടുള്ള ഒരു പൊതുവിദ്യാഭ്യാസ ശ്രൃംഖല പ്രൈമറി തലം മുതൽ സർകലാശാലവരെ വളർന്നുവന്നിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൈമറിതലം മുതൽ സർവ്വകലാശാല വരെയുള്ള കേരളത്തിലെ പൊതുവിദ്യാഭ്യാസ ശൃംഖലയെ മുഴുവൻ വിറ്റുതുലയ്ക്കാൻ വേണ്ടിയുള്ള, കച്ചവടവൽക്കരിക്കാൻ വേണ്ടിയുള്ള നീക്കമാണ് നടക്കുന്നത്. മറ്റ് വ്യാപാരവും കച്ചവടവും പോലെയല്ല ഇത്. ഇതിന് സെയിൽസ ടാക്സ് വേണ്ട, അഡീഷണൽ സെയിൽസ് ടാക്സ് വേണ്ട, പരിസ്ഥിതി ലൈസൻസ് വേണ്ട, ഇലക്ട്രിസിറ്റി ലൈസൻസ് വേണ്ട, പൊല്യൂഷൻ ലൈസൻസ് വേണ്ട. അങ്ങനെ യാതൊരു തരത്തിലുള്ള ലൈസൻസും വേണ്ട ലാഭകരമായിട്ടുള്ള കച്ചവടമാണ്. നമ്മുടെ സംസ്ഥാനത്തെ 69 എഞ്ചിനീയറിംഗ് കോളേജുകളിൽ 57 എണ്ണം സ്വാശ്രയ മേഖലയിലാണ്. 11 മെഡിക്കൽ കോളേജുകളിൽ 4 എണ്ണം സ്വാശ്രയ മേഖലയിലാണ്. യു.ഡി.എഫ്-ലെ ആളുകളും , മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞത് നൂറുകണക്കിന് കോടി രൂപ സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുകയാണ് അത് നിയന്ത്രിക്കാൻ വേണ്ടി കൊടുക്കുന്നു എന്നാണ്. അങ്ങനെ പറഞ്ഞ ഗവൺമെന്റ് വൻതോതിൽ സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിച്ചു. പക്ഷെ അതിന്റെ മറവിൽ വലിയ തോതിലുള്ള കച്ചവടം നടന്നു. കേരളത്തിൽ കഴിഞ്ഞ രണ്ടുവർഷത്തിനിടയ്ക്ക് 500 കോടി രൂപയുടെ സീറ്റ് വിൽപ്പന, മെഡിക്കൽ എഞ്ചിനീയറിംഗ് മേഖലകളിൽ നടന്നു. ഇന്നലെ പ്രസിദ്ധീകരിച്ച മാതൃഭൂമിയിൽ പറഞ്ഞിരിക്കുന്നത്, 46 കോടി രൂപയാണ് ഒരു കൊല്ലത്തേക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് കോഴയായി കിട്ടുന്നത്. ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ രണ്ട് മെഡിക്കൽ കോളേജുകളുടെ മാനേജുമെന്റുകളുമായി ഒത്തുകളി നടന്നു. തിരുവല്ല,

LIBRARY ARCHIVES Kerala Legislative Assembly

കോലഞ്ചേരി മെഡിക്കൽ കോളേജുകളുടെ മാനേജുമെന്റുകളുമായി കഴിഞ്ഞ വർഷം ഒത്തുകളി നടന്നു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 2003 ജനുവരി 20-ന് ഒരു വിധി പ്രഖ്യാപിച്ചു. ആ വിധിയുടെ അടിസ്ഥാനത്തിൽ 75% സീറ്റുകളിൽ മാനേജുമെന്റുകൾക്ക് പ്രവേശനം നടത്താമെന്നു പറഞ്ഞു. പ്രവേശന പരീക്ഷാ കമ്മിഷണർ രണ്ട് ആഴ്ചയ്ക്കകം പ്രവേശനം നടത്തുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് നൽകിയില്ലെങ്കിൽ മാനേജുമെന്റുകൾക്ക് ആ സീറ്റിലേക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാം. ഇതനുസരിച്ചുള്ള നടപടികൾ 2003 ജനുവരി 31-നകം പൂർത്തീകരിക്കുന്നതിന് പകരം ഈ മാനേജുമെന്റുകളുമായി ഒത്തുചേർന്നുകൊണ്ട് കള്ളക്കളി നടത്തുന്ന ഇടപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതിന്റെ ഭാഗമായി 200 സീറ്റുകളിലേക്കും 20 ലക്ഷത്തിനും 30 ലക്ഷത്തിനും ഇടയ്ക്ക് രൂപ വാങ്ങിക്കൊണ്ട് കോലഞ്ചേരി, തിരുവല്ല മാനേജുമെന്റുകൾ പ്രവേശനം നടത്തി. 25% വീതം സീറ്റുകളിലേക്ക് ഗവൺമെന്റിന് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മിഷണറുടെ ലിസ്റ്റ് കൊടുത്ത് എന്തുകൊണ്ട് പ്രവേശനം നടത്തിയില്ല ? അവിടെയാണ് വലിയ അഴിമതിയും കോഴയും നടന്നത്. തിരുവല്ലയിലെ ഒരു ഹോട്ടലിലും കോട്ടയത്തെ നാട്ടകം ഗസ്റ്റ് ഹൗസിലും എറണാകുളത്തെ ഗസ്റ്റ് ഹൗസിലുമായിട്ടാണ് ചർച്ച നടന്നത്. പണം കൈമാറ്റം വേറെ സ്ഥലത്താണ് നടന്നത്. തിരുവല്ല മാനേജുമെന്റും, കോലഞ്ചേരി മാനേജുമെന്റും ഈ 50% സീറ്റുകളിലായിട്ട് 20 ലക്ഷം രൂപാ വീതം 10 കോടി രൂപ കൈപ്പറ്റി. ആ പത്തു കോടി രൂപയുടെ പകുതി കാശായ അഞ്ചു കോടി രൂപ ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിക്ക് കൈമാറിയതായി ഞാൻ ഇവിടെ ആരോപിക്കുകയാണ്. 50-50 എന്നു പറഞ്ഞത് ഈ കാര്യത്തിൽ നിങ്ങൾ നടപ്പിലാക്കി. 50% മാനേജുമെന്റും 50% മെറിറ്റും എന്നു പറഞ്ഞത് ഈ കാര്യത്തിൽ നിങ്ങൾ നടപ്പിലാക്കി. അടുത്തതായി ഇവിടെ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്ന പ്രശ്നമുണ്ട്. കെ.ഇ.ആറിൽ വ്യക്തമായിട്ട് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ എഡ്യൂക്കേഷൻ റൂൾസിന്റെ രണ്ടാം വകുപ്പ് പ്രകാരം ഒരു സ്ഥലത്ത് ഒരു സ്കൂൾ തുടങ്ങണമെങ്കിൽ ഗവൺമെന്റ് നോട്ടിഫൈ ചെയ്യണം. ഇവിടെ 546 അംഗീകാരമില്ലാത്ത എൽ.പി., യു.പി., ഹൈസ്കൂളുകളും 116 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ടി അവരുടെ കയ്യിൽനിന്നും ലിസ്റ്റ് മുൻകൂർ വാങ്ങി ഡി.പി.ഐ. വഴി എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രി ലിസ്റ്റ് നേരത്തേ തയ്യാറാക്കി അയച്ചുകൊടുത്തു. അതിനുശേഷം റെക്കമെൻഡ് ചെയ്ത് തിരിച്ചുവരാൻ പറഞ്ഞു. അങ്ങനെ മൂന്നു തവണ ലിസ്റ്റുകൾക്ക് മാറ്റം വരുത്തിയതിനുശേഷം അസംബ്ളി നടന്നുകൊണ്ടിരിക്കുമ്പോൾ ജൂൺ മാസം 28-ാം തീയതി 546 സ്കൂളുകൾക്ക് അംഗീകാരത്തിനുള്ളതും 114 സ്കൂളുകൾ അപ്ഗ്രഡേഷനുള്ളതുമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കെ.ഇ.ആർ. പ്രകാരം ആർക്കെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ കൊടുക്കാനാണ്. ഒബ്ജക്ഷൻ വാങ്ങി വയ്ക്കണമെന്നല്ലാതെ ഇത്തരം സ്കൂളുകളുടെ ഒബ്ജക്ഷൻ ഗവൺമെന്റോ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ പരിഗണിക്കണമെന്നില്ല. ഇങ്ങനെ വാങ്ങിയതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തേകൂട്ടി അഡ്വാൻസായി ഫൈനലൈസ് ചെയ്തതിന്റെ ഭാഗമായി അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 600-ലധികം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന സ്കൂളുകളിൽനിന്ന് 2,25,00,000 രൂപ അഡ്വാൻസായി കൈപ്പറ്റിയതായി ഞാൻ ആരോപിക്കുന്നു. ഇവിടെ നടന്ന ഇടപാടിന്റെ പ്രത്യേകത ഗർഭിണിയാക്കിയതിനുശേഷം വിവാഹം കഴിക്കുന്നതുപോലെയാണ്. എല്ലാം നേരത്തേ റെഡിയാക്കിവച്ചു. ആക്ഷേപം വന്നുകഴിഞ്ഞപ്പോൾ നോട്ടിഫിക്കേഷന്റെ രൂപത്തിൽ ഗർഭിണിയാക്കിയതിനുശേഷം വിവാഹം കഴിക്കുന്ന രൂപത്തിലേക്ക് ആയി. ഇവിടെ അഴിമതി നടന്നു. അതുപോലെ സംസ്ഥാനത്ത് ഇഷ്ടംപോലെ ബി.എഡ്. ബിരുദധാരികളുണ്ട്. ഈ ഗവൺമെന്റ് വന്നപ്പോൾ ആദ്യത്തെ കൊല്ലം സ്വാശ്രയ ബി.എഡ്. കോളേജുകൾക്കുവേണ്ടി അപേക്ഷ ക്ഷണിച്ചു. കഴിഞ്ഞ കൊല്ലം ഒരു തീരുമാനവും എടുത്തില്ല. എൻ.ഒ.സി.യും കൊടുത്തില്ല. ഇക്കൊല്ലം വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ ഈ മാനേജുമെന്റുകളുമായി ചർച്ച നടത്തി. സ്വാശ്രയ ബി.എഡ്. കോളേജിന്റെ ലിസ്റ്റുമായി ക്യാബിനറ്റിൽ വന്നു. ഇതനുസരിച്ച് കൊടുക്കണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് അത് മുഴുവൻ ആളുകൾക്കും കൊടുക്കണമെന്ന് തിരുത്തി. 256 ആളുകൾക്കും എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചു. കുറെ ആളുകൾ കോടതിയിൽ പോയി. അതിനെ തുടർന്ന് 75 ആയിട്ട് നിശ്ചയിക്കണമെന്ന് കോടതി പറഞ്ഞു. അതിനെത്തുടർന്ന് തിരുവനന്തപുരത്ത് സയൻസ് ആന്റ് ടെക്നോളജി ഡയറക്ടറേറ്റിൽ കഴിഞ്ഞ ജൂൺ മാസം ആദ്യ വാരം ഇന്റർവ്യൂ നടന്നു. ആ ഇന്റർവ്യൂവിൽ 75 ആളുകളെ തെരഞ്ഞെടുക്കാൻ വേണ്ടി സ്വകാര്യ സ്വാശ്രയ ബി.എഡ്. കോളേജുകളുടെ മാനേജുമെന്റുകളെയെല്ലാം വിളിച്ചുവരുത്തി. അവിടെ ഇന്റർവ്യൂവിന് ഹാജരാകുന്ന മാനേജുമെന്റുകൾ അതിനു തൊട്ടുമുമ്പ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വീട് കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഇന്റർവ്യൂവിൽ പങ്കെടുത്ത് സ്ലിപ്പുമായി പോയ ആളുകൾക്കു മാത്രമേ ഇത് കൊടുക്കൂ എന്നുള്ള നിബന്ധന വച്ചു. അതിന്റെ പേരിൽ 51 കോളേജുകാരിൽനിന്ന് 5 ലക്ഷം രൂപ വച്ച് 2,55,00,000 രൂപ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൈപ്പറ്റിയതായിട്ട് ഞാൻ ഇവിടെ ആരോപിക്കുകയാണ്. (.....ബഹളം.....) ഞാൻ ഇവിടെ പറയുന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറായാൽ സകല രേഖകളും ഹാജരാക്കിക്കൊണ്ട് തെളിയിക്കുന്നതിന് തയ്യാറാണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞാൻ വെല്ലുവിളിക്കുകയാണ്. നാലാമതായി, സംസ്ഥാനത്ത് 102 ടി.ടി.ഐ.-കളുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ റൂൾ 307 അനുസരിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മത്തായി ചാക്കോ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരായി 1, 2, 3 എന്നു പറഞ്ഞ് അക്കമിട്ട് അഴിമതി ആരോപണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങേക്ക് എഴുതിത്തന്നതിനുശേഷം ആക്ഷേപം ഉന്നയിക്കുന്നതിനെക്കുറിച്ച് ഈ സഭയുടെ ഇമ്മ്യൂണിറ്റി ഉപയോഗിച്ചുകൊണ്ട് ചെയ്യുന്നതിനെക്കുറിച്ചുള്ള ആക്ഷേപമല്ല ഞാൻ പറയുന്നത്. പ്രത്യേകിച്ച് ഒരു രേഖയുമില്ലാതെ, ടേബിളിലൊന്നും വയ്ക്കാതെ നാട്ടിൻപുറത്ത് ആരൊക്കേയോ സംസാരിച്ചു എന്നു പറഞ്ഞാൽ, ഈ സഭയുടെ ഇമ്മ്യൂണിറ്റി പൂർണ്ണമായി ഉപയോഗിച്ചുകൊണ്ട് ഒരു ബഹുമാനപ്പെട്ട മന്ത്രിയുടെ സത്പേര് കളങ്കപ്പെടുത്തുന്നതിനുവേണ്ടി ഈ സഭയുടെ സമയം വിനിയോഗിക്കരുത്. രേഖകൾ ഹാജരാക്കാതേയും മേശപ്പുറത്ത് വയ്ക്കാതേയുമാണ് ആരോപിക്കുന്നത്. (.....ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : രേഖകൾ തരാം. നിങ്ങൾ അന്വേഷണം നടത്തൂ. (.....ബഹളം.....)

മി. സ്പീക്കർ : ഇവിടെ ഒന്ന് എഴുതിത്തന്നാൽ ആർക്കും എന്തും പറയാം. അത് ഇപ്പോൾ ജനങ്ങൾക്കും അറിയാം.

ശ്രീ. മത്തായി ചാക്കോ : സംസ്ഥാനത്ത് 102 ടി.ടി.ഐ.കൾ നിലവിലുണ്ട്. ആ 102 ടി.ടി.ഐ.കൾ നിലവിലിരിക്കേയാണ്.....(.....ബഹളം.....)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അങ്ങ് നിയമസഭാ നടപടികളിൽ ഒരുപാട് പരിഷ്കാരങ്ങൾ വരുത്തിയ ഒരു മഹത് വ്യക്തിയാണ്. അഴിമതി ആരോപണങ്ങൾ എന്നുള്ള നിലയിൽ അവിടെ രണ്ടര ഇവിടെ മൂന്നര, അവിടെ പത്തര, അങ്ങനെ ആർക്കും അഴിമതി ആരോപണങ്ങൾ ഉന്നയിക്കാൻ അടിസ്ഥാനം വേണ്ടേ ? പ്രൈമാഫെയ്സിയായിട്ട് എന്തെങ്കിലും ഒരു രേഖ ഇതിൽക്കൂടി വയ്ക്കാതെ ആരോപണങ്ങൾ ഉന്നയിക്കുന്ന കീഴ്വഴക്കം അംഗീകരിക്കുന്നത് വളരെ മോശമാണ്.

മി. സ്പീക്കർ : അത് എല്ലാപേരുംകൂടി ആലോചിച്ച് ചെയ്യേണ്ടതാണ്. അതാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, റൂൾ 285 അനുസരിച്ച് ഇവിടെ ആരോപണം ഉന്നയിക്കുന്നതിന് ഒരു മെമ്പർക്ക് അവകാശമുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുത്തിട്ടാണ് ആരോപണങ്ങൾ ഉന്നയിക്കുന്നത്. അതു സംബന്ധിച്ച് അവർക്ക് വിശദീകരിക്കാനും അവസരമുണ്ട്. ഇത്തരം തീരുമാനമേ പറ്റുകയുള്ളൂ. അസഹിഷ്ണുത ശരിയല്ല.

ശ്രീ. എം. എം. ഹസ്സൻ : സർ, റൂൾസിൽ പ്രൊവൈസോ വളരെ ക്ലീയറാണ്. (285)Provided that the Speaker may at any time prohibit any member from making any such allegation if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation. ഈ സഭയുടെ അന്തസ്സിനും അഭിമാനത്തിനും നിരക്കാത്ത രീതിയിൽ ഇത് വെറും ഒരു നുണ പ്രചരണമാണ്. ഒരു മെമ്പറുടെ ഉത്തരവാദിത്വം, ഈ സഭയോടുള്ള ഉത്തരവാദിത്വം വേണം. വിദ്യാഭ്യാസ വകുപ്പുമന്ത്രി 5 കോടി രൂപ വാങ്ങിച്ചു, 3 കോടി വാങ്ങിച്ചു എന്നൊക്കെ പറയാൻ ഇത് വെള്ളരിക്കാ പട്ടണമാണോ സർ ? അങ്ങേക്ക് അറിയാമല്ലോ. അത് അങ്ങയുടെ ഒരു discretion ആണ്. ആർക്കും എഴുതിക്കൊടുത്ത് എന്തും പറയാനുള്ള പ്രൊവിഷനില്ല. അത് ദുരുപയോഗപ്പെടുത്തരുത്. അത് ഇപ്പോൾ നിയന്ത്രിക്കണം.

മി. സ്പീക്കർ : അതിപ്പോൾ ജനങ്ങൾക്കും അറിയാം.

ശ്രീ. മത്തായി ചാക്കോ : സംസ്ഥാനത്ത് 102 ടിടിഐ.-കൾ നിലവിലുള്ളപ്പോൾ, പതിനായിരക്കണക്കിന് ടീച്ചർ ട്രെയിനിംഗ് കഴിഞ്ഞ കുട്ടികൾ പുറത്ത് നിൽക്കുമ്പോഴാണ് 165 ടിടിഐ.-കൾക്ക് എൻ.ഒ.സി കൊടുക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി ഈ 165 ടി.ടി.ഐ.-കളിലേയും മാനേജുമെന്റുകളേയും വിളിച്ചു ചേർത്തുകൊണ്ട് ഒരു കോടി രൂപ അഡ്വാൻസ് ആയിട്ട് മന്ത്രി കൈപ്പറ്റി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് മത്തായിയുടെ മുൻപിൽ വച്ചാണോ കൊടുത്തത് ? എന്തെല്ലാം പറയുന്നു. (ബഹളം.....) ഒന്നിനും ഡോക്യുമെന്റ്സ് ഇല്ല. അതാണ് ഞാൻ പറഞ്ഞത് അത്രയും വിലയേയുള്ളൂ. (ബഹളം.....) നിങ്ങൾ ബഹളം ഉണ്ടാക്കാതേ.... അദ്ദേഹം പറയട്ടെ. അതിന് അത്രയും വിലയേയുള്ളൂ. ഇതൊക്കെ പ്രതിപക്ഷം പറയും ഭരണപക്ഷം നിഷേധിക്കും. ഇപ്പോൾ അത്രയും വിലയേ എടുത്തിട്ടുള്ളൂ. നിങ്ങൾ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. ഇത് എല്ലാവർക്കുമറിയാം. ജനങ്ങൾക്കുമറിയാം.

ശ്രീ. മത്തായി ചാക്കോ : സംസ്ഥാനത്ത് പൊതുവിദ്യാഭ്യസ വകുപ്പിന്റെ കീഴിൽ രണ്ട് സ്ഥാപനങ്ങൾ ഉണ്ട്. എസ്.സി.ഇ.ആർ.ടി. എന്ന് പറയുന്ന ഒരു സ്ഥാപനവും അതുപോലെ ഓപ്പൺ സ്കൂളും. ഇതൊക്കെ രേഖയിൽ ഉള്ളതാണ്.

മി. സ്പീക്കർ : രേഖ ഉണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്ക്.

ശ്രീ. മത്തായി ചാക്കോ : ഞാൻ വയ്ക്കാം. (ബഹളം.....)

മി. സ്പീക്കർ : അദ്ദേഹം രേഖ ഉണ്ട് എന്ന് പറഞ്ഞതുകൊണ്ടാണ് മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ എസ്സിഇആർ.ടി.-യെ സംബന്ധിച്ചാണ് ആരോപണം ഉന്നയിക്കുന്നത് ഇത് സംബന്ധിച്ച രേഖ അദ്ദേഹത്തിന്റെ കൈവശമുണ്ട്. അദ്ദേഹം സംസാരിച്ചതിനുശേഷം രേഖ വയ്ക്കും.

മി. സ്പീക്കർ : രേഖ മേശപ്പുറത്ത് വച്ചാലല്ലേ മന്ത്രിക്ക് അത് നോക്കി മറുപടി പറയാൻ ഒക്കുകയുള്ളൂ. രേഖ ഉണ്ടെങ്കിൽ കൊടുക്കൂ. (ബഹളം.....)

ശ്രീ. മത്തായി ചാക്കോ : ഞാൻ സംസാരിച്ചു തീർന്നിട്ട് വയ്ക്കാം. (ബഹളം.....) ഞാൻ പറയട്ടെ. എസ്.സി.ഇ.ആർ.ടിയിൽ മന്ത്രി നടത്തിയ സ്വജനപക്ഷപാതത്തെ സംബന്ധിച്ച രേഖ എന്റെ കയ്യിൽ ഉണ്ട്. ഞാൻ പറഞ്ഞു തരാം. ഇത് ഗവേണിംഗ് ബോഡിയുടെ മിനിറ്റ്സ് ആണ്. (മിനിറ്റ്സിന്റെ കോപ്പി ഉയർത്തി കാണിക്കുന്നു.) അങ്ങേയ്ക്ക് ഇത് നിഷേധിക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് കേൾക്കണം. എസ്.സി.ഇ.ആർ.ടി.-യിൽ പബ്ലിക് സർവ്വീസ് കമ്മീഷനോ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചോ വഴി അല്ലാതെ മാഹീൻ കണ്ണ് എന്നു പറയുന്ന വഴിയേ നടക്കുന്ന ഒരാളെപ്പിടിച്ച് അവിടെ പി.ആർ.ഒ ആയിട്ട് വച്ച് മന്ത്രി ചെയർ ചെയ്തിട്ടുള്ള ഗവേണിംഗ് ബോഡിയുടെ മിനിറ്റ്സാണ് ഇത്. Maheen Kannu may be appointed on contract basis അതിന്റെ ഭാഗമായി തീരുമാനം എടുത്തിട്ടുള്ളതാണ്. ഞാൻ വെല്ലുവിളിക്കുന്നു. മന്ത്രി ഗവേൺ ചെയ്ത യോഗത്തിൽ പി.ആർ.ഒ ആയി വച്ചില്ല എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ ? ഞാൻ മന്ത്രിയെ വെല്ലുവിളിക്കുകയാണ്. അങ്ങനെ മൂന്ന് ആളുകൾക്ക് അനധികൃതമായിട്ട് അവിടെ നിയമനം കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : എഴുതിക്കൊടുത്ത് ആരോപണം ഉന്നയിക്കുമ്പോൾ, ഇപ്പുറത്ത് നിന്ന് രേഖ വേണമെന്ന് ആവശ്യപ്പെടുമ്പോൾ രേഖ എന്റെ കയ്യിൽ ഉണ്ട് എന്നാണ് പറയുന്നത്. ഇവിടെ രണ്ട് ആരോപണം പറഞ്ഞു കഴിഞ്ഞു. മൂന്നാമത്തെ ആരോപണമാണ് പറയുന്നത്. ഇത്ര എമൗണ്ട് എന്നൊക്കെ പറഞ്ഞിട്ടാണ് ആരോപണം പറയുന്നത്. ഇത് സംബന്ധിച്ച് എന്ത് രേഖയാണ് നിങ്ങളുടെ കയ്യിൽ ഉള്ളത് ? അത് ഈ സഭ അറിയട്ടെ. (ബഹളം.....)

മി. സ്പീക്കർ : രേഖ കയ്യിൽ ഉണ്ട് എന്ന് അദ്ദേഹം പറയുകയും ആ രേഖ മേശപ്പുറത്ത് വയ്ക്കാതിരിക്കുകയും ചെയ്താൽ അത്രയും ക്രഡിബിലിറ്റിയേ അതിനുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു രേഖ കൈവശമുണ്ട് എന്ന് പറയുകയും അതിനനുസരിച്ച് പ്രസംഗിക്കുകയും ചെയ്യുമ്പോൾ അത് കോട്ട് ചെയ്യുന്നതിന് തുല്യമാണ്. അതനുസരിച്ച് മിനിറ്റ്സ് ആണെങ്കിലും റൂൾ 295 സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ മെമ്പറാണെങ്കിൽ ബാദ്ധ്യസ്ഥനാണ്. അതുകൊണ്ട് അത് ചെയ്യണം.

മി. സ്പീക്കർ : അതിന്റെ റൂൾ ഇതാണ്. രേഖ ഉണ്ട് എന്ന് പറഞ്ഞു. അത് ഉണ്ടെങ്കിൽ അത് മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞു. അത് വച്ചില്ലെങ്കിൽ അത്രയും ക്രഡിബിലിറ്റിയേയുള്ളൂ. അതിൽ എന്താണ് വേറെ കൂടുതൽ പറയാനുള്ളത് ?

ശ്രീ. മത്തായി ചാക്കോ : എസ്.സി.ഇ.ആർ.റ്റി.-യിൽ മാഹീൻ കണ്ണ് എന്ന് പറയുന്ന കരമന സ്വദേശിയെ അവിടെ പി.ആർ.ഒ ആയിട്ട് വച്ചില്ലായെന്ന് മന്ത്രി ധൈര്യം ഉണ്ടെങ്കിൽ പറയട്ടെ. ഞാൻ മന്ത്രിയെ വെല്ലുവിളിക്കുകയാണ്. ഇനി മറ്റൊരു കാര്യം കൂടി പറയാം. പ്ലസ് ടു കോഴ്സിലേക്ക് പാഠ പുസ്തകം അച്ചടിച്ച പൊതുമേഖലാ സ്ഥാപനത്തിന് 67 ലക്ഷം രൂപയുടെ വരുമാനം മുൻപ് ഉണ്ടായിരുന്നു. സപ്ലൈ വന്നതിനുശേഷം അത് മാറ്റി. കോഴിക്കോടുള്ള പി.ബി.എസ്സിനും അതുപോലെ മർച്ചന്റ് ബുക്ക്സിനും കൊടുത്തു. ഏതാണ്ട് 55 ലക്ഷം രൂപയുടെ നഷ്ടം ഈ സ്വകാര്യ വ്യക്തികൾക്ക് കൊടുത്തതിന്റെ ഭാഗമായിട്ട് ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ ഒരു പഴഞ്ചൊല്ലുണ്ട്. കള്ളന് കഞ്ഞി വച്ചവൻ എന്ന്. ഇവിടെ വിദ്യാഭ്യാസ മന്ത്രിയുടെ ഈ കച്ചവട നിലപാടുകളെ മുഴുവൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സാധൂകരിക്കുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. ഈ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ കച്ചവടത്തെ സഹായിച്ചുള്ള നടപടികൾക്കെതിരെ ഇവിടെ രേഖാമൂലം എഴുതിക്കൊടുത്തിട്ടുള്ള ആറ് ആക്ഷേപങ്ങളുണ്ട്. വിദ്യാഭ്യാസ മന്ത്രിയെ ഞാൻ വെല്ലുവിളിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

മി. സ്പീക്കർ : ഇന്ന് നാല് മന്ത്രിമാർ മറുപടി പറയാനുണ്ട്. You sit down. Please resume your seat.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യടൻ മുഹമ്മദ് : സർ, Hand Book for Members, Page-30- Documents cited by a member in the course of his speech which is available to other members should be kept ready to place by him on the table of the House if he is required to place such documents on the table സെറ്റ് ചെയ്ത രേഖയെ ഒരു മെമ്പർ ആണെങ്കിൽ ഈ ഹാന്റ് ബുക്ക് അനുസരിച്ച് മേശപ്പുറത്ത് വയ്ക്കണം. അത് വളരെ ക്ലിയറാണ്.

മി. സ്പീക്കർ : ഇന്ന് 4 മന്ത്രിമാരാണ് മറുപടി പറയാനുള്ളത്. ബഹുമാനപ്പെട്ട ടി.എം. ജേക്കബിനെക്കുറിച്ചൊന്നും ഇവിടെ ചർച്ച വന്നില്ല അങ്ങേയ്ക്ക് വല്ലതും പറയാനുണ്ടെങ്കിൽ ഇന്ന് വേണ്ടെന്ന് വച്ചാൽ വലിയ ഉപകാരമായിരിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : വേണ്ട.

മി. സ്പീക്കർ : അപ്പോൾ നാലിൽ ഒന്ന് കുറഞ്ഞു.

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, നമ്മുടെ സഭയുടെ തന്നെ ജനാധിപത്യ സംസ്കാരം എങ്ങോട്ടുപോകുന്നു എന്ന് എല്ലാവരുംകൂടി ആലോചിക്കേണ്ട സംഗതിയാണ്. ഞാൻ ഒരുപാട് സമയമൊന്നും എടുക്കില്ല. ഭാവിയിലെ ചില പരിപാടികൾ ഹ്രസ്വമായിട്ട് ഒന്നുപറയാം, പിന്നെ ഒന്നു രണ്ടു കാര്യങ്ങൾ കൂടി ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുമായി ബന്ധപ്പെട്ട് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എനിക്കറിയാം വിദ്യാഭ്യാസമന്ത്രിക്ക് സമയം വേണം, അദ്ദേഹം അനാവശ്യമായ കൂരമ്പുകളേറ്റ് എന്റെ സമീപത്ത് ഇരിക്കുകയാണ്. ഇവിടെയും ഓഫീസിലും എന്റെ അയൽവാസിയാണ് ബഹുമാനപ്പെട്ട സൂപ്പി. പറഞ്ഞതുകേട്ട് ഞാൻ അൽഭുതം കൊണ്ട് അങ്ങനെ ഇരിക്കുകയായിരുന്നു, നമ്മുടെ വർത്തമാന കാലഘട്ടത്തിൽ കേരളത്തിൽ, ഞാൻ ഇൻഡ്യയുടെ മൊത്തം കാര്യം എടുക്കുന്നില്ല, നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരുപാട് ഭാവങ്ങളുണ്ട്. നമ്മുടെ സഹിഷ്ണുതയും, സാഹോദര്യവും, സമഭാവനയുമൊക്കെ. ഇതെല്ലാം നേടിയെടുക്കാൻ സംസ്കാരസമ്പന്നമായ ഒരു ജനതയുണ്ടാകണം. അതിൽ സാംസ്കാരിക മേഖലയുടെ പങ്ക് വളരെ വലുതാണ്. സ്വാതന്ത്ര്യ സമരം നടക്കുന്ന കാലഘട്ടത്തിലും മനുഷ്യന്റെ മാറ്റത്തിനുവേണ്ടി എല്ലാ പോരാട്ടങ്ങളും നടക്കുന്ന കാലഘട്ടങ്ങളിലും എല്ലാം ഈ സാംസ്കാരിക നായകന്മാരുടെയും, സാംസ്കാരിക മേഖലയുടെയും സംഭാവന വീളരെ വലുതാണെന്ന് ഞാൻ എടുത്ത് പറയേണ്ട കാര്യമില്ല. അതിനെ പൂർണ്ണമായും ഈ ഗവൺമെന്റ് ഉൾക്കൊള്ളുന്നു. ഇവിടെ ഇന്നത്തെ ഈ കാലഘട്ടത്തിൽ കേരളത്തിൽ ചില കാര്യങ്ങൾ നമ്മൾ കൂട്ടായി ചെയ്യേണ്ടതുമുണ്ട്. പലപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ അന്യം നിന്നുപോകുന്ന നമ്മുടെ സഹിഷ്ണുതയും സൗഹൃദവും നേടിയെടുക്കുന്നതിനുവേണ്ടി ജനമനസ്സുകളിലേക്ക് ഇറങ്ങിചെല്ലുന്നതിന് ഗവൺമെന്റ് ഒരു ഔപചാരികതയും ഇല്ലാതെ കേരളത്തിലെ എല്ലാ തലങ്ങളിലുമുള്ള സാംസ്കാരിക നായകൻമാരുടെയും ജനങ്ങളുടെയും സഹകരണത്തോടെ 'സംസ്കാര' എന്ന പേരിൽ സംസ്ഥാനതലം മുതൽ ഗ്രാമങ്ങൾവരെ പ്രചരണ പരിപാടികളുമായി മുന്നോട്ടുപോകാൻ ഡിപ്പാർട്ടുമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ സംസ്ഥാനതല

ഉത്ഘാടനം നാളെ തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്നു. അത് പാർട്ടി മീറ്റിംഗ് ഒന്നുമല്ല, ആ പരിപാടിയിൽ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ, പത്മശ്രീ യേശുദാസ്, ഡോ. ഇക്ബാൽ, പി. ഗോവിന്ദപിള്ള, ഭരത് ഗോപി ഇങ്ങനെയുള്ള ആളുകളൊക്കെ പങ്കെടുക്കുന്നതാണ്. സാംസ്കാരിക പരിപാടികളോടൊപ്പം, കലാപരിപാടികളോടൊപ്പം ആളുകളിലേക്ക് ഇന്നത്തെ കാലഘട്ടത്തിൽ നമുക്ക് പറയാനുള്ള മെസേജ് എത്തിക്കുക എന്നുള്ള സംവിധാനം ആയിരിക്കുമത്. അതൊന്ന്. രണ്ടാമത് കഴിഞ്ഞ ദിവസവും പറഞ്ഞതാണ്, സാംസ്കാരിക ഡയറക്ടറേറ്റ് നമുക്കില്ല. ഏതായാലും അത് അടിയന്തരമായി ഉണ്ടാക്കുന്നതിനുവേണ്ടി കൾച്ചറൾ സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കേരളാ ഇന്റർനാഷണൽ സെന്റർ ഫോർ ആർട്ട് ആന്റ് കൾച്ചർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാത്തിനും സാമ്പത്തികം പ്രധാനമായിട്ടുള്ള ഒരു ഘടകമാണ്. ബഡ്ജറ്ററി സപ്പോർട്ട് അത്യാവശ്യമാണ്. അതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ ഒരുപാട് പ്രതിഭകൾ ഉണ്ടെങ്കിൽപ്പോലും അവരുടെ ഉന്നമനത്തിനാവശ്യമായ ഒരു കേന്ദ്രം നമുക്കിവിടെയില്ല. നേരത്തെ ഇവിടെ പലരും പറഞ്ഞു കേരളത്തിലെ എല്ലാ ജില്ലകളിലും ആർട്ട് ഗ്യാലറികൾ വരുന്നു, രണ്ട് ആർട്ട് ഗ്യാലറികൾ ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ഥാപിച്ചുകഴിഞ്ഞു. അടുത്ത മാസം ഒന്നാം തീയതി കോട്ടയത്ത് അത് ആരംഭിക്കും. കൊല്ലത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മറ്റൊന്ന് തിരുവനന്തപുരത്തുള്ള വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഒരു അന്താരാഷ്ട്ര പഠനകേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ പ്രവർത്തനം നടക്കുകയാണ്. കലാമണ്ഡലത്തിന്റെ വികസനത്തിന്റെ ഭാഗമായി അന്യരാജ്യങ്ങളിൽപ്പോലും അതിന്റെ സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. ദുബായിൽ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ കലാമണ്ഡലം ചിട്ട കേരളത്തിലും ഇൻഡ്യയ്ക്കു പുറത്തുമുള്ള നമ്മുടെ മലയാളികളും ഭാരതീയരുമായ കുട്ടികൾക്ക് വേണമെങ്കിൽ വിദേശികൾക്കും പഠിക്കുന്നതിനുള്ള ഒരു സന്ദർഭം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. ആദ്യമായി ചലച്ചിത്ര അക്കാഡമിയുടെ നേതൃത്വത്തിൽ ദേശീയ ചലച്ചിത്ര ഉൽസവം ആരംഭിക്കുകയാണ്. ഈ വർഷത്തെ ചലച്ചിത്രോൽസവം ജൂലൈ 12-ന് പെരിന്തൽമണ്ണയിൽ ആരംഭിക്കും. മൂന്ന് ദിവസത്തെ പരിപാടി. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലിയുടെയും, ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിയുടെയും ഒക്കെ നാടാണ്, അവിടെവച്ചാണ് ദേശീയ ചലച്ചിത്രോൽസവം പന്ത്രണ്ടാംതീയതി ആരംഭിക്കുന്നത്. വാദ്യകലയ്ക്ക് ഏർപ്പെടുത്തിയ പുരസ്കാരത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. മലയാള ഭാഷയുടെ കാര്യം ബഹുമാനപ്പെട്ട പാർലമെന്ററി മിനിസ്റ്റർ ഹസ്സൻ ഇവിടെ പലപ്പോഴും പറയുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള കാര്യമാണ്. മൂന്നാം തലമുറയോടുകൂടി മലയാളഭാഷ അന്യമാകുകയാണ്. കേരളത്തിനു പുറത്തും ഇൻഡ്യക്കു പുറത്തുമുള്ള കേരളത്തിലെ കുടുംബങ്ങളിൽ ഇത് ബാധകമായി നിൽക്കുന്നു. അതിനുവേണ്ടി ഒരു പരിപാടി, മലയാളഭാഷയുടെ ആവശ്യം ഈ തലമുറയെ ബോദ്ധ്യപ്പെടുത്താൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അതിനുള്ള ഒരു പരിപാടി ആരംഭിക്കും. അതിനാവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ അത് പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള ഭാവിയിലെ ചില കാര്യങ്ങൾ സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ. സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പരിപാടികൾ, ഞാൻ സമയക്കുറവുകൊണ്ട് അതിലേക്ക് പോകുന്നില്ല. വളരെ സജീവ സാന്നിദ്ധ്യമായി കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു. ഒന്നു, രണ്ടു കാര്യങ്ങൾ കൂടി, ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. പിരപ്പൻകോട് മുരളി അദ്ദേഹം എം.ടി. വാസുദേവൻ നായർക്കുവേണ്ടി ഒരുപാട് പറഞ്ഞു. എം.ടി.-യോട് ഇവിടെ ആർക്കും അഭിപ്രായവ്യത്യാസമൊന്നുമില്ല.. കഴിഞ്ഞദിവസം ഒരു ഇന്റർവ്യൂവിന് എന്റെ അടുത്തുവന്നപ്പോൾ ഏറ്റവും ഇഷ്ടപ്പെട്ട കൃതികളെക്കുറിച്ച് ചോദിച്ചപ്പോൾ ആ ഇന്റർവ്യൂവിൽ കഴിഞ്ഞ ആഴ്ച ഞാൻ പറഞ്ഞത് എം.ടി. യുടെ ഒരു പുസ്തകത്തെ കുറിച്ചാണ്. എം.ടി. എന്ന പ്രതിഭയോട് ആർക്കും അഭിപ്രായവ്യത്യാസമില്ല. അദ്ദേഹം മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് പാവപ്പെട്ട കുറേ ആദിവാസികളെ വിളിച്ച് മുമ്പിലിരുത്തിയിട്ട് ആദിവാസി സമൂഹത്തിനുവേണ്ടി നടത്തിയ ഒരു വലിയ ത്യാഗത്തെക്കുറിച്ച് തിമിർത്ത് ആടി പറഞ്ഞു. നിങ്ങളുടെ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഞാൻ ഇതാ ഒരു സ്ഥാനം രാജിവയ്ക്കുന്നു. ഞാൻ ഇന്റർനാഷണൽ വീഡിയോ ഫെസ്റ്റിവലിന്റെ ജൂറി സ്ഥാനം രാജിവയ്ക്കുന്നു എന്ന്. പാവപ്പെട്ട ആദിവാസികൾ വിചാരിച്ചു ഞങ്ങൾക്കുവേണ്ടി ഈ വലിയ ആൾ എന്തോ ത്യജിക്കുന്നു എന്ന്. ഐ.വി. ഫെസ്റ്റ് അതിനുശേഷം ഭംഗിയായി നടന്നു. ശ്രീ. ഹസ്സൻ നടത്തി. ഞാൻ ആ ഒരു കാര്യമേ പറഞ്ഞുള്ളൂ. അങ്ങനെയാണെങ്കിൽ എം.ടി. വാസുദേവൻ നായർ രാജിവയ്ക്കേണ്ടത് തുഞ്ചൻ പറമ്പിന്റെ ചെയർമാൻ സ്ഥാനമാണെന്ന് ഞാൻ പറഞ്ഞത് ശരിയാണ്. ഞാൻ അതിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. അല്ലാതെ എം.ടി.-യോട് രാജിവയ്ക്കാൻ ഞാൻ പറഞ്ഞിട്ടില്ല. എന്റെ ഒരു സംശയം, പാവപ്പെട്ട ജനങ്ങൾ വിചാരിച്ചു ഇദ്ദേഹം ഞങ്ങൾക്കുവേണ്ടി വലിയ ഒരു ത്യാഗം ചെയ്യുന്നു എന്ന്. ഒരാഴ്ച നീണ്ടുനിൽക്കുന്ന ഒരു സ്ഥാനമാണോ രാജിവയ്ക്കേണ്ടത്, ആജീവനാന്ത സ്ഥാനമാണോ ? ഈ സന്ദർഭത്തിൽ ഈ സഭയ്ക്കുവേണ്ടി ഞാൻ അങ്ങയോട് ഒരു കാര്യം ചോദിക്കുകയാണ്. തിരുവനന്തപുരത്ത് 5 ഏക്കറിനകത്ത് പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതിഭവൻ, 5 ഏക്കറിന് എത്ര കോടി രൂപാ വരും. കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൊണ്ടും, കേരളാ ഗവൺമെന്റിന്റെ സഹായം കൊണ്ടും പ്രവർത്തിക്കുന്ന ഒരു വലിയ സാംസ്കാരിക സമുച്ചയമായി പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതിഭവൻ ഇപ്പോൾ ഞാൻ മുഖ്യമന്ത്രിയുടെ അനുവാദത്തോടെ ഞങ്ങൾക്ക് ബന്ധമുള്ള അല്ലെങ്കിൽ വലിയ രാഷ്ട്രീയമില്ലാത്ത ഒരാളിനെ അതിന്റെ അധിപനായിട്ടും, ചെയർമാനായിട്ടും യു.ഡി.എഫ്.-ലെയോ അതല്ലെങ്കിൽ എന്റെ പാർട്ടിയിലെയോ ഒരു ജില്ലാ സെക്രട്ടറി ഐ.എൻ.ടി.യു.സി. യുടെ ജില്ലാ സെക്രട്ടറി, വേണ്ട, നല്ല വിവരമുള്ള സാംസ്കാരികമായി ബന്ധമുള്ള ഐ.എൻ.ടി.യു.സി. ജില്ലാ സെക്രട്ടറിയായ വർക്കല കഹാർ എം.എൽ.എ.-യെ അതിന്റെ സെക്രട്ടറിയുമാക്കിയിട്ട് വൈലോപ്പിള്ളി സംസ്കൃതിഭവൻ ആജീവനാന്ത ട്രസ്റ്റായി ഞാൻ പ്രഖ്യാപിച്ചാൽ സാംസ്കാരിക കേരളത്തിന്റെ സമീപനം എന്തായിരിക്കും. അത് ചിന്തയ്ക്ക് സമർപ്പിക്കുകയാണ്. എം.ടി. വാസുദേവൻ നായർ അദ്ദേഹം നാലുകെട്ടിൽ തുടങ്ങി ഇപ്പോൾ അവസാനം എഴുതിയ വാരണാസിവരെ വന്നുനിൽക്കുന്നു. അദ്ദേഹത്തിന്റെ പ്രതിഭയുടെ മുമ്പിൽ ഞാൻ ശിരസ്സ്

LIBRARY ARCHIVES Kerala Legislative Assembly

നമിക്കുന്നു. ആ എം.ടി. വാസുദേവൻ നായർ ഈ ഒരു സ്ഥാനത്തിനുവേണ്ടി ഒരാജീവനാന്ത ട്രസ്റ്റ് അവിടെ സി.പി.എം. ഭരിക്കുന്ന സമയത്ത് ഉണ്ടാക്കിയത് ശരിയാണോ എന്ന് ഞാൻ സഭയുടെ മുമ്പിൽ ചിന്തയ്ക്ക് വയ്ക്കുന്നു. അതിപ്പോൾ ഞങ്ങൾ ചെയ്താലോ ? തുഞ്ചൻ സ്മാരകട്രസ്റ്റ് എം.ടി.-യെ പിരിച്ചുവിടുമെന്ന് ആരും പറഞ്ഞൊന്നുമില്ല. സി.ഐ.ടി.യു. സെക്രട്ടറിക്ക് സംസ്ക്കാരമില്ല എന്ന വിവരക്കേടൊന്നും കാർത്തികേയൻ പറഞ്ഞില്ല. പക്ഷേ ആജീവനാന്ത ചെയർമാനായി എം.ടി. വാസുദേവൻ നായർ ഇരിക്കുന്ന സ്മാരകട്രസ്റ്റിന്റെ സെക്രട്ടറി സി.ഐ.ടി.യു.വിന്റെ മലപ്പുറം ജില്ലാ സെക്രട്ടറി നന്ദകുമാർ ആണെന്നുള്ള സത്യം കാർത്തികേയൻ. പറയണ്ടേ. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : രാഷ്ട്രീയക്കാരനായ ശ്രീ. കാർത്തികേയന് സാംസ്ക്കാരിക മന്ത്രിയാകാമെങ്കിൽ നന്ദകുമാറിന് അതായിക്കൂടെ ? (ബഹളം..... ബഹളം.....)

ശ്രീ. ജി. കാർത്തികേയൻ : ഞാൻ പറഞ്ഞില്ലല്ലോ ബഹുമാനപ്പെട്ട കോടിയേരി , ആജീവനാന്ത ട്രസ്റ്റ് ഉണ്ടാക്കി എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ, നിങ്ങൾ അത് ശ്രദ്ധിക്കാത്തതെന്താ ? അതെന്താ ശ്രദ്ധിക്കാത്തത് ? കേരളത്തിന്റെ മുഖ്യമന്ത്രി അഞ്ചുവർഷം കഴിയുമ്പോൾ മാറും, ഇൻഡ്യയുടെ പ്രധാനമന്ത്രി മാറും, ഇൻഡ്യയുടെ പ്രസിഡന്റ് മാറും. തുഞ്ചൻപറമ്പിൽ ട്രസ്റ്റിന്റെ പ്രസിഡന്റും, സെക്രട്ടറിയും, മെമ്പർമാരും മാറാൻ പാടില്ല എന്നുള്ള നിയമം ഏത് രാജ്യത്തിനുള്ളതാണ്. ഞാൻ ആ സംശയം പറഞ്ഞതാണ്. ഞാൻ അത്രയേപറഞ്ഞുള്ളൂ. എന്റെ അനുജൻ പി.എസ്. സുപാൽ പറഞ്ഞു, സാംസ്കാരിക നായകൻമാരെക്കുറിച്ച് പറഞ്ഞ് ഞാൻ പൊട്ടിച്ചിരിച്ചു എന്ന്. ഒന്നാമത് എന്നെക്കുറിച്ചുള്ള ആക്ഷേപം കേട്ടാൽ പോലും ഞാൻ ചിരിക്കാത്ത ഒരാളാണെന്നുള്ളതാണ്. ഞാൻ പൊട്ടിച്ചിരിച്ചൊന്നുമില്ല. സാംസ്കാരിക നായകൻമാരോട് ഈപറയുന്ന ഇവരെക്കാൾ ബഹുമാനം നമുക്കെല്ലാവർക്കും ഉണ്ട്. ഇവർ ഈ പറയുന്ന അടൂർ ഗോപാലകൃഷ്ണനും മറ്റാളുകളുമൊക്കെ കേരളത്തിൽ ഈ പ്രതിഭയോടുകൂടി ജീവിച്ചിരുന്നപ്പോൾ ഇവരെയൊന്നും ആരും മൈൻഡ് ചെയ്തില്ല. ഇവർക്ക് അർഹമായ ആദരവ് കൊടുത്തത് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിട്ടുള്ള ഈ ഗവൺമെന്റ് മാത്രമാണ്. അതുകൊണ്ട് സാംസ്കാരിക നായകൻമാരെ ബഹുമാനിക്കാൻ ഇവിടെ നമ്മളെ ആരും പഠിപ്പിക്കേണ്ട ആവശ്യമൊന്നുമില്ല. ബഹുമാനപ്പെട്ട ഗണേഷ്കുമാർ അദ്ദേഹം ഈ രംഗത്തുള്ള ഒരാൾ കൂടിയാണ്, അദ്ദേഹം മന്ത്രിയായിരുന്നു, അതുപോലെ ശ്രീ. മഞ്ഞളാംകുഴി അലി അദ്ദേഹം സിനിമയുമായി ബന്ധപ്പെട്ട ആളാണ്. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തുവന്നു, ശരിയാണ് മലയാള സിനിമ യഥാർത്ഥത്തിൽ ഇപ്പോൾ മരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം വ്യാജ കാസറ്റുകളും സി.ഡി. യും തന്നെയാണ്. മുഖ്യമന്ത്രിയുടെ അടുത്തുവന്ന് ഈസംഘം നിവേദനം കൊടുത്തതിനുശേഷം കുറേ ആക്ഷൻ നടന്നു, ഏതായാലും ഇപ്പോൾ അത് പോരാ, ശരിയാണ്. ഇപ്പോഴും വ്യാജ കാസറ്റുകളും, സി.ഡി. കളും സുലഭമായി മാർക്കറ്റുകളിൽ ലഭിക്കുന്നതുകൊണ്ട് തീയേറ്ററുകളിലേക്ക് ആരും വരുന്നില്ല. ഇത് ഒരു വ്യവസായമല്ലേ, ഈ സ്നേഹിതൻമാരെയൊക്കെ പ്രതിസന്ധിയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കുന്നതിനുള്ള അടുത്ത നടപടികൾക്ക് തീർച്ചയായിട്ടും മുഖ്യമന്ത്രിയുമായിട്ട് ആലോചിക്കും. മറ്റൊന്ന് ഞാൻ ഒരു ഇടപെടലും നടത്തിയിട്ടില്ല. ഞാൻ ഒരു വിവാദവും ഉണ്ടാക്കിയിട്ടില്ല. ഞാൻ ഒരു സ്ഥലത്തും ആരംഭിച്ചിട്ടില്ല. പലരും പതുക്കെ പറയുന്നത് ഞാൻ ഉറക്കെ പറഞ്ഞു അത്രേയുള്ളൂ. മുമ്പുള്ള മന്ത്രിമാരൊന്നും ഇടപെടാതെ മിണ്ടാതിരുന്നതുകൊണ്ട് ഞാനും മിണ്ടാതിരിക്കണമെന്നു പറയുന്ന സമീപനം ശരിയല്ല. ഏറ്റവും അവസാനം ഞാൻ ഒന്ന് ഇടപെട്ടതുകൊണ്ടാണല്ലോ ചങ്ങമ്പുഴയിലെ പൊട്ടൻ അതല്ലാതെ മാറിയത്. വാഴക്കുലയിൽ ഒരു കുലയും ഇല്ലെന്നുപറഞ്ഞല്ലോ, എത്രയോ വർഷങ്ങൾക്കു മുൻപ് പാവപ്പെട്ട പുലയന്റെ വാഴക്കുല വെട്ടിയെടുത്തപ്പോൾ അവസാനം ആ പുലയന്റെയും, ആ മക്കളുടെയും പ്രതിഷേധം ആ കാലഘട്ടങ്ങളിൽ അന്നത്തെ സാമൂഹ്യാവസ്ഥയ്ക്കു നേരെയുള്ള ഏറ്റവും വലിയ ശക്തമായ വിമർശനമായിരുന്നു അത്. അതിലൊന്നും ഒരു പുലയൻ ഇല്ലെന്നും, പൊട്ടനാണെന്നു പറഞ്ഞപ്പോഴും സാംസ്കാരിക വകുപ്പുമന്ത്രി ഞാൻ സാഹിത്യകാരനല്ലെങ്കിൽ പോലും സാധാരണ ചെയ്യുന്നതുപോലെയുള്ള എന്റെ ഇടപെടലാണ്, അവസാനം ബഹുമാന്യയായ ഗൗരിയമ്മപോലും അതിനെക്കുറിച്ച് ഇടപെട്ട് പറഞ്ഞത്. എന്തുകൊണ്ടാ അത്, ഇടപെടേണ്ട സന്ദർഭങ്ങളിൽ സാംസ്കാരിക മന്ത്രി ഇടപെടേണ്ടിവരും. അതുകൊണ്ട് വീണ്ടും പറയട്ടെ കേരളത്തിലെ ഒരു സാംസ്കാരിക നായകനോടും ഞങ്ങൾക്ക് ആർക്കും വിരോധമില്ലെന്നു മാത്രമല്ല, എല്ലാവരോടും ഇഷ്ടമാണ്. അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഈ സാംസ്കാരിക നായകൻമാരുടേയും, എഴുത്തുകാരുടെയും, ഈ പ്രതിഭകളുടെയെല്ലാം പുസ്തകങ്ങൾ ഞാൻ വായിക്കാൻ ശ്രമിച്ചിട്ടുണ്ട്, അതൊക്കെ വീട്ടിൽ ഉണ്ട്. അതുകൊണ്ട് അനാദരവൊന്നുമില്ല. ഇങ്ങനെ പറഞ്ഞ് പറഞ്ഞ് ഇവരെ ആരും ആരുടെയും സ്വന്തമാക്കണ്ട. അദ്ദേഹം അസുരവിത്തിലെ 'ഗോവിന്ദൻ കുട്ടി'-യുടെ കാര്യം പറഞ്ഞു, എം.ടി.-യുടെ ഒരു കഥാപാത്രം. ശരിയാണത്. അവസാനം ഹിന്ദുവിൽ നിന്ന് ഇസ്ലാമിലേക്ക് മതം മാറി, പിന്നെ തിരിച്ചുവന്ന് ആരും ഇല്ലാതെ വന്ന ഒരു അവസ്ഥയുണ്ട്. ശരിയാണ്. അത് വളരെ ശക്തമായ താക്കീതുള്ള ഒരു പുസ്തകമാണ്. അതേ എം.ടി.യുടെതന്നെ 'കാലം' എന്ന ഒരു പുസ്തകത്തിനകത്ത് സേതു എന്ന ഒരു കഥാപാത്രമുണ്ട്. ആ സേതു എന്ന കഥാപാത്രത്തോട് പഴയ കൂട്ടുകാരി സുമിത്രപറയും "സേതുവേട്ടന് ഒരാളോട് മാത്രമേ ഇഷ്ടമുള്ളൂ" എന്ന്, "അത് സേതുവേട്ടനോട് മാത്രം." അതുകൊണ്ട് ഗോവിന്ദൻ കുട്ടി മാത്രമല്ല, എം.ടി.-ക്ക് സേതു എന്നൊരു കഥാപാത്രം കൂടി ഉണ്ട് എന്നുള്ളത് ഓർമ്മിപ്പിച്ചുകൊണ്ട് ഇത് പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുകയാണ് സ്പോർട്സിനെക്കുറിച്ച് ആരും ഒന്നും പറഞ്ഞിട്ടില്ല എന്ന്. കഴിഞ്ഞ തവണ എട്ടര കോടി രൂപയാണ് കിട്ടിയത്. 2 കോടി രൂപ ഇപ്പോൾ കിട്ടുമെന്നാണ് പ്രതീക്ഷിച്ചത്. അത് കിട്ടാത്തതിൽ നിരാശയുണ്ട്. ചർച്ചയിലേക്ക് പോകുന്നതിനു മുമ്പ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനോടും പ്രതിപക്ഷ നേതാക്കൻമാരോടും humble request. ആരോപണങ്ങൾ നിയമസഭയിൽ ഉന്നയിക്കാം. ബഹുമാനപ്പെട്ട സുപ്രിയെക്കുറിച്ച് ഉന്നയിച്ചു. എല്ലാ മന്ത്രിമാരെക്കുറിച്ചും നിരവധി ആരോപണങ്ങൾ ഉന്നയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ തെറ്റില്ല. അത് പ്രതിപക്ഷത്തിന്റെ റൈറ്റാണ്. ഒരു രേഖയുടെ പിൻബലവും ഇല്ലാതെ കേവലം ഇതുപോലെ നിയമസഭയെ തെറ്റിദ്ധരിപ്പിക്കരുത്. അതിന്റെ ആത്യന്തികമായ ഫലത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ ആലോചിക്കുന്നത് നല്ലതാണ് എന്ന് ഞാൻ സ്നേഹപുരസ്സരം ഓർമ്മിപ്പിക്കുന്നു. കായികരംഗത്ത് സ്പോർട്സ് എന്ന് പറയുമ്പോൾ എല്ലാ ആളുകളുടേയും മനസ്സിനകത്ത് നാഷണൽ തലത്തിലും, അന്തർദേശീയ തലത്തിലുമുള്ള മൽസരങ്ങളും, ഗോൾഡ് മെഡലുകളും അതുപോലെ അതിനപ്പുറത്ത് Record Breaking-ഉം ഒക്കെയാണ്. ഇതിനപ്പുറത്ത് സ്പോർട്സിനൊരു സാമൂഹ്യ പ്രതിബദ്ധതയുണ്ട്. അത് യഥാർത്ഥത്തിൽ പലപ്പോഴും നമ്മൾ വിസ്മരിക്കുകയാണ്. ഒരു സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ അടിത്തറയെന്ന് പറയുന്നത് ആരോഗ്യമുള്ള സമൂഹമാണ്. ചെറുപ്പക്കാരിൽ ആരോഗ്യമുണ്ടാക്കാൻ സ്പോർട്സിനെ സാമൂഹ്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ ബാദ്ധ്യതപ്പെട്ട ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വിദ്യാഭ്യാസ രംഗത്ത് വന്നിരിക്കുന്ന മാറ്റം നമുക്കറിയാം. പുസ്തകപ്പുഴുക്കളാക്കുകയാണ് കുട്ടികളെ. അവർക്ക് കളിക്കുന്നതിനും ഉല്ലസിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സമയം ഇല്ലാത്ത തിരക്കേറിയ ഒരു സാമൂഹ്യജീവിതത്തിലൂടെ നാം കടന്നുപോകുമ്പോൾ ആരോഗ്യ സംരക്ഷണത്തിന് സ്പോർട്സിനെ ഒരു അനിവാര്യഘടകമാക്കി മാറ്റാനുള്ള പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. എല്ലാ രാഷ്ട്രീയ പാർട്ടികളും ഭരണരംഗത്ത് സമന്വയിക്കുന്ന എല്ലാ ആളുകളും ആലോചിക്കേണ്ട ഒരു വിഷയമാണെന്ന് ആമുഖമായി ഞാൻ ഇവിടെ പരാമർശിക്കുകയാണ്. ഈ 2 വർഷക്കാലംകൊണ്ട് സ്പോർട്സ് രംഗത്ത് വലിയ വിപ്ലവം കാണിച്ചു എന്ന അവകാശവാദമൊന്നുമില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മൽസരരംഗത്ത് നമ്മൾ ഏറെ പിറകോട്ട് പോകുകയാണ്. ഒരു കാലത്ത് നമ്മുടെ നാട്ടിലൊക്കെ ഏറെ മൽസരങ്ങൾ, കോഴിക്കോട്ടെ നാട്ടിക ടൂർണമെന്റ്, ചാക്കോള, കണ്ണൂരിലെ ശ്രീ നാരായണ, നെഹ്റു ട്രോഫി ഇങ്ങനെ ഒരുപാട് മൽസരങ്ങൾ നടത്തി നാട്ടിലെ കായിക താരങ്ങൾക്ക് ആവേശം പകർന്നിരുന്ന ഒരുപാട് മൽസരങ്ങൾ ഇന്ന് തിരോധാനം ചെയ്തു. ഈ രംഗത്ത് ശ്രദ്ധിച്ചിരുന്ന പൊതുമേഖലയും സഹകാര്യമേഖലയുമെല്ലാം ഇന്ന് പുറകോട്ട് പോകുകയാണ്. സ്വാഭാവികമായും സ്പോർട്സിനെ പരിപോഷിപ്പിക്കേണ്ട ബാദ്ധ്യത ഇന്നുവരെ സമൂഹത്തിന്റെ വ്യത്യസ്ത തുറകൾ ഏറ്റെടുത്തിരുന്നെങ്കിൽ, ഇന്നത് സർക്കാരിലേക്ക് മാത്രമായി ചുരുങ്ങുമ്പോഴുള്ള അതിന്റെ അപര്യാപ്തത നമ്മളെല്ലാവരെയും പ്രകടിപ്പിക്കുന്നു എന്ന ശ്രീ. നാണുവേട്ടന്റെ അഭിപ്രായത്തോട് ഞാൻ യോജിച്ചുകൊണ്ടുതന്നെ എന്റെ അഭിപ്രായം രേഖപ്പെടുത്തുകയാണ്. അതിന് കുറേ കാര്യങ്ങൾ അടിസ്ഥാനപരമായി ചെയ്യാനുണ്ട്. അടിസ്ഥാനപരമായ പ്രവൃത്തികൾക്ക് നമ്മൾ തുടക്കം കുറിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട കബീർ മാഷ് ഈ സഭയിൽ അവതരിപ്പിച്ച സ്പോർട്സ് ബിൽ ഈ സഭയിൽത്തന്നെ ചില മാറ്റങ്ങളോടുകൂടി പാസ്സാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് തലത്തിൽ കായിക താരങ്ങളെ കണ്ടെത്താനും അവർക്ക് പരിശീലനം കൊടുക്കാനും അതുവഴി സംസ്ഥാനതലത്തിൽ കാര്യക്ഷമതയുള്ള ഒരു കായിക നിരയെ വാർത്തെടുക്കാനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

വളരെ ശാസ്ത്രീയമായ പ്രവർത്തനങ്ങൾക്ക് ആക്കവും തൂക്കവും പകരുന്ന ബില്ലാണ് ഈ നിയമസഭ ഒരു മാറ്റത്തോടുകൂടി വീണ്ടും ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. അത് പ്രാവർത്തികമാകുന്നതോടുകൂടി സ്പോർട്സ് രംഗത്ത്, ആവശ്യമായ ഫണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും സ്പോർട്സിന് അനുവദിക്കുന്നതിലൂടെ ഒരു കുതിച്ച് മുന്നേറ്റംതന്നെ നടത്താൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ഗ്രാമീണ കായിക പരിശീലന കേന്ദ്രങ്ങൾ 100 എണ്ണം ആരംഭിക്കാൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതിന് തുടക്കം കുറിച്ചിരിക്കുന്നു. ഏതാണ്ട് പത്ത് മുപ്പതോളം ഗ്രാമീണ കായിക പരിശീലനകേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. അതുപോലെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും സ്പോർട്സ് കൗൺസിലുമായി ചേർന്ന് കാര്യവട്ടത്ത് Centre of Excellence ആരംഭിക്കാൻ തീരുമാനിച്ചു. അത്ലറ്റിക്സ് സൈക്കിളിംഗ്, തായ്ക്കോണ്ട, ജൂഡോ എന്നീ ഇനങ്ങളിൽ 100 കുട്ടികൾക്ക് പരിശീലനം നൽകാനുള്ള സെലക്ഷൻ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. അതുപോലെ എറണാകുളത്ത് ഒരു സ്പോർട്സ് അക്കാദമി കൊച്ചി കോർപ്പറേഷന്റെ സഹായത്തോടെ പ്രവർത്തനം ആരംഭിച്ചു. ഫുട് ബോളിനും ഹാൻഡ് ബോളിനുമാണ് അവിടെ കുട്ടികൾക്ക് പരിശീലനം നൽകുന്നത്. വയനാട്ടിൽ ആയോധനകല അക്കാദമി സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ നീക്കിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. കായിക താരങ്ങൾക്ക് ഏറെ ആവേശം പകരും എന്നതുകൊണ്ടുതന്നെ കഴിഞ്ഞ ഏറെ വർഷങ്ങളായി നിന്നുപോയ കോളേജ് ഗെയിംസ് ഈ തവണ ആരംഭിക്കാൻ സാധിച്ചു. അതുപോലെ മാരത്തോൺ മൽസരം ആരംഭിക്കാൻ സാധിച്ചു. CBSE സ്കൂൾ കുട്ടികൾക്ക് മൽസര രംഗത്തേക്ക് കടന്നുവരാൻ ഒരു വേദിയില്ല. അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു മിനി ഗെയിംസ് ഈ സംസ്ഥാനത്ത് ആരംഭിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഒരുപാട് സ്കൂളുകളിലും കോളേജുകളിലും നമ്മൾ സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിച്ചെങ്കിൽപ്പോലും അവിടെയൊക്കെ പരിശീലനത്തിന് ഇന്നുവരെ ഒരു സാധനംപോലും കൊടുത്ത പാരമ്പര്യം നമ്മുടെ സംസ്ഥാന ഗവൺമെന്റിനില്ല. ഈ വർഷം ആദ്യമായി 32 സ്കൂളുകളിലെ സ്പോർട്സ് ഹോസ്റ്റലുകൾക്ക് ഉപകരണങ്ങൾ നൽകുകവഴി ഈ രംഗത്ത് ഒരു പുതിയ നാന്ദി കുറിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സ്പോർട്സ് രംഗത്തെ മികച്ച ഫോട്ടോഗ്രാഫർമാർക്കും വിഷ്വൽ മീഡിയ ഫോട്ടോഗ്രാഫർമാർക്കും അവാർഡ് ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചു. ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതി തിരുവനന്തപുരത്ത് പ്രാവർത്തികമാക്കുകയാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തും കേരള സ്പോർട്സ് കൗൺസിലും സംയുക്തമായി ഒരു കായിക പരിശീലന പ്രോജക്ട് സ്കൂൾ തലത്തിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലയിലെ 78 സ്കൂളുകളിലെ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന 13 വീതം കുട്ടികളെ കണ്ടെത്തി അവർക്ക് ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്തുവക ലഘുഭക്ഷണം കൊടുക്കുകവഴി ശാസ്ത്രീയമായ പരിശീലനത്തിന് തുടക്കം കുറിക്കാൻ തിരുവനന്തപുരം ജില്ലയിൽ തീരുമാനം എടുത്തു. അതിന്റെ ഔപചാരിക ഉദ്ഘാടനകർമ്മം നിർവഹിച്ചുകഴിഞ്ഞു. മുരുക്കുംപുഴയിലെ നിർദ്ദിഷ്ട വാട്ടർ സ്പോർട്സ്

LIBRARY ARCHIVES Kerala Legislative Assembly

അക്കാദമി. അതൊരു വലിയ അച്ചീവ്മെന്റാണ്. കഠിനംകുളം കായലിൽ റോയിംഗ്, കനോയിംഗ്, കയാക്കിംഗ് എന്നീ വിഭാഗങ്ങളിൽ പരിശീലനം നല്കിയാൽ കേരളത്തിന് ഏറെ മെഡലുകൾ വാരിക്കൂട്ടാൻതക്ക വിധത്തിലുള്ള വിഭാഗങ്ങളാണ്. അതിനൊരു വാട്ടർ സ്പോർട്സ് അക്കാദമി ആരംഭിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാനതല കായിക കോംപ്ലക്സ് കണ്ണൂരിൽ ഓഗസ്റ്റിൽ പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. വെള്ളായണി കാർഷിക സർവ്വകലാശാലയിൽ, ഇന്ത്യയിലാദ്യമായി ഒരു SC/ST Model Sports School ആരംഭിച്ചത് കേരളത്തിലാണ്. അതിന് ഞാൻ ശ്രീ. രാധാകൃഷ്ണനെ അനുമോദിക്കുന്നു. അഭിനന്ദിക്കുന്നു. അദ്ദേഹമാണ് ഇതിന് തുടക്കം കുറിച്ചത്. അതിനെല്ലാ സാമ്പത്തിക സഹായങ്ങളും സഹകരണവും നൽകി നന്നാക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഒരു കോംപ്ലിമെന്റ് ഈ സംസ്ഥാനത്തിന് കൊടുത്ത് നിലനിർത്തിയതിൽ ഏറെ സന്തോഷമുണ്ടെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുന്നു. എം.പി.മാരും എം.എൽ.എ.-മാരുമൊക്കെ കായിക രംഗത്ത് വളരെ അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ രാഷ്ട്രീയമായി ഒരുപാട് ആരോപണങ്ങളും അഴിമതിയുമൊക്കെ പറഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ മുഴുവൻ ഫണ്ടും തലശ്ശേരിയിലെ സ്പോർട്സ് സ്റ്റേഡിയത്തിനുവേണ്ടി ചെലവഴിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. എല്ലാപേരും കായിക രംഗത്തോട് വളരെ അനുകൂലമായ സമീപനം കാണിക്കുന്നു. തൃപ്രയാറിൽ Sports and Games Association-ന്റെ ആഭിമുഖ്യത്തിൽ എം.പി.മാരുടേയും എം.എൽ.എ.-മാരുടേയും ഫണ്ട് ഉപയോഗിച്ചുകൊണ്ട്, ഒരു കോടി രൂപ മുടക്കി ഒരു ഗ്രാമീണ സ്റ്റേഡിയം, അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. അതുപോലെ ആദ്യമായി 2 സിന്തറ്റിക് ട്രാക്കുകളുടെ പ്രവർത്തനം ആരംഭിക്കാൻ പോകുന്നു. ഒന്ന് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ. ഒന്ന് എറണാകുളത്ത്. ഇതുവരെ സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചുകൊണ്ട് ഒരു സിന്തറ്റിക് ട്രാക്കിന് കേരളത്തിൽ ജൻമം കൊടുക്കാൻ കഴിയാത്തത് ലജ്ജാകരമാണെങ്കിൽപ്പോലും അതിന് ഒരു പരിഹാരം ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിരിക്കുന്നു. 2 സിന്തറ്റിക് ട്രാക്കുകളുടെ പ്രവർത്തനം ഇവിടെ ആരംഭിക്കുകയാണ്. അതുപോലെ അന്താരാഷ്ട്ര സ്വിമ്മിംഗ് കോംപ്ലക്സ്, ശ്രീ. പിരപ്പൻകോട് മുരളി ഇവിടെ സൂചിപ്പിച്ചു, അതിന്റെ പ്രവർത്തനം ഈ വർഷംതന്നെ പൂർത്തിയാക്കുമെന്ന് മെമ്പർക്ക് ഞാൻ ഉറപ്പു നൽകുകയാണ്. അതിനുവേണ്ടി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഹൈദരബാദിൽ കായിക പരിശീലനത്തിന് മുൻതൂക്കം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടുത്ത നടപടി എന്ന നിലയിൽ ഇടുക്കിയിൽ സായി സെന്ററിന്റെ ഒരു പരിശീലന കേന്ദ്രം ആരംഭിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് കായികരംഗത്ത്, എം.എൽ. എ. മാരോട് എനിക്ക് അപേക്ഷിക്കുവാനുള്ളത്, നിങ്ങളുടെ വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ട് നിയോജകമണ്ഡലങ്ങളിൽ ഓരോ സ്റ്റേഡിയം കോംപ്ലക്സ് ഉണ്ടാക്കാനും ഗവൺമെന്റിന്റെ പ്രോജക്ട് അനുസരിച്ച് അത്തരം സ്റ്റേഡിയത്തിന് മുൻതൂക്കം കൊടുക്കാനും പ്രിയപ്പെട്ട എം.എൽ.എ.-മാർ മുൻകൈ എടുക്കണമെന്ന് ഞാൻ അവശ്യപ്പെടുകയാണ്. പോസിറ്റീവായിട്ടുള്ള നിർദ്ദേശം പലരും വച്ചിട്ടുണ്ട്. അതൊക്കെ ഗവൺമെന്റ് വളരെ അനുകൂലമായ രീതിയിൽ പരിഗണിക്കുമെന്നു മാത്രം ഉറപ്പുനൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ ചർച്ചാവേളയിൽ രണ്ടുഭാഗത്തു നിന്നുമുള്ള മെമ്പർമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും ആശയങ്ങളോടും ആക്ഷേപങ്ങളോടുമൊക്കെ തികച്ചും യാഥാർത്ഥ്യ സമീപനം സ്വീകരിച്ചുകൊണ്ടുതന്നെ ഒന്ന്, രണ്ട് കാര്യങ്ങൾ എനിക്ക് സൂചിപ്പിക്കാനുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുക എന്ന ചരിത്രപരമായ ദൗത്യം ഏറ്റെടുത്തുകൊണ്ടാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. കഴിഞ്ഞ രണ്ട് വർഷത്തെ ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ ഈ ദിശയിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വഴിവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ അത് ഒരു പരിധി വരെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം കൈവിട്ടുപോകുന്നുവെന്ന ആക്ഷേപമുണ്ട്. ആ യാഥാർത്ഥ്യത്തോട് നമ്മൾ കണ്ണടച്ചിട്ട് കാര്യമില്ല. അത് മാറ്റിയെടുക്കുന്നതിനുവേണ്ടിയുള്ള ദൃഢനിശ്ചയം ഈ സർക്കാർ പ്രകടിപ്പിക്കുകയും ഉന്നതവിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഗവൺമെന്റ് മുന്നോട്ട് പോവുകയും ചെയ്യുകയാണ്. കേരളം പൊതുവിദ്യാഭ്യാസ രംഗത്ത് ആർജ്ജിച്ച മഹത്തായ സ്ഥാനം നഷ്ടപ്പെടുമോ എന്ന് സംശയിക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. കുട്ടികളെ ഫാന്റസി കഥകളിൽ തളച്ചിട്ട് അവരെ ഭാഷാപരവും ധിഷ്ണാപരവുമായ കഴിവുകളിൽ നിന്ന് അകറ്റി നിർത്തി ഡി.പി.ഇ.പി.-യുടെ പിടിത്തത്തിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ രക്ഷിക്കുക എന്ന പൊതുജനങ്ങളുടെയും വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും ആവശ്യത്തിനും ആഗ്രഹത്തിനും അനുരൂപമായാണ് ഐക്യജനാധിപത്യമുന്നണി സിലബസ് പരിഷ്ക്കരണം കൊണ്ടുവന്നത്. ആദ്യഘട്ടമായി പാഠ്യപദ്ധതി പരിഷ്ക്കരണത്തിന് ശ്രീ. സുകുമാരൻ നായരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ച് ഘട്ടംഘട്ടമായി പരിഷ്ക്കരിക്കുകയും ചെയ്തു. സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഈ ഗവൺമെന്റ് അത്ഭുതം തന്നെ കാഴ്ചവച്ചിരിക്കുകയാണ്. സ്വാശ്രയ മേഖല കേരളത്തിന് അന്യമായിരിക്കണം എന്നൊരു കാഴ്ച്ചപ്പാട് മുൻപുണ്ടായിരുന്നു. അതിൽ നിന്ന് വ്യത്യസ്തമായി ഈ ഗവൺമെന്റ് വന്നതിനുശേഷം വലിയൊരു കുതിച്ചുചാട്ടം നമുക്ക് നടത്താൻ സാധിച്ചു. അന്യസംസ്ഥാനങ്ങളിലേക്ക് ഇവിടെ പലരും സൂചിപ്പിച്ചപോലെ തന്നെ ഒഴുകിയിരുന്ന ആയിരക്കണക്കിന്, കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്ത് തന്നെ വിനിയോഗിക്കാനും അതിന്റെ ഫലം ഈ സംസ്ഥാനത്തിന്റെ ഭാവിക്ക് ലഭ്യമാക്കാനും നമ്മൾ അവസരം ഉണ്ടാക്കിയിരിക്കുകയാണ്. നമ്മുടെ കുട്ടികൾക്ക് ഇവിടെത്തന്നെ എൻജിനീയറിംഗിനും മെഡിസിനും പഠിക്കാനും മറ്റ് സാങ്കേതിക വൈദഗ്ദ്ധ്യങ്ങൾ ഇവിടെ വച്ച് ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ നേടാനുമുള്ള ഒരു സംവിധാനം ഗവൺമെന്റ് എടുക്കണമെന്ന് ആഗ്രഹിച്ചതിന്റെ അടിസ്ഥാനത്തിലാണ് അതിന് രൂപം കൊടുത്തത്. കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസരംഗം കഴിഞ്ഞ രണ്ടുകൊല്ലം ആർജ്ജിച്ച നേട്ടങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. അത് പറയുമ്പോൾ അപ്പുറത്ത് നിന്ന് ചില ആളുകൾ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് സ്വാശ്രയ മേഖലയെ മാത്രം ആശ്രയിച്ച് അതിനെമാത്രം അടിസ്ഥാനമാക്കി

2.00 PM]

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് ഇൻവെസ്റ്റ്മെന്റിൽ നിന്ന് പുറകോട്ട് പോകുന്നുവെന്നുള്ള ആക്ഷേപമാണ് പ്രകടിപ്പിക്കപ്പെട്ടത്. എനിക്ക് വളരെ വ്യക്തമായി പറയാൻ സാധിക്കും, ഗവൺമെന്റിന് ഒരിക്കലും അങ്ങനെയൊരു ആഗ്രഹമില്ല. വർദ്ധിച്ചുവന്ന ഈ കാലഘട്ടത്തിന്റെ ആവശ്യകത നേടുന്നതിനുവേണ്ടി പൊതുമുതൽമുടക്കിന് ഇന്നത്തെ സ്ഥിതിയിൽ ഗവൺമെന്റിന് സാദ്ധ്യമല്ല എന്നുള്ള വസ്തുത അംഗീകരിച്ചുകൊണ്ടാണ് സ്വാശ്രയ മേഖലയിലേക്ക്, പ്രൈവറ്റ് സെക്ടറിലേക്ക് വിദ്യാർത്ഥികൾക്ക് അവസരം കൊടുക്കാൻ ഗവൺമെന്റ് തയ്യാറായത്. അതിനനുകൂലമായ സാഹചര്യം നമുക്ക് ഉണ്ടാക്കാനും സാധിച്ചു. യൂണിവേഴ്സിറ്റി തലത്തിലുള്ള നമ്മുടെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനും അതുപോലെതന്നെ ക്വാളിറ്റി ഇംപ്രൂവ്മെന്റിന് വേണ്ടിയുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്താനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതനുസരിച്ചുള്ള യൂണിവേഴ്സിറ്റി ലെവൽ മീറ്റിംഗുകളും അതുപോലെതന്നെ കേരളത്തിലെ കലാലയങ്ങൾക്ക് യു.ജി.സി.യുടെ നാഷണൽ അക്രെഡിറ്റേഷൻ അടക്കമുള്ള കാര്യങ്ങളും ഇന്ന് ഗവൺമെന്റ് പൂർവ്വാധികം ശക്തിയോടുകൂടി ശക്തമായ രീതിയിൽ വളരെ വ്യവസ്ഥാപിതമായ രീതിയിൽ നടത്തികൊണ്ടിരിക്കുകയാണ്. ഒന്ന്, രണ്ട് കാര്യങ്ങൾ വളരെ വ്യക്തമായി പറയുകയാണ്. പൊതുവിദ്യാഭ്യാസരംഗത്തെ ഏറ്റവും പ്രധാനമായ ക്വാളിറ്റി ഇംപ്രൂവ്മെന്റിനെ സംബന്ധിച്ച് പല മെമ്പർമാരും അപ്പുറത്തും ഇപ്പുറത്തുമുള്ളവർ പറഞ്ഞു. ക്വാളിറ്റി ഇംപ്രൂവ്മെന്റിനെ സംബന്ധിച്ച് അതിൽ ഏറ്റവും അടിയന്തരമായി ചെയ്യേണ്ടത് റിവിഷൻ ഓഫ് സിലബസ് തന്നെയാണ്. ടെക്സ്റ്റ് ബുക്കുകളുടെ പരിഷ്ക്കരണം നടത്തി. 2001-02-ൽ 8-ാം ക്ലാസ്സിലെയും 2002-03-ൽ 1,2,3,9 എന്നീ ക്ലാസ്സുകളിലെയും 2003-04-ൽ 4,5, 10 ക്ലാസ്സുകളിലെയും, ഇനി വരാൻ പോകുന്ന 2004-05-ൽ 6, 7 എന്നീ ക്ലാസ്സുകളിലെയും ടെക്സ്റ്റ് ബുക്ക് പരിഷ്ക്കരണം നടത്തുകയാണ്. 2002-03-ൽ കമ്പ്യൂട്ടർ സയൻസ് ഓപ്ഷണൽ സബ്ജക്റ്റ് ആയിരുന്നത് ഇക്കൊല്ലം മുതൽ 8-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും നിർബന്ധമായും പഠിപ്പിക്കാനുള്ള ഏർപ്പാട് ചെയ്തു. ബുക്ക് പ്രിന്റിംഗ് ആന്റ് റിവൈസ്ഡ് ബുക്ക് ഡിസ്ട്രിബ്യൂഷൻ കേരളത്തിൽ ആദ്യമായി ഒരു മാസത്തിനുള്ളിൽ ആദ്യത്തെ അക്കാഡമിക് ഇയർ തുടങ്ങിയ ആദ്യ ആഴ്ചയിൽ കുട്ടികൾക്ക് എത്തിച്ചുകൊടുക്കാൻ സാധിച്ചു. അടുത്ത വർഷം 10-ാം ക്ലാസ്സിൽ പുതിയ ഐ.റ്റി പുസ്തകം വിതരണം ചെയ്യുകയാണ്. ബഹുമാനപ്പെട്ട തേറമ്പിൽ പ്രീ-പ്രൈമറി ടീച്ചേഴ്സിനെക്കുറിച്ച് പറഞ്ഞു, അവർക്ക് ഇതുവരെ എൻ.സി.ഇ.ആർ.റ്റി.-യുടെ അംഗീകാരം കിട്ടിയിരുന്നില്ല. അവരുടെ നോംസ് അനുസരിച്ചാണ് കോഴ്സ് കണ്ടക്റ്റ് ചെയ്യുന്നത്. അതുകൊണ്ട് രണ്ട് വർഷമാക്കി അതിന്റെ കോഴ്സ് നിശ്ചയിക്കുകയും കേരളത്തിന് പുറത്തും അവർക്ക് ജോലി സാദ്ധ്യത വർദ്ധിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അതുപോലെ I.T @ School-നെ സംബന്ധിച്ചിടത്തോളം, അതിന്റെ പ്രവർത്തനങ്ങളിൽ ചെറിയ കാലതാമസം വന്നുവെന്നുള്ളത് ശരിയാണ്. അത് പരിഹരിക്കുന്നതിന് വ്യവസ്ഥാപിതമായ ചില മാർഗ്ഗങ്ങളുണ്ട്. ഗവൺമെന്റിന്റെ അക്കാര്യത്തിലുള്ള കാഴ്ചപ്പാടിനെ ഞാൻ അംഗീകരിക്കുന്നു. ഗവൺമെന്റ് സി-ഡിറ്റുമായി സഹകരിച്ചുകൊണ്ട് ആദ്യമായി എഡ്യൂക്കേഷൻ കണ്ടെന്റ് സി.ഡി ഡെവലപ് ചെയ്തു സംസ്ഥാനത്തെ 2500 സ്ക്കൂളുകളിൽ വിതരണം ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ I.T enabled school children to enable school children multi media Encyclopaedia സൗജന്യമായി 2500 സ്ക്കൂളുകളിൽ വിതരണം ചെയ്യുകയുണ്ടായി. 14,000 അദ്ധ്യാപകർക്ക് ഇതിനകം ട്രെയിനിംഗ് കൊടുത്തു. ബാക്കി ആഗസ്റ്റ് 4-ന് തുടങ്ങി 24-നകം തീർക്കാൻ ഏർപ്പാട് ചെയ്തു. 240 ഗവൺമെന്റ്-സ്കൂളുകൾക്ക് ഒരു ലക്ഷം രൂപാ വീതം ധനസഹായം നൽകി. 62 ഗവൺമെന്റ് സ്ക്കൂളുകൾക്ക് 5. കമ്പ്യൂട്ടർ വീതം നൽകി. സ്റ്റേറ്റ് ഐ.റ്റി റിസർച്ച് സെന്റർ 4 ജില്ലകളിൽ സ്ഥാപിക്കാൻ സാധിച്ചു. 1304 സ്കൂളുകളിൽ പുതിയ 5 കമ്പ്യൂട്ടർ വീതം വിതരണം ചെയ്തു. 268 സ്കൂളുകളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി. ഈ വർഷം 18,000 അദ്ധ്യാപകരെ കൂടുതലായി കമ്പ്യൂട്ടർ പരിശീലിപ്പിക്കുന്നു. എമ്പാനൽ ഏജൻസിയുടെ സഹായത്തോടെ ഇവിടെ നടക്കുന്ന I.T@ school പദ്ധതി 17 എണ്ണമുണ്ട്. അതുപോലെതന്നെ കുടുംബശ്രീ 147, മറ്റ് ഏജൻസികൾ 172. ഇത്രയും ഏജൻസികളുടെ സഹായത്തോടുകൂടി I.T @ school നടപ്പിലാക്കിയിട്ടും എല്ലാ വിദ്യാലയങ്ങളിലും നമുക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല എന്നുള്ള പോരായ്മ നമ്മുടെ മുൻപിലുണ്ട്. അതിന് ഞാൻ കാണുന്ന, ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഒരൊറ്റവഴി എന്നുപറയുന്നത്, ജനറൽ എഡ്യൂക്കേഷന് ഓവർ ആൾ എക്സ്പെൻസ് ബഡ്ജറ്റിലുണ്ട്. ബഡ്ജറ്റ് പ്രൊവിഷൻ 2100 കോടി രൂപയാണ് നോൺ പ്ലാനിൽ. ആ 2100 കോടിയിൽ കഴിഞ്ഞ കൊല്ലം 300 കോടി രൂപ സേവിംഗ്സുണ്ട്. ആ 300 കോടിയിൽ ഒരു ചെറിയ തുക ഇതിലേക്ക് മാറ്റിവച്ചു. കമ്പ്യൂട്ടർ വാങ്ങി സ്കൂളുകളിലേക്ക് എത്തിച്ചുകൊടുക്കണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. 3 ലക്ഷം വിദ്യാർത്ഥികൾക്ക് സൗകര്യം ലഭിക്കുന്ന രീതിയിലായിരിക്കണം അതിന്റെ വിതരണം. ഇന്ന് 25 രൂപ വിദ്യാർത്ഥികളിൽ നിന്ന് മാസം പിരിക്കുക എന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിന്റെ പ്രായോഗികമായ ഒരുപാട് പ്രയാസങ്ങൾ പല ആളുകളും ചൂണ്ടിക്കാണിച്ചു. അത് അനുഭവത്തിൽ ബോധ്യമാണ്. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കും. അതിന് വരാവുന്ന സംഖ്യ ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓവർ ആൾ എക്സ്പെൻസസിൽ നിന്ന് കണ്ടെത്തി അത് മീറ്റ് ചെയ്യാനുള്ള ഏർപ്പാട് ചെയ്യുകയാണ്. അതുപോലെ പ്ലസ് ടു സൗകര്യമില്ലാത്ത പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ നിർബന്ധമായും പ്ലസ് ടു വേണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ഇന്നത്തെ കണക്കനുസരിച്ച് 309 പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്ത് പ്ലസ് ടു സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളാണ്. ഏറ്റവും പ്രകടമായി കാണുന്ന വർദ്ധനവ്, കഴിഞ്ഞകാല ഗവൺമെന്റുകൾ വിദ്യാലയങ്ങൾ അനുവദിച്ചതിലുണ്ടായ അന്തരം വളരെ പ്രകടമായി കാണാം. ചില പിന്നോക്ക ജില്ലകളിൽ വിശിഷ്യാ മലബാർ മേഖലയിൽ, വടക്കൻ മേഖലയിലെ ജില്ലകളിൽ പ്ലസ് ടു സ്ക്കൂളുകളില്ല. അവിടെ കാര്യമായി അനുവദിച്ചിട്ടില്ല. അത്തരം സ്ഥലങ്ങളിൽ പ്രയോറിറ്റി കൊടുത്തുകൊണ്ട് മലയോര ജില്ലകളിലൊക്കെ സ്കൂളുകൾ അനുവദിക്കാനുള്ള താൽപ്പര്യം ഗവൺമെന്റിന്റെ മുൻപിലുണ്ട്. ആദ്യഘട്ടം എന്നുള്ള നിലയ്ക്ക് ഗവൺമെന്റ് സ്കൂളുകളിൽ, ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും പറഞ്ഞു, എയ്ഡഡ് കൊടുത്തതിലാണ് തർക്കമുള്ളത്. നിങ്ങൾ എയ്ഡഡ് കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടം ഞാൻ ഓർക്കുന്നു, ഞാനത് വിശദീകരിക്കുകയല്ല. അന്ന് ചെയ്തതു പോലെയുള്ള ഒരു സമീപനം ഒരു ഗവൺമെന്റും നടത്തരുത്. ഇന്ന് ഗവൺമെന്റിന് എയ്ഡഡ് സ്കൂളുകൾ കൊടുക്കുന്നതിന് പ്രയാസമുണ്ട്. നിലവിലുള്ള ഗവൺമെന്റ് ഹൈസ്കൂളുകളിൽ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ 300, 400, 450 മാർക്ക് വരെ എസ്.എസ്.എൽ.സി.യ്ക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് പോലും അഡ്മിഷൻ കിട്ടാതെ കാത്ത് നിൽക്കുന്ന അവസ്ഥ പരിഗണിച്ചുകൊണ്ട് ഏതാനും ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ പ്ലസ് ടൂ അനുവദിക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അത് ഞങ്ങൾ വളരെ വേഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഫിനാൻസ് മിനിസ്റ്ററും കൃാബിനറ്റുമൊക്കെ കൂടി തീരുമാനിക്കും. അത് മൊത്തത്തിലുള്ള ഞങ്ങളുടെ വികാരമാണ്. അത് അടുത്ത് തന്നെയുണ്ടാകും. പൊതുവിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയെ വച്ചുകൊണ്ടുതന്നെ, ഗവൺമെന്റ് കോളേജുകളെ സംബന്ധിച്ച് പറയുമ്പോൾ, ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള നിലപാട് പറയട്ടെ, ഗവൺമെന്റ് സ്വാശ്രയ മേഖലയിൽ കോളേജുകൾ അനുവദിക്കുന്നു, ധാരാളം സെൽഫ് ഫിനാൻസിംഗ് കോഴ്സുകളും കോളേജുകളും അനുവദിച്ചു. ഗവൺമെന്റ് കോളേജുകളിൽ കഴിഞ്ഞ കാലത്ത് കൊടുത്തിട്ടില്ല എന്നത് വസ്തുതയാണ്. ആ സ്ഥിതിക്ക് ഗവൺമെന്റ് മേഖലയിൽ ചില കോളേജുകളിലെങ്കിലും പുതിയ കോഴ്സുകൾ അനുവദിക്കണമെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് നയപരമായ ഒരു തീരുമാനം വളരെ വൈകാതെ എടുക്കും. ഇക്കൊല്ലം അല്ലെങ്കിൽ അടുത്ത കൊല്ലം നിർബന്ധമായും അവ കൊടുക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകുമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് ഏറ്റവും പ്രകടമായ, ഇവിടെ ആരും പറഞ്ഞില്ലല്ലോ ? അദ്ധ്യാപക സംഘടനാ നേതാക്കൻമാരും പല ആളുകളും ഉണ്ട്, രാഷ്ട്രീയമല്ല. one day verification, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെക്കാലമായി ആലോചിച്ച കാര്യമാണ് ഇവിടെ നിയമനത്തിന്റെ കാര്യത്തിലും ഫിക്സേഷന്റെ കാര്യത്തിലും കാലതാമസം വരുന്നു. അതിന്റെ പിന്നിൽ പല കാര്യങ്ങളും നടക്കുന്നു. കാലതാമസത്തോടൊപ്പം തന്നെ അതിന്റേതായ ഒരുപാട് പ്രയാസങ്ങൾ വേറെയുമുണ്ട്. Multiplication of post അതുണ്ട്. അത് ശരിയാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടി one day verification നടത്തണമെന്ന് നേരത്തെ തീരുമാനിച്ചത് നടപ്പിലാക്കാതെ പോയി. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയതാണ്. പൂർത്തിയാക്കാൻ സാധിച്ചില്ല. ഇക്കൊല്ലം ആ one day verification, പ്ലാനിംഗ് ബോർഡ് ഒക്കെ ഗവൺമെന്റിന്റെ പുതിയ പരിഷ്ക്കരണ പദ്ധതിയിൽ ഏറ്റവും പ്രയോറിറ്റി കൊടുത്തുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒക്കെ ഇവിടെ പറയാറുണ്ട്, അത് നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വിജയിച്ചു. One day verification നടത്തി. വ്യത്യാസം എന്ന് പറയുമ്പോൾ ഇവിടെ എക്സ്പെൻഡിച്ചർ 35 ലക്ഷം രൂപയെ കിട്ടിയിട്ടുള്ളൂ. അതിനെക്കാൾ എത്രയോ മെച്ചം അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അക്കാഡമിക്ക് മാറ്റേഴ്സ് ശ്രദ്ധിക്കാൻ സാധിക്കുന്നു. ഇവിടെ അമിതമായ ധൂർത്ത്, പാഴ്ചെലവ് അവിഹിതമായിട്ടുള്ള പോസ്റ്റ് ക്രിയേഷനൊക്കെ നിയന്ത്രിക്കാൻ സാധിച്ചു. sixth working day-യിലെയും one day verification നടത്തിയ ആ തീയതിയിലെയും 25, 26-നാണ് നടത്തിയത്. ഈ രണ്ട് തീയതികളിലും കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഹാജർനില നോക്കുമ്പോൾ ഏതാണ്ട് 16,000 ഓളം വ്യത്യാസം കാണുന്നുണ്ട്. ഏതായാലും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വലിയ ഒരു നേട്ടമായി ഞാൻ കാണുകയാണ്. ഇവിടെ പിന്നോക്ക സമുദായങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം കമ്മിറ്റികളെക്കുറിച്ചൊക്കെ പറഞ്ഞല്ലോ. ആദ്യമായി ഇവിടെ പിന്നാക്ക വിഭാഗങ്ങൾക്ക് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20 ശതമാനം സംവരണം ഏർപ്പെടുത്താൻ ഈ ഗവൺമെന്റിന് സാധിച്ചു. അതൊരു നേട്ടമാണ്. അതാരും കണ്ടില്ല. പ്രീഡിഗ്രിക്കില്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലാണ് നിലവിലുള്ളത്. 20 ശതമാനം ഇവിടെ പ്ലസ് ടുവിന് നമ്മൾ അനുവദിച്ചുകൊടുത്തു ഗവൺമെന്റ് മേഖലയിൽ മാത്രമായി. അതുപോലെത്തന്നെ എടുത്തുപറയാവുന്ന മറ്റൊരുകാര്യം നമ്മുടെ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റമുണ്ടാക്കി സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ആദ്യമായി 40 ലക്ഷം രൂപ ഉപയോഗിച്ചു. കഴിഞ്ഞ കാലങ്ങളിൽ സെൻട്രൽ ഗവൺമെന്റിന്റെ സഹായമാണ് കിട്ടിക്കൊണ്ടിരുന്നത്. അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 10 കോടി രൂപ ആ ഇനത്തിലേക്ക് നീക്കിവയ്ക്കുകയും ചെയ്തു. 4000-ഓളം സാക്ഷരതാ കേന്ദ്രങ്ങളുണ്ട്. ആ കേന്ദ്രങ്ങളിലെ പ്രവർത്തകന്മാർ ഒരു ഗ്രാമത്തിൽ എന്താണ് ആവശ്യകതയെന്നു പരിശോധിച്ച് വിപുലമായ മൈക്രോ പ്ലാൻ പദ്ധതികൾ തയ്യാറാക്കി, അതിന്റെ സി.ഡി. കാസറ്റുകൾ പ്രസിദ്ധീകരിക്കാൻവേണ്ടി ലഭ്യമായിരിക്കുകയാണ്. അതുപോലെത്തന്നെ എസ്.എസ്.എ. പദ്ധതി. ഞാൻ പറഞ്ഞിട്ട് പോരെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥി പ്രവേശനത്തിനുള്ള കമ്മ്യൂണിറ്റി കോട്ട മാനേജ്മെന്റ് കോട്ടയിലേക്ക് മാറ്റിയപ്പോൾ ആ സമുദായത്തിൽപ്പെട്ട ആൾക്കാർക്ക് സംവരണം ഇല്ലാതായിട്ടുണ്ട്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : ഞാൻ പറയാൻ പോവുകയാണ്. കമ്മ്യൂണിറ്റി കോട്ട ഗവൺമെന്റ് മാറ്റിയതല്ല, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം മാറ്റിയതാണ്. ഇതുമായി ബന്ധപ്പെട്ട്, റിസർവേഷനുമായി ബന്ധപ്പെട്ട് ധീവര കമ്മ്യൂണിറ്റി ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തിരുന്നു. ആ കേസിന്റെ അവസാന ജഡ്ജുമെന്റ് വന്നപ്പോൾ കമ്മ്യൂണിറ്റി കോട്ട The quota for which the community would press the Institution എന്നതാണ്. ആ സമുദായങ്ങൾക്ക് പ്രത്യേകമായ കോട്ട കൊടുക്കേണ്ടതില്ല. അത് മാനേജ്മെന്റ് കോട്ടയോ മെരിറ്റ് കോട്ടയോ ആക്കിമാറ്റണമെന്നു പറയുകയും അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആ സമുദായങ്ങൾക്ക് ആ കോട്ട നഷ്ടപ്പെടാതിരിക്കാൻവേണ്ടി അത് മാനേജ്മെന്റ് കോട്ടയിലെ 20 ശതമാനമായി മാറ്റുകയുമാണ് ചെയ്തത്. ആ മാനേജ്മെന്റ് കോട്ട 40 ശതമാനമായി അവർക്ക് ലഭിച്ചപ്പോൾ അതിൽ ആർക്കാണ് അഡ്മിഷൻ കൊടുത്തതെന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന്റെ തർക്കം. അക്കാര്യത്തിൽ വ്യാപകമായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അത് ഏത് രീതിയിൽ കൺട്രോൾ ചെയ്യാമെന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ കൊല്ലം ഏതായാലും അഡ്മിഷൻ പ്രോസസ്സ് കഴിഞ്ഞുപോയി. അടുത്ത കൊല്ലത്തോടുകൂടി എസ്.എസ്.എൽ.സി. റിസൾട്ട് വന്ന് അഡ്മിഷൻ തുടങ്ങുമ്പോൾ മെരിറ്റ് ലിസ്റ്റിൽ പ്രവേശനം കൊടുത്തയാളുകളുടെയും ആപ്ലിക്കേഷൻ കൊടുത്ത ആളുകളുടെയും ലിസ്റ്റ് കാൾ ഫോർ ചെയ്യാനുള്ള സംവിധാന ഉത്തരവ് ഇപ്പോൾത്തന്നെ കൊടുത്തുകഴിഞ്ഞു. ഇത് കുറച്ചുകൂടി നേരത്തെ വേണ്ടിയിരുന്നു. ഈ കൊല്ലം അഡ്മിഷൻ പൂർത്തിയായതുകൊണ്ട് ലഭ്യമായ വിവരം വച്ച് ആരെങ്കിലും അവിഹിതമായി മെരിറ്റ് വയലേറ്റ് ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ അക്കാര്യത്തിൽ ശക്തമായ നടപടിയെടുക്കുമെന്നു സൂചിപ്പിക്കുകയാണ്. ഈ സന്ദർഭത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. പ്ലസ് ടു അഡ്മിഷന്റെ കാര്യത്തിൽ വ്യാപകമായ ഒരുപാട് പരാതികൾ ഉണ്ടായിരുന്നു. ഇന്ന് നിലവിൽ അതാത് സ്കൂളുകളിൽ പഠിച്ച കുട്ടികൾക്ക് 5 മാർക്കാണ് വെയിറ്റേജ് കൊടുക്കുന്നത്. 5 മാർക്ക് വെയിറ്റേജ് കൊടുത്തതുകൊണ്ട് കുട്ടികൾക്ക് മെരിറ്റ് ലിസ്റ്റിൽ വരാൻ സാധിക്കുന്നില്ല. നിലവിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് അടുത്ത കൊല്ലം, ഈ കൊല്ലം സാധ്യമല്ല, അതാത് സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് മാർക്കിന്റെ 5 ശതമാനം വെയിറ്റേജ് കൊടുക്കാനും ആ രീതിയിൽ റാങ്ക് ലിസ്റ്റ് ഉണ്ടാക്കാനും ആവശ്യപ്പെടണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ വിദ്യാർത്ഥികൾ മുമ്പു പഠിച്ചിരുന്ന സ്കൂളുകളിൽ അഡ്മിഷൻ കിട്ടാതെ നടക്കുകയാണ്. അതുപോലെതന്നെ സാക്ഷരതയുടെ എസ്.എസ്.എ. പദ്ധതിക്ക് 4.3 കോടി രൂപ ബഡ്ജറ്റിലുണ്ട്. മൊത്തം ഈ കൊല്ലം ചെലവിന് 170 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. ഒരു ഫണ്ടും ലാപ്സാക്കിയിട്ടില്ല. അത് 10 കൊല്ലത്തെ പദ്ധതിയാണ്. അതിനു വേണ്ട ഉദ്യോഗസ്ഥന്മാരെയും വി.ആർ.സി.-മാരെയും റിസോഴ്സ് പേഴ്സൺസിനെയും മുഴുവൻ നിയമിച്ചുകഴിഞ്ഞു. ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടാണ് കാര്യങ്ങൾ നടത്തുന്നത്. അതിൽ 33 ശതമാനം സിവിൽ വർക്കുകൾ ജില്ലാ പഞ്ചായത്തുകളെ ഏല്പിച്ചിരിക്കുകയാണ്. കഴിഞ്ഞ രണ്ടാഴ്ച മുമ്പാണ് ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി അതിന്റെ ഒരു മോണിട്ടറിംഗ് സംവിധാനം എന്നുള്ള നിലയ്ക്ക് ജില്ലാ കളക്ടർമാർ ചെയർമാന്മാരായി ഒരു കമ്മിറ്റി സംവിധാനം ഉണ്ടാക്കാൻവേണ്ടി ഗവൺമെന്റ് തീരുമാനിച്ചത്.

മി. സ്പീക്കർ : വളരെ പ്രധാനപ്പെട്ടത് മാത്രം പറഞ്ഞാൽ മതി.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഒരു മിനിറ്റ് കൂടി നബാർഡിന്റെ സഹായത്തോടുകൂടി അടുത്ത കൊല്ലത്തോടുകൂടി സംസ്ഥാനത്തെ എല്ലാ പ്രൈമറി വിദ്യാലയങ്ങൾക്കും കെട്ടിടങ്ങളുണ്ടാകും. ഒരൊറ്റ കെട്ടിടവും ഓലമേഞ്ഞതുണ്ടാവുകയില്ല. ആ രീതിയിൽ 35 കോടി രൂപ നബാർഡിന്റെ സഹായം കിട്ടി. ഒരു കോടി രൂപ 11-ാം ധനകാര്യ കമ്മീഷന്റേത് കിട്ടി. എസ്.എസ്.എ.-യുടെ കമ്പോണന്റ് സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് ആ പണി പൂർത്തിയാക്കുമെന്നു പറയുകയാണ്. അദ്ധ്യാപകരുടെ ട്രെയിനിംഗായിക്കൊള്ളട്ടെ അഡാപ്റ്റഡ് സ്കൂൾ എന്നുള്ള രീതിയിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റാകട്ടെ അക്കാഡമിക് ഇൻപുട്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആകട്ടെ അതൊക്കെ സമയബന്ധിതമായി നടപ്പിലാക്കാനുള്ള തീരുമാനങ്ങൾ എടുത്തു. അവസാനം ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. ഇടുക്കി ജില്ലയിൽ നമ്മൾ കണ്ടതാണ്. ഇടുക്കിയിൽ യൂണിഫോം ഇല്ലാത്തതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ സ്കൂളിൽ പോകാൻ പറ്റാത്തയവസ്ഥ. ഇടുക്കിയിലെ എല്ലാ സ്കൂളുകളിലേയും ഒന്നുമുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക്-ഇടുക്കിയിലെ എം.എൽ.എ.-മാർ നിർദ്ദേശിച്ചതാണ്. എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം കൊടുക്കാൻവേണ്ടി ഏർപ്പാട് ചെയ്തു. കൂടാതെ ആഴ്ചയിൽ 5 കിലോ അരിയും കൊടുക്കാൻ തീരുമാനിച്ചു. ഒരു കാര്യം നമ്മുടെ വിദ്യാലയങ്ങളിലെ Below poverty line-ലെ കുട്ടികൾ ഉച്ചയ്ക്ക് ഒരു നേരത്തെ ഭക്ഷണം കിട്ടാൻ കഴിയാത്ത കുട്ടികൾ, നല്ല ഉടുപ്പ് ഇട്ട് സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികൾ അങ്ങനെ ആയിരക്കണക്കിനായ വിദ്യാർത്ഥികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ വസ്തുത കാരുണ്യപരമായ സമീപനത്തോടുകൂടി ഗവൺമെന്റ് കാണുകയും അടുത്ത കൊല്ലം ഇതിനുവേണ്ടി ഒരു സ്കീം ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ ഈ സ്കൂളുകളുടെ മൊത്തത്തിലുള്ള നിയന്ത്രണം പ്ലസ് ടു സ്കൂളുകളുണ്ട്. മറ്റ് സ്കൂളുകളുണ്ട്. അവിടെയുള്ള മൊത്തം നിയന്ത്രണങ്ങൾ പ്രത്യേകിച്ച് അൺ എയ്ഡഡ് സ്കൂളുകളുടെ നിയന്ത്രണം, അത് ഗവൺമെന്റിന്റെ മറ്റൊരു ചിന്തയിലുള്ളതാണ്. അൺഎയ്ഡഡ് സ്കൂളുകളുടെ ക്രമാതീതമായ വർദ്ധനവും ഉണ്ട്. അത് നിയന്ത്രിക്കണമെന്ന കാര്യത്തിൽ സംശയമില്ല. ഈ കൊല്ലം 'സെ' പരീക്ഷ നടപ്പിലാക്കി. 'സെ' പരീക്ഷ നടത്തിയതുകൊണ്ട് ഒരു കൊല്ലം ലാഭിച്ചു. സെറ്റ് പരീക്ഷ പാസായ ആളുകൾക്ക് പ്രൊമോഷൻ കൊടുത്തു. അറുന്നൂറിൽ ചില്വാനം പ്രിൻസിപ്പൽമാരെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിച്ചു. ഇനി നിയമന അംഗീകാരം കിട്ടാനുള്ള ബാക്കി ആളുകൾക്ക് നിരോധിച്ച കാലഘട്ടത്തിൽ നിയമനം നടത്തിയെന്നുള്ള രീതിയിൽ നിയമനം മാറ്റിവച്ച ഹയർ സെക്കണ്ടറി അദ്ധ്യാപകർ കുറെക്കൂടിയുണ്ട്. അവർക്ക് കൂടി നിയമന അംഗീകാരം കൊടുക്കാനുള്ള നടപടികളുടെ പ്രോസസ്സിംഗ് നടന്നു കൊണ്ടിരിക്കുകയാണ്. അതിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ അതിന്റെ ഹിയറിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൂടി കഴിയുമ്പോൾ പ്ലസ് ടു മേഖലയിൽ ഇന്ന് നിലവിലുള്ള അദ്ധ്യാപകരുടെ മുഴുവൻ ശമ്പളവും കൊടുക്കേണ്ടുന്ന ഒരു അവസ്ഥ വരും. ലാബ് അറ്റൻഡർമാരെ രണ്ട് വീതമേ അംഗീകരിച്ചിട്ടുള്ളൂ. അത് ഗവൺമെന്റ് വീണ്ടും ആലോചിക്കുന്നതിനുവേണ്ടി സമയം വേണം എന്നുള്ളതുകൊണ്ട് മാറ്റിവച്ചതാണ്. പുതിയതായി പ്ലസ് ടു സ്കൂളുകൾ അനുവദിക്കണമെന്ന ആവശ്യം ഞാൻ വളരെ ഗൗരവമായി നേരത്തെ സൂചിപ്പിച്ചു. പല മെമ്പർമാരും പറഞ്ഞതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് ഒന്നുകൂടി ആലോചിച്ച് ഏതൊക്കെ മേഖലയിൽ വേണമെന്നുള്ളതിനെക്കുറിച്ച് തീരുമാനം എടുക്കുമെന്നുകൂടി സൂചിപ്പിക്കുകയാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കാൻ ഞാൻ ആദ്യം സൂചിപ്പിച്ചു. കാളിറ്റി ഇംപ്രൂവ്മെന്റിന്റെ ഭാഗമായി ഇവിടെ സർവ്വകലാശാലകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ലീഡിംഗ് ഇൻസ്റ്റിറ്റ്യൂഷനാക്കി മറ്റു എൻജിനീയറിംഗ് കോളേജുകൾ കൂടി അതിനോട് ലിങ്ക് ചെയ്തുകൊണ്ടുള്ള നടപടികൾ പൂർത്തിയാക്കി. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം ലാട്രിൽ എൻട്രി നടപ്പിലാക്കി എന്നുള്ളതാണ്. പോളിടെക്നിക്കുകളെ കോമൺ സ്ട്രീമിലേക്ക് കൊണ്ടുവന്നു. പോളിടെക്നിക്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നുകൊല്ലം പഠിച്ച കുട്ടികൾക്ക് അഡ്മിഷൻ സാധ്യത വളരെ കുറവായിരുന്നു. ഇന്ന് ആകെ 74 എഞ്ചിനീയറിംഗ് കോളേജുകളുണ്ട്. ആ സീറ്റുകൾ ലാറ്ററൽ എൻട്രി സിസ്റ്റത്തിൽ വരുന്ന പോളിടെക്നിക്കുകളിലെ കുട്ടികൾക്കുകൂടി ലഭിക്കാവുന്ന രീതിയിൽ, ലാറ്ററൽ എൻട്രി സിസ്റ്റം നടപ്പിലാക്കി എല്ലാ യൂണിവേഴ്സിറ്റികളും അംഗീകരിച്ചു. കേരള യൂണിവേഴ്സിറ്റി ആദ്യം അംഗീകരിച്ചില്ല. പക്ഷേ, ഇന്നലെ കേരള യൂണിവേഴ്സിറ്റിയും അംഗീകരിച്ചു. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും അഫിലിയേറ്റഡ് യൂണിവേഴ്സിറ്റികളും ലാറ്ററൽ എൻട്രി സിസ്റ്റത്തിൽ വരുന്ന പോളിടെക്നിക്കുകളിലെ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻവേണ്ടി തീരുമാനിച്ചു. അങ്ങനെ ആയിരക്കണക്കിന് കുട്ടികൾക്ക് ഈ എഞ്ചിനീയറിംഗ് രംഗത്തേക്ക് വരാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ്. ഇത് ഗവൺമെന്റ് കൊണ്ടുവന്ന പുതിയ ഒരു കാര്യമാണ്. കമ്മിറ്റി ഇംപ്രൂവ്മെന്റിന്റെ കാര്യത്തെക്കുറിച്ച് വിശദീകരിക്കുന്നില്ല. സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വളരെ സന്തോഷത്തോടെ ഒരു കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം സംസാരിച്ചു. ഇന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നമ്മുടെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനവും അതുപോലെതന്നെ ഫീസ് നിശ്ചയിക്കുന്ന കാര്യവുമായി ബന്ധപ്പെട്ട കേസ് നടക്കുകയാണ്. നേരത്തേ ഗവൺമെന്റ് ഫയൽ ചെയ്തിരുന്നു. കഴിഞ്ഞ ദിവസം വിചാരണയ്ക്ക് വന്നത് ഇന്നത്തേക്ക് മാറ്റിവച്ചു. ഇന്ന് ആ കേസ് ചീഫ് ജസ്റ്റിസും ജസ്റ്റിസ് സുന്നയും അടങ്ങുന്ന ബഞ്ചിലേക്കാണ് വന്നത്. സുപ്രീംകോടതിയിലെ ഭരണഘടനാ ബഞ്ച് പ്രത്യേകമായി കേസ് കേൾക്കണം തീരുമാനമെടുക്കണമെന്നുള്ള നിലയിൽ 22-ാം തീയതിയിലേക്ക് മാറ്റിവച്ചു. ആ കേസ് അഞ്ച് അംഗങ്ങളുള്ള ഭരണഘടനാ ബഞ്ചിനെ ഏല്പിച്ചു. കേരളത്തിന്റെയും. കർണ്ണാടകയുടെയും ഈ ഡിസ്പ്യൂട്ടഡ് കേസുകൾ മുഴുവൻ കോടതി മുമ്പാകെ വരുന്നു. വളരെ അനുകൂലമായ ഒരു കോടതി വിധി, കോടതിവിധി എന്തെന്ന് പറയാൻ സാധ്യമല്ല. പക്ഷേ ഇന്നത്തെ ട്രൻഡ് നോക്കിക്കൊണ്ട്, കേരളത്തിന്റെ വികാരം മാനിച്ചുകൊണ്ട്, കർണ്ണാടക സംസ്ഥാനത്തിന്റെ വികാരവും ജനങ്ങളുടെ വികാരവും മാനിച്ചുകൊണ്ട് ഒരു തീരുമാനം ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ കേസ് മാറ്റിവച്ചു എന്നുള്ള വിവരം ഞാൻ അറിയിക്കുകയാണ്. അഡ്മിഷൻ സ്റ്റേ ചെയ്യുകയാണെന്നു പറഞ്ഞു. പുഷ്പഗിരിയിലും കോലഞ്ചേരിയിലും അഡ്മിഷൻ സ്റ്റേ ചെയ്യാനും നിർത്തിവയ്ക്കാനും കോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ മറ്റ് കാര്യങ്ങളൊന്നും നടക്കുകയില്ല. 22-ാം തീയതി ഭരണഘടനാ ബഞ്ച് കേസ് പരിഗണിക്കേണ്ടതാണ്. അതുകൊണ്ടാണ് മാറ്റിയത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ നിയമനിർമ്മാണം നടത്തുന്നത് നീണ്ടു പോകുമോ ?

ശ്രീ. നാലകത്ത് സൂപ്പി : അതുവരെ അഡ്മിഷൻ പ്രോസസ് നിർത്തി വയ്ക്കാൻ പറഞ്ഞു.....(ബഹളം).....(ബഹളം).....(ആരാണ് ഗവൺമെന്റിനു വേണ്ടി വാദിച്ചത്).....(ബഹളം).....

മി.സ്പീക്കർ : .....ഓർഡർ.....ഓർഡർ.....ഇറിലവന്റാണ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : ..... (ബഹളം) ..... (ബഹളം)..... അതുകൊണ്ട് അഡ്മിഷൻ ബോർഡുമായി ബന്ധപ്പെട്ടപ്പോൾ പ്രത്യേകിച്ച് അതിനിടയ്ക്ക് ഒരു നിയമ നിർമ്മാണം ആവശ്യമാണെന്നു തോന്നുന്നില്ല. അഡ്മിഷൻ നടക്കുന്ന പ്രശ്നമില്ല. അതുകൊണ്ടുതന്നെ.....(ബഹളം).....അതുവരെ വെയിറ്റ് ചെയ്യണമെന്ന്.....അഡ്വക്കേറ്റ് വേണുഗോപാലാണ് സംസ്ഥാനത്തിനു വേണ്ടി വാദിച്ചത്..... (ബഹളം).....(ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

ശ്രീ. നാലകത്ത് സൂപ്പി : ഗവൺമെന്റിനുവേണ്ടി ഹാജരായത് ശ്രീ. വേണുഗോപാലാണ്. ആ കേസ് 22-ാം തീയതിയിൽ പ്രത്യേക ബഞ്ചിലേക്ക് മാറ്റിവച്ചതുകൊണ്ട് അതിനിടയ്ക്ക് ഒരു നിയമ നിർമ്മാണത്തെക്കുറിച്ച് ഇപ്പോൾ ആലോചിക്കുന്നില്ല.....(ബഹളം).....(ബഹളം).....(പോയിന്റ് ഓഫ് ഓർഡർ).....(ബഹളം).....

മി. സ്പീക്കർ : No point of order.....(ബഹളം).....(ബഹളം)

ശ്രീ. നാലകത്ത് സൂപ്പി : ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് തല്ക്കാലം ഇതുമായി ബന്ധപ്പെട്ട സമരങ്ങൾ മാറ്റിവയ്ക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ആ കാര്യത്തിൽ നമ്മൾ യോജിച്ചു പോകണം. 22-ാം തീയതി വരെ വെയിറ്റ് ചെയ്യുക. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കന്മാരോട് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. സീറ്റിന്റെ കാര്യത്തിലും ഇവിടെ അഡ്മിഷൻ പ്രോസസ്സിന്റെ കാര്യത്തിലും സർക്കാർ നയം തീരുമാനിച്ച് അറുപതിനായിരം രൂപയിൽ കുറഞ്ഞ വരുമാനം കണക്കാക്കി എഞ്ചിനീയറിംഗ് കോളേജിൽ വരുമാന പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഇളവ് നമ്മുടെ ഗവൺമെന്റ് കൊടുത്തിരുന്നു. ആ ഇളവിന്റെ അടിസ്ഥാനത്തിൽ രണ്ടായിരത്തിൽപ്പരം വിദ്യാർത്ഥികൾക്ക് ആ ആനുകൂല്യം കിട്ടുകയാണ്. അതുപോലെതന്നെ ഗവൺമെന്റ് സ്ഥാപനങ്ങളിലും ഈ പകുതി സീറ്റിന്റെ വ്യവസ്ഥയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. മുപ്പത്തിയാറായിരം രൂപയില്ല. പതിനെട്ടായിരം രൂപ മാത്രമേ ഗവൺമെന്റ് പ്രൊഫഷണൽ സ്ഥാപനങ്ങൾ കൊടുക്കേണ്ടതുള്ളു. അങ്ങനെയാണ് തീരുമാനം ഉണ്ടായിട്ടുള്ളത്. മറ്റൊന്ന് ഐ.എച്ച്.ആർ.ഡി.-യെക്കുറിച്ചാണ്.....(ബഹളം) .....(ബഹളം).....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വന്നതിനുശേഷം ഈ നിയമ നിർമ്മാണം സംബന്ധിച്ച് പതിമൂന്നാം തീയതി കൊണ്ടുവരുമെന്നും മുഖ്യമന്ത്രി വന്നു. കഴിഞ്ഞാലുടനെ പറയാമെന്നും പറഞ്ഞിരുന്നു. അതാണ് ഞങ്ങൾക്ക് അറിയേണ്ടത്..... (ബഹളം)..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : അത് ക്യാബിനറ്റ് ആലോചിക്കേണ്ട കാര്യമാണ്. ഇവിടെ പറയേണ്ടതല്ല.....(ബഹളം).....(ബഹളം).....(ബഹളം)..... ഇവിടെ ശ്രീ മത്തായി ചാക്കോ ഉന്നയിച്ച ചില കാര്യങ്ങളുണ്ട്. ആ കാര്യത്തിൽ എനിക്ക് വളരെ പിടിപ്പൊന്നുമില്ല. എനിക്ക് അത്ഭുതമില്ല. അങ്ങ് തന്നെ ഇവിടെ പോയിന്റ് ഔട്ട് ചെയ്തതുപോലെ ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അത് ഒരു പ്രഹസനം എന്നുള്ള രീതിയിലേ ഞാൻ അതിനെ കാണുന്നുള്ളു. ഈ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ആ ആരോപണങ്ങൾ മുഴുവൻ ഞാൻ നിഷേധിക്കുകയാണ്. രണ്ട് മെഡിക്കൽ കോളേജുകളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഇരുപത്തിയഞ്ചു ശതമാനം സീറ്റുകൾ ഗവൺമെന്റിനോട് എടുക്കുവാൻ ഹൈക്കോടതി പറഞ്ഞു. ഗവൺമെന്റ് എടുത്ത സ്റ്റാന്റ് അമ്പത് ശതമാനം കിട്ടിയാൽ മാത്രമേ അത് സ്വീകരിക്കൂ എന്നാണ്. ഗവൺമെന്റ് വിട്ടുവീഴ്ച കൂടാതെ കൂട്ടായി എടുത്ത തീരുമാനമാണ്. അതിനൊക്കെ കാശ് വാങ്ങി, കൈക്കൂലി വാങ്ങി എന്നു പറഞ്ഞാൽ, ഇത്ര നിരുത്തരവാദപരമായി ബഹുമാനപ്പെട്ട മത്തായി ചാക്കോ പറയേണ്ടിയിരുന്നോ ? ഈ കാര്യത്തിലുള്ള നിങ്ങളുടെ ആത്മാർത്ഥത നിങ്ങളുടെ കള്ളക്കളിയുടെ തെളിവാണ്. നിങ്ങൾക്ക് ആ കാര്യത്തിൽ യാതൊരു താല്പര്യവുമില്ല. ഇതിനെ എതിർക്കുന്ന തരത്തിൽ ഞാൻ അതിന് കാശ് വാങ്ങി എന്നു പറയുമ്പോൾ , ഇത്രയും ശക്തമായ നിലപാടെടുത്ത ഗവൺമെന്റിനെ, ഗവൺമെന്റ് വക്താവ് എന്നുള്ള നിലയ്ക്ക് ഇത് പറയുന്നവരുടെ ആത്മാർത്ഥത, സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ സമരം ചെയ്യുന്നവരുടെ ആത്മാർത്ഥത എന്തുമാത്രമുണ്ടെന്ന് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതല്ലേ സത്യം. രണ്ടാമത്തെ ആരോപണം ബി.എഡ് കോളേജുകളും ടി.ടി.ഐ.-കളും സംബന്ധിച്ചുള്ളതാണ്. ഞാൻ പറയട്ടെ എനിക്ക് അത്ഭുതം തോന്നുകയാണ്. അപേക്ഷ സ്വീകരിച്ചു. 263 ആപ്ലിക്കേഷൻസ് ഉണ്ടായിരുന്നു. ആ അപേക്ഷകൾക്കു മുഴുവൻ ഞങ്ങൾ. ബി.എഡ് കോളേജുകൾ തുടങ്ങാൻ എൻ.ഒ.സി. കൊടുത്തു. അങ്ങനെ ഒരു ഗവൺമെന്റിനെ കണ്ടിട്ടുണ്ടോ : ഞങ്ങൾ എന്തുകൊണ്ടാണ് കൊടുത്തത് ? ഒരു ആക്ഷേപവും വേണ്ട. എൻ.ഒ.സി. എന്നു പറയുന്നത് നോ ഒബ്ജക്ഷനാണ്. ബാംഗ്ലൂരിലെ എൻ.സി.ഇ.ആർ.ടി.-യും അതുപോലെ ഡൽഹിയിലെ എ.ഐ.സി.ടി.ഇ.-യുമൊക്കെയാണ് ഇതിന്റെ പരമാധികാരികൾ. യൂണിവേഴ്സിറ്റികൾ അംഗീകാരം കൊടുക്കണം. ഇവരൊക്കെ റെക്കമെന്റ് ചെയ്ത് അവസാനമാണ് ബി.എഡ് കോളേജുകൾ വരുന്നത്. ഗവൺമെന്റ് അതിന് തടസ്സം നിന്നില്ല. അപേക്ഷ തന്ന ആളുകൾക്ക് എൻ.ഒ.സി കൊടുത്തു.....(ബഹളം).....(ബഹളം).....അന്ന് എല്ലാവർക്കും എൻ.ഒ.സി. കൊടുത്തപ്പോൾ ഇവൻ പറയുന്ന വാദം ദേശാഭിമാനി ഒക്കെ എഴുതിയത്, ചില പത്രങ്ങൾ എഴുതിയത് ഗവൺമെന്റിനെ പരിഹസിച്ചുകൊണ്ടാണ്. ഇല്ലാത്ത സ്ഥലത്തെ അപേക്ഷകൾക്കും എൻ.ഒ.സി കൊടുത്തു എന്നു പറഞ്ഞ് പരിഹസിച്ച ആളുകളാണ് അന്ന് അത് നിയന്ത്രിച്ചിരുന്നുവെങ്കിൽ ഇന്ന് 75 ആയി നിയന്ത്രിക്കുവാനുണ്ടായ കാരണം, ഞാനല്ല നിയന്ത്രിച്ചത്. ഒരു കമ്മിറ്റി, ഉത്തരവാദപ്പെട്ട മൂന്ന് നാല് ഉദ്യോഗസ്ഥൻമാർ പഠനം നടത്തി, ഓരോ ജില്ലയിലെയും ബി.എഡ് കോളേജുകളുടെ ആവശ്യകത ഹൈക്കോടതി പറഞ്ഞതനുസരിച്ച് പരിശോധിച്ചുകൊണ്ടാണ് 75 എണ്ണത്തിൽ

ലിമിറ്റ് ചെയ്യണമെന്നു പറഞ്ഞത്. ആ 75-ൽ ലിമിറ്റ് ചെയ്ത ഗവൺമെന്റ് നടപടി ഹൈക്കോടതി ശരി വയ്ക്കുകയും ആ 75 എങ്ങനെ ആയിരിക്കണമെന്നുള്ളതിനെ പറ്റി അവർ അപേക്ഷ വാങ്ങി രണ്ടാമത് ഹിയറിംഗ് നടത്തി. ഹിയറിംഗ് നടത്തുക മാത്രമല്ല, ഓരോ അപേക്ഷകന്റെയും പറയപ്പെട്ട സ്ഥലത്തെ കോളേജുകൾ പരിശോധിച്ച് റിപ്പോർട്ട് ഉണ്ടാക്കി ആ റിപ്പോർട്ട് മുഖേന കോടതിക്ക് ബോധ്യപ്പെടുത്തി. പിന്നീട് എൻ.സി.ഇ.ആർ.ടി. ബാംഗ്ളൂരിൽ ഗവൺമെന്റ് ഔദ്യോഗികമായി സമർപ്പിക്കും. എൻ.സി.ഇ.ആർ.ടി. ആണ് അവസാനമായി പരമാധികാരി എന്നുള്ള നിലയ്ക്ക് തീരുമാനമെടുക്കേണ്ടത്. ഇതിനിടയ്ക്ക് നാലു യൂണിവേഴ്സിറ്റികളുടെയും അംഗീകാരം വേണം. ഇത്രയും ഒരു നീണ്ട പ്രോസസ് നടക്കേണ്ട കാര്യത്തിൽ ഞാൻ കാശ് വാങ്ങി എന്നു പറഞ്ഞാൽ, ശ്രീ. മത്തായി ചാക്കോ അപ്പുറത്ത് നിങ്ങളുടെ കൂട്ടത്തിലിരിക്കുന്ന പല ആളുകളോടും ചോദിച്ചാൽ ഞാൻ എന്തു ചെയ്തു എന്നതിനെക്കുറിച്ചറിയാം. ഞാൻ അതിന് മറുപടി പറയേണ്ടതല്ല, എന്നാൽ സഭാ രേഖയിലുണ്ടാകും എന്നുള്ളതുകൊണ്ടാണ് മറുപടി പറയുന്നത്. അതുപോലെ ടി.ടി.ഐ.യുടെ കാര്യം പറഞ്ഞത്, നൂറിൽ ചിലവാനം, 103 ആപ്ളിക്കേഷനുണ്ട്. 102 എണ്ണം കൊടുക്കണമെന്ന് ഇതുപോലുള്ള ഒരു കമ്മിറ്റി തന്നെയാണ് തീരുമാനിച്ചത്. ആ ശുപാർശയും കോടതിയിൽ വന്നു. ഇന്ന് ഈ രണ്ട് കാര്യങ്ങളുടെയും നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ഇൻഡിവിഡുവൽ ആപ്ളിക്കന്റ് സിനെ വിളിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ രേഖ പരിശോധിച്ചു കഴിഞ്ഞു. ഇനി ആ രേഖയുടെ അടിസ്ഥാനത്തിൽ കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ചു വേണം റിപ്പോർട്ടുണ്ടാക്കി കോടതിക്കു കൊടുക്കാൻ. കോടതിക്കു മാത്രമല്ല ഗവൺമെന്റിനും തരാൻ. അതിൽ നിന്നാണ് എണ്ണം സെലക്ട് ചെയ്ത് കൊടുക്കേണ്ടത്. അതിന്റെ മുമ്പിൽ നിങ്ങൾ അഡ്വാൻസ് വാങ്ങി.എന്നുപറഞ്ഞാൽ, അഡ്വാൻസ് വാങ്ങാൻ, കൈക്കൂലി വാങ്ങാൻ നിങ്ങൾ ശീലിച്ചതാണ്.....(ബഹളം).....(ബഹളം).....(ബഹളം)..... കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ ശീലിച്ചതാണ്.....(ബഹളം) (ബഹളം).....ഇത്രയും എഞ്ചിനീയറിംഗ് കോളേജുകളും അതുപോലെതന്നെ മറ്റ് സ്ഥാപനങ്ങളുമൊക്കെ കൊടുക്കുന്നതിന് പങ്കു വഹിക്കുന്നതിൽ ഒരു ചെറിയ ആളാണെന്ന നിലയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയാണെന്നുള്ള നിലയ്ക്ക് എനിക്ക് അഭിമാനമുണ്ട്. ഒരു ആരോപണം ഇന്നുവരെ എന്നെക്കുറിച്ച് വന്നിട്ടില്ല. അപ്പുറത്തിരിക്കുന്ന ഒരാളിനുപോലും അത് പറയാൻ സാധിച്ചിട്ടില്ല. ഇങ്ങനെയൊരു കലാപരമായ പ്രകടനം ഇവിടെ നടത്താമെന്നുള്ളതുകൊണ്ടാകാം ശ്രീ. മത്തായി ചാക്കോ ഇവിടെ നടത്തിയത്. എനിക്ക് അതിൽ വിരോധമില്ല, സന്തോഷമേയുള്ളു. ഞാൻ ഒട്ടും പ്രകോപിതനല്ല. നിങ്ങളോട് വിരോധമില്ല. കാരണം ഇത്രയും നിരുത്തരവാദപരമായ ഒരു സമീപനം നിങ്ങളുടെ ഇടയിൽനിന്നും ഉണ്ടായി എന്ന ഒരു സങ്കടം എനിക്കുണ്ട്. അതുപോലെ തന്നെ ടി.ടി.ഐയുടെ കാര്യത്തിലും ഇതൊക്കെ.....(ബഹളം) (ബഹളം)..... എൻ.സി.ഇ.ആർ.ടി. ഡയറക്ടറേറ്റിൽ ഇന്നലെ മത്തായി ചാക്കോ പോയി അവരെ ഭീഷണിപ്പടുത്തി ഗവൺമെന്റ് ഓർഡർ, ഗൈഡ്ലൈൻസ്, അറിടെ നടന്ന കരിക്കുലം കമ്മിറ്റിയുടെ മിനിട്സ് ഒക്കെ വാങ്ങി. നിങ്ങൾ എൻ.സി.ഇ.ആർ.ടി.-യിൽ പോയി. നിങ്ങൾ എം.എൽ.എ. ആണ്. ഉത്തരവാദപ്പെട്ട ആളാണ്. ഇന്ന് നിയമസഭയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഉദ്യോഗസ്ഥരെ പോയി ഭീഷണിപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഭീഷണിപ്പെടുത്തിയാൽ കൊടുക്കുന്ന ഉദ്യോഗസ്ഥനാണെങ്കിൽ ഉടനെ സസ്പെന്റ് ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മത്തായി ചാക്കോയുടെ കയ്യിലുണ്ടെന്നു പറയുന്ന രേഖ ശരിയാണെന്ന് മന്ത്രി സമ്മതിക്കുന്നു. ഇത് സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ ?

മി. സ്പീക്കർ : രേഖ ശരിയാണെങ്കിൽ മേശപ്പുറത്ത് വയ്ക്കുമല്ലോ ?

ശ്രീ. നാലകത്ത് സൂപ്പി : ബഹുമാനപ്പെട്ട മത്തായി ചാക്കോ ഇവിടെ പറയുന്ന രേഖയെന്നു പറയുന്നത് എസ്.സി.ഇ.ആർ.ടി.-യിലെ .....

മി. സ്പീക്കർ : രേഖ ഇവിടെ മേശപ്പുറത്ത് വയ്ക്കാൻ കഴിയാത്തതുകൊണ്ട് അതിന് ക്രെഡിബിലിറ്റി ഇല്ല എന്ന് ഞാൻ പറഞ്ഞു. എന്താണ് അതിനുള്ള മറുപടി ?

ശ്രീ. നാലകത്ത് സൂപ്പി : സർവ്വീസിൽ നിന്ന് വിരമിച്ച മൂന്ന് ആളുകൾക്ക് പുനർ നിയമനം കൊടുത്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ കാലത്തും എസ്.സി.ഇ.ആർ.ടി.-യിൽ പുനർനിയമനം കൊടുത്തിട്ടുണ്ട്. ശ്രീ. ജോസഫ് മന്ത്രിയായിരുന്നപ്പോൾ കൊടുത്തിട്ടുണ്ട്. അതിൽ അവിഹിതമായി ഒന്നുമില്ല. അവിടെ 38 കോഴ്സുകളുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട കോഴ്സ് കരിക്കുലം ഡെവലപ്പ് ചെയ്യുന്ന സെന്ററാണ്. അവിടെ അതിനുവേണ്ട ആളുകളില്ലാത്തതു കൊണ്ട് പിരിഞ്ഞുപോയ ആളുകൾക്ക് ; ഇവരുടെ കാലത്തുണ്ടായിരുന്ന പിരിഞ്ഞുപോയ ആളുകൾക്ക് ആണ് ഡെപ്യൂട്ടേഷൻവഴി നിയമനം കൊടുത്തത്. അതിൽ യാതൊരു അവിഹിതവുമില്ല. ഒരു പി.ആർ.ഒ.-യെ വച്ചിട്ടുണ്ട്. അത് കഴിഞ്ഞ കാലത്ത് വച്ചതുതന്നെയാണ്. നിയമനങ്ങളിൽ പക്ഷപാതം കാണിച്ചുവെന്ന് പറയുന്നു. ഡെപ്യൂട്ടേഷനിൽ 4 ആളുകളും കോൺട്രാക്ടിൽ 3 ആളുകളും ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 61 ആളുകളും ഉൾപ്പെടെ ആകെ 68 പേരാണ് അവിടെയുള്ളത്. ഇതുപോലെ ഓപ്പൺ സ്കൂൾ പ്രശ്നം വന്നപ്പോൾ നാലുപേരെ സസ്പെൻഡ് ചെയ്തു. ഒരാൾ മരിച്ചു. ബാക്കി 63 പേരാണ് അവിടെയുള്ളത്. കഴിഞ്ഞ കാലത്ത്, നിങ്ങളുടെ കാലത്ത് നിലവിലുണ്ടായിരുന്ന ആളുകളുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ഞാൻ സ്വജനപക്ഷപാതം കാണിച്ചുവെന്ന് പറയുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞ രേഖ ഇതല്ല. അഴിമതി നടത്തിയ, കാശ് വാങ്ങിയ രേഖയാണ്. അതുകൊണ്ട് ആ രേഖയാണ് മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞത്. മനസ്സിലായോ ?

ശ്രീ. നാലകത്ത് സൂപ്പി : അങ്ങനെ ഒരു സാധനമില്ലല്ലോ ആര്യാടാ, പിന്നെ എങ്ങനെയാണ് വയ്ക്കുന്നത്.....(ബഹളം).....ഏത് രേഖ ? ഒരു രേഖയുമില്ല, അത് രേഖയല്ല ലിസ്റ്റാണ്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : ഇങ്ങനെയൊന്നും വേണ്ടിയിരുന്നില്ല.. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് മെമ്പർ ആയിരുന്ന കാലഘട്ടത്തിൽ നടത്തിയ കാര്യങ്ങൾ ഞാൻ എന്റെ മാന്യത വച്ച് പറയുന്നില്ല..... (ബഹളം).....അത് മനസ്സിലാക്കിയാൽ മതി. പറയുന്ന കാര്യങ്ങൾ മനസ്സിലാക്കണം. ഇതാണ് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഇവിടെപ്പറഞ്ഞ മറ്റ് കാര്യങ്ങളൊക്കെ അടിസ്ഥാനരഹിതമാണ്.....(ബഹളം)..... പ്ലസ് ടു പാഠപുസ്തകങ്ങൾ പ്രിന്റിംഗിന് കമ്മിറ്റിയാണ് നിശ്ചയിച്ചു കൊടുത്തത്. റിവൈസ് ചെയ്ത പാഠപുസ്തകങ്ങൾ ഒരു എക്സ്പെർട്ട് കമ്മിറ്റിയാണ് വാങ്ങിയത്, ഞാനല്ല. അത് കഴിഞ്ഞ കാലത്തും വാങ്ങിയിട്ടുണ്ട്. ഇപ്പറഞ്ഞ കാര്യങ്ങളൊക്കെ അടിസ്ഥാനരഹിതമാണ്. ഈ ആരോപണങ്ങൾ അടിസ്ഥാന രഹിതമായതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതൊക്കെ രേഖയിൽ നിന്ന് നീക്കുകയാണ് വേണ്ടത്. അതാണ് ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് പറയാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സുപ്രീംകോടതിയിലുള്ള കേസ് പുഷ്പഗിരി കോളേജിനെയും കോലഞ്ചേരി കോളേജിനെയും സംബന്ധിച്ച കേസാണ്. ഇവിടെ നിയമനിർമ്മാണം നടത്തണമെന്ന് പറഞ്ഞത് പ്രൊഫഷണൽ കോളേജുകളുടെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് മെരിറ്റ് സീറ്റും അതിന്റെ ഫീസും നിശ്ചയിക്കുന്നതിനുള്ളതാണ്. അതുകൊണ്ട് സുപ്രീംകോടതി റിട്ടി വരുന്നതുവരെ കാത്തുനിൽക്കാതെ ഇതു സംബന്ധിച്ച നിയമനിർമ്മാണത്തിന് അനിവാര്യതയുണ്ടെന്ന് കണ്ടുകൊണ്ട് ഇപ്പോൾത്തന്നെ തീരുമാനമെടുക്കാൻ തയ്യാറുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സുപ്രീംകോടതി ജഡ്ജുമെന്റിന്റെ തീരുമാനത്തിന്റെ ഭാഗമായി നിയമോപദേശം വാങ്ങിയശേഷം ക്യാബിനറ്റ് തീരുമാനിക്കും. സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ യോഗം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിളിച്ചിരുന്നു. ആ യോഗം വിളിച്ചതിന്റെ നോട്ടീസ് കിട്ടിയില്ല എന്ന് പത്രങ്ങളിൽ കണ്ടു. അത് ശരിയല്ല. ബന്ധപ്പെട്ട മാനേജുമെന്റുകൾക്ക് കൃത്യമായ ഫാക്സ് മെസ്സേജ് കൊടുത്തിരുന്നു. അതിന്റെ കോപ്പിയാണിത്. (മെസ്സേജിന്റെ കോപ്പി സഭയിൽ ഉയർത്തിക്കാണിച്ചു). അറിയിപ്പുണ്ടായിരുന്നു എന്നുള്ളത് സത്യാവസ്ഥയാണ്. 5-7-2003-ൽ ഫാക്സിൽ കൊടുത്ത മെസ്സേജ് ഇതാണ് ; 7-ാം തീയതിയായിരുന്നു യോഗം എന്നുകൂടി അറിയിക്കുന്നു. ഗൾഫ് മലയാളികൾക്ക് വേണ്ടി ബഹുമാനപ്പെട്ട ഫസ്സനും ഞാനും കൂടി തുടങ്ങുന്ന പദ്ധതി ; എസ്.എസ്.എൽ.സി. പരീക്ഷ എസ്.എസ്.സി. പരീക്ഷ സ്കീമായി ഇക്കൊല്ലം ഓഗസ്റ്റിൽ രജിസ്റ്റർ ചെയ്യും. അടുത്ത സെപ്റ്റംബറിൽ പരീക്ഷ നടത്തും അതിനുവേണ്ടി മഹത്തായ ഒരു സ്കീം തയ്യാറായിട്ടുണ്ട്. അതുകൂടി അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർവ്വശ്രീ എം.വി.ജയരാജൻ, മഞ്ഞളാംകുഴി അലി, കെ. രാധാകൃഷ്ണൻ, കോടിയേരി ബാലകൃഷ്ണൻ, പി. ജയരാജൻ, പിരപ്പൻകോട് മുരളി, കെ. കെ. ജയചന്ദ്രൻ, സാജു പോൾ, ടി. പി. രാമകൃഷ്ണൻ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, ടി.കെ.ബാലൻ, എ. കെ. ബാലൻ, കെ. പി. സതീശ് ചന്ദ്രൻ, മത്തായി ചാക്കോ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ XVII-ാം ധനാഭ്യർത്ഥനയിന്മേൽ അവതരിപ്പിച്ച കട്ട് മോഷനുകൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : വിദ്യാഭ്യാസം, കായികവിനോദം. കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. എ. കെ. ബാലൻ : അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ..... ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 66

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. " കളത്തിൽ അബ്ദുള്ള
3. " പി. കെ. അബ്ദു റബ്ബ്
4. " സി. ടി. അഹമ്മദ് അലി
5. " എ. പി. അനിൽ കുമാർ
6. " എ. കെ. ആന്റണി
7. " ഇ. എം. അഗസ്തി
8. " ബാബു ദിവാകരൻ
9. " ആർ. ബാലകൃഷ്ണപിള്ള
10. " ടി. വി. ചന്ദ്രമോഹൻ
11. " കെ. എ. ചന്ദ്രൻ
12. " എം. എ. ചന്ദ്രശേഖരൻ
13. " ഡൊമിനിക് പ്രസന്റേഷൻ
14. " പി. പി. ജോർജ്
15. " പ്രയാർ ഗോപാലകൃഷ്ണൻ
16. ശ്രീമതി കെ. ആർ. ഗൗരിയമ്മ
17. ശ്രീ. എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. ടി. എം. ജേക്കബ്
19. " ജോണി നെല്ലൂർ
20. " കെ. സി. ജോസഫ്
21. " ജോസഫ് എം. പുതുശ്ശേരി
22. " പി. ജെ. ജോയി
23. " ജി. കാർത്തികേയൻ
24. " കെ. കെ. നായർ
25. " പി. കെ. കുഞ്ഞാലിക്കുട്ടി
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
28. " ലൂഡി ലൂയിസ്
29. " സി. മമ്മൂട്ടി
30. ശ്രീമതി മേഴ്സി രവി
31. ശ്രീ. കെ. മുഹമ്മദാലി
32. " ഇ. ടി. മുഹമ്മദ് ബഷീർ
33. " സി. മോയിൻകുട്ടി
34. " ആര്യാടൻ മുഹമ്മദ്
35. " സി. പി. മുഹമ്മദ്
36. " എം. കെ. മുനീർ
37. " എം. മുരളി
38. " എം. കെ. പോൾസൺ മാസ്റ്റർ
39. " വി. ജെ. പൗലോസ്
40. " അടൂർ പ്രകാശ്
41. " ടി. എൻ. പ്രതാപൻ
42. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
43. ശ്രീമതി രാധാരാഘവൻ
44. ശ്രീ. എം. വി. രാഘവൻ
45. " തേറമ്പിൽ രാമകൃഷ്ണൻ
46. " തമ്പാനൂർ രവി
47. " റോഷി അഗസ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. ടി. പി. എം. സാഹിർ
49. " എൻ. ശക്തൻ
50. " കെ. ശങ്കരനാരായണൻ
51. " വി. ഡി. സതീശൻ
52. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
53. ശ്രീ. കെ. കെ. ഷാജു
54. " കടവൂർ ശിവദാസൻ
55. " നാലകത്ത് സൂപ്പി
56. " കെ. സുധാകരൻ
57. " ഡി. സുഗതൻ
58. " എ. സുജനപാൽ
59. " എൻ. സുന്ദരൻ നാടാർ
60. " സി. എഫ്. തോമസ്
61. പ്രൊഫ. കെ. വി. തോമസ്
62. ശ്രീ. പി. ടി. തോമസ്
63. " ഉമേഷ് ചള്ളിയിൽ
64. " എം. എ. വാഹീദ്
65. " കെ. സി. വേണുഗോപാൽ
66. " കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ - 31

1. ശ്രീ. മഞ്ഞളാംകുഴി അലി
2. " എ. എ. അസീസ്
3. " കോടിയേരി ബാലകൃഷ്ണൻ
4. " എ. കെ. ബാലൻ
5. " ടി. കെ. ബാലൻ
6. " ബിനോയ് വിശ്വം
7. " വി. കെ. ചന്ദ്രൻ
8. " വി. ചെന്താമരാക്ഷൻ
9. " ടി. കെ. ദേവകുമാർ
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. " എം. വി. ജയരാജൻ
13. " പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. വി. സി. കബീർ
16. " കെ. വി. കുഞ്ഞിരാമൻ
17. " കോവൂർ കുഞ്ഞുമോൻ
18. " വി. കെ. സി. മമ്മത് കോയ
19. " മത്തായി ചാക്കോ
20. " കെ. പി. മോഹനൻ
21. " പിരപ്പൻകോട് മുരളി
22. " സി. കെ. നാണു
23. " കെ. രാധാകൃഷ്ണൻ
24. " എൻ. രാജൻ
25. " കെ. പി. രാജേന്ദ്രൻ
26. " രാജു എബ്രഹാം
27. " സാജുപോൾ
28. " കെ. പി. സതീശ് ചന്ദ്രൻ
29. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
30. ശ്രീ. പി. എസ്. സുപാൽ
31. ഡോ. തോമസ് ഐസക്

നിക്ഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി.സ്പീക്കർ : അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 31

നിക്ഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ഉച്ചയ്ക്കുശേഷം 3.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 3.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.38-ന് പിരിഞ്ഞു).

(സഭ ഉച്ചയ്ക്കുശേഷം 3.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.)

LIBRARY ARCHIVES Kerala Legislative Assembly